U8:24:N2
32F71

MURUGAN BINDING
WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

32F71.

MUL
061881

DOCTRINA VIM PROMOVET INSITAM

**Madras University Library.**

Call Number U8:24:N2. 32F71

Accession Number 61881

Available for loan from

This book should be returned on or before the date last marked below.

# A HIMALAYAN JOURNEY

BY

MADHAVANAR.

A 165

1927.

MATHRUBHUMI PRESS, CALICUT.

# ഒരു ഹിമാലയയാത്ര

ഗ്രന്ഥകർത്താവ്

## മാധവനാർ.

പ്രഥമം.

മാതൃഭൂമി അച്ചുക്കൂടം—കോഴിക്കോട്.

[വില 1ക

61881

U8:24:N2
32 F71

-3 FEB. 19



MADRAS

# ഹിമവാന്നു നമസ്കാരം!

ഹിമാലയമേ, നമസ്കാരം! ഭവാൻ ഹിമത്തിന്റെ ആലയം മാത്രമല്ല. ഭാരതീയമാഹാത്മ്യത്തിന്റെ നിലയവും ആണ്. ഭാരതത്തിന്റെ പിതാവും പാലകനും ഗുരുവും ആണ് ഭവാൻ. സിന്ധു, ഗംഗ, ബ്രഹ്മപുത്ര എന്നീ നദിത്രയങ്ങളിൽകൂടി ഭവാൻ സദാ നല്കിക്കൊണ്ടിരിക്കുന്ന ആ പീയൂഷധാരയല്ലയോ ഭവാന്റെ പ്രിയപുത്രിയായ ഭാരതദേവിയുടെ വളർച്ചക്കും താരുണ്യത്തിനും സമ്പത്തിന്നും കാരണം? ഭാരതത്തിന്റെ ഉത്തരപൂർവ്വഭാഗങ്ങളിൽ അചഞ്ചലമായ് നിന്ന് ശത്രുക്കളുടെ ആക്രമണത്തെ തടുത്തുനിർത്തീട്ടുള്ളതു് ഭവാനല്ലയോ? ഭവാന്റെ പ്രൌഢസുന്ദരവും പ്രശാന്തഗംഭീരവും ആയ ഭാവമല്ലയോ സർവ്വകർത്താവായ ഒരു അദൃശ്യചൈതന്യത്തെക്കുറിച്ചുള്ള അന്യാദൃശമായ ചിന്ത ഭാരതീയരുടെ അന്തരംഗത്തിൽ അങ്കുരിപ്പിക്കുകയും അവരെ ഈശ്വരമഹിമയുടെ അക്ഷീണഗായകന്മാരാക്കുകയും ചെയ്തതു്? ഭവാന്റെ മൌനശിക്ഷണാന്തരീക്ഷത്തിൽ സ്വൈരം സ്ഥിതിചെയ്തുകൊണ്ടല്ലയോ ഭാരതീയസംസ്കാരത്തിന്റെ ആദികർത്താക്കളായ താപസവര്യന്മാർ തങ്ങളുടെ മഹത്തരങ്ങളായ

ചയ്യന്വേഷണങ്ങൾ നടത്തിയതു്? ഭാരതീയ ജീവിതത്തിന് അതിൻെറ പ്രത്യേക ആകൃതിയും പ്രകൃതിയും ചൈതന്യവും നൽകീട്ടുള്ളതു് ഭവാനല്ലാതെ മററാരാണ്? ഹിമാലയം കൂടാതെയുള്ള ഒരു ഭാരതം അചിന്ത്യമാണ്. അതു് ഭാരതമായിരിക്കുകയില്ല.

ഈ ബോധം പൂർവ്വകാലത്തെ ഭാരതീയർക്കു് പൂർണ്ണമായും ഉണ്ടായിരുന്നു. അവരുടെ സന്താനങ്ങളായ നമുക്കും ആ ബോധം ഉണ്ടായിത്തീരട്ടെ. ഹിമാലയത്തെ ഗാഢമായി അറിവാനും, അതിൻെറ ഉദാരവിഭൂതികളെ നിശ്ശേഷം ആസ്വാദിക്കുവാനും, അതിൻെറ അനന്തവൈഭവത്തെ സ്വയംജീവിതത്തിൽ നിഴലിപ്പിക്കുവാനും നമ്മുടെ പ്രാചീനപിതാമഹന്മാരെപ്പോലെ നാമും ശ്രമിക്കുക. ആ മഹനീയകൃത്യത്തെയും നാം കേവലം 'മാലറി'മാരെയും 'ഇർവിൻ'മാരെയും മാത്രം ഭരമേല്പിക്കേണ്ടതില്ല. അതിന്നായി നാംതന്നെ സന്നദ്ധരാവുക.

ഹിമാലയത്തിൻെറ ശ്രീപുത്രിയായ ഭാരതത്തിൻെറ ഭാവിമഹിമ അതിൻെറ പൂർവ്വമഹിമയേയും അതിശയിച്ചു വിരാജിക്കുമാറാകട്ടെ!

പി. രാമുണ്ണിമേനോൻ.

---

# അവതാരിക.

തുടങ്ങിയാൽ അവസാനിച്ചല്ലാതെ വായനനിൎത്തുവാൻ സാധിക്കാത്ത പുസ്തകങ്ങൾ അധികം കാണുകയില്ല. "ഒരു ഹിമാലയയാത്ര" അങ്ങിനെയുള്ള ചുരുക്കം പുസ്തകങ്ങളിൽ ഒന്നായി എനിക്ക് അനുഭവപ്പെട്ടു എന്ന് ഞാൻ സന്തോഷത്തോടുകൂടി ആദ്യംതന്നെ പറഞ്ഞുകൊള്ളട്ടെ.

കെ. മാധവനാർ അവർകളുടെ ഈ പുസ്തകം ഭക്തന്മാരേയും ഭൂപ്രകൃതിശാസ്ത്രജ്ഞന്മാരെയും ഒരുപോലെ ആനന്ദിപ്പിക്കുമെന്നതിനു യാതൊരു സംശയവുമില്ല. ശ്രീമാൻ മാധവനാരിൽ രാജ്യാഭിമാനവും ഭാഷാഭിമാനവും ഒരുപോലെ ലസിക്കുന്നുണ്ടെന്നതിന്നും ഈ കൃതി ഒരു പ്രത്യക്ഷദൃഷ്ടാന്തമാണ്. ഭാരതമാതാവിന്റെ ഉത്തമാംഗവും പ്രകൃതിദേവിയുടെ നൃത്തരംഗവുമായ 'ഉത്തരാഖണ്ഡ'ത്തിൽ അദൃശ്യങ്ങളായി പരിലസിക്കുന്ന പല മനോഹരവസ്തുക്കളും ഒരു യഥാൎത്ഥ ചിത്രകാരകനെപ്പോലെ ഗ്രന്ഥകൎത്താവ് നമുക്കു പ്രത്യക്ഷപ്പെടുത്തിതരുന്നു. എന്നുമാത്രമല്ല ദേശയാത്രാചരിത്രത്തിന്റെ ദൌൎല്ലഭ്യം എന്ന ഭാഷാസാഹിത്യത്തിന്നുള്ള ന്യൂനതയെ അ

ദ്ദേഹം എത്രതാണ്ട് പരിഹരിക്കയും ചെയ്യുന്നു. കാശി, സാരനാഥ്, ഹരിദ്വാരം, ഹൃഷീകേശം, ഗുരുകുലം, കേദാരനാഥം, ബദര്യാശ്രമം മുതലായ സ്ഥലങ്ങളും, അവിടങ്ങളിലേക്കുള്ള വഴികളും, വഴിക്കുള്ള സൌകര്യങ്ങളും ദുർഘടങ്ങളും വിവരമായി വർണ്ണിക്കുന്നതോടുകൂടി, പ്രകൃതിയുടെ കലാശക്കോട്ടയായ ഹിമാലയത്തിൻെറ അനന്തഗാംഭീര്യവും അഖണ്ഡമാഹാത്മ്യവും ഒരു ഉത്തമകവിയുടെ മനോധർമ്മചാതുരിയോടുകൂടി നമ്മുടെ മനോദൃഷ്ടിക്ക് അദ്ദേഹം ഗോചരമാക്കിത്തരികയും ചെയ്യുന്നു.

മനുഷ്യസ്വഭാവ പരിശോധനയിലും തത്വചിന്തനത്തിലും മാധവനാർ ഒട്ടും കുറഞ്ഞിട്ടില്ല. തീർത്ഥസ്ഥലങ്ങളെ സന്ദർശിക്കുന്നവർക്കു പ്രായേണ സഹജമായിക്കാണുന്ന അന്ധവിശ്വാസം മാധവനാരെ തീരെ ബാധിച്ചിട്ടില്ല. യുക്തിക്കും ശാസ്ത്രത്തിനും തീരെ വിപരീതമല്ലാത്ത ഉൽകൃഷ്ടവും വിശാലവുമായ ഒരുതരം മതവിശ്വാസവും ഭക്തിയും, 'പ്രിയപുരാതനകാലങ്ങളിലെ' ചില ഉത്തമാദർശങ്ങളോടുള്ള ബഹുമാനവും, പ്രകൃതിയോടുള്ള അനുഭാവവും ആണ് മാധവനാരവർകളെ ഈ യാത്രക്ക് പ്രേരിപ്പിച്ചത് എന്ന് ഈ ഗ്രന്ഥം വായിക്കുന്ന ഏതൊരാൾക്കും അനുഭവപ്പെടുമെന്നാണ് തോന്നുന്നത്.

ഈ പുസ്തകത്തിലെ പല പ്രധാനഭാഗങ്ങളും മേല്പറഞ്ഞ അഭിപ്രായങ്ങളെ സാധൂകരിക്കുന്നവയാകയാൽ

അവയിൽ ചിലതിനെ ഉദ്ധരിക്കുവാൻ ഞാൻ വിചാരിച്ചുവെങ്കിലും എൻെറ അവതാരികതന്നെ ഒരു പുസ്തകമായേക്കുമോ എന്നു ഭയപ്പെട്ടു ഞാൻ പിന്മാറുകയാണ് ചെയ്യുന്നത്. പകൎപ്പിനേക്കാൾ അസ്സൽതന്നെ വായനക്കാൎക്ക് ആസ്വാദ്യമായിത്തീരുന്നതുമാണല്ലോ.

മാധവനാരുടെ ഈ ഉദ്യമത്തിന് സൎവ്വവിജയവും ഞാൻ ആശംസിക്കുന്നതോടുകൂടി, ദേശത്തിന്നും ഭാഷെക്കും ഇതുപോലെയുള്ള നിരവധി സമ്പത്തുകൾ പ്രദാനംചെയ്വാൻ അദ്ദേഹത്തിന് സാധിക്കുമാറാകട്ടെ എന്നു ദൈവത്തോട് സൎവ്വാത്മനാ പ്രാൎത്ഥിക്കയും ചെയ്തുകൊള്ളുന്നു.

| | |
|---|---|
| ചാലപ്പുറം, | കെ. മാധവൻനായർ, |
| കോഴിക്കോട് | ബി. എ., ബി. എൽ; |
| 1927 സപ്തമ്പർ 18-ാംനു- | എം. എൽ. സി. |

# പ്രസ്താവന.

കോളേജ് വിട്ടതിന്നുശേഷം സംഗതിവശാൽ വടക്കെ ഇന്ത്യയിൽ പല സ്ഥലങ്ങളിലായി കുറച്ചുകാലം താമസിക്കുവാൻ എനിക്കിടവന്നു. അന്നെല്ലാം എന്റെ മനസ്സ് ഏതൊരുസ്ഥലത്തുവെച്ചും ഒരു അയസ്കാന്തസൂനയേപ്പോലെ ഇനിയും, ഇനിയും വടക്കോട്ടുതന്നെ തിരിഞ്ഞുനിന്നിരുന്നു. ഒടുവിൽ ഈ ന്ദിദശ്നം എന്നെ, ചുരുക്കത്തിൽ, ഹിമാലയംവരെ എത്തിക്കയുംചെയ്തു. അതിന്റെ ഫലമാണ് സജ്ജനസമക്ഷം ഞാൻ സവിനയം സമപ്പിക്കുന്ന ഈ "ഒരു ഹിമാലയയാത്ര".

എന്റെ ഹിമാലയയാത്ര ഒരിക്കലും അത്യധികം ഊററത്തോടെ ഘോഷിക്കത്തക്ക ഒരു വലിയ കാര്യമല്ലെന്ന് എനിക്കു പൂണ്ണബോദ്ധ്യമുണ്ട്. "വനഭിക്ഷു"വിന്റെയും മററും ഏതദ്വിഷയകമായ നേട്ടങ്ങൾ ആലോചിക്കുമ്പോൾ ഇതു് ഒരു ചെറുകാര്യമാണ്. എന്നാൽ ഇത്തരം ഒരു യാത്രയിലെ അനുഭവങ്ങളേയും ചിന്തകളേയും മലയാളഭാഷയിൽ പക്ഷെ ആദ്യമായി രേഖപ്പെടുത്തുന്ന ഉദ്യമമെന്ന നിലയിൽ ഈ പുസ്തകം കേരളീയക്കു സ്വീകാര്യമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

"മാതൃഭൂമി" പത്രത്തിൽ ഒരു ലേഖനപരമ്പരയായിട്ടാണ് ഈ കൃതി ആദ്യം അവതരിക്കപ്പെട്ടതു്. അതിൽനിന്ന് ഇപ്പോൾ ഈ പുസ്തകരൂപത്തിൽ ആവ

ശ്യമെന്നു കണ്ടപ്രകാരം അല്പസ്വല്പം സംഗതികൾ കൂട്ടുകയും ഭേദപ്പെടുത്തുകയും, അധ്യായവിഭജനത്തിൽ പ്രത്യേകിച്ചും ചില മാററങ്ങൾ വരുത്തുകയും ചെയ്തിരിക്കുന്നു. സ്ഥലനിർണ്ണയത്തിനായി ഇതിൽ ചേർക്കപ്പെട്ടിരിക്കുന്ന പടം വായനക്കാർക്കുപകാരമായിത്തീരുമെന്നു വിശ്വസിക്കുന്നു. വേറെ ഒന്നിലധികം പടങ്ങളിൽനിന്നു ഈ പുസ്തകത്തിന്നാവശ്യമുള്ള ഭാഗം സംഗ്രഹിച്ചു നിർമ്മിക്കപ്പെട്ട ഇതിൽ സ്ഥലങ്ങളുടെ അന്യോന്യാന്തരത്തെയും മററും കാണിച്ചിരിക്കുന്നതു് കൃത്യമായ യാതൊരു തോതിനേയും അനുസരിച്ചല്ല. അവയുടെ കിടപ്പിനെയും വഴിയുടെ ഗതിയെയുംപററി വായനക്കാർക്കു് കേവലം സ്ഥൂലമായ ഒരു പരിജ്ഞാനം നല്കേണമെന്നു മാത്രമേ ഈ പടംകൊണ്ടുദ്ദേശിച്ചിട്ടുള്ളു. ബാക്കിസംഗതികൾ പുസ്തകത്തിലെ വിവരണത്തിൽനിന്നു് വ്യക്തമാകുന്നതാണു്.

തൻെറ ആത്മാർത്ഥവും പാവനതരവുമായ ചില അനുഭവങ്ങളേയും സ്മരണകളേയും വാങ്മൂപമായി വെളിപ്പെടുത്തുന്നതിൽ ചിലപ്പോൾ ഒരുവന്നു് സ്വയം ഉണ്ടാകാവുന്ന ആശ്വാസസുഖമാണു് ഇതെഴുതുവാൻ എന്നെ ആദ്യമായി പ്രേരിപ്പിച്ചതു്. പിന്നെ, ഇപ്രകാരമുള്ള ഒരുദ്യമം പലർക്കും ഉപയോഗപ്രദമായോ ഉല്ലാസകരമായൊ തീരുമെന്ന ആശയും ഇല്ലാതെയില്ല.

വിശാലവും വിമർശകവും, അതേസമയം വിനീതവുമായ മനോഭാവത്തോടുകൂടി പ്രകൃതിയേയും പുരാണചരിത്രത്തെയും മതപരമായ വിശ്വാസാനുഷ്ഠാനങ്ങളേയും

വീക്ഷിക്കുന്നതായ നവ്യമലയാളഗ്രന്ഥങ്ങൾ കേരളീയസമക്ഷം ഇനിയും വേണ്ടുന്നത്ര അവതരിക്കപ്പെട്ടുകാണുന്നില്ല. അപ്രകാരമുള്ള ഇംഗ്ലിഷ് പുസ്തകങ്ങളുമായി ധാരാളം പരിചയപ്പെടുവാനിടവരുന്ന ആധുനിക യുവാക്കൾക്ക്, പ്രത്യേകിച്ചും നമ്മുടെ വിദ്യാർത്ഥികൾക്ക്, സാധാരണ വായിക്കുവാനും പഠിക്കുവാനും കിട്ടിവരുന്ന മലയാളപുസ്തകങ്ങളും അത്തരം കൃതികളോടു കിടനില്ക്കുന്നവയായാൽ മാത്രമേ മാതൃഭാഷയേപ്പററി അഭിമാനിക്കുവാനും ശരിയായ ദേശീയസംസ്കാരത്തെ ബഹുമാനിക്കുവാനും അവർക്ക് പ്രായേണ സാദ്ധ്യമാകയുള്ളു. ഈ പുസ്തകം ഈ അഭിപ്രായപ്രകാരം എത്രത്തോളം സ്ഥാനോചിതമായിരിക്കുന്നുവെന്ന് അതിന്നർഹതയുള്ള മാന്യവായനക്കാരാണല്ലോ തീരുമാനിക്കേണ്ടത്.

എൻെറ പ്രിയസുഹൃത്തായ ശ്രീമാൻ കോഴിപ്പുറത്ത് മാധവമേനോൻ (ബി. എ; ബി. എൽ.), 'മാതൃഭൂമി' പത്രാധിപർ ശ്രീമാൻ പി. രാമുണ്ണിമേനോൻ (ബി. എ.) എന്നീ രണ്ടുമാന്യന്മാരുടെ അനുഭാവവും പ്രോത്സാഹനവുമാണ് ഈ കൃതി ആദ്യമേ പൊതുജനസമക്ഷം അവതരിക്കപ്പെടുവാൻ ഹേതുവായിത്തീർന്നതെന്ന് വസ്തുത ഞാൻ ഇവിടെ നന്ദിപൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു.

കേവലം പത്രസംബന്ധവും രാഷ്ട്രീയവുമായ കാര്യങ്ങളെയും അതിശയിക്കുന്ന ചില ഉൽകൃഷ്ടാശയങ്ങളും രാമുണ്ണിമേനോനവർകളിൽ കുടികൊള്ളുന്നുണ്ടെന്ന സംഗതി പക്ഷെ അധികംപേർ അറിഞ്ഞിട്ടുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. താൻ ത്യാഗബുദ്ധ്യാ സ്വയംവ

രിച്ചതായിക്കാണുന്ന 'മാതൃഭൂമി' പത്രത്തെസ്സംബന്ധിച്ച് പ്രത്യേകിച്ചും, സദാ ജോലിത്തിരക്കിൽ മുഴുകിത്തന്നെയിരിപ്പാൻ വിധിക്കപ്പെട്ടിരിക്കുന്ന അദ്ദേഹത്തിൻെറ നൈസൎഗ്ഗികമായ ഇതരവാസനകൾക്ക് വേണ്ടുംവിധമുള്ള വ്യാപരണസൌകൎയ്യം ഉണ്ടാകുന്നില്ലെന്നതാണ് വാസ്തവം. അദ്ദേഹത്തിൻെറ ആദൎശത എത്ര ഉന്നതവും മനോജ്ഞവുമാണെന്നതിന് ഈ പുസ്തകത്തിൻെറ ശിരോലങ്കാരമായി ചേൎത്തിരിക്കുന്ന "ഹിമവാന്നു നമസ്കാരം" സാക്ഷ്യം വഹിക്കുന്നതാണ്.

രാമുണ്ണിമേനോനവൎകളുടെ ഭാഗിനേയനായ ശ്രീമാൻ പി. രാമനാഥനാണ് ഇതിൽ ചേൎക്കപ്പെട്ടിരിക്കുന്ന ഒരു ഹിമാലയക്കാഴ്ചയുടെ ചിത്രം പ്രത്യേകം വരച്ചുതന്നത്. ഈ യുവ ചിത്രകലാപ്രേമിയുടെ ഔദാൎയ്യത്തിന് ഞാൻ കൃതജ്ഞതയുള്ളവനായിരിക്കുന്നു.

ഈ പുസ്തകത്തിൻെറ പ്രൂഫ് മിക്കതും ആദ്യംമുതൽ അവസാനംവരെ, മററു വലിയ ജോലിത്തിരക്കുണ്ടായിട്ടും, വളരെ ക്ഷമാപൂൎവ്വം പരിശോധിച്ചും ചില തലവാചകങ്ങളെപ്പററി ഔചിത്യപൂൎവ്വമായ അഭിപ്രായം നല്കിയും, മററും പലപ്രകാരത്തിലും ഇതിൽ എനിക്കൊരു സഹായിയായി പ്രവൎത്തിച്ചുവന്ന മാന്യ സുഹൃത്തായ "മാതൃഭൂമി" മാനേജർ കെ. ജി. നമ്പ്യാർ അവൎകൾ (ബി. എ.) ക്കും ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു.

ഈ കൃതി ഒരു ലേഖനപരമ്പരയായി പ്രസിദ്ധപ്പെടുത്തിവന്നപ്പോൾ അതിനെക്കുറിച്ച് അനുമോദനം പ്രകാശിപ്പിച്ച് എനിക്ക് ധൈൎയ്യം നൽകീട്ടുണ്ടായിരുന്ന

ശ്രീമാൻ പി. എ. രാമൻമേനോൻ (ബി. എ; ബി. എൽ) മുതലായ, ഞാൻ നേരിട്ടറിയാത്ത, മാന്യന്മാരുടെ നേക്കും ഉള്ള എൻെറ വന്ദനം ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഒടുവിൽ, ഒട്ടും അപ്രധാനമല്ലാതെ, എനിക്കിവിടെ പ്രസ്താവിക്കുവാനുള്ളതു് ഇതിൻെറ അവതാരികാകർത്താവായ കെ. മാധവൻനായരവർകളോട് (ബി. എ; ബി. എൽ; എം. എൽ. സി.) എനിക്കുള്ള നന്ദിയാണ്. മലബാറിലെ ഒരു ശ്രുതിപ്പെട്ട വക്കീലിൻെറയും പൊതുകാര്യപ്രസക്തൻെറയും നിലയിലുള്ള അദ്ദേഹത്തിൻെറ വിശ്രമരഹിതമായ പ്രവൃത്തിഭാരംകൊണ്ടു് തൻെറ സഹജമായ വേറെവിധം ആർദ്രതയെയൊ സാഹിത്യരസികത്വത്തെയൊ പ്രായോഗികമായി പ്രകാശിപ്പിക്കുവാൻ അദ്ദേഹത്തിന് സൌകര്യം തൽക്കാലം അത്ര ഇല്ലാതെയാണിരിക്കുന്നതു്. എന്നിട്ടും എൻെറ ഈ കൃതി ആദ്യന്തം ഒരുപോലെ വായിച്ചുനോക്കി എത്രയും സാരവത്തായ ഒരു അവതാരിക എഴുതുവാൻ അദ്ദേഹം സന്നദ്ധനായതിൽ എനിക്കുള്ള സന്തോഷവും കൃതജ്ഞതയും അനല്പമാണ്.

പ്രസ്തുതകൃതിയുടെ ഈ പതിപ്പിൻെറ മാത്രം അവകാശം കൈയേററ് ഇതിനെ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നവരായ "മാതൃഭൂമി" കമ്പനിക്കാരോടും ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു.

കു ത്തി രെ ഴി,
വള്ളികുന്ന് — ചാലിയം.
1927 സപ്തമ്പ്ര് 25-ാംനു-

മാധവനാർ.

# വിഷയവിവരം.

—:o:—


| | പുറം. |
|---|---|
| ഹിമവാനു നമസ്കാരം | i—ii |
| അവതാരിക | iii—v |
| പ്രസ്താവന | vi—x |

അദ്ധ്യായങ്ങൾ:—

൧. ഹിമാലയങ്ങൾ. 1—4

മാമലകളുടെ പെരുങ്കുടുംബം—ഹിമാലയമഹിമ—'വേദങ്ങളിലെധ്രുവഭവനം'—പുണ്യധാമങ്ങളുടെ ആഗമം.

൨. കാശിയും സാരനാഥവും. 5—13

ജാംഷെഡ്പൂരിൽനിന്നു മൊഗൾസറായ്—'പണ്ട'കൾ—ഗംഗയുടെ ഉടമാവകാശം—മൺമാന്തിയന്വേഷണം—"ജീർണ്ണാവശിഷ്ടങ്ങളിന്മേലെ വഴി"—മായാവിമോചനവും വിഷാദകരം!—വിനഷ്ടകോടിയിൽ നിത്യതപം—മാളവിയാജിയുടെ യശസ്തംഭം (ഹിന്ദുസർവ്വകലാശാല).

൩. ഹരിദ്വാരം. 14—23

ലക്നൌ— പഥികമിത്രങ്ങൾ— ഹരിദ്വാരം—ഒരു സിന്ധിസ്നേഹിതൻ—'ഹരികിപൗരി'— ഗംഗാതോട്—'ഋഷികേശം'—സനാതനഹിന്ദുധർമ്മം—ഒരു 'ശുദ്ധി'—അനുരാഗത്താൽ മതംമാററം?

൪. ഹൃഷീകേശം. 24—30

പ്രകൃതിയും 'പരിഷ്കാര'വും—ബാബാ കാളീകംബ്ളീവാലാ—ഹിമാലയാടനത്തിൽ സദാവൃത്തി.

൫. ലക്ഷ്മണജ്ജൂല. 31—34

ലക്ഷ്മണജ്ജൂലയിലെ പാലം—'ഖൺഡ്' —തൽക്കാലവിരാമം.

൬. കാൻഗ്രി ഗുരുകുലാശ്രമം. 35—49

വഴിയിലെ പുഴമണലാരണ്യം—ആശ്രമാവസ്ഥ—വിദ്യാലയ വ്യവസ്ഥ—ചില നിഷ്കർഷകൾ—ശാന്തിനികേതനവും ഗുരുകുലവും—ദേശീയവിദ്യാഭ്യാസം—ബ്രഹ്മചാരികൾ—സ്വഭാവനിഷ്ഠ—വാടാപ്പച്ച—പ്രകൃതിദേവതാലീല.

൭. വീണ്ടും ഹൃഷീകേശത്തിൽ 50—54

'ക്ലൈബ്യം മാ സ്മ ഗമ!'—ജ്ഞാനശൂന്യമായ വിജ്ഞാനം—യാത്രീബഹളം—യാത്രയുടെ കാലം.

൮. വഴിവിവരം. 55—64

സദാവൃത്തിശീട്ടുകൾ—'ചിട്ടി'കൾ—ഹരിദ്വാർ-ബദരീവഴി—വഴിത്തിരിവുകൾ—മടക്കവഴി—വഴിദൂരം—മാർഗ്ഗസമ്പ്രദായം—ഹിമാലയങ്ങളിൽ ജനപദങ്ങൾ—നമ്മുടെ പ്രവൃത്തിപഥം.

൯. ലക്ഷ്മണജ്ജൂലക്കപ്പുറം ചില ആദ്യഘട്ടങ്ങൾ 65—74

കാട്ടുപ്രദേശം—വഴിയിലെ കാഴ്ചകൾ—വ്യാസഘട്ടം— ദേവപ്രയാഗ—'ത്രിവേണി'—തേഹ്‌രിരാജ്യം — നാഗരികപരിഷ്കാരാക്രമണം— രവിവർമ്മാചിത്രങ്ങൾ—ലയം—ശാന്തം ശിവം ആനന്ദം.

൰. ദേവപ്രയാഗയിൽനിന്നു രുദ്രപ്രയാഗയിലേക്ക് 75—85

ഒരു 'തപസ്വി'യുമായേററുമുട്ടൽ—പൌരുഷത്തിനു പോരായ്മ— 'ചാപല്യം'—പണ്ടത്തെ ഇന്ത്യാ-തിബത്ത് വഴി—ഉൾനാടന്മാർ— രുദ്രപ്രയാഗ— നാരദശില— ക്രിസ്തുമതപ്രചരണം— നിർവൃതിനേടിയ ശ്രീരാമകഥ—ഭാങ്ങ് പാനം—ചില സാദൃശ്യങ്ങൾ.

൰൧. വിമർശനബുദ്ധിയെക്കുറിച്ച് ഒരു പ്രസംഗം 86—91

സയൻസും മോക്ഷമാർഗ്ഗവും—ഒരു സന്യാസിയുടെ അസഹിഷ്ണുത— വിമർശനബുദ്ധിയുടെ ഉറവ്—വിവിധ ആദർശങ്ങൾ—ചിന്താസ്വാതന്ത്ര്യം.

൰൨. ചില 'ചട്ടിക'ളും, പുരാണസ്മരണകളും 92—99

ഭരതൻെറ ചിത്രകൂടദർശനം—ശുചിഹീനത—പാണ്ഡവന്മാരുടെ ചരമം— മന്ദാകിനിയുടെ മനോജ്ഞമായ ഗതി— ഗുപ്തകാശി—നാലാചട്ടി—യാചകപ്പാട്ട്—ഭേരുച്ചട്ടി—യാത്രായോഗസാഹോദര്യം.

൰൬. മോഷണം. 100—104

ഒരു അപൂർവ്വാവസരത്തിന്നു സ്വാഗതം— സമസൃഷ്ടിസ്നേഹം— അനർഹത— രാമപുർ.

൰൭. തപ്തകുണ്ഡം. 105—109

ത്രിയുഗീനാരായണം — ഗൌരീകുണ്ഡം — ഹിമങ്ങളിൽതപ്തജലം— ഹിമാലയഹേമന്തം.

൰൮. കേദാരക്കേററം. 110—118

ഹിമരംഗങ്ങൾ— രാമബാഡ— കാററിൻെറ കട്ടിക്കുറവു്—അഭ്യാസസിദ്ധികൾ —വിഷമം—അധൈര്യപ്പെടേണ്ടതില്ല.

൰൯. കേദാരനാഥം. 119—127

യുധിഷ്ഠിരൻെറ സ്വർഗ്ഗാരോഹണം—ശങ്കരാചാര്യരുടെ ചരമസമാധി- പ്രകൃതിവൈശിഷ്ട്യം—കേദാരംവളൎത്തുന്ന വികാരങ്ങൾ— ഹിമദുർഗ്ഗത്തിലെ മേള —കൊട്ടുങ്കുളിര് —ഏതാനും ചില അമൃതനിമിഷങ്ങൾ— ഗായത്രിയുടെ ഉൽപത്തി—ശ്രീകോവിലിൽ—ഏകദം ബ്രഹ്മം?

൰൧. കേദാരത്തിൽനിന്നുമടക്കവും, വഴിതിരിവും 128—135

വഴിയിടിവു് — ഊഖീമഠം — കുടുംബം നശിച്ച ഒരു സാധു— അമ്മാനപ്പന്തുകളോ?— ചുപ്പചട്ടി— തുംഗനാഥമന്ദിരം ഇരുട്ടടഞ്ഞ കാടു്.

൧൭. വീണ്ടും ഹരിദ്വാർ-ബദരീവഴിയിൽ 136—139

ഗോപേശ്വർ—ചമോലി ലാല്സാംഗ് — പിപ്പാൽക്കോടി — ഗരുഡഗംഗ— ജോഷീമഠം— വിഷ്ണുപ്രയാഗ.

൧൮. ബദരിയിലേക്ക് 140—145

പാണ്ഡുകേസരം— ഹിമക്കട്ടി —സംഭാവ്യാപകടങ്ങൾ— ഹനുമാൻചട്ടി—'ചട്ടി'യിലെ അശുചി—അനന്തഹിമവെണ്മ— അളകനന്ദ.

൧൯. ബദൎയ്യാശ്രമം. 146—158

യാത്രകാലത്തെ ബദരി— സേവാസമിതി: ആതിഥ്യാരോപണം — ബ്രഹ്മകപാലത്തിൽപിതൃപിണ്ഡം—പ്രകൃതിയിലെ ചുടുവെള്ളം—ശാന്തിചെയ്യാൻ നമ്പൂതിരി ('രാവാൾ') — യാത്രീലോകവിവരം—'അഖണ്ഡജ്യോതിസ്സ്' —ദൎശനം—നിവേദ്യങ്ങൾ.

൨൦. ബദരികാശ്രമമഹിമ. 159—168

ഋഷികൾ—ദൎശനഭാഗ്യം—യോഗാഭ്യാസവും യഥാൎത്ഥയോഗവും—ഗാന്ധിജിയുടെ അന്വേഷണഫലം—ആദിമാവതാരങ്ങൾ—നരനാരായണതത്വം— അനന്യഭൂവൈകുണ്ഠം—ശങ്കരാചാൎയ്യർ—കാവ്യത്തിൽ അലിഞ്ഞ കവിഹൃദയം.

൨൨. ബദരിയിൽനിന്ന് മടക്കം. 169—174

ഇഹലോകസ്വർഗ്ഗം!—'മാം-മാ-സ്പൃശ്യ' ബ്രാഹ്മണ്യം — ഒരു കേരളപ്രിയനായ ഗാവ്വാളി ശിപായി—രണ്ടു ചിത്രങ്ങളുടെ അന്തരം—നന്ദപ്രയാഗ—കർണ്ണപ്രയാഗ.

൨൩. മേൽച്ചൌരിവഴിക്ക് രാമനഗറിലേക്ക് 175—183

ആദ്ബദ്രി— കൊട്ടങ്കാട് — ലോബ്ബ— മലമുക്കുകളിലെ നിവാസികളും കഴിഞ്ഞ യൂറോപ്യൻ യുദ്ധവും—ആതിഥ്യം —മേല്ച്ചൌരി— അതിസാരം— ദേഹത്തോടുള്ള ജീവന്റെ ദൃഢാസക്തി—ശ്രീകോട്— ഭിക്കിയാസെയ്ൻ— കാഴ്ചയുടെ അതിർത്തിയിൽ 'വെള്ളിത്തകിടുകൾ'— ഈച്ചപ്പലകകൾക്കുമേൽ—വീണ്ടും നാട്ടുപ്രദേശം— യാത്രയുടെ ദൈർഘ്യം — രാമനഗർ.

൨൪. സമാപനം. 184—188

മൊറാഡബാദ് — ദൽഹി— സാമ്രാജ്യവൈജയന്തം (യുദ്ധകാഴ്ചബംഗ്ലാവ്)— മഹന്മൊഗൾസ്മാരകങ്ങൾ — സ്വേച്ഛാപ്രഭുത്വവും കലാവിദ്യകളും— റെസീന (നവീനദൽഹി) — തിരികെ ജാംഷെഡ്പുർ— യന്ത്രശാലാകാളി— വിരാമം.

---

UNIVERSITY LIBRARY
9 FEB 1931
MADRAS


തിബത്ത്
ജംബൃത്രി
ഗംഗോത്രി
കേദാരനാഥം
ബദര്യാശ്രമം
ശ്രീയുഗിനാരായണം
ഗൗരികുണ്ഡം
വിഷ്ണുപ്രയാഗ
ജോഷിമഠ്
ഊഖീമഠ്
നാലാച്ചട്ടി
തുംഗനാഥ്
ഗുപ്തകാശി
ചമോലിലാല്സാംഗ
രുദ്രപ്രയാഗ
നന്ദപ്രയാഗ
ദേവപ്രയാഗ
കർണ്ണപ്രയാഗ
ശ്രീനഗർ
വ്യാസഘട്ട്
ലക്ഷ്മണജ്ജുല
ഹൃഷീകേശം
മേല്ച്ചൌരി
ഹരിദ്വാരം
ബിജ്നോർ
രാമനഗർ
വടക്ക്
പ
കി
തെ.
നദി
വഴി

സ്ഥാവരാണാം ഹിമാലയഃ

.....

സ്രോതസാമസ്മി ജാഹ്നവീ

.....

യദ്യദ്വിഭൂതിമത്സത്വം
ശ്രീമദൂർജ്ജിതമേവ വാ
തത്തദേവാവഗച്ഛ ത്വം
മമ തേജോംശസംഭവം.

(ഗീതാ)

UNIVERSITY ... MADRAS
2 FEB 1931

# ഒരു ഹിമാലയയാത്ര.

## ൧.

## ഹിമാലയങ്ങൾ:

ഇന്ത്യയുടെ വടക്ക് അഫ്ഘാനിസ്ഥാനം മുതൽ മേല് ബൎമ്മവരെ ഏകദേശം ആയിരത്തഞ്ഞൂറ് നാഴിക നീളത്തിലും, കാഷ്മീർ, ഗാൎവ്വാൽ, അല്മോറ, തിബെത്ത്, നേപ്പാല്, ഭൂട്ടാൻ, സിക്കീം മുതലായ അനേക പ്രദേശങ്ങളുൾപ്പെടെ ഏകദേശം ഇരുന്നൂറമ്പതുനാഴിക വീതിയിലും ഉള്ള സ്ഥലമത്രയും മാമലകളുടെ ഒരു പെരുക്കുടുംബം കുടികൊള്ളുന്നുവെന്നു പറയാം. അവയിൽ പല നിരകളും പലതരങ്ങളുമുണ്ടു. ചിലതു വെറും പാറക്കുന്നുകൾ, ചിലതു നിബിഡമായ കാടുകൾ, ചിലതു ഭയങ്കര ജന്തുക്കളുടെ ആവാസങ്ങൾ, ചിലതു കാലകാലാന്തരം ഉരുകാത്ത ഹിമത്താലും അപ്രാപ്യമായ ഉയരത്താലും യാതൊരുവിധം ചെടിക്കും പ്രാണിക്കും ജീവിക്കാനരുതാത്ത ഏകാന്തശിഖരങ്ങൾ, ഇങ്ങിനെ പലമാതിരിയാണ് ഈ മലക്കൂട്ടം. ചിലേടത്തു ഒന്നൊന്നിനെ തൊട്ടും ചിലേടം തമ്മിൽ കുറെ വിട്ടും വേറെ സ്ഥലങ്ങളിൽ വീണ്ടും അടുത്തുമായി ഇവ വളു

ങ്ങും പിരിഞ്ഞുമുള്ള അനേകം നിരകളായി കിടക്കുന്നു. ചില താഴ്വാരങ്ങളും നദികളും ചില ഗ്രാമങ്ങളും കൃഷികളും ചില നഗരങ്ങൾതന്നെയും ഇവയുടെ ഇടയിൽ പെട്ടിരിക്കുന്നുമുണ്ട്. ഈ ഗംഭീര പർവ്വതവംശത്തിനു പൊതുവിലുള്ള പേരാണ് ഹിമാലയം, അഥവാ, ഹിമാലയങ്ങൾ. അല്ലാതെ, ഹിമവാൻ എന്നതു ഭാഗവത വായനക്കാർ പക്ഷെ ധരിച്ചേക്കുംപ്രകാരം പതിനായിരം യോജന ഉയരവും രണ്ടായിരം യോജന വണ്ണവുമായി ഒത്ത ആകൃതിയോടുകൂടിയ ഒരു ഒറ്റമലയല്ല. ഹിമാലയങ്ങളിൽപെട്ട ഓരോ പ്രത്യേകമലകൾക്കു പ്രത്യേകം ഓരോ പേരുണ്ട്. നീലഗിരി, ദൊഡ്ഡബേററാ, ആനടിക്കോടൻ, ദേവികുളം, മുതലായവയെല്ലാം പശ്ചിമഘട്ടങ്ങൾ എന്ന പർവ്വതക്കൂട്ടത്തിന്റെ ഓരോ ഭാഗങ്ങളാണെന്നപോലെ, കഞ്ചിഞ്ചംഗ, ധവളഗിരി, ഗൌരീശങ്കരം മുതലായവ ഇങ്ങിനെ ഓരോ ഹിമാലയൻ മലകളാണ്. കാശ്മീരിൽ കിടക്കുന്ന അമരനാഥം, ഗാർവ്വാൾ അതൃത്തികളിലുള്ള കേദാരനാഥം, ബദര്യാശ്രമം, നേപ്പാളിലെ മുക്തിനാരായണം, തിബെത്തിൽ സ്ഥിതിചെയ്യുന്ന കൈലാസം എന്നിങ്ങിനെ പരമ്പരാപവിത്രങ്ങളായ ധാമങ്ങളും ഒരേ ഹിമവാന്റെ വ്യത്യസ്തശിഖരങ്ങളുത്രെ. ഗംഗയുടെ ഉത്ഭവസ്ഥലമായ ഗംഗോത്രി, യമുനയുടെ ജനനമായ ജംബുത്രി, സിന്ധു, ബ്രഹ്മപുത്ര മുതലായ വേറെയും അനേക നദികളുടെ ഉറവുകൾ, പുരാണപ്രസിദ്ധമായ മാനസസരസ്സ് ഇവയും ഹിമവൽഭാഗങ്ങളാകുന്നു.

ചിന്തയുടെ ഉത്ഭവംമുതൽക്കേ അതു ഹിമാലയത്തോടാകർഷിക്കപ്പെട്ടിട്ടുണ്ട്. പ്രകൃതിയുടെ അനന്തമായ ചൈതന്യം ഇത്രയും പ്രത്യക്ഷത്തിൽ ഗംഭീരമോഹനമായി സ്ഥൂലീഭവിച്ചതായ കാഴ്ച വേറെ ഒട്ടു ഇല്ലെന്നുതന്നെ പറയാം. വൈദികമന്ത്രങ്ങളിലും പുരാണകവിതകളിലും ഹിമാലയത്തിന്റെ തുഷാരസുഷമയും അത്യുന്നതപ്രൌഢിയും ഏകാന്തവിലാസവും പ്രസന്നമായി പ്രതിഫലിച്ചുകാണുന്നതിൽ എന്താണു ആശ്ചര്യം? ജീവനും പ്രകൃതിയും ഈശ്വരനും എന്തെന്ന തത്വത്തെപ്പററിയും, ആ പരമരഹസ്യത്തെ നിദാനമാക്കി ജീവിതത്തെ നിയന്ത്രിക്കുന്നതായ ശാസ്ത്രങ്ങളെപ്പററിയും ഓരോ ഋഷീശ്വരന്മാർ അനേകകാലങ്ങളോളം ഇടമുറിയാതെ ആലോചിച്ചുവന്നതു അധികവും ഹിമവാന്റെ ശാന്തിനികേതനങ്ങളിൽ വെച്ചായിരുന്നു. വേദപാഠങ്ങൾ സവിസ്തരം പരിശോധനകഴിച്ചതിന്റെ ഫലമായി അവയുടെ ഉത്ഭവം അതിശീതളമായ ധ്രുവമേഖലയിൽനിന്നാണെന്നു കാണിക്കുന്നതായ തെളിവുകൾ വേദത്തിൽതന്നെ ഉണ്ടെന്നാണ് പരേതനായ ബാലഗംഗാധരതിലക് അദ്ദേഹത്തിന്റെ ഒരു ഗ്രന്ഥത്തിൽ സമർത്ഥിച്ചിരിക്കുന്നത്. അതിശൈത്യം, ഉറച്ചമഞ്ഞ്, ജനബാഹുല്യമില്ലായ്മ, നിശ്ശബ്ദത, പ്രഭാതരശ്മികളോ അസ്തമനകിരണങ്ങളോ അനന്തഹിമമയശിഖരികളിന്മേൽ നിന്നും പ്രതിബിംബിക്കുമ്പോൾ ധ്രുവങ്ങളിലെ അറോറാദീപ്തിപോലെ ഉളവാകുന്ന കാന്തിപ്പൂരം, മഞ്ഞുമഴ എന്നിങ്ങിനെ അനേക കാഴ്ചകളിൽ ഹിമാലയങ്ങൾ

ധ്രുവപ്രദേശങ്ങളോട് സാമ്യംവഹിക്കുന്നതാകയാൽ, ടിലാക് കണ്ടെത്തിയ "വേദങ്ങളിലെ ധ്രുവഭവനം" യഥാത്ഥത്തിൽ ഹിമാലയംതന്നെ അല്ലായിരിക്കുമോ? ഏതായാലും ചരിത്രകാലങ്ങൾക്കു മുമ്പുതന്നെ ഋഷികളും യോഗികളും തത്വചിചിന്തനത്തിന്നായി ഹിമാലയങ്ങൾ പ്രാപിച്ചിരുന്നുവെന്നും ഹിമാലയങ്ങളിലെ ഏകാന്തനിശ്ശബ്ദതയിൽനിന്നും ചില മഹൽചിന്തകൾ ഉദിച്ചു ലോകംമുഴുവനും മുഴങ്ങീട്ടുണ്ടെന്നും അനായാസേന വിശ്വസിക്കാം. അങ്ങിനെയുള്ള തത്വാന്വേഷികളുടെ ഓരോ പുരാതന സങ്കേതങ്ങൾ തന്നെയാണു ഹിമാലയങ്ങളിൽ തീർത്ഥാടനക്കാർ ഭക്തിയോടെ ഇന്നും തേടിവരുന്ന പുണ്യധാമങ്ങൾ.

നാനാ ജന്തുസങ്കീർണ്ണമായ വനാന്തരങ്ങളിലോ, ഉന്നതങ്ങളായ പർവ്വതശിഖരങ്ങളിന്മേലോ, വൻനദികൾ വിശാലമായ സമുദ്രത്തിലേക്കുചെന്നു സമ്മേളിക്കും സ്ഥലങ്ങളിലൊ, എന്നുവേണ്ട, ഏതേതിടങ്ങളിലാണോ, ടാഗോർ പറയുംപ്രകാരം, പ്രകൃതിയുടെ രാമണീയകത്വവും വിപുലതയും വൈശിഷ്ട്യവും പ്രാഭവവും മനുഷ്യന്റെ ആത്മാവിനെ പ്രത്യേകം വികസിപ്പിച്ചു അനന്തചൈതന്യത്തിലേക്കു ആനയിക്കുന്നതു, ആനന്ദപൂർണ്ണമാക്കുന്നതു, ആ ആ ഇടങ്ങളിലാണെല്ലൊ പ്രായേണ പ്രാചീന പിതാമഹന്മാർ തീത്ഥങ്ങളും ക്ഷേത്രങ്ങളും വിഹാരങ്ങളും കല്പിച്ചിരിക്കുന്നതു. ഉദാഹരണമായി, കന്യാകുമാരി, പുരി, ഗംഗാ, ബദര്യാശ്രമം എന്നിങ്ങിനെ ഏതെങ്കിലും ചില പുണ്യസ്ഥലങ്ങളെ ഓത്താൽ മതി. ഇതാണ് ദുർഗ്ഗങ്ങളായ ഹിമാലയങ്ങളിൽ അനേകം പുണ്യധാമങ്ങളുടേയും ആഗമം.

൫.

# കാശിയും സാരനാഥവും

ഏപ്രിൽ (1928) ആദ്യത്തിലാണ് ഞാൻ ജാംഷെഡ്പൂരിൽ ടാട്ടാ ഇരുമ്പുകമ്പിനിയിലെനിക്കുണ്ടായിരുന്ന പണിയിൽനിന്നു പിരിഞ്ഞതു. എൻെറ സാമാനങ്ങൾ അധികവും വാസസ്ഥലത്തു തന്നെ വെച്ചു ഏപ്രിൽ 11-ാംനു രാത്രി ഞാൻ സ്നേഹിതന്മാരോടു യാത്ര പറഞ്ഞു. എന്നാൽ 12-ാംനു പുലച്ച്വണ്ടിക്കാണ് ടാട്ടാനഗർ വിട്ടതു. ടിക്കററ് ബനാറീസ് (കാശിയി)ലേക്കായിരുന്നു വാങ്ങിയതു. വഴിക്കു സിനിപ്ലാററുഫോറത്തിന്മേൽ കുളുത്ത വൃക്ഷത്തണലുകളിൽ രണ്ടുമൂന്നു മണിക്കൂർ വിശ്രമം ഉണ്ടായി. പിന്നീടു നാലഞ്ചു മണിക്കൂർ ആദ്രാജങ്ക്ഷനിലും താമസമുണ്ടായിരുന്നു. ആ സമയത്തു സ്റ്റേഷനപ്പുറമെ കുറെ സ്ഥലം ചുററിനടന്നു കണ്ടു. ബിഹാറിലെ ഈ പ്രദേശങ്ങൾ നല്ല ആരോഗ്യവാസസ്ഥലങ്ങളാണെന്നാണ് കണ്ടിട്ടു തോന്നുന്നതു. ആദ്രയിൽനിന്നുള്ള വണ്ടി പുറപ്പെട്ടപ്പോൾ രാത്രി ഏഴുമണിയായിരുന്നു. ഏകദേശം അർദ്ധരാത്രി ഗോമോജങ്ക്ഷനിലെത്തി. അവിടെനിന്നു ബോമ്പേ മെയിലിലേക്കു മാറിക്കേറി. പിറേറന്നു രാവിലെ മൊഗൾസാറായ് സ്റ്റേഷനിലിറങ്ങി. സാധാരണ വണ്ടിക്കുള്ള ടിക്കററായിരുന്നു എൻെറ കൈവശം എന്ന വസ്തുത ഞാൻ വിസ്മരിച്ചിരുന്നു. അതുകൊണ്ടു മെയിലിൽ സഞ്ചരിച്ചതിനു

ഇരട്ടിക്കൂലി ഇവിടെ കൊടുക്കേണ്ടിവന്നു. മോഗൾസാറായിൽനിന്നു അടുത്തുള്ള കാശിയിലേക്കു വേറെ വണ്ടിയിൽ കേറണം. കാശിസ്റ്റേഷനിൽനിന്നു സ്നാനഘട്ടങ്ങൾ, മന്ദിരങ്ങൾ (അതായതു, ക്ഷേത്രങ്ങൾ) എന്നീ ഭാഗങ്ങളിലേക്കു ഒരു രണ്ടു നാഴികയോളം ദൂരമുണ്ടു. അവിടെ എത്തിയപ്പോൾ പത്തു മണിയായി.

തീൎത്ഥങ്ങളിലും ക്ഷേത്രങ്ങളിലും ഉള്ള യാത്രക്കാരെ സ്നാനദൎശനാദികൾ വഴിപോലെ കഴിപ്പിക്കുക എന്ന പുരോഹിതകൎമ്മം അനുഷ്ഠിച്ചുപജീവിക്കുന്ന ഒരു ജാതി ബ്രാഹ്മണർ ഉണ്ടല്ലോ. 'പണ്ഡ്' എന്നാണു ഇവൎക്കു ഉത്തരഇന്ത്യയിൽ അഭിധാനം. കാശിയാത്രക്കാർ മൊഗൾസാറായ് സ്റ്റേഷനിലെത്തുമ്പോഴേക്കും അവരെ ഈ പണ്ഡകളും അവരുടെ ഏജണ്ടുമാരും വന്നു പിടികൂടുകയായി. ചില പ്രധാന സ്ഥലങ്ങളിൽ നിന്നും ആദ്യമായി വണ്ടിയിറങ്ങുമ്പോൾ കൂലിക്കാർ, കുതിരവണ്ടിക്കാർ, ഹോട്ടൽ ഏജണ്ടുമാർ, പണ്ഡകൾ എന്നീ ശല്യങ്ങളിൽനിന്നു രക്ഷപ്രാപിക്കുന്നതു എളുപ്പമായ കാൎയ്യമല്ല. അന്യോന്യമത്സരികളായ പണ്ഡകൾ അങ്ങോട്ടുമിങ്ങോട്ടുമായി എന്നേയും പിടികൂടി. പണക്കാരെന്നു തോന്നുന്ന തീൎത്ഥയാത്രക്കാരെയാണ് ഈ ആൾപ്പിടിയന്മാർ അധികം മുറുകെ പിടിക്കുന്നതു. എന്നോടു നേൎത്ത ചില പണ്ഡകൾ ഞാൻ ധനികനല്ലെന്നു തന്നെയല്ല അവരുടെ ശാസ്ത്രദൃഷ്ട്യാ ഒരു വിധം അവിശ്വാസിയും കൂടിയാണെന്നാണ് എങ്ങിനെയോ മനസ്സിലാക്കിയതു. അതുകൊണ്ടു ശാപംകൊണ്ടും ശകാരംകൊണ്ടും

ങ്കവർ എന്നെ ഒരുവിധം അനുഗ്രഹിച്ച അവരിൽ നിന്നും മുക്തിനല്കി. എന്നാൽ സ്നാനത്തിന്നായി ഒരു ഘട്ടത്തിൽ ചെന്നപ്പോൾ ഒരാൾ എന്നെ തടുത്തുവെച്ചു. അവരുടെ അധികാരത്തെ ചെറുത്തു അവിടെ ഇറങ്ങുവാൻ പാടില്ലെന്നു സഗൌരവം കല്പിച്ചു. ഗംഗ നിങ്ങളുടെ സ്വന്തമാണോ എന്നു ഞാൻ ചോദിച്ചതിന്നു അതെ, ഗംഗാപുത്രന്മാരായ അവരുടെ സ്വന്തമാണ് ആ തുറന്ന വൻനദിയെന്നാണ് കൂസാതെ ആയാൾ ഉത്തരം പറഞ്ഞത്. ശിഖ (കുടുമ) യില്ലാത്ത ഞാൻ ഹിന്ദുവല്ല, മുസൽമാനാണെന്നും ആയാൾ ആക്ഷേപിച്ചു. ഹിന്ദുക്കൾക്കെന്നപോലെ മുസൽമാൻമാൎക്കും അവകാശപ്പെട്ട ഒരു പൊതുസ്വത്താണ് ഗംഗാനദി എന്നുപറഞ്ഞു ഞാൻ സ്വൈരമായി സ്നാനം തുടങ്ങി. ഭീഷണികൾ തല്ക്കാലം നിഷ്ഫലമെന്നുകണ്ടു ആയാൾ എന്നെ വിട്ടുപോയി.

ശാസ്ത്രി രാമകുമാർജി എന്നാളുടെ വക ഒരു മഠത്തിലാണ് ഞാൻ താമസിച്ചിരുന്നത്. ആ സ്ഥലം അനേകം മലയാളി യാത്രക്കാരുടേയും ഭജനക്കാരുടേയും ഒരു സങ്കേതമാണ്. ശാസ്ത്രികൾ തീൎത്ഥയാത്രക്കാരെ എത്തിച്ചുകൊടുക്കുവാൻ സമൎത്ഥന്മാരായ ചില മലയാളി ഏജണ്ടുമാരുണ്ടു. തെക്കെ ഇന്ത്യയിലെ തമിഴ്, മലയാളം മുതലായ ഭാഷകൾ ഒരുവിധം സംസാരിക്കുവാൻ സാധിക്കുന്ന ഹിന്ദുസ്ഥാനിക്കാരെ ശാസ്ത്രിമാരുടെ ഇടയിൽ കണ്ടെന്നത്തു എനിക്കു കൌതുകമായിരുന്നു.

ചരിത്രപ്രസിദ്ധമായ വിശ്വനാഥക്ഷേത്രവും അതിനോടു തൊട്ടുനില്ക്കുന്ന മുസ്ലിം പള്ളിയും വേറെ കാശിയിലെ പലഭാഗങ്ങളേയും അന്നു സന്ദർശിച്ചു. കച്ചവടം, ജനബാഹുല്യം മുതലായവ നോക്കിയാൽ കാശിയുണൈറെഡ്പ്രോവിൻസിൽ (ഐക്യസംസ്ഥാനത്തിൽ) ലക്നൌ, കാൺപൂർ ഇവയെ കഴിഞ്ഞാൽ വരുന്ന ഏററവും വലിയ നഗരമാണത്രെ. തലസ്ഥാനമായ അല്ലഹബാദ് തന്നെയും വാണിജ്യവിഷയത്തിൽ നാലാം സ്ഥാനത്തേ നില്ക്കു എന്നാണ് പറയുന്നത്.

ഉച്ചക്കു ശേഷം അഞ്ചാറു നാഴിക നിരത്തു വഴിക്കും റെയിൽ വഴിക്കും നടന്നു സാരനാഥ് (സാരംഗനാഥ്) എന്ന സ്ഥലം ചെന്നുകണ്ടു. ഇവിടെ ബുദ്ധമതസംബന്ധമായ അനേകം പുരാതനവസ്തുക്കൾ ശേഖരിച്ചുവെച്ചതായ ഒരു കാഴ്ചബങ്കളാവ് (The Buddhist Archeological Museum) സ്ഥിതിചെയ്യുന്നതു റെയിൽവെ സ്റ്റേഷനിൽ നിന്നു വളരെ അകലെയല്ല. സിദ്ധാൎത്ഥ ഗൌതമൻ ബുദ്ധനായി തീൎന്നശേഷം തന്റെ മനോഹര സന്ദേശത്തെ പ്രഥമമായി പ്രസംഗിച്ച ഡിയർ പാർക്ക് എന്ന ചരിത്രപ്രധാനമായ സ്ഥലം ഇതുതന്നെയാണ്. ബുദ്ധധൎമ്മ ഭിക്ഷുക്കളുടെ വിഹാരങ്ങളും ബുദ്ധമത രാജാക്കന്മാരുടെ പ്രശസ്ത സ്മാരകങ്ങളും മററും മാതൃഭൂമിയുടെ ആ മംഗളകാലങ്ങളിൽ ഇവിടെ വളൎന്നു വാണുകൊണ്ടിരുന്നു. എന്നാൽ അതെല്ലാം, ദൈവയോഗത്താൽ, മണ്ണിന്നടിയിൽ പെട്ടിട്ടു ഇപ്പോൾ നൂററാണ്ടുകൾ അനേകം കഴിഞ്ഞു. ഈയിടെ ഇന്ത്യാ ഗവമ്മേണ്ടിന്റെ

ആൎക്കിയോളോജിക്കൽ ഡിപ്പാൎട്ടുമെൻറ് (മണ്മറഞ്ഞ ചരിത്രാവശിഷ്ടങ്ങളെ ആരാഞ്ഞറിഞ്ഞു സംസ്ഥാപിക്കുവാനേൎപ്പെടുത്തിയ ഒരു വകുപ്പു) പഴയ ജീൎണ്ണവസ്തുക്കളെ ഇവിടെ വളരെ കണ്ടെത്തീട്ടുണ്ടു.

മൺമാന്തിയന്വേഷണം (Excavation) ഇപ്പോഴും മുഴുമിച്ചിരിക്കാനിടയില്ല. പുനരുദ്ധാരണം ചെയ്യപ്പെട്ടവയെല്ലാം സുരക്ഷിതസ്മാരകനിയമം (Protected Monuments Act) പ്രകാരം സൂക്ഷിക്കപ്പെട്ടിരിക്കുന്നു. കഴ്സൺപ്രഭു വൈസ്രോയി ആയിരുന്ന കാലത്തു ഇന്ത്യക്കു ചെയ്ത ഒരു അമൂല്യ അനുഗ്രഹമാണ് പ്രസ്തുത നിയമം. രാഷ്ട്രീയകാൎയ്യങ്ങളിൽ അദ്ദേഹം ഇന്ത്യക്കാൎക്കു എത്രതന്നെ പരമ വിരോധിയായിരുന്നുവെങ്കിലും നന്മ, ഭംഗി, മഹിമ ഇവയെ കണ്ടാൽ അറിഞ്ഞു ബഹുമാനിക്കുവാനുള്ള ഹൃദയവികാസം അദ്ദേഹത്തിനു ഒന്നു പ്രത്യേകം തന്നെയായിരുന്നുവെന്നു സമ്മതിച്ചേ കഴിയൂ.

പ്രസ്താവത്തിലെ സ്ഥലം ആൎക്കിയോളോജിക്കൽ ഡിപ്പാൎട്ടുമെണ്ടിലെ ഒരു ഇന്ത്യൻ ഉദ്യോഗസ്ഥൻെറ കീഴിലാണ് കണ്ടതു. അദ്ദേഹം മദ്ധ്യവയസ്കനായ ഒരു ഹിന്ദുസ്ഥാനിയാണു. ഒരു ഇരട്ടമുണ്ടു ഇടത്തോട്ടുടുത്തിരുന്നതുകൊണ്ടു മദ്രാസുകാരനോ എന്നു ഞാൻ ആദ്യം ശങ്കിച്ചു. ആൾ വളരെ സൽസ്വഭാവിയും ഉദാരശീലനും ആയിരുന്നതുകൊണ്ടു അദ്ദേഹത്തോടുകൂടി മ്യൂസിയവും അവശിഷ്ടങ്ങളും നടന്നു കാണ്മാൻ സാധിച്ചതിൽ എനിക്കു വളരെ സന്തോഷം തോന്നി. കിളച്ചുകണ്ട അവശിഷ്ടഭാഗങ്ങളെ വേർതിരിച്ചു വിവരിക്കുന്നതായ ചൂണ്ടുപലകകൾ

(സെൻർപോൾസ്സ്) പല സ്ഥലങ്ങളിലും വെച്ചിട്ടുണ്ടു. പണ്ടത്തെ ഓരോ സന്ന്യാസിമാരുടെ അസ്ഥിഭാജനങ്ങളും കിടങ്ങുകളും വെള്ളച്ചാലുകളും ഇന്നിന്നവയെന്നു എത്രയും വ്യക്തമായിരിക്കുന്നു. അശോകൻെറ ചില സ്തൂപലേഖനങ്ങളും ഇവിടെ ഉണ്ടു. അന്നത്തെ ശില്പവൈദഗ്ദ്ധ്യത്തിൻെറയും ജീവിതരീതിയുടേയും ആദർശങ്ങളുടേയും മഹിമയും വൈശിഷ്ട്യവും ഈ ഓരോ ശകലങ്ങളിൽ നിന്നാലോചിച്ചാൽതന്നെ സഹൃദയന്മാക്കു തെളിഞ്ഞുകാണാൻ കഴിയും. "ജീർണ്ണാവശിഷ്ടങ്ങളിന്മേലെയുള്ള വഴി" (The way over the Ruins) എന്നു ഇടക്കിടെ ഓരോ ചൂണ്ടുപലകകൾ മുഖേ വഴി കാട്ടുന്നു. ഹാ, ജീർണ്ണാവശിഷ്ടങ്ങളിന്മേലേ വഴി! എത്ര സാരഗർഭങ്ങളായ വാക്കുകൾ! പോയ്ക്കഴിഞ്ഞ ഒരു പ്രിയപ്പെട്ട ലോകത്തിലേക്കല്ലയൊ ആ വഴി നമ്മെ ആനയിക്കുന്നതു? മുറ്റ ചുകപ്പാർന്ന സന്ധ്യാവേളകളിലെ രാത്രികാലങ്ങളിൽ സ്വച്ഛചന്ദ്രികയിൽ മുഴുകിയൊ ആകാശവാടികയിൽനിന്നു നക്ഷത്രങ്ങൾ പൊഴിക്കുന്ന ശാന്തിപൂരത്താൽ മനം കുളുത്ത ഈ പാവനാവശിഷ്ടങ്ങളിന്മേലിരുന്നുകൊണ്ടു ഇടക്കിടെ അനന്തശാന്തിയും ആനന്ദവും അടയുവാൻ സാധിക്കുന്നവർ ധന്യർ തന്നെ. അതിനു യോഗമുള്ള ആ ഹിന്ദുസ്ഥാനി ഉദ്യോഗസ്ഥനെക്കുറിച്ചു എനിക്കുണ്ടായ അസൂയ അനല്പമായിരുന്നു.

ജീവവത്തായ ഹിന്ദു കാശിയാകട്ടെ, കുറച്ചുകാലം മുമ്പു ഞാൻ സന്ദർശിച്ചിരുന്ന ബുദ്ധഗയയെപ്പോലെ,

എനിക്കു കഠിനതരമായ ഇച്ഛാഭംഗത്തെയാണ് ജനിപ്പിച്ചതു. ആചാരങ്ങളും ചടങ്ങുകളും അന്ധവിശ്വാസങ്ങളും പണ്ഡാപ്രഭവവും ശുചിഹീനതയും നിറഞ്ഞ ഈ കാശിയെവിടെ, സിദ്ധന്മാരുടേയും യോഗികളുടേയും മററു മഹാത്മാക്കളുടേയും സാന്നിദ്ധ്യത്താൽ പരിപൂതമാക്കപ്പെട്ട ആ പുരാതന ശ്രീകാശിയെവിടെ? ചരിത്രപ്രധാനമായ ഈ പുണ്യധാമത്തെ സംബന്ധിച്ചു എന്റെ സ്വപ്നങ്ങളുടെ വൈശിഷ്ട്യം എന്തായിരുന്നു, പ്രത്യുത ഇന്നു ഞാൻ പ്രത്യക്ഷത്തിൽ ഇവിടെ കണ്ടതു എന്തായിരുന്നു? ആദ്യം ഇതിനേപ്പററി എന്റെ മനസ്സിനെ ബാധിച്ചിരുന്ന മായയിൽനിന്നും ഇപ്പോൾ എനിക്കു മോചനംകിട്ടി. മായാവിമോചനവും ചിലപ്പോൾ വിഷാദകരംതന്നെ!

എന്നാൽ സാരനാഥത്തിലെ ബുദ്ധധർമ്മവൈശിഷ്ട്യങ്ങൾ എന്റെ മനസ്സിന്നു അനല്പമായ ആശ്വാസത്തെ നൽകി. വെറും സ്ഥൂലദൃഷ്ടിക്കു ഇവ കാലാന്തരപ്പെട്ടവയായിരുന്നാലും, അല്പം ചരിത്രപരമായ സങ്കല്പാനുഭാവവും ചരിത്രവസ്തുക്കളിൽ വൈഭവം കൂടിയതും മഹത്തരവുമായവയെക്കുറിച്ചു അല്പം ഭക്തിയും ഉള്ള ഒരുവന്നു ഇവ മാധുര്യമേറിയ സജീവയാഥാർത്ഥ്യങ്ങളായിത്തന്നെ വിളങ്ങുന്നു.

കാശിയും ഡിയർപാർക്കുപോലെ വിനഷ്ടകോടിയിൽ മറഞ്ഞിരുന്നുവെങ്കിൽ ഒരുപക്ഷേ ഭാഗ്യമാകുമായിരുന്നേനെ! ചരിത്രപാവനങ്ങളായ സ്ഥലങ്ങളിൽ സാധാരണയായി മർമ്മഭേദകമായ പ്രതീക്ഷാവൈപരീ

ത്ര്യം മാത്രമാണ ഇന്നു നമുക്കനുഭവപ്പെടുന്നതു എന്നോർക്കുമ്പോൾ, ഗ്രീസിലേതുപോലെയുള്ള പഴയ പല വിശിഷ്ടപരിഷ്കാരങ്ങളും തീരെ പരോക്ഷത്വം പ്രാപിച്ച ചരിത്രമാത്രജീവങ്ങളായിതീൎന്നതുതന്നെ തുലോം ആശ്വാസമെന്നു നാം സന്തോഷിക്കേണ്ടിയിരിക്കുന്നു. ഒരു വെറും പുരാതനസ്മരണ എന്ന രൂപത്തിൽ അവ സ്പഷ്ടവും സുദൃഢവുമായ ഒരു നിത്യത്വം പ്രാപിക്കുന്നു.

സാരനാഥത്തിൽ നിന്നും തീവണ്ടി വഴിയായി ഞാൻ കാശി കണ്ടോൺമെണ്ടിൽ വന്നു. താമസസ്ഥലത്തേക്കു നടക്കും മദ്ധ്യത്തിൽ ഒരു പൂന്തോട്ടത്തിൽ (പാൎക്ക്) സന്ധ്യാനന്തരം അല്പം വിശ്രമിച്ചു. അവിടെ ചൊടിയും പഠിപ്പുമുള്ള ഒരു ബംഗാളിയെ കണ്ടു. ബദരികാശ്രമം സന്ദൎശിച്ചിട്ടുണ്ടായിരുന്ന ഒരു യുവാവായിരുന്നു അതു. അങ്ങോട്ടുള്ള വഴിയേപ്പറ്റിയും മറ്റും ചില വിവരങ്ങൾ അദ്ദേഹത്തിൽനിന്നു ഗ്രഹിച്ചു.

പിറേറദിവസം ഏപ്രിൽ 14-ാംനു- വിഷുവായിരുന്നു. മലബാറിലെ ഒരു ധനിക കുടുംബം കാശീസന്ദൎശനത്തിനു വന്നിരുന്നു. അവരുടെ വകയായി ശാസ്ത്രികളുടെ മഠത്തിൽവെച്ചു മലയാളി സമ്പ്രദായപ്രകാരം ഒരു സദ്യയുണ്ടായി. അതിൻശേഷം ഞാൻ അഞ്ചാറുനാഴിക അകലെ ഒരു നിരന്ന വിശാലഭൂമിയിൽ സ്ഥിതിചെയ്യുന്ന ഹിന്ദുസൎവ്വകലാശാല സന്ദൎശിക്കുകയുണ്ടായി. പവിത്ര ഹിന്ദുഹൃദയനായ പണ്ഡിത മദനമോഹനമാളവ്യാജിയുടെ സനാതനയശസ്തംഭമത്രെ ഹിന്ദുസൎവ്വകലാശാല. ഇതിന്റെ കോമളങ്ങളായ

എടുപ്പുകളെ ചുററികൊണ്ടു ഒരു മനോഹരനഗരം ഭാവിയിൽ ഇവിടെ ഉണ്ടായിരിക്കാനുള്ള ആരംഭങ്ങൾ ഇപ്പോഴേ ഉണ്ട്. കോളേജുകൾ മിക്കതും സംഗതിവശാൽ പൂട്ടിയ അവസരമായിരുന്നതിനാൽ അവയുടെ പ്രവൃത്തിസമ്പ്രദായം കാണ്മാൻ കഴിഞ്ഞില്ല. കെമിക്കൽ ലാബൊറേട്ടറിയിൽ അല്പം വിദ്യാൎത്ഥികൾ പുതുതത്വങ്ങൾ കണ്ടറിയേണ്ടതിനുള്ള പരീക്ഷണങ്ങൾ (റിസേർച്ച്) നടത്തിയിരുന്നു. ഹോസ്റ്റലുകളിൽ താമസിച്ചിരുന്ന ചിലരുമായി കുറെ സംഭാഷിക്കുവാനിടയായി. ജാതിമൎയ്യാദകളെ ആദരിച്ചുകൊണ്ടുള്ള ഏൎപ്പാടുകളാണ് അവിടെ കണ്ടതു. എന്നാൽ ആകപ്പാടെ സൎവ്വകലാശാലേ വായുമണ്ഡലം സാധാരണ അത്തരം ഗവൎമ്മേണ്ടു സ്ഥാപനങ്ങളിലേതിൽനിന്നും കേവലം വ്യത്യാസപ്പെട്ടതോ എന്നു പ്രഥമനോട്ടത്തിൽ ഒരു ശങ്കാപ്രശ്നം പുറപ്പെടാം. വിശാലമതികൾ ഇന്നു അത്യാവശ്യമെന്നു നിരീക്ഷിക്കുന്നവിധം സാൎവ്വത്രികമായ ഒരു ഐക്യഹിന്ദു പുനഃസംഘടനത്തെ ഹിന്ദു സൎവ്വകലാശാല എത്രകണ്ടു സഹായിക്കുമെന്നും ഇപ്പോൾ പറയാറായിട്ടില്ല. എന്തായാലും നാനാമുഖമായ വിദ്യയുടെ ഒരു അത്യുത്തമ കേളീരംഗം ഹിന്ദുസമുദായത്തിൻ്റെ പേരിൽ ഉണ്ടായിത്തീൎന്നതുതന്നെ ഒരു ഗണ്യമായ സമ്പാദ്യമല്ലയോ? ആയതിനു നാം എന്നും മാളവിയാജിക്കു കടപ്പെട്ടിരിക്കുന്നു.

# ൯.

# ഹരിദ്വാരം.

വൈകുന്നേരം ആറുമണിക്കു ഞാൻ കണ്ടോൺമെൻറ് സ്റ്റേഷനിൽനിന്നു ഹരിദ്വാരത്തിലേക്കു വണ്ടി കയറി. പിറേറന്നു (ഏപ്രിൽ 15 ാംനു-) പുലച്ചെ നാലു മണിക്കു ലക്നോവിൽ ഇറങ്ങി ഒരു കൈപ്പെട്ടി ആപ്പീസിൽ ലഗ്ഗേജ്മുറിയിലും ബാക്കി സാമാനങ്ങൾ തല്ക്കാലം കണ്ടുപരിചയപ്പെട്ട ഒരു ഡി. എ. വി. സ്ക്കൂൾ മാസ്റ്ററുടെ വസതിയിലും സൂക്ഷിച്ചു പകൽ മുഴുവനും ആ നഗരം ചുററിനടന്നു. ഇവിടത്തെ "റെസിഡൻസി" ഒരു സ്മാരകത്തോട്ടമാകുന്നു. കൊല്ലുക എന്ന കൃത്യത്തോടു മനുഷ്യനുള്ള മതിമറന്ന ഭക്തിയേയും, പരഹിംസക്കുവേണ്ടി അവൻ താൻതന്നെ വരിക്കുന്ന "വീഷ്മസ്വർഗ്ഗാവസ്ഥ"യേയും കുറിക്കുന്ന വൃഥാപ്രാഭവസ്മാരകങ്ങളിൽ ഒന്നാണ് ഈ റെസിഡൻസി. 1857-ലെ സിപ്പായിലഹളയിൽ ഒട്ടധികം ഘോരകണ്ട ഒരു സ്ഥലമാണു ഇതു. ഇവിടെനിന്നു കുറെ ദൂരെ അയോദ്ധ്യാനവാബുമാരുടെ കാലത്തുള്ള "ഇമാംബാറാ" എന്നു പറയുന്ന രണ്ടു സ്ഥലങ്ങൾ കാണേണ്ടതുതന്നെയാണ്. ഉത്തുംഗകോമളങ്ങളായ എടുപ്പുകളും അവയിലെ ചിത്രാലങ്കാരങ്ങളും വിശാലമുററങ്ങളും മനോഹര ഉദ്യാനവും എല്ലാം കമനീയമെന്നേ പറയേണ്ടു. ചില വിദ്യാലയങ്ങൾ, പാർക്കുകൾ എന്നിവയും സന്ദർശിക്കുകയുണ്ടായി. സാധാരണ

ഇന്ത്യയിലെ എല്ലാം നഗരികളിലേപ്പോലെ, റോഡിലെ 'പൊടിപൂരം' ഏററവും ദുസ്സഹമായിരുന്നു. ഗോമതിയിലാണ് അന്നു കുളിച്ചതു്. അവിടെ ആ നദിയിൽ കണ്ടപോലെ അത്ര ധാരാളമായും അത്ര ഭീമാകൃതിയിലും ആമകളെ പണ്ടു ഞാൻ കണ്ടിരുന്നില്ല. മനുഷ്യരും അവയും തമ്മിൽ കുറെ ഇണക്കമുണ്ടെന്നാണ് തോന്നുന്നതു. ഏതായാലും അന്യോന്യം യാതൊരുപദ്രവവും എൻെറ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

വൈകുന്നേരം നാലുമണിക്കു വീണ്ടും വണ്ടി കേറി. വലിയ കാറുപണിക്കാരനായ ഒരു അജ്മീർ മുഹമ്മദീയൻെറ സരസ സംഭാഷണംകൊണ്ടു തീവണ്ടിയുടെ ഗതി കുറെനേരത്തേക്കു മറന്നു. ആൾ വളരെ മര്യാദക്കാരനും ഉദാരനുമായിരുന്നു. ജീവിതയാത്രയിലും ഇപ്രകാരം എത്ര പഥികമിത്രങ്ങളെയാണ് യാദൃച്ഛികമായി കാണുവാനും പിരിയാനും നമുക്കു ഇടവരുന്നതു!

ഉദയത്തിനു (ഏപ്രിൽ 16-ാംനു-) ഹരിദ്വാരത്തിൽ വണ്ടിയിറങ്ങി. വലിയ ധർമ്മശാലകൾ ഇവിടെ ധാരാളമുണ്ടു. സാധാരണ എല്ലാം സ്ഥലങ്ങളിലേയും പതിവനുസരിച്ചു, എന്നാൽ നിയമവിരോധമായി, അവയുടെ സൂക്ഷിപ്പുകാരന്മാർക്കു എന്തെങ്കിലും ഒരു പാരിതോഷികം കൊടുക്കുന്നവർക്കു മാത്രമെ മുറികളും മററു സൌകര്യങ്ങളും എളുപ്പത്തിൽ ലഭിക്കൂ. എനിക്കു ഒരു ധർമ്മശാലയിൽ പൂട്ടാപ്പില്ലാം ഒരു ചുമരളമാറി മാത്രമാണ് കിട്ടിയതു. എതായാലും സാമാനങ്ങൾ അഞ്ചിനെ അവിടെ വെള്ളിയിൽതന്നെ വിട്ടു. ഞാൻ പട്ട

ണത്തിൽ അല്പം ചുററിനടന്നു. സ്വച്ഛശീതളമായ
ഗംഗ ബഹു ശക്തിയോടെ ഒഴുകുന്നതു ഒരു കാഴ്ചതന്നെ
യാണ്. കരിങ്കല്ലുകൊണ്ടു ഗംഗയുടെ ഈ കര വളരെ നീ
ളത്തിൽ പടവുകളായി കെട്ടിയിരിക്കുന്നതു എത്രയും
ഭംഗിയായിട്ടുണ്ടു. ഞാൻ ഇറങ്ങിയ സ്ഥലത്തു ചൊറു
ക്കുള്ള ഒരു ചെറുപ്പക്കാരൻ ആദ്യമെ കുളിക്കുന്നുണ്ടായി
രുന്നു. ഞാൻ അത്ര അടുത്തു സ്നാനം ചെയ്യുന്നതു അ
ദ്ദേഹത്തിന്നു അത്ര രസിച്ചില്ല. അദ്ദേഹം കുറെ വിട്ടു
മാറിയപ്പോൾ, കുറച്ചുകൂടി സ്ഥലം കിട്ടിയല്ലോ എ
ന്നു കരുതി ഞാൻ ആ കഴിഞ്ഞ സ്ഥലത്തേക്കല്പം നീ
ങ്ങി. അപ്പോൾ മുസ്ലിം ആയ ഞാൻ ഇങ്ങിനെ അ
ക്രമം കാണിക്കുന്നതു മര്യാദയല്ലെന്നു അദ്ദേഹം കുറെ
കോപത്തോടെ ആക്ഷേപിച്ചു. ഇടക്ക ചില ഇംഗ്ലീഷ്
വാക്കുകളും പുറപ്പെട്ടതിനാൽ ഹിന്തുസ്ഥാനി അത്ര
എളുപ്പത്തിൽ പറവാൻ കഴിയാത്ത ഞാൻ ഇങ്ഗ്ലീഷിൽ
മറുപടി പറഞ്ഞു. ഞാൻ മുസ്ലിം അല്ലെന്നും വിദ്യാ
ഭ്യാസം സിദ്ധിച്ച ഒരു സഞ്ചാരിയാണെന്നും അദ്ദേഹ
ത്തിന്നു മനസ്സിലായതിനോടുകൂടി ഞങ്ങൾ ചങ്ങാതിക
ളായി കഴിഞ്ഞു. അദ്ദേഹം എം. ഏ. ബിരുദധാരി
യായ ഒരു സിന്ധി ഹിന്തുവാകുന്നു. സാമുദായികവും
രാഷ്ട്രീയവുമായ അഭിപ്രായങ്ങളിൽ അദ്ദേഹം ഒരു
ടിലക് പക്ഷക്കാരനാണ്. സനാതനഹിന്തു ധർമ്മത്തെ
പ്പററി എത്രതന്നെ പ്രസംഗിക്കാനും ആയാൾ തെയ്യാ
റാണ്. ഹിന്ദിയിലും ഇംഗ്ലീഷിലും ശക്തിയോടെ സം
സാരിക്കാനറിയാം. ആൾ വളരെ മര്യാദാസ്വഭാവിയാ

ണെന്നു പരിചയത്തിന്നിടവരുന്ന ഏവക്കും ബോദ്ധ്യമാകും. ഇത്രനല്ല ഒരു യുവാവു ക്ഷയരോഗിയാണെന്നുള്ളതു എത്ര സങ്കടകരമായ അവസ്ഥയാണ്! ഞാൻ എന്റെ സാമാനങ്ങൾ അദ്ദേഹം താമസിച്ചിരുന്ന സ്ഥലത്തേക്കു നീക്കം ചെയ്തു.

'ഹരികിപാരി'—ഹരിപദം എന്നായിരിക്കാം പക്ഷ തത്സമം—ഹിന്തുക്കൾ ഹരിദ്വാരത്തിൽ ഏററവും പ്രധാനമായി കരുതുന്ന സ്ഥലമാണ്. ഹരിമുഖ്യവും പുരാതനവുമായ ആ സ്ഥലം ഗംഗാതീരത്തു ഒരു ചെറുകുളംപോലെ സ്ഥിതിചെയ്തു. അതിൽ ലക്ഷോപിലക്ഷം ജനങ്ങൾ സ്നാനം ചെയ്യുന്നതുകൊണ്ടുണ്ടാവുന്ന ജീർണ്ണതയും രോഗതയും തടുക്കുവാൻവേണ്ടി ഗംഗയിലെ ജലം ഒരു വഴിക്കു അതിലേക്കു തിരിച്ചു കടത്തി വേറൊരുവഴിക്കു നദിയിലേക്കുതന്നെ ഒഴുക്കുന്നതായ കെട്ടുപണി വളരെ വലിയ ഒരു സംഗതിയാണ്. ഇപ്പോൾ ആ പുണ്യകൂപം, അഘചാകുളം, അതിനെ മൂടിയൊഴുകുന്ന ഗംഗാകൈവഴിയിൽ മുഴുകി കിടക്കയാണ്. അതിന്റെ ശരിയായ സ്ഥലം ഇന്നതെന്നു കാണിക്കുന്ന ചില അടയാളങ്ങൾ ഉണ്ടു. അനേകായിരം ജനങ്ങൾ ഈ പ്രവാഹത്തിൽ നീന്തിയും മുങ്ങിയും പൊങ്ങിയും, 'ഹരികീജേ' മുതലായ നാദങ്ങൾ മുഴക്കിയും, തങ്ങളുടെ ഭക്തിവിശ്വാസങ്ങളെ പ്രകടിപ്പിക്കുന്ന കാഴ്ച ഹൃദയാവർജ്ജകം എന്നു പറയണം.

ഹിമാലയക്കോട്ടയിലേക്ക് ഹിന്തുസ്ഥാനത്തിൽനിന്നുള്ള പ്രധാനകവാടങ്ങളിലൊന്നായി ഹരിദ്വാരത്തെ

ഗണിക്കാം. ഇവിടെ വീതി കുറഞ്ഞ ഗംഗയുടെ അപ്പുറത്തു് കാണുന്ന കാടുകളും കുന്നുകളും ഹിമാലയത്തിന്റെ ചില വിദൂരശാഖകൾ തന്നെയാണു്. എന്നാൽ സനാതനഹിമമയമായ സാക്ഷാൽ ഹിമാലയപ്രൗഢിയും മഹിമയും ഇവയിൽനിന്നു് നാം ഗ്രഹിക്കയില്ല. അതറിയേണമെങ്കിൽ ഇനിയും ഒട്ടധികം വടക്കോട്ടു പോകണം. എന്നാൽ ഗംഗയും കാടുകളും കുന്നുകളും മലകളും തൊട്ടുപിൻതാങ്ങായിക്കൊണ്ടു് ഹരിദ്വാരത്തെ മനോഹരമാക്കിത്തീൎക്കുന്നുണ്ടു്. പ്രകൃതിസ്ഥിതി ഇത്രയും അനുകൂലമായിരിക്കെ കഴിയുന്നത്ര അശുചികൊണ്ടും വ്യാജജീവിതംകൊണ്ടും ഹരിദ്വാരത്തെ "പരിഷ്കരി"ക്കുവാൻ പുറപ്പെട്ടിട്ടുള്ള ഇന്നത്തെ മനുഷ്യരെ അഭിനന്ദിക്കയല്ലാതെ എന്തു നിവ്വാഹം? എത്രതന്നെയായാലും ഗയ, കാശി മുതലായ സ്ഥലങ്ങളെ അപേക്ഷിച്ചു ഹരിദ്വാരം ഇന്നും തുലോം ശുദ്ധിയേറിയതാണെന്നു സമ്മതിക്കണം.

കൻഖൽ എന്നതു ഹരിദ്വാരത്തിന്റെ ഒരു ഭാഗമാണു്. അവിടേയും ഒരു ക്ഷേത്രവും സത്രങ്ങളും അങ്ങാടികളും എല്ലാം ഉണ്ടു. ഇവിടെവെച്ചാണു് പ്രസിദ്ധമായ ഗംഗാതോടു് തുടങ്ങുന്നതു. ഗംഗാപ്രവാഹം പാതിയും ഈ തോട്ടുവഴിയായി ഹിന്തുസ്ഥാനത്തിലെ കൃഷിക്കാൎക്കുപയുക്തമായിത്തീരുന്നു. ഈ തോടുവെട്ടിയതിന്റെ ശേഷമാണു് ഗംഗാതീരത്തുള്ള സ്ഥലങ്ങളിൽ ഇടക്കിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന വെള്ളപ്പൊക്കംകൊണ്ടുള്ള ആപത്തുകൾക്കു ഗണ്യമായ ശമനംവന്നതു.

ഇവിടെ ഈ തോട്ടിന്റെ തീരത്തു ഹൃദ്യമായ ഒരു പ്രദേശത്തു "ഋഷികുലം" എന്ന ഒരു സ്ഥാപനമുണ്ട്. ആൎയ്യസമാജം വേദങ്ങളെ അവരുടെ യുക്തിക്കൊത്തു വ്യാഖ്യാനിക്കുന്നതും ജാതി, വിഗ്രഹാരാധന മുതലായവയെ നിരസിക്കുന്നതും മററും സനാതനികളെന്ന് അഭിധാനംകൊള്ളുന്ന പൂൎവ്വാചാരപ്രസക്തരായ ഹിന്തുക്കൾക്കു രുചിക്കുന്നില്ല. ആൎയ്യസമാജക്കാരുടെ ഗുരുകുലസ്ഥാപനം തങ്ങളുടെ ആദൎശങ്ങളുടെ വിനാശഹേതുവാകാതിരിക്കാനായി സനാതനികൾ ഏൎപ്പെടുത്തിയതാണ് ഋഷികുലം. ഇതു ഗുരുകുലത്തേക്കാൾ എത്രയും ചെറിയ തോതിലുള്ള ഒരു വിദ്യാമന്ദിരമാണ്. ഇവിടേയും ബ്രഹ്മചാരികൾ, അതായത്, വിദ്യാൎത്ഥികൾ ഗുരുനാഥന്മാരൊന്നിച്ചു വസിച്ചു പഠിച്ചുപോരുന്നു. ഇംഗ്ലീഷും ഇവിടെ പഠിപ്പിക്കുന്നുണ്ടു. എന്നാൽ പാഠങ്ങളും അദ്ധ്യയനരീതിയും പ്രാൎത്ഥനകളും ഹോമങ്ങളും മററു സകല ഏൎപ്പാടുകളും വിദ്യാൎത്ഥികൾക്കു പൂൎവ്വീകാചാരങ്ങളിൽ അഭിരുചിയും അഭിമാനവും ജനിപ്പിക്കത്തക്കവയാണ് എന്നു ചുരുക്കിപ്പറയാം. എന്റെ സിൻഡിസ്നേഹിതനു ഇതിനെപ്പററി അതിയായ പ്രീതി തോന്നിയെന്നു പറയേണ്ടതില്ലല്ലോ. ഒരു കൂട്ടം ചെറുബാലന്മാർ വടികളുമായി മൈതാനത്തിൽ വ്യായാമം ചെയ്യുന്നതു കണ്ടപ്പോൾ അദ്ദേഹം അവരെ അവരുടെ ഗുരുനാഥന്റെ അനുവാദപ്രകാരം അണി നിരത്തി, പട്ടാളക്കാരോടു ഒരു സൈന്യാധിപതി എന്നപോലെ അവരോടു ലളിതമായ ഹിന്ദിയിൽ ഊൎജ്ജസ്വലമായ ഒരു

ചെറിയ ഉപദേശപ്രസംഗം കഴിച്ചു. ഗാന്ധിയുടെ അഹിംസാവ്രതം ജീവിതത്തിൽ അവർ സ്വരം കൈക്കൊള്ളേണ്ടതില്ലെന്നും, വേണ്ടിവന്നാൽ സനാതനധമ്മത്തിൻ പേരിൽ ലാത്തിയും വാളും ഉപയോഗിപ്പാൻ തന്നെ മടിക്കരുതെന്നും അദ്ദേഹം പ്രസംഗമദ്ധ്യേ പറയുകയുണ്ടായി. അവിടെ മുതിൎന്ന കുട്ടികളെ അധികം കാൺക ഉണ്ടായില്ല. ശൂദ്രരെ ആ വിദ്യാലയത്തിൽ ചേക്കയില്ലത്രെ. പെൺകുട്ടികൾ ഇല്ലെന്നു പറയേണ്ടതില്ലെല്ലൊ. (കാൻഗ്രി ഗുരുകുലത്തിലും പെൺകുട്ടികളെ പഠിപ്പിക്കുവാൻ ഏപ്പാടില്ല. ബ്രഹ്മചാരിവ്രതം വിഹിതമാംവണ്ണം പ്രതിഷ്ഠിക്കുന്നതിന്ന് ആൺകുട്ടികളേയും പെൺകുട്ടികളേയും ഒരേവിദ്യാലയത്തിൽ ചേക്കുന്നതു ഒരു പ്രതിബന്ധമാണെന്നാണ് അവരുടെ ശക്തിമത്തായ അഭിപ്രായം) ഋഷികുലത്തിലെ ഗുരുനാഥന്മാരും മററും വളരെ മയ്യാദക്കാരായി കാണപ്പെട്ടു. സംഭാഷണമദ്ധ്യേ, ഞാൻ ഹിന്ദുചിഹ്നമായ കുടുമവെക്കാതെ മുഴുവൻ "ക്രോപ്പ്" ചെയ്തിരുന്നെപ്പററിയും അവരുടെ ദൃഷ്ടിയിൽ എനിക്കു മതപ്രസക്തിയില്ലായ്മയെക്കുറിച്ചും അവരും സിന്ധി: സ്നേഹിതനും കൂടിച്ചേൎന്നു പാതി നേരമ്പോക്കിലും പാതി ഗൌരവത്തിലും വിഷാദം പ്രകടിപ്പിച്ചു; ഹിംസാതത്വത്തെ തീരെ ബഹിഷ്കരിക്കാത്തതായ ഒരു സനാതനധമ്മം ഹിന്ദുസമുദായത്തിന്നു സ്പഷ്ടമായ എന്തൊരു ഗുണത്തെയാണ് ചെയ്യുക എന്നു ഞാൻ ചോദിച്ചതിന്നു ആ സ്നേഹിതൻ പെട്ടെന്നു തന്ന ഉത്തരം ഒരു പ്രത്യേകപക്ഷത്തിൽ സാരമുള്ളതായിരു

ന്നു. മാപ്പിളലഹളയിൽ മലയാളഹിന്ദുക്കൾ അവന
വൻെറ ഭൌതികജീവിതത്തെ മാത്രം കൊതിച്ചു തങ്ങളു
ടെ ധൎമ്മവും, മാനവും വലിച്ചെറിഞ്ഞു ഓടിയതുപോ
ലെയുള്ള ദയനീയമായ കാഴ്ച സംസ്ഥാപിതമായ
സനാതനധൎമ്മ സമുദായത്തിൽ അസംഭവ്യമാക്കും എ
ന്നു അദ്ദേഹം പറഞ്ഞതു ഹിന്ദുസമുദായത്തിൻെറ ശരി
യായ ഒരു ചീഞ്ഞ പുണ്ണിൽകൊള്ളുന്ന തീയായെരിയു
ന്നില്ലേ?

കൻഖലിലേക്കു പോകുംവഴിക്കു റോഡിന്നരികെ
ആൎയ്യസമാജക്കാർ ഇടക്കു സഭകളും മറ്റും ഉപയോഗി
ക്കുന്ന ഒരു ചെറിയ സ്ഥലമുണ്ട്. ഗുരുകുലത്തിലെ ചി
ല അദ്ധ്യാപകന്മാരും വേറെ സ്ത്രീപുരുഷന്മാരുംകൂടി ഒരു
അമ്പതോളം ജനങ്ങൾ അവിടെ കൂടീട്ടുണ്ടായിരുന്നു.
ഞാനും ആ സിന്ധിയും അവിടെ എന്താണ് നടക്കുന്ന
തെന്നറിവാൻ ചെന്നപ്പോൾ ചിലർ ഞങ്ങളെ എതി
രേറ്റു സഭയിൽ കൊണ്ടിരുത്തി. മദ്ധ്യത്തിൽ ഒരു ഹോ
മകുണ്ഡത്തിൽ നല്ല കാഞ്ഞ വിറക് എരിഞ്ഞുകൊണ്ടി
രുന്നു. മുമ്പിലിരുന്നിരുന്ന ഒരാൾ അതിൽ നെയ്യും ച
ന്ദനവും വേറെയും ചില ദ്രവ്യങ്ങളും ഇടക്കിടെ മന്ത്രപുര
സ്സരം അൎപ്പിക്കുന്നുണ്ടായിരുന്നു. ചില വേദമന്ത്രങ്ങൾ
ആയാൾ പ്രത്യേകം ചൊല്ലുകയും അതിനെ മറ്റുള്ളവർ
ഒന്നായി ആവൎത്തിക്കയും ചെയ്തിരുന്നു. വേദോച്ചാര
ണത്തിൽ എൻെറ സ്നേഹിതനും ചേരാതിരുന്നില്ല.
കുണ്ഡത്തിൻെറ ഒരു വശത്തു, ആദ്യം മന്ത്രം ചൊല്ലുന്ന
ആൾക്കഭിമുഖമായി സൌഭാഗ്യവതിയായ ഒരു യുവതി

ഒട്ടു് നമ്രാനനയായി ഇരുന്നിരുന്നു. കുറെ അകലെ, പ്രത്യേകം ഉൽക്കണ്ഠയോടെ ഒരു യുവാവും ഉണ്ടായിരുന്നു. യുവതിയുടെ ഇരുവശത്തും പിന്നിലുമായാണു് മററു സ്ത്രീകൾ ഇരുന്നിരുന്നതു. അവിടെ നടന്നിരുന്നതു ഒരു "ശുദ്ധി" ആയിരുന്നു. ആ സ്ത്രീ ഒരു പഞ്ചാബി മുസ്‌ലിം ആയിരുന്നു. അവളെ ആൎയ്യഹിന്ദുവാക്കിത്തീൎക്കുന്ന ക്രിയയായിരുന്നു അതു. ക്രിസ്ത്യൻപള്ളികളിൽ വിവാഹാവസരത്തിൽ പുരോഹിതൻ വധൂവരന്മാരോടു ചെയ്യുന്ന മാമൂൽ ചോദ്യങ്ങളെന്നപോലെ ആ യജ്ഞകൎമ്മി അവളോടു സദാചാരപരങ്ങളായ ചില ചോദ്യങ്ങൾ ചോദിക്കയും അവൾ ലജ്ജാഭരത്തോടെ മൃദുവായി ഉത്തരം പറയുകയും ചെയ്താറെ ആയാൾ ചുരുക്കത്തിൽ ഒരു ഉപദേശപ്രസംഗംചെയ്തു. അവളുടെ പേർ അവളുടേയും എല്ലാവരുടേയും സമ്മതപ്രകാരം, അന്നുമുതൽ R. D. എന്നാണെന്നു പ്രഖ്യാപിച്ചു. അതിനുശേഷം മുൻപറഞ്ഞ യുവാവു അവളുടെ ഭൎത്താവിന്റെ നിലയിൽ ഒരു സംഖ്യ ആൎയ്യസമാജത്തിലേക്കും വേറെ ഒരു സംഖ്യ ഗുരുകുലത്തിലേക്കും സംഭാവനചെയ്കയും, ഒടുവിൽ, അവിടെ കൂടിയിരുന്നവൎക്കെല്ലാം അവളുടെ കൈകൊണ്ടുതന്നെ മധുര ലഘുഭക്ഷണം കൊടുപ്പിക്കയും ഉണ്ടായി. എന്റെ സനാതനിസ്നേഹിതൻമാത്രം ആ ലഘുഭക്ഷണം കൈക്കൊണ്ടില്ല. അദ്ദേഹത്തിന്റെ നിഷ്ഠയേക്കുറിച്ചു എല്ലാവൎക്കും യഥാൎത്ഥത്തിൽ ബഹുമാനം തോന്നി. തന്റെ മാതാപിതാക്കന്മാരെയും മുസ്‌ലിം

ഭർത്താവിനെയും വെടിഞ്ഞു ഒരു പഞ്ചാബി ഹിന്ദുവായ ആ ചെറുപ്പക്കാരൻെറകൂടെ ഓടിപ്പോന്നവളായിരുന്നു ആ യുവതി എന്നു ഞങ്ങൾ പിന്നീടു കേട്ടു.

അന്നു രാത്രി ഞാൻ ഹരിദ്വാരത്തിൽ സിന്ധി സ്നേഹിതൻെറ വസതിയിൽ താമസിച്ചു. പിറേറന്നു രാവിലെ ഹൃഷീകേശത്തിലേക്കു നടന്നു.

## ഹൃഷീകേശം.

ഹരിദ്വാരത്തിൽനിന്നു വടക്കു പതിനാലുനാഴിക ദൂരമുള്ള ഹൃഷീകേശത്തേക്കു മിക്കതും കാട്ടിൽക്കൂടി വെട്ടിയ ഒരു റോഡുണ്ട്. വിശേഷാവസരങ്ങളിൽ തീർത്ഥയാത്രക്കാരുടേയും വാഹനങ്ങളുടേയും നിരവധി യാനം കൊണ്ടു പാറിക്കൊണ്ടിരിക്കുന്ന പൊടിയൊഴിച്ചാൽ പിന്നെ ഈ വനവഴി ആനന്ദകരമാണ്. വെള്ളം വററിയ ചില മലയാറുകളും ഒരു വലിയ പാലവും വഴിയിൽ കടക്കേണ്ടതുണ്ടു. ഹരിദ്വാരം വിട്ടു അധികം പോകുന്നതിന്നു മുമ്പായി "ഭീമഗോഡ" എന്ന സ്ഥലത്തു തീർത്ഥയാത്രികൾക്കു സ്നാനദർശനങ്ങളും പിന്നെയും കുറെ ചെന്നാൽ ഒരു 'സത്യനാരായണ' ക്ഷേത്രവും മററും ഉണ്ടു. റോഡിൽനിന്നും കെട്ടി ഉയർത്തപ്പെട്ടു, തോട്ടങ്ങളാൽ ചുററപ്പെട്ട ഒരു ഉന്നത സ്ഥലത്തു ഗംഗക്കഭിമുഖമായി സ്ഥിതിചെയ്യുന്ന 'ശങ്കരാചാര്യമഠം' ഏററവും ചേതോഹരമായിരിക്കുന്നു.

ഹൃഷീകേശത്തിലെത്തിയാൽ അവിടെ മുഖ്യമായ ക്ഷേത്രം ഭരതന്റെയാണ്. ക്ഷേത്രം വളരെ വലിപ്പമില്ല. വടക്കെ ഇന്ത്യയിലെ ഹിന്തുക്ഷേത്രങ്ങൾ സാധാരണയായി വലിപ്പത്തിൽ തെക്കെ ഇന്ത്യയിലെ ക്ഷേത്രങ്ങളോടു കിടപിടിക്കുന്നവയല്ല. ഹൃഷീകേശത്തിലും ഗംഗാസ്നാനമാണ് മുഖ്യം. ഹൃഷീകേശമോ ഋഷികേശ

മോ എന്താണു സ്ഥലത്തിന്റെ യഥാൎത്ഥനാമം എന്നു് ചിലേടത്തു് സംശയമുള്ളതായി കാണുന്നു. ഇവിടത്തെ പണ്ടോപ്രഭൃതം കാശി, ഗയ മുതലായ സ്ഥലങ്ങളിലേതു പോലെ അത്ര അസഹ്യമായിതോന്നിയില്ല. ഒരു കാനന മദ്ധ്യത്തിൽ ഗംഗാതീരത്തു സ്ഥിതിചെയ്യുന്ന ഒരു ചെറു പട്ടണമാണു് ഹൃഷീകേശം. മനോഹരമായ പ്രകൃതിയെ കാലക്രമത്തിൽ 'പരിഷ്കാരം' ഇവിടേയും വികൃതമാക്കിത്തീൎക്കുമോ? ഇപ്പോൾതന്നെ ഇതിനു പുരാണകാലങ്ങളിലെ സ്ഥിതിയിൽനിന്നും വലിയ മാററം വന്നിട്ടില്ലേ? എന്നാൽ ഇവിടെ എങ്ങും ദൃഢജീവവത്തായി വിലസിച്ചുകൊണ്ടിരിക്കുന്ന പ്രകൃതിയെ തീരെ കൊണ്ടൊടുക്കുന്നതു അത്ര എളുപ്പമായകാൎയ്യമല്ലെന്നു പക്ഷെ ആശ്വസിക്കാം. ഹിമാലയങ്ങളിലെ മഞ്ഞുരുക്കത്താൽ അതിശീതളമായി, സ്വച്ഛമായി, വൎഷപ്രവാഹങ്ങളാൽ കൊണ്ടുവന്നു തള്ളപ്പെട്ട വമ്പിച്ച കരിങ്കല്ലാക്ഷേപണങ്ങളിന്മേൽ ഝങ്കാരത്തോടെ അലച്ചുകൊണ്ടു, ശരംവിട്ടപോലെ ഒഴുകിക്കൊണ്ടിരിക്കുന്ന ഗംഗാമായിയുടെ വൈഭവം ആരെയാണു് വശീകരിക്കാത്തതു? ഇത്ര ശക്തിമത്തായ ഒഴുക്കിലും അതിനെതിരായി ചില മത്സ്യവൃന്ദങ്ങൾ കളിയാടുന്നു! ഗംഗാനദിക്കിവിടെ ഒരു മുപ്പതു, നാല്പതുവാര വീതിയേ ഉള്ളു. അതിന്റെ മറുകരയിൽ അവിടവിടെയായി അനവധി ചെറുമണ്ഡപങ്ങൾ ഉണ്ടു. തപസ്സുചെയ്തുകൊണ്ടിരിക്കുന്ന 'സാധു'ക്കൾക്കു പാൎക്കുവാൻവേണ്ടി മതപ്രസക്തന്മാരായ ചില വിത്തേശന്മാരുടെ ഉദാരബുദ്ധി നിൎമ്മിച്ചുവെച്ചവയത്രെ ആ കാണുന്നതു. 'തപോവനം'

എന്നു പറയുന്ന ആപ്രദേശത്തു 'മുണ്ഡിതകേശി' കളും 'കാഷായാംബര'ന്മാരുമായി വളരെ 'ബഹുകൃതവേഷ' ക്കാർ സ്ഥിരം വസിച്ചുവരുന്നു. അവരുടെ സംഖ്യ അന്നു ഒരു മുന്നോറോളമുണ്ടെന്നാണ് കേട്ടതു. ഹൃഷീകേശത്തിലെ കാളീകംബ്ളീവാലാ ധമ്മശാലയിൽനിന്നു നിത്യം പകൽ ഒരുനേരം മൃഷ്ടാന്നം അവക്കു അവകാശമായി ലഭിക്കുന്നതിനാൽ ഉദരനിമിത്തമായ ശല്യങ്ങൾക്കുടാതെ അവരുടെ ചിന്തയെ മുഴുവനും അദ്ധ്യാത്മജ്ഞാനസമ്പാദനത്തിലേക്കു തിരിക്കാമല്ലോ. ഈ സാധുക്കളിൽ ചുരുക്കം ചില യഥാത്ഥ സമചിത്തന്മാരും ഉണ്ടെന്നുതന്നെയാണ് ഞാൻ ആത്മാത്ഥമായി വിശ്വസിക്കുന്നതു.

മുപ്പതിലധികം കൊല്ലങ്ങൾക്കുമുമ്പായി കാലഗതിയെ പ്രാപിച്ച ഒരു മഹാനായിരുന്നു 'ബാബാ കാളീകംബ്ളീവാലാ'. അദ്ദേഹം ആദ്യത്തിൽ ഒരു കുബേരനായ മാർവാറിവണിക്കായിരുന്നുവത്രെ. പിന്നീട് അദ്ധ്യാത്മതത്വാന്വേഷിയായിത്തീൎന്നു സാധുവൃത്തി കൈക്കൊൾകയാണ് അദ്ദേഹം ചെയ്തതു. ഉത്തരാഖണ്ഡത്തിൽ (ഹിമാലയങ്ങളിൽ) ദുർഗ്ഗമങ്ങളായ അനേക പാവനസ്ഥലങ്ങളിൽ അദ്ദേഹം വിചരിച്ചു. ബദരീനാഥവും മറ്റും അന്നു സാധാരണ മനുഷ്യന്നു ദുഷ്പ്രാപ്യമല്ല, അപ്രാപ്യംതന്നെ ആയിരുന്നു. ഐഹികകമ്മങ്ങൾ നിശ്ശേഷം സമപ്പിച്ചശേഷം, ഇനി ലോകത്തിലേക്കു മടക്കമില്ലെന്നുറച്ചശേഷം മാത്രമായിരുന്നു അന്നു ചുരുക്കം ആളുകൾ ആ വക കാനനഗഹ്വരങ്ങളിലേക്കു കട

ന്നിരുന്നു. ഇന്നും വളരെ സുസാദ്ധ്യമല്ലാത്ത ഹിമാലയാടനത്തിൻെറ ക്രൂരദുൎഘടങ്ങൾ തൻെറ അനന്തരകാലീനന്മാൎക്കു കഴിയുന്നതും കുറക്കുവാനായി അദ്ദേഹം പരിശ്രമിച്ചു. തൻെറ ലക്ഷക്കണക്കായ ധനമെല്ലാം ആ വിഷയത്തിലേക്കു ഒരു ട്രസ്റ്റ് ആക്കിവെച്ചു. ഉദാരശയന്മാരായ അനേകം ശേട്ടുമാരും മററു പണക്കാരും ആ ട്രസ്റ്റിനെ പോഷിപ്പിച്ചു. ഇന്നു അതു എത്രയും മഹത്തായ ഒരു സ്ഥാപനമാണ്. അതിൻെറ പ്രധാന ആപ്പീസ് ഹൃഷീകേശത്താണ്.

അതു വകയായി അതിവിശേഷമായ ഒരു ധൎമ്മശാല അവിടെ ഉണ്ട്. സ്ഥിരവാസികളായ 'സാധു'വൃന്ദങ്ങൾക്കു പതിവായി കൊടുത്തുവരുന്ന മൃഷ്ടാന്നദാനത്തെപ്പററി പറഞ്ഞുവല്ലോ. ചോറല്ല, ഹിന്ദുസ്ഥാനത്തിലെ സാധാരണ ഭക്ഷണമായ, കോതമ്പുമാവുകൊണ്ടു പത്തിരിപോലെ ഉണ്ടാക്കുന്ന റൊട്ടിയാണ് കൊടുത്തുവരുന്നതു. സ്ഥിരവാസികളല്ലാത്ത തീൎത്ഥയാത്രക്കാരിലും ആവശ്യമുള്ളവൎക്കു ആട്ടയോ (കോതമ്പമാവ്) അരിയോ എന്താണ് ഇഷ്ടമെന്നാൽ അതു കൊടുക്കുന്നുണ്ടു. അതിലേക്കു പരിപ്പ്, ഉപ്പ് മുതലായതും അവിടെ ലഭിക്കുന്നു. എന്നാൽ ഈ സദാവൃത്തി വാങ്ങുന്നവൎക്കു പാത്രങ്ങളും ഇടവും സാധാരണയായി ഹൃഷീകേശത്തിലെ കാളീകംബ്ളിവാലാധൎമ്മശാലയിൽ അനുവദിക്കുന്നില്ല. ആ വലിയ ധൎമ്മശാലയെ അനേകം ഖണ്ഡങ്ങളും മുറികളുമായി തിരിച്ചിരിക്കുന്നു. സദാവൃത്തിവാങ്ങാതെ ഇരിക്കുന്നതീൎത്ഥയാത്രക്കാൎക്കു മുറികൾ സാധാരണയായി മൂന്നു

ദിവസത്തേക്കു സൌജന്യം ലഭിക്കുന്നു. അങ്ങാടിയിൽനിന്നു സാമാനംവാങ്ങി അവിടെവെച്ചു ഭക്ഷിക്കുന്നപക്ഷം വെപ്പുപാത്രങ്ങളും ധൎമ്മശാലയിൽ തയ്യാർ കിട്ടുന്നതാണു. മേളാകാലങ്ങളിൽ (ജനശേഖരം കൂടുന്ന ഉത്സവാവസരങ്ങളിൽ) അപായങ്ങൾ തടുക്കുവാനും ബഹളം നിയന്ത്രിക്കുവാനും പാവങ്ങളായ രോഗികളെ ശുശ്രൂഷിക്കുവാനും അനാഥരായി മരിക്കുന്നവരെ സംസ്കരിക്കുവാനും വേറെയും വേണ്ടുന്ന ഉപചാരങ്ങൾ ചെയ്വാനുംവേണ്ടി ഒരു കാളീകംബ്ളീവാലാഃസവാസമിതിയും ഉണ്ടു. ഗംഗോത്രി, ജംബുത്രി, കേദാരനാഥം, ബദരീനാഥം മുതലായ സ്ഥലങ്ങളിലേക്കുള്ള തീൎത്ഥാടനക്കാൎക്കു അറിയേണ്ടുന്ന വിവരങ്ങൾ ഹൃഷികേശത്തിലെ ധൎമ്മശാലയിൽ ഒരു ഭാഗത്തുള്ള മുൻപറഞ്ഞ ആപ്പീസിൽനിന്നു കിട്ടും. അത്യാവശ്യം കരുതേണ്ടുന്ന ഒന്നു രണ്ടു മരുന്നിൻപൊതികളും ആവശ്യപ്പെടുന്നപക്ഷം ഓരോ മാലയും തീരെ അഗതികളായവൎക്കു മാത്രം ദുൎല്ലഭമായി ചിലപ്പോൾ വസ്ത്രങ്ങളും കംബളങ്ങളും ആ ആപ്പീസുകാർ കൊടുക്കും. ബദരീനാഥത്തിലേക്കു ഇവിടെനിന്നു പുറപ്പെടുന്നവൎക്കു വഴിയിൽ ഇടക്കിടെ ഈ ധൎമ്മസ്ഥാപനം വകയായി സദാവ്രതം ലഭിക്കുന്ന സ്ഥലങ്ങളുണ്ടു്. ഭക്ഷണം അവനവൻതന്നെ പാകംചെയ്യേണ്ടിവരും.

ഗംഗോത്രിയിൽ പോയി ചുററിവളഞ്ഞു കേദാരത്തിൽകൂടിയോ, ഗംഗോത്രിക്കു പോകാതെ കേദാരംമാൎഗ്ഗമായോ, കേദാരത്തിലും പോകാതെയോ ഏതുവഴിക്കാണു് ബദരിയിലേക്കു യാത്രികൾ പോകുന്നതെന്നുപറഞ്ഞാൽ

ആ വഴിക്കുള്ള "കാളീകംബ്ളീവാലം" താവളങ്ങളിലേക്കു ഹൃഷീകേശത്തിലെ പ്രധാനആപ്പീസുകാർ ഓരോ സദാവൃത്തി ചിട്ടി (ടിക്കററ്) കൊടുക്കുന്നു. ഓരോ സ്ഥലത്തേക്കും ചിട്ടി പ്രത്യേകമാണ്. ബദരീനാഥക്ഷേത്രം തുറക്കുന്നതിന്നു അല്പം ആഴ്ചകൾ മുമ്പായി ഒരു നിശ്ചിതദിവസംമുതൽ ഈ ചീട്ടുകൾ കൊടുക്കുവാൻ തുടങ്ങും. തണുപ്പിന്റെ ആധിക്യത്തോടുകൂടി അങ്ങോട്ടുള്ള യാത്രയുടെ കാലം അവസാനിച്ചാൽ പിന്നെ ആ കൊല്ലം കൊടുക്കാറുമല്ല. ഈ ചിട്ടികൾ പോയേ്യാകാതെ ഹാജരാക്കുന്നവൎക്കമാത്രമെ അതാതു താവളങ്ങളിൽ കാം കാം വാലാസദാവൃത്തിയുള്ളൂ. ഒരു വമ്പിച്ച ധൎമ്മസ്ഥാപനമ. വക പ്രവൃത്തികൾക്കും ചെലവുകൾക്കുമെല്ലാം ഒരു കണക്കും രേഖയും വേണമെല്ലോ. അത്യധികം വിലകൊടുത്താൽ ഭക്ഷണസാധനങ്ങൾ വഴിയിൽ വേറെയും കിട്ടും. എന്നാൽ പണം കരുതിട്ടുള്ള ഇടത്തരക്കാരും ആഢ്യന്മാരും ആ ദുൎഗ്ഗമാൎഗ്ഗങ്ങളിലേക്കു സഞ്ചരിക്കുമ്പോൾ സദാവൃത്തി സ്വീകരിക്കുന്നതായിട്ടതന്നെ കാണാം. സദാവൃത്തി സ്വീകരിക്കുന്നവൎക്കു പണച്ചെലവു വേറെ വേണ്ടിവരുന്നതാകകൊണ്ടു, യാത്രക്കാർ മാൎഗ്ഗമദ്ധ്യത്തിൽ കഷ്ടപ്പെടാതിരിക്കേണമെന്ന ഉദ്ദേശത്തോടുകൂടി, ചിട്ടികൾ വാങ്ങുമ്പോൾ ഓരോരുത്തരം തങ്ങളുടെ കൈയിൽ സ്വന്തമായി പതിനഞ്ചോ ഇരിപതൊ ഉറുപ്പികയുണ്ടെന്നു കാണിക്കണമെന്നു ഈയിടെ ഒരു നിശ്ചയം വെച്ചിരിക്കുന്നു. അതെല്ലാം വെറും ഒരു ചടങ്ങു മാത്രമാണെന്നൂഹിക്കാമെല്ലോ. സത്യത്തെ പ്രമാണിച്ചു ചിട്ടികൾ കൊടുത്തുവരുന്നു.

നമ്മുടെ രാജ്യത്തു ദാനശീലം പ്രായേണ അന്ധമായി പ്രവൎത്തിക്കുന്നതുകൊണ്ടു അനേകം അനൎത്ഥങ്ങൾ ഉണ്ടാകുന്നുവെന്നു കാണാം. കാ. കം. വാലാസ്ഥാപനം വക ദാനവും ചിലപ്പോൾ തീരെ അപാത്രങ്ങളിൽ വീഴുന്നില്ലെന്നു പറഞ്ഞുകൂടാ. എങ്കിലും ദുഷ്ഭവിഷ്യത്തുകളെ നിവാരണംചെയ്വാൻ മാൎഗ്ഗങ്ങൾ ചിന്തിച്ചു ആ സ്ഥാപനത്തെ ഇനിയും അധികം ശുദ്ധമാക്കിത്തീൎക്കുകയല്ലാതെ അതിനെ ഒട്ടാകെ നിരോധിക്കുന്നതു അബദ്ധമായിരിക്കും. അനുകമ്പാഹൃദയനായ അതിന്റെ സ്ഥാപകന്റെ വിശാല ഉദ്ദേശങ്ങൾ എന്നും ആദരണീയങ്ങളും ഉത്തരഖണ്ഡ സഞ്ചാരികൾക്കു ഒഴിച്ചുകൂടാത്ത ഒരനുഗ്രഹവുമാകുന്നു.

൭.

# ലക്ഷ്മണജ്ജൂല.

ഹൃഷീകേശത്തുനിന്നു പിന്നേയും വടക്കോട്ടു മൂന്നു നാഴിക ചെന്നാൽ ഗംഗാതീരത്തുതന്നെ ലക്ഷ്മണജ്ജൂല എന്ന ഒരു സ്ഥലമുണ്ടു. ജനങ്ങൾ ഇവിടെയും വസിക്കുന്നുവെങ്കിലും ഇതു വനപ്രദേശം തന്നെയാണു. ജനവാസങ്ങൾക്കു ചുററും കാടുകളെ തോട്ടങ്ങളാക്കിച്ചമച്ച മനുഷ്യപ്രയത്നത്തിന്റെ രമണീയഫലം ഹരിദ്വാരംമുതൽ ഇങ്ങോട്ടു പ്രത്യക്ഷമാണ്. എന്നാലും പ്രദേശം ഇതത്രയും കാടുതന്നെ. ലക്ഷ്മണജ്ജൂലയിലും വലിയ ക്ഷേത്രങ്ങൾ കാണുന്നില്ല. ഇവിടങ്ങളിലെല്ലാം ഓരോ പ്രത്യേകമായ സ്ഥലങ്ങൾ മാത്രമാണു പുണ്യങ്ങളായി പ്രായേണ ഗണിക്കപ്പെട്ടിട്ടുള്ളതു. സാധാരണ തീർത്ഥയാത്രക്കാർ എത്തുന്ന ഏററവും വടക്കെ അതിർത്തി ഈ ലക്ഷ്മണജ്ജൂലയാണ്. ഇതിലധികം വടക്കോട്ടുപോവാൻ വളരെ പേരും ഇഷ്ടപ്പെടുന്നില്ല, അഥവാ ധൈര്യപ്പെടുന്നില്ല. ഗംഗക്കു ഇവിടെ ഒരു പാലമുണ്ടു. ഈ പാലം കടന്നിട്ടാണ് ബദരീനാഥത്തിലേക്കു പോകേണ്ടതു.

മരപ്പലകകൾകൊണ്ടുള്ള ഈ പാലത്തിനു ആധാരമായി നദിയിൽ യാതൊരു കാലും സ്ഥാപിച്ചിട്ടില്ല. നദിയുടെ ഇരുഭാഗങ്ങളിലും കപ്പിയും കാലും നാട്ടി

സംയോജിപ്പിച്ച വമ്പിച്ച ഇരുമ്പുകമ്പകളിന്മേലാണ് ഇതു തൂങ്ങുന്നതു. ഇത്തരം ചഞ്ചലപ്പാലങ്ങൾ ബദരിനാഥ യാത്രയിൽ കുറേ ധാരാളം കടക്കേണ്ടതുണ്ട്. പണ്ടു ഇരുകരയിലും കെട്ടിയുറപ്പിച്ചിരുന്ന വെറും കമ്പകയറുകൾ വഴിക്കായിരുന്നുവത്രെ ആളുകൾ ഈ നദികൾ കടന്നിരുന്നതു. ആളുകൾക്കും ആട്ടുമാടുകൾക്കും കഴുത, കുതിര മുതലായവക്കും ഇന്നുള്ള പാലങ്ങളിന്മേൽ കൂടെ നിഷ്പ്രയാസം നടക്കാം. എന്നാൽ യാതൊരുവിധം വണ്ടിക്കും ഇവയെ കടക്കുവാൻ കഴികയില്ല. കടക്കേണ്ടുന്ന അവസരവുമില്ല വണ്ടികൾക്കു പോകത്തക്ക വഴിയെല്ലാം ഹൃഷീകേശത്തോടെ അവസാനിച്ചു. പിന്നെ ഹിമാലയക്ഷേത്രങ്ങളിലേക്കു കാൽനടതന്നെയാധാരം. എന്നാൽ അതിന്നു പ്രത്യേകംവഴി വെട്ടിയിരിക്കുന്നതു പബ്ലിക്കവർക്ക്സ് ഡിപ്പാർട്ടുമെണ്ടുകാർ ചെയ്ത ഒരു അമൂല്യ ഉപകാരമാണ്. ചിലർ ഡോലി, കോവർകഴുത, കുതിര ഇവയാണു ഉപയോഗിക്കുന്നതു. ചില പടീലോഗ് (മലപ്രദേശങ്ങളിലെ നിവാസികൾ) യാത്രക്കാരെ 'ഖൺഡം' എന്നു പറയുന്ന ഒരു തരം കൊട്ട (കൂട്ട) കളിൽ ചുമന്നുകൊണ്ടുപോകുന്നു. മത്സ്യം പിടിക്കാനുപയോഗിക്കുന്ന ഒററലുകളുടെ ആകൃതിയാണ് ഈ കൊട്ടകൾക്കുള്ളതു. അതിന്റെ വിസ്താരമേറിയ തുറന്ന അററം മേല്പോട്ടാക്കി, ഒരു ഭാഗം അല്പം തുറന്നു, അടിയിൽ ഇരിക്കുവാൻ പീഠംപോലെ ഒരു ഏർപ്പാടുചെയ്തിരിക്കും. അതിൽ ആൾ കേറി തുറന്നവശത്തോട്ടു അഭിമുഖമായി ഇരിക്കും. ഇതിനെ ചുമട്ടുകാരൻ തന്റെ

കക്ഷങ്ങളിൽക്കൂടെ തോൾ ചുററുന്ന കയറുകൊണ്ടു ഇരു തോളുകളിലും തൂക്കീട്ടു തന്റെ പുറത്തു വഹിക്കും. ചുമട്ടുകാരൻ മുമ്പോട്ടുപോകുമ്പോൾ അവന്റെ പുറത്തു തൂങ്ങുന്ന കൊട്ടയിൽ ഇരിക്കുന്ന ആൾ വഴിയുടെ മുമ്പോട്ടല്ല, പിന്നോട്ടാണു് അഭിമുഖമായിരിക്കുന്നതു. അതായതു, തൂങ്ങുന്നവനും തൂങ്ങപ്പെടുന്നവനും പുറത്തോടു പുറം ചേർന്നിരിക്കും. കൊട്ട വഹിക്കുന്നവൻ ഒരു കുറിയ ദണ്ഡുംവഹിച്ചുപിടിച്ചു കുനിഞ്ഞുകൊണ്ടു കുന്നുകൾ കേറുന്നതും, അല്പം നടന്നാൽ, മേൽഭാഗം സമകോണമായി ഇരുവശത്തേക്കും കമ്പുള്ള ആ വടികൊണ്ടു കൊട്ടക്കടിയിൽ ഊന്നുംകൊടുത്തു ആശ്വാസം കൊണ്ടു നിൽക്കുന്നതും, അധികദൂരങ്ങൾ ചെല്ലുമ്പോൾ ചുമടുതാന്നെ ഇറക്കി ദീർഘവിശ്രമം ചെയ്യുന്നതും രസകരമായ കാഴ്ചയാണു്. അധികം ഒരുക്കങ്ങളോടുകൂടി വരുന്ന യാത്രക്കാരുടെ സാമാനങ്ങളും ചുമട്ടുകാർ ഇങ്ങിനെ തന്നെയാണു് വഹിച്ചുകൊണ്ടുപോകുന്നതു. നല്ല കരുത്തുള്ള ഒരുതരം കുറിയ ‘പഹാഡീലോഗ്’’ ആകുന്നു വാഹകന്മാർ. വാഹനം കൊട്ടയോ കാളയോ കഴുതയോ ഡോലിയോ എന്തുതന്നെയായാലും അതു വലിയ പണക്കാക്കു മാത്രമെ സാധിക്കയുള്ളൂ. മൈതാനഭൂമിയിലെ നാട്ടുകൂലിക്കണക്കല്ല ആ ദുർഗ്ഗപ്രദേശങ്ങളിൽ എന്നു ഊഹിച്ചാലറിയാമല്ലോ. ഹൃഷീകേശത്തിൽനിന്നു പുറപ്പെടുന്ന ബദരീയാത്രയിൽ ഒരു ചുമട്ടുകാരനു് നൂറുറുപ്പികയോളം കൂലി കൊടുക്കേണ്ടിവരും. അനേകായിരമായ ഭൂരിപക്ഷം യാത്രക്കാർ, പ്രായേണ പണക്കാർതന്നെ

യും, കാല് നടയായിട്ടും, അവനവന്റെ കഴിയുന്നോടത്തോളം ലഘുവാക്കിത്തീൎത്തിട്ടുണ്ടാവുന്ന സാമാനങ്ങളെ അവനവൻതന്നെ വഹിച്ചുകൊണ്ടുമാണ് ഹിമാലയഖണ്ഡത്തിൽ സഞ്ചരിക്കുന്നതു.

ഞാൻ ജാംഷെഡ്പൂരിൽനിന്നു പുറപ്പെട്ടപ്പോൾ ബദരീനാഥസന്ദൎശനത്തെ ഉദ്ദേശിച്ചിരുന്നു. എന്നാൽ അന്നു ലക്ഷ്മണജ്ജൂലയിൽ എത്തിയപ്പോഴേക്കും തൽക്കാലം ആ ഉദ്യമം എനിക്കു അസാദ്ധ്യമെന്നുതോന്നി. ആ പാലം മേലിൽ കാണ്മാൻ സംഗതിവരുമെന്നു ഞാൻ ഓൎത്തില്ല. അതുകൊണ്ടു എതായാലും അതിന്റെ മറുകരെകടന്നു ബദരീനാഥത്തിലേക്കുള്ള വഴിയെ കുറേനേരം ഉൽക്കണ്ഠയോടെ നോക്കിയിരുന്നു. എന്റെ കാല് അപ്പോൾതന്നെ നോവുന്നുണ്ടായിരുന്നു. എന്നാ ഞാനാണോ മലകൾ അനദ്ധ്യായംകൂടാതെ കുറെ ആഴ്ചവട്ടങ്ങളോളം കേറിയിറങ്ങുവാൻ സമൎത്ഥനാകുന്നു? അവിടെ കണ്ട രണ്ടു വിശിഷ്ടവൈരാഗികളുമായി അല്പനേരം സംഭാഷിച്ചു. പിന്നെ മനസ്സുകൊണ്ടു ബദൎയ്യാശ്രമത്തിനു ഒരു നമസ്കാരത്തോടുകൂടി, നിരാശനായി, ഹൃഷീകേശത്തിലേക്കും അവിടെനിന്നു തൽക്ഷണം ഹരിദ്വാരത്തിലേക്കും തിരികെ പോന്നു. കാലിൽ വേദന അധികമായിരുന്നതുകൊണ്ടു ഹൃഷീകേശം വിട്ടു രണ്ടുമൂന്നുനാഴിക ചെന്ന ഉടനെ ഹരിദ്വാരത്തിലേക്കു ഒരു കുതിരവണ്ടി പിടിക്കയാണ് ചെയ്തതു. മടങ്ങിപോരുമ്പോൾ, ഒരു ആറുദിവസത്തിലകം ഞാൻ ഈ വഴിക്കു വീണ്ടും വരുമെന്നും ലക്ഷ്മണജ്ജൂലയിലെ പാലം കടന്നു യഥാൎത്ഥത്തിൽ ബദരീനാഥത്തിലേക്കുതന്നെ യാത്രയാരംഭിക്കുമെന്നും വിചാരിച്ചില്ല.

## കാൻഗ്രി ഗുരുകുലാശ്രമം.

ഹരിദ്വാരത്തിൽ അന്നു രാത്രി മുൻപ്രസ്താവിച്ചിട്ടുള്ള സിദ്ധിസ്നേഹിതൻെറ കൂടെ താമസിച്ചു. പിറേറന്നു രാവിലെ ഞാൻ സവിഷാദം അദ്ദേഹത്തോടു യാത്ര പറഞ്ഞു. കാൻഗ്രി ഗുരുകുലാശ്രമം സന്ദർശിക്കേണമെന്നുവെച്ചു അങ്ങോട്ടു പുറപ്പെട്ടു. അവിടേക്കു ഹരിദ്വാരത്തിൽനിന്നു അഞ്ചാറുനാഴിക വഴിയുണ്ട്. ഈയ്യിടെ വെള്ളപ്പൊക്കത്തിൽ ഗുരുകുലത്തിനു പററിയ കഠിനനാശത്തിൻെറ വർത്തമാനം എല്ലാ പത്രവായനക്കാരും അറിഞ്ഞിരിക്കും. എന്നാൽ ഞാൻ സന്ദർശിച്ചകാലത്തു അതു കാൻഗ്രിയിൽ അതിൻെറ ഉച്ചസ്ഥിതിയിൽ തന്നെ ഇരുന്നു.

ഗുരുകുല സ്ഥാപകന്മാരിൽ പ്രഥമഗണനീയനായ ശ്രദ്ധാനന്ദജിയുടെ നിര്യാണശേഷം ഈയിടെ മാത്രമാണല്ലൊ ഈ സ്ഥാപനത്തിൻെറ ജൂബിലി ആഘോഷിക്കപ്പെട്ടതു. ആ ആഘോഷങ്ങളിൽ ഉത്സാഹഭരിതരായി പങ്കുകൊണ്ടിരുന്ന ജനസമൂഹത്തിൻെറ നിസ്സീമതകൊണ്ടും അവർ ലോഭമില്ലാതെ ചൊരിഞ്ഞിരുന്ന സംഭാവനാവൈപുല്യംകൊണ്ടും ആ സമ്മേളനം അനിതരസാധാരണമായ വിജയമായി പര്യവസാനിച്ചുവെന്നു വായനക്കാർ പത്രങ്ങളിൽനിന്നറിഞ്ഞിരിക്ക

ണം. ഗുരുകുലത്തെക്കുറിച്ചുള്ള പ്രേമവിശ്വാസബഹുമാനങ്ങൾക്കു ഈ രാജ്യത്തുള്ള വ്യാപ്തിയും ആഴവും എത്രത്തോളമാണെന്നു അതിൽനിന്നൂഹിക്കാം.

കൻഖൽഎന്ന സ്ഥലത്തു നദിയും തോടും, എന്ന് ഗംഗ രണ്ടായി പിരിയുന്നേടത്തു ഒരു പാലം കടന്നു വേണം കൻഗ്രിയിലേക്കു പോവാൻ. വളഞ്ഞും പിരിഞ്ഞും വരുന്ന ഗംഗയോ അതിനെ സംബന്ധിക്കുന്ന വേറെ ആറുകളോ ആയി വഴിക്കു വേറെയും പുഴകൾ കടക്കേണ്ടതുണ്ട്. ഞാൻ കണ്ട കാലത്തു ഇപ്പുറത്തെ പുഴകൾ വേനൽക്കാലത്തെ ഭാരതപ്പുഴപോലെ മിക്കതും വററി ഓരോരോ ഭാഗങ്ങളിൽ ചെറുചാലുകളായിമാത്രം ഒഴുകുന്നുണ്ടായിരുന്നു. ഇവ ചില സ്ഥലങ്ങളിൽ കുറച്ചാഴമുണ്ടെന്നും വരാം. നനയാതെ കടപ്പാൻ ഈ ചാലുകളിൽ ഉപായത്തിൽ ചില ചെറുപാലങ്ങൾ കാലന്തോറും വെച്ചുകെട്ടിയിരിക്കും. ഇതിൽ ഒരു പ്രത്യേകപാലം കടക്കുന്നേടത്തു ഒന്നോ രണ്ടോ മുക്കാൽ ചുങ്കം കൊടുക്കേണ്ടതുണ്ട്. പുഴ വരണ്ടുണ്ടായ വിസ്തീർണ്ണമായ ഒരു മണലാരണ്യമദ്ധ്യത്തിൽക്കൂടി ഒഴുകുന്ന ഒരു ചാലിന്മേലാണ ഈ പാലവും പിരിവുകാരന്റെ പുരയും. രണ്ടുനാഴികയോ അധികമോ ഈ മണലിൽക്കൂടിതന്നെ നടക്കണം. വർഷകാലത്തു് ഈ പ്രദേശങ്ങളെല്ലാം കൂടി ഒരു വലിയ പ്രളയാംബുരാശിയാണ്. ഇപ്പോൾ രാവിലെ എട്ടുമണിക്കു മുമ്പും വൈകുന്നേരം നാലരമണിക്കുശേഷവും ഇതിലെ നടക്കുന്നതു വളരെ ബുദ്ധിമുട്ടായിരിക്കയില്ല; അല്ലാത്തപക്ഷം ചുട്ടുപഴുത്ത മണലിലു

വെയിലിലും വെന്തുരുകുകതന്നെ ഗതി. ഞാൻ അനുപെട്ട പാട് വിചാരിക്കുമ്പോൾ ഭാഗവതത്തിലെ നരകവർണ്ണനയിൽ പാപികളെ ചെമ്പിലിട്ടുവറക്കുന്നതും മറുമാണ് ഓർമ്മവരുന്നത്. മണി പത്തായിരുന്നില്ല. ചെരുപ്പിനുള്ളിൽ മണൽകേറി വിരലുകളുരഞ്ഞു ഗതി മന്ദിക്കയെക്കാൾ ഭേദം ചെരിപ്പു കയ്യിലെടുത്തു കാട്ടുകയാണെന്നു തോന്നി. ഭാണ്ഡത്തിന്റെ ഭാരവും ദുസ്സഹം. പുഴച്ചാലിൽനിന്നു വെള്ളംകുടിച്ചിട്ടു അധികം സമയം കഴിഞ്ഞിരുന്നില്ലെങ്കിലും തൊണ്ട ആ മണൽ സമം വരണ്ടിരുന്നു. ഒരു വിധം ഓടിത്തുള്ളി കരക്കെത്തി. ആവൂ! കുറച്ചു വെള്ളവും കിട്ടി. പിന്നെ നിരന്ന കാട്ടുകൾ തന്നെ. എന്നാൽ അവയിൽക്കൂടി പോക്കുവരവുള്ള വഴിയുണ്ടു. കാൻഗ്രി ഒരു കാട്ടുഗ്രാമമാണ്. ദുർല്ലഭം ചില സ്ഥലങ്ങൾ മനുഷ്യാദ്ധ്വാനത്താൽ തോട്ടങ്ങളാക്കപ്പെട്ടവയാണെന്നു കാണാം. ഒന്നു രണ്ടുപേരെ ഇടക്കു കണ്ടുമുട്ടി. എന്റെ വഴി ശരിയാണെന്നു തീർച്ചയായി. ഒരു സംശയഘട്ടത്തിൽ ഒടുവിൽ ഒരു ചൂണ്ടുപലകയും ഗുരുകുലത്തിലേക്കു വഴികാണിച്ചു. 'സർവ്വകലാപി'യായ ഗംഗ അവിടെയുമുണ്ട്. അതിന്റെ തീരത്തുതന്നെ ഗുരുകുലം.

സാധാരണ ജനസ്ഥാനങ്ങളിലെ ഒച്ചയുടെയും ബഹളങ്ങളുടെയും യാന്ത്രിക ജീവിതവ്യാജങ്ങളുടെയും ശല്യലേശം ബാധിക്കാതെ, എളിയ രീതിയിലുള്ള നിത്യജീവിതത്തിന്റെയും വിശിഷ്ട ദേഹാരോഗ്യത്തിന്റെയും ബുദ്ധിസംസ്കാരത്തിന്റെയും നിഷ്കളങ്കമായ ബ്രഹ്മചര്യ

ത്തിന്റെയും ഇരിപ്പിടമായി, ഹിമവാന്റെ വിസ്തൃതവനങ്ങളുടെയും കുന്നുകളുടെയും മടിയിൽ, ചേതോഹരമായ കാൻഗ്രിനഭസ്സിന്നടിയിൽ, ഗംഗയുടെ പാവനകൂലത്തിൽ പരിലസിക്കുന്ന ഗുരുകുലാശ്രമം സാക്ഷാൽ പുരാണ നൈമിശാരണ്യം, പഞ്ചവടി എന്നിങ്ങിനെയുള്ള മധുരസ്മൃതികളെയാണ് നമ്മിൽ ഉളവാക്കുന്നതു.

മുൻവശത്തു പടിക്കൽതന്നെ ഒരു ധൎമ്മശാലയുണ്ടു. പിന്നെ മൈതാനംപോലെ വിശാലമായ ഒരു മുററത്തെ കടന്നു, കസ്തൂരികളും പുഷ്പങ്ങളും നിറഞ്ഞ ഒരു ഉദ്യാനമദ്ധ്യത്തിൽകൂടെ, വിദ്യാലയകെട്ടിടങ്ങളിൽ പ്രവേശിക്കാം. അദ്ധ്യാപകന്മാരിൽ കുടുംബികളായവൎക്കു താമസിക്കുവാൻ പ്രത്യേക ഏൎപ്പാടുകൾ വിദ്യാലയത്തിലേക്കു ബാധയില്ലാതെ, എന്നാൽ അകലാതെ, ഓരോ പ്രാന്തങ്ങളിൽ ഉണ്ടു. യോഗ്യന്മാരായ അതിഥികൾക്കു താമസിക്കുവാൻ പ്രത്യേകം വേറൊരു ധൎമ്മശാലയുണ്ട്. വിദ്യാലയത്തിന്റെയും ആപ്പീസ്സുകളുടേയും പിന്നിലാണ് ഭക്ഷണശാല. വൈദികയജ്ഞങ്ങൾക്കും പ്രാൎത്ഥനക്കും മററും പ്രത്യേകസ്ഥലങ്ങളുണ്ട്. ഗുരുകുലത്തിന്റെ ആവശ്യത്തിലേക്കായി സ്ഥാപിച്ചിരിക്കുന്ന തപാലാപ്പീസ് വിദ്യാലയത്തിലെ ഒരു മുറിയാണ്.

എടുപ്പുകൾ പ്രകൃത്യനുഗ്രഹീതമായ ഗുരുകുലത്തിന്റെ സ്ഥിതിക്കു മിക്കതും യോജിച്ചവയാകയാൽ പരിഷ്കൃതപട്ടണങ്ങളിലെ വിദ്യാലയങ്ങളുടെ ആഡംബരപ്രൌഢി ഇല്ലാത്തവയാണ്. എന്നാൽ ഒഴിച്ചുകൂടാത്ത ആധുനികാവശ്യങ്ങളെ ഗുരുകുല വിദ്യാഭ്യാസം അവി

ഗണിച്ചിട്ടില്ല. സംസ്കൃതം, വേദം, യജ്ഞം, മുതലായവ ഈ ആശ്രമസ്ഥാപനത്തിൽ നിർബ്ബന്ധമാണ്. ഇംഗ്ലീഷ് വഴിക്കു അന്യ സർവ്വകലാശാലകൾ പഠിപ്പിക്കുന്ന വിഷയങ്ങൾ ഹിന്ദിമൂലമാണ് അവിടെ പഠിപ്പിക്കുന്നതു. എന്നാൽ ഇംഗ്ലീഷിന്റെ കാര്യം വിസ്മരിച്ചിട്ടില്ല. അതു ഒരു ഭാഷ എന്ന നിലയിൽ വേറെ പഠിപ്പിക്കപ്പെടുന്നു. പാശ്ചാത്യരീതിയിൽ സയൻസും (പ്രകൃതിശാസ്ത്രം) പഠിപ്പിക്കപ്പെടുന്നുണ്ടു്. അതിലേക്ക് പ്രത്യേകം ഹിന്ദിയിൽ പുസ്തകങ്ങൾ നിർമ്മിച്ചിരിക്കുന്നു. എങ്കിലും ആ വക ഇനങ്ങളിൽ ഇംഗ്ലീഷിന്റെ സഹായം തീരെ ഇല്ലാതെ നിവൃത്തിക്കുവാൻ സാധിച്ചതായി കണ്ടില്ല. വൈദ്യശാസ്ത്രവും ഇവിടത്തെ വിഷയങ്ങളിൽ ഒന്നാണ്. അതിലും പാശ്ചാത്യസമ്പ്രദായം കേവലം ബഹിഷ്കരിക്കപ്പെട്ടിട്ടില്ല. ചില കൌതുകപദാർത്ഥങ്ങളുടെ ഒരു ചെറുശേഖരവും (Museum) അതിവിശേഷമായ ഒരു ഗ്രന്ഥശേഖരവും (Library) വായനശാലയും ഇവിടെ ഉണ്ടു. ഗുരുനാഥന്മാരും ശിഷ്യന്മാരും വൈദികകാലങ്ങളിലെ ഗുരുകുലങ്ങളെ അനുകരിച്ചു ഒന്നിച്ചു ജീവിച്ചുപോരുന്ന ഈ സ്ഥാപനത്തിൽ സ്വാതന്ത്ര്യവും ആഹ്ലാദവും അല്പം കുറവായിരിക്കുമെന്നായിരുന്നു എന്റെ പൂർവ്വധാരണ. ആ ധാരണ അബദ്ധമെന്നു അനുഭവപ്പെട്ടു. പാശ്ചാത്യരീതിയെ അനുകരിച്ചുവിദ്യാർത്ഥികളെ ബെഞ്ചിന്മേൽനിർത്തിക്കുന്ന ശിക്ഷയും മറ്റും ഇവിടെ ഒട്ടുംഇല്ലെന്നു പറഞ്ഞുകൂടാ. എന്നാൽ ഭക്തിഭാവും ഭയവും ഗുരുശിഷ്യന്മാരെ ഇവിടെ തമ്മിൽ അകററ

തക്കനിലയിൽ ഇല്ലെന്നുതന്നെ സമ്മതിക്കണം. അവർ അന്യോന്യം സ്നേഹബഹുമാനങ്ങൾകൊണ്ടു ബന്ധപ്പെട്ടിരിക്കുന്നു. ജാതിവ്യത്യാസമില്ലാതെ, ഗുരുശിഷ്യഭേദമില്ലാതെ, ഇവിടെ ആളുകൾ ഒന്നിച്ചുചേൎന്നു ഭക്ഷണംകഴിക്കുന്നു. ഭക്ഷണം വലിയ വിഭവങ്ങളോടുകൂടിയതല്ലെങ്കിലും ദേഹപുഷ്ടിക്കും ആരോഗ്യത്തിന്നും നിദാനമായതാകുന്നു. ആകപ്പാടെ വൈദികവും ആധുനികവുമെന്ന രണ്ടുകാലങ്ങളിലേയും വിദ്യാഭ്യാസ വ്യവസ്ഥകളിലെ ആശാസ്യമായ ആദൎശങ്ങളുടെ ഒരു കൂട്ടിയിണക്കമാണ ഗുരുകുലാശ്രമംകൊണ്ടുദ്ദേശിക്കപ്പെട്ടിരിക്കുന്നതു്.

ഗൃഹജീവിതം നമ്മുടെരാജ്യത്തു പ്രായേണ അനാശാസ്യങ്ങളായ ശീലങ്ങൾക്കിടകൊടുക്കുന്നവയായി കാണപ്പെടുന്ന കാലത്തോളവും, കുട്ടികളോടു തങ്ങൾക്കു പ്രത്യേകം ഒരുചുമതലയുണ്ടെന്നു രക്ഷിതാക്കന്മാർ ഗ്രഹിക്കാതിരിക്കുന്ന കാലത്തോളവും, കുട്ടികളെ നന്നചെറുപ്പത്തിൽതന്നെ, മാതാപിതാക്കന്മാരുടെ ലാളന നഷ്ടപ്പെടുത്തിയും, കുടുംബങ്ങളിൽനിന്നകററി ഇത്തരം ആദൎശമന്ദിരങ്ങളിൽ വളൎത്തുകയാണ ഉത്തമമെന്ന ഞാൻ വിചാരിക്കുന്നു.

ഗുരുകുലബ്രഹ്മചാരികളും അവരുടെ രക്ഷിതാക്കന്മാരും തമ്മിൽ ഇടക്കകാണ്മതിന്ന അവസരം അനുവദിക്കാറില്ലെന്നില്ല. അവധികാലങ്ങളിൽ (വെക്കേഷൻ) ഗുരുകുലവിദ്യാൎത്ഥികൾ ഗുരുനാഥന്മാരുടെ നേതൃത്വത്തിൽ പലേടങ്ങളിലും സൎക്ക്ട്ട് (ട്രിപ്) പോകാറുണ്ടു. എന്നാൽ സ്വഭവനങ്ങളിലേക്ക അപ്പോഴും പോകുന്നതു ഒരു

പതിവല്ല. ബോൽപ്പൂർ ശാന്തിനികേതനത്തിലെ വിദ്യാഭ്യാസം വിദ്യാർത്ഥികളെ സ്വഭവനങ്ങളിൽനിന്നു ഇത്ര അകററിനിർത്തുന്നില്ല.

ഇത്ര നിഷ്കർഷയോടുകൂടിയ ഗുരുകുലൈകവാസത്തിന് അതായതു 25 വയസ്സുവരെ ബ്രഹ്മചാരികളെ സ്ത്രീലോകത്തിൽനിന്നു തന്നെയല്ല ലോകത്തിൽ നിന്നും അകററിനിർത്തുന്ന ഒരു വിദ്യാഭ്യാസ വ്യവസ്ഥക്കു വികാസമതിയോ എന്നാണു ചില ന്യായബുദ്ധികൾ ശങ്കിക്കുന്നതു. പിന്നെ നാടകസംഗീതാദി ലാവണ്യ കലാവിദ്യകൾക്കു ശാന്തിനികേതനത്തിലെന്നപോലെ അത്രവിലാസം ഇവിടെ ലഭിക്കുന്നില്ല. ഇതിനെപ്പററി ഞാൻ ഒരു പ്രൊഫസരോടു പറഞ്ഞപ്പോൾ, വേദമന്ത്രങ്ങളെക്കാൾ മധുരതരമായ സംഗീതം എന്തു? എന്നൊന്നമറുവടി ഉണ്ടായതു. സംഗീതത്തെ പ്രത്യേകം പ്രോത്സാഹിപ്പിക്കുന്നില്ലെങ്കിൽ അതിനെ ഇവിടെ നിരോധിക്കുന്നുമില്ല. എന്നാൽ സദാസംഗീത നാടകാദികളിൽ രമിക്കുന്ന മനസ്സിന്റെ സ്വഭാവദാർഢ്യം കുറഞ്ഞുപോവാനിടയുണ്ടെന്നാണു പ്രസ്തുതപ്രൊഫസരുടെ അഭിപ്രായം. ബ്രഹ്മചാരിത്രമായ സ്വഭാവത്തിന്റെ ഊർജ്ജസ്വലതയും ദാർഢ്യവും വളർത്തിവരേണ്ടുന്നതിന്നായി സാധാരണ പ്രചാരത്തിലിരിക്കുന്ന ചില സാഹിത്യ ഗ്രന്ഥങ്ങളിലെ ശൃംഗാരഘട്ടങ്ങളെയും മററും നിഷ്കാസനംചെയ്തു ഗുരുകുലത്തിലെ ചില ക്ലാസ്സുകളിൽ പഠിപ്പിക്കുവാൻവേണ്ടി പ്രത്യേകപതിപ്പുകൾ അച്ചടിപ്പിച്ചിട്ടുണ്ടത്രെ. റോമൻകത്തോലിക്ക് മതക്കാർക്കുമാത്രമെ ഇങ്ങിനെ രസകരമായ

ഒരു പ്രതിരോധശോധന (censorship) ഉള്ളതായിഞാൻ കേട്ടിരുന്നുള്ളു. യജ്ഞം, യജ്ഞോപവീതം മുതലായ ബാഹ്യാനുഷ്ഠാനങ്ങളും ചിഹ്നങ്ങളും നിർബ്ബന്ധങ്ങളായിരിക്കുന്ന അവസ്ഥയും വളരെ ഹൃദ്യമായിട്ടല്ല ചില ഗുണകാംക്ഷികൾക്കു തോന്നാനിടയുള്ളത. കളിച്ചുകൂത്തുമറിഞ്ഞുകൊണ്ടിരിക്കേണ്ടുന്ന കൊച്ചുകിടാങ്ങൾ–തങ്ങൾ ചൊല്ലുന്നതിന്റെയും ചെയ്യുന്നതിന്റെയും സാരവും യുക്തിയും അനുഭവപ്പെടുവാൻ പ്രായമെത്താത്ത പൈതങ്ങൾ—ഇവരും വേദമന്ത്രങ്ങൾ ഉച്ചരിച്ചു യജ്ഞാദി കർമ്മങ്ങളിൽ പങ്കുകൊള്ളുന്നതു കണ്ടപ്പോൾ ഈ അകാലപക്വത കേവലം പ്രകൃതിക്കു യോജിച്ചതോ, ഇതിൽ അല്പം മിഥ്യാത്വമില്ലയോ, എന്നു എന്റെ ഉള്ളിൽ ഒരു പ്രശ്നം ജനിച്ചു. ഇതിന്നു ഒരു അദ്ധ്യാപകൻ പറഞ്ഞ ഉത്തരം അതു സ്വഭാവശിക്ഷക്കുതകുന്ന ഒരു ചട്ടമാണ് (Disciplinary measure) എന്നായിരുന്നു. ഈ കാര്യങ്ങളിലെല്ലാം ശാന്തിനികേതനം കുറെ സ്വാതന്ത്ര്യബുദ്ധി അനുവദിച്ചിരിക്കുന്നു. എന്നാൽ സർവ്വപ്രധാനമായ ബ്രഹ്മചര്യത്തെ അവിടെ ഇത്ര നിഷ്ഠയായി നിഷ്കർഷിക്കുന്നില്ല. ശാന്തിനികേതനത്തിലെ പ്രതിബന്ധരഹിതമായ കലാലങ്കാര ജീവിതത്തേയും ഗുരുകുലത്തിലെ നിഷ്ഠാദാർഢ്യത്തെയും ലാക്കാക്കി 'പാൾറിച്ചാർഡ്' എന്ന തത്വാന്വേഷി "ശാന്തിനികേതനത്തിൽ നല്ല ബാലികമാരേയും ഇവിടെ (ഗുരുകുലത്തിൽ) ധീരോത്തമന്മാരായ ബാലന്മാരേയും കാണാം" എന്നൊരിക്കൽ പറഞ്ഞിട്ടുള്ളതായി ഒരു അദ്ധ്യാപകൻ സംഭാഷണമദ്ധ്യ

പ്രസ്താവിച്ചു. അതെല്ലാം പക്ഷെ ഓരോരുത്തരന്റെയും നോട്ടത്തിന്റെ നിലക്കനുസരിച്ചു സത്യമായിരിക്കാം. വേറൊരു നിലയിൽനിന്നു, ശാന്തിനികേതനത്തിൽ നിത്യകോമളകൌമാരസ്യം കേളിയാടിക്കൊണ്ടിരിക്കുന്നുവെന്നും, ഇവിടെ ഗുരുകുലത്തിലാകട്ടെ ബാല്യംവാനപ്രസ്ഥമാസ്ഥീന്ന കാഴ്ചയാണുള്ളതെന്നും പറഞ്ഞാൽ അതും ഏതാണ്ട യഥാൎത്ഥമായിരിക്കയില്ലെ?

ഏതായാലും ഗുരുകുലം ആകപ്പാടെ ചിന്തിച്ചുനോക്കുമ്പോൾ, ഇന്നത്തെ ദേശീയസ്ഥാപനങ്ങളിൽ ഏററവും ഉയൎന്ന ഒരു സ്ഥാനമാണ അതിനുള്ളതു എന്നതിന്നു സംശയമില്ല. സഹകരണത്യാഗം ആരംഭിച്ചതോടുകൂടിയാണല്ലൊ ദേശീയവിദ്യാഭ്യാസം എന്നതു പലപ്രകാരത്തിലായി നമ്മുടെ രാജ്യക്കാൎക്ക പരിചയമായിത്തീൎന്നിരിക്കുന്നതു. എന്നാൽ ആ ഗാന്ധിപ്രസ്ഥാനം സ്വപ്നത്തിൽപോലും ജനിച്ചിട്ടില്ലായിരുന്ന ഒരു കാൽനൂററാണ്ടിനു മുമ്പാണ മഹാദൎശികളായ ചില ആൎയ്യസമാജ നേതാക്കന്മാർ കാൻഗ്രിയിൽ അത്യന്തം ദേശീയമായ ഈ വിശിഷ്ടവിദ്യാലയം സ്ഥാപിച്ചതു. ആൽനൂല്ല നിൎബ്ബന്ധമല്ലെങ്കിലും, അന്നുമുതൽ ഇന്നുവരേയും അതു ഒരു പൈപോലും ഗവൎമ്മേണ്ടിൽനിന്നു ധനസഹായം വാങ്ങുകയാകട്ടെ ഗവൎമ്മേണ്ടുപരിക്ഷകൾക്കും ചട്ടങ്ങൾക്കും വഴിപ്പെടുകയാകട്ടെ ചെയ്തിട്ടില്ല. ശാന്തിനികേതനത്തിൽപോലും കൽക്കത്താ മെട്രിക്കുലേഷൻപരീക്ഷക്കു വിദ്യാൎത്ഥികളെ തയ്യാറാക്കുന്ന ഒരു വകുപ്പുണ്ടായിരുന്നതു ഈയ്യിടെ മാത്രമാണ നിൎത്തൽചെ

ണ്ടു. ദേശീയ വിദ്യാഭ്യാസവിഷയത്തിൽ ഇത്ര സ്വാതന്ത്ര്യബുദ്ധിയും വിവേകവും പ്രദർശിപ്പിച്ച തങ്ങളുടെ ആദർശങ്ങളെ അനുഷ്ഠാനത്തിൽ കൊണ്ടുവന്ന ഗുരുകുലസ്ഥാപകന്മാർ എന്നും ഭാരതീയരുടെ കൃതജ്ഞതാബഹുമാനങ്ങളെ അർഹിക്കുന്നു. ആര്യധർമ്മത്തിനും മാതൃഭൂമിക്കുംവേണ്ടി സർവ്വസ്വവും ബലിയർപ്പിക്കുവാൻ സന്നദ്ധരും മാതൃകാസ്വഭാവികളും അവരവരുടെ വിഷയങ്ങളിൽ നിപുണന്മാരുമായ ഒരു ഗുരുവൃന്ദത്തെ ആകർഷിക്കുവാൻ ഗുരുകുലത്തിന്നു ഭാഗ്യമുണ്ടായിട്ടുണ്ടു. ബ്രഹ്മചാരികൾ (വിദ്യാർത്ഥികൾ) പ്രായേണ ആരോഗ്യം മൂർത്തിമത്തായവരും വളരെ ശീലഗുണമുള്ളവരുമാണ്. അഹിംസയെ അവർ ഐഹികകാര്യങ്ങളിൽ സ്വയംവിനാശകരമായ ഒരു വ്രതമായി ഒരിക്കലും വ്യാഖ്യാനിച്ചിട്ടില്ല. അവരുടെ നിർഭയതയെപ്പറ്റി പറയുകയാണെങ്കിൽ, 'കരഞ്ഞാൽ കുറുനരിപിടിക്കും,' 'കോത്തായികൊണ്ടുപോകും,' 'ഭ്രേം', 'കുർർ' എന്നെല്ലാമുള്ള ഭീഷണികളെ ശൈശവംമുതൽക്കേ ശ്വസിച്ചു വളർന്നു ജീവനാഡികൾ വിഷപ്പെട്ടിട്ടുള്ള നമ്മുടെ ചില യുവാക്കന്മാരോടു അത്യപ്രത്യേകം പ്രസ്താവയോഗ്യമാണ്. ചില ബ്രഹ്മചാരികൾ ഒരു ദിവസം ഗുരുകുലത്തിന്റെ മുൻഭാഗത്തുള്ള കാട്ടിൽക്കൂടി നടക്കുമ്പോൾ അവരെ എതിർത്ത ഒരു പുലിയെ വെറും ലാത്തികൊണ്ടടിച്ചു കൊന്നുവത്രെ. അതിന്റെ തോല് അവരുടെ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ടു. മര്യാദയും ഔദാര്യവും വിനയവും, ചുരുങ്ങിയ ജീവിതനടവടികളും, അതോടുകൂടെ ചൊടിയും ശുഷ്കാ

ന്തിയും, ആദർശങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും ക്ലിഷ്ടമായ ഇണക്കവും തികഞ്ഞ ഈ ബ്രഹ്മചാരികളുമായുള്ള സമ്പർക്കം അവർക്കു എത്രയും ഹൃദ്യമായ ഒരനുഭവമാകുന്നു. അവരുടെ ആകെ നിർവ്യാജമായ ജീവിതം നമ്മുടെ സാധാരണ സർവ്വകലാശാലകളിൽ തുലോം അപൂർവ്വം തന്നെ.

സാധാരണ സർവ്വകലാശാലകൾ കേവലം ഉപയോഗശൂന്യങ്ങളാണെന്നു ഞാൻ സമർത്ഥിക്കുന്നില്ല. അവയിൽ ചിലതു ചില പ്രത്യേക കലകളിലും ശാസ്ത്രങ്ങളിലു (Science) മുള്ള ഉയർന്ന വിദ്യാഭ്യാസത്തിനു, പ്രത്യേകിച്ചും സയൻസ് വിദ്യാഭ്യാസത്തിനു, ഇന്നു ഒഴിച്ചുകൂടാത്ത കേന്ദ്രങ്ങളാണ്. എന്നാൽ സ്വഭാവനിഷ്ഠ എല്ലാററിനും മുമ്പിലുള്ള അത്യാവശ്യമാകയാൽ ഏതൊരു ബാലനെയും ആദ്യമേ കുറച്ചുകാലം ഒരു കാൻഗ്രിയിൽ വസിപ്പിക്കുന്നതു എത്രയും ആശാസ്യമായ ഒരു കാര്യമാണ്. പിന്നീട ഏതെങ്കിലും കലയിലൊ സയൻസിലൊ ഉൽകൃഷ്ടവിദ്യാഭ്യാസം ചെയ്വാനായി ഇതരസ്ഥാപനങ്ങളിലേക്കു മാറിപ്പോകുന്നതും വിരോധിക്കാവുന്നതല്ല. ആനന്ദവും അലങ്കാരവും സ്വാതന്ത്ര്യവും, ചില മാധുര്യാരാധകന്മാരും സ്വാതന്ത്ര്യമനനന്മാരും ഇച്ഛിക്കുന്നത്ര അപരിമിതമായി ഗുരുകുലാശ്രമത്തിലെ ബ്രഹ്മചര്യനിഷ്ഠയോടുകൂട്ടിവിളക്കുവാൻ കഴിഞ്ഞെങ്കിൽ എത്ര നന്നായേനേ! എന്നാൽ വിദ്യാർത്ഥിജീവിതത്തിന്റെ സർവ്വതോഭദ്രമണ്ഡലമായിരിക്കുന്നോ നിഷ്ഠകൾക്കു ഗുരുകുലം ഒരു ഉത്തമമാർഗ്ഗദർശിയാകുന്നു.

മനുഷ്യത്വത്തിൻെറ മാഹാത്മ്യത്തെയും സിദ്ധികളേയും ദൃഷ്ടാന്തപ്പെടുത്തുന്ന കാൻഗ്രിയിലെ ബ്രഹ്മചര്യനിഷ്ഠ ഗുരുകുലത്തിനു മാത്രമല്ല, ഇന്ത്യക്കും മനുഷ്യവർഗ്ഗത്തിനൊട്ടാകെയും ഒരു അമൂല്യഭൂഷണമായി ശോഭിക്കുന്നു. നമ്മുടെ സർവ്വകാര്യങ്ങൾക്കും നിദാനമായിരിക്കേണ്ടുന്ന സ്വഭാവദാർഢ്യത്തെ ബാല്യത്തിലേ നിഷ്ക്കർഷചെയ്യേണ്ടതു അത്യാവശ്യമാണ്. അതു ഏതു വിദ്യാഭ്യാസവ്യവസ്ഥയുടേയും പ്രഥമതത്വമായിരിക്കേണ്ടതാണു. സംഗീതവും സാഹിത്യവും സയൻസും ഇന്നല്ലെങ്കിൽ നാളെ പഠിച്ചാലുംമതി, ഇന്നല്ലെങ്കിൽ നാളെ പഠിക്കുവാനും സാധിക്കും. സ്വഭാവത്തിൻെറ അടിസ്ഥാനം കെട്ടുന്നത ഇന്നുതന്നെ വേണം, ഇന്നേ സാധിക്കുകയുള്ളു. ഈ വസ്തുത ഓർക്കുമ്പോൾ നാം ഗുരുകുല വ്യവസ്ഥയുടെ അഗാധദൃക്കുകളായ കർത്താക്കന്മാരെ എത്ര കൃതജ്ഞതാപൂർവ്വം അഭിനന്ദിക്കണം?

മൂന്നുദിവസം ഞാൻ ഗുരുകുലത്തിൽ, ആ ആശ്രമവാസികളുടെ നിത്യജീവിതത്തിൽ മിക്കതും പങ്കുചേന്നു താമസിച്ചു. ഇന്ത്യയിലെ നാനാഭാഗങ്ങളിൽനിന്നും വന്ന വിദ്യാർത്ഥികൾ അവിടെ ഒരു മുന്നൂറോളം ഉണ്ടു. എന്നാൽ ഭൂരിപക്ഷം ഹിന്ദുസ്ഥാനികളും പഞ്ചാബികളുമാണ്. ദുർല്ലഭം ചില മദ്രാസസംസ്ഥാനക്കാർ ഒരിക്കൽ ഉണ്ടായിരുന്നുവത്രെ. ഞാൻ ചെന്ന കാലത്തു ആരെയും കണ്ടില്ല. മലയാളത്തിൽനിന്നു ആരും അവിടെ അതുവരെ ബ്രഹ്മചാരിജീവിതം നയിച്ചുവന്നിട്ടില്ലെന്നാണു തോന്നുന്നതു. ഞാൻ ചെന്ന ദിവസം വേറെയും ഒരു സന്ദർശകൻ ഉണ്ടായിരുന്നു.

അടുത്ത് അപ്പുറത്തുള്ള വനത്തിൽ കരിയും നരി
യും കരടിയും മററു ജന്തുക്കളും ഉണ്ടെന്നും ചില രാത്രി
കളിൽ ആ ജന്തുവീരന്മാർ ഈ ആശ്രമമൈതാനത്തി
ലും സക്കീട്ടചെയ്യാറുണ്ടെന്നും എന്നാൽ ഗുരുകുലവാസി
കൾ സാധാരണയായി അവയെ അത്ര വളരെ ഉൽക്ക
ണ്ഠക്കു ഹേതുവായ ശല്യങ്ങളായി കരുതാറില്ലെന്നും
ഞാൻ കേട്ടറിഞ്ഞിരുന്നു. ഈ അവസ്ഥയെല്ലാം എ
നിക്കു എത്രയും ആശാജനകമായിതോന്നി; എത്രയും
ധൈര്യപ്രദമായി തോന്നി. തുറന്ന വിശാലമായ ആ
മൈതാനിയിൽതന്നെ ഒരു കട്ടിലിട്ടു കംബളാവൃതനാ
യി ഞാൻ രാത്രി നിദ്രചെയ്കയുണ്ടായി. കാൻഗ്ര്യന്ത
രീക്ഷത്തിലെ നിരവധിനക്ഷത്രജാലങ്ങളുടെ ശാന്തസ്സൗ
സമ്പർക്കം അനുഭവിച്ചുകൊണ്ടു കിടന്ന ഒരു മംഗളരാ
ത്രി പ്രത്യേകിച്ചും എന്റെ സ്മൃതിയിൽ വാടാപ്പച്ചയാ
യിരിപ്പുണ്ടു. അന്നു ഞാൻ ഹിമാലയ സന്നിധിയിൽ
നിന്നും തെക്കോട്ടു അനേക ശതയോജനകളെ അതിക്ര
മിച്ചു കേരളത്തിൽവന്നു ചില പ്രേമഭാജനങ്ങളുമായി
വളരെ സല്ലാപിച്ചുകൊണ്ടിരുന്നു. ചേതോവികാരങ്ങ
ളെ മധുരമാംവണ്ണം ഇളക്കുന്ന ആ സ്വപ്നാനുഭൂതി
യിൽനിന്നും ഉണർന്നപ്പോൾ, ഹാ, ഏതൊരേകാന്ത
ത്തിൽ ഞാൻ ശയിക്കുന്നു!

ആററിൻകരയിലോ മലയിലോ മറെറങ്ങാനുമോ
ഭൂമാതാവിന്റെ മടിയിൽ നാം ശയിച്ചുകൊണ്ടിരിക്കു
ന്ന അവസരങ്ങളിലും, മനസ്സിനെ ചാപല്യരഹിതമായ
ഒരു നിഷ്ഠയിൽ പ്രതിഷ്ഠിച്ചിരിക്കുന്നുവെന്നു നാം അഭി

മാനിച്ചുകൊണ്ടിരിക്കുന്ന അവസരങ്ങളിൽപോലും സുഖദുഃഖസങ്കീർണ്ണങ്ങളായ കാടേറ സ്വപ്നങ്ങൾ ഈ മനസ്സിനെ പതറാക്കിത്തീർക്കുന്നു.

സ്വപ്നങ്ങൾ ചിലപ്പോൾ വിഷാദപര്യവസായികളാണെങ്കിൽ അവതന്നെ പലപ്പോഴും മധുരങ്ങളുമാകുന്നു. മോഹക്ലേശ ഭൂയിഷ്ഠമായ ഈ ലോകത്തിൽ സ്വപ്നങ്ങളില്ലാത്ത ജീവിതം പലപ്പോഴും മനുഷ്യന് സഹ്യമാകിത്തീരുന്നതു? ഒരു തരം സ്വപ്നങ്ങളല്ലയോ അവന്റെ ഗതിയെ മുന്നോട്ടു പ്രേരിപ്പിക്കുന്നതും?

ഹിമാലയങ്ങളിൽ ചില സ്ഥലങ്ങൾ സന്ദർശിച്ചിട്ടുള്ള ഒരു അദ്ധ്യാപകനെ ഗുരുകുലത്തിൽ കാണ്മാൻ ഇടയായി. അദ്ദേഹത്തിന്റെ യാത്രാചരിത്രങ്ങൾ ശ്രദ്ധയോടെ ചോദിച്ചറിഞ്ഞു. ബദരീനാഥമല്ലെങ്കിൽ വേറെ ഏതെങ്കിലും ഒരു വിശേഷ ഹിമവദ്ധാമത്തിൽ എത്തിച്ചേരണമെന്ന മോഹം നിമിഷംപ്രതി വർദ്ധിച്ചുകൊണ്ടിരുന്നു. ബദരീനാഥത്തിലേക്കുതന്നെ എന്നു പകുതിയിലധികവും തീർച്ചയാക്കി. എന്റെ കയ്യിലുണ്ടായിരുന്ന സാമാനങ്ങളിൽ ഒരു വലിയ ഭാഗം ഗുരുകുലത്തിൽനിന്നു പരിചയപ്പെട്ട ഭജനശീലനായ ഒരു പഞ്ചാബിസ്നേഹിതൻവശം, പിന്നീടു ആവശ്യപ്പെടുന്ന സ്ഥലത്തേക്കോ വീട്ടിലേക്കോ എത്തിക്കുവാനായി, ഏല്പിച്ചുവെച്ചു. ചുരങ്ങളിൽ എനിക്കു ചുമക്കാവുന്ന അത്യാവശ്യമായ ചില സാമാനങ്ങൾ മാത്രമേ ഞാൻ എടുത്തുള്ളു. എനിക്കു ഒരു പ്രത്യേക പ്രേമചിഹ്നമായുള്ള 'മനുഷ്യന്റെ ചേതന' (The Spirit of

Man) എന്ന് ഒരു പുസ്തകം ഗീത എന്നിങ്ങിനെ മൂന്നു നാല്പു പുസ്തകങ്ങളും രണ്ടു കംബളങ്ങളും ചുരുക്കം ചൂടു വസ്ത്രങ്ങളും ഇവയിൽ പെട്ടിരുന്നു.

ഏപ്രിൽ 21-ാംതിയ്യതി അരുണോദയത്തിൽ ഞാൻ ഗുരുകുലത്തോടു യാത്രപറഞ്ഞു. മൂന്നുദിവസം മുമ്പു എന്നെ സാമാന്യത്തിലധികം തപിപ്പിച്ചിരുന്ന ആ നദിയിലെ വിസ്തീർണ്ണ മണൽമൈതാനം ഈ മൃദുശീതളമായ ഇളംപ്രഭാതത്തിൽ ചെങ്കതിരോന്റെ പ്രഥമരശ്മിയിൽ സ്വച്ഛം ആനന്ദപ്രദമായിരുന്നു. എന്നാൽ മനുഷ്യന്റെ ആനന്ദത്തെയും അസൌഖ്യത്തെയും ആലോചിച്ചല്ല ഇവിടത്തെ സ്ഥലദേവതകൾ ശാന്തമായും രൌദ്രമായും ലീലചെയ്യുന്നതെന്നു കാലന്തോറും ഈ സ്ഥലമത്രയും അപാരമായ ഒരു കടലായി തീരുന്നതിൽനിന്നും, പ്രത്യേകിച്ചും, മനുഷ്യന്റെ ചില അത്യുത്തമാദർശങ്ങളുടെ അപൂർവ്വ സങ്കേതമായ ഗുരുകുലത്തെത്തന്നെ ഇയ്യിടെ പ്രളയം ബാധിച്ചതിൽ നിന്നും ഊഹിക്കാവുന്നതാണല്ലോ.

൭

# വീണ്ടും ഹൃഷീകേശത്തിൽ

ഗുരുകുലത്തിൽനിന്നു ഞാൻ ഹരിദ്വാരം റെയിൽവെസ്റ്റേഷനിൽ വന്നു. ബദരീനാഥയാത്ര തുടങ്ങാൻ ഉദ്യമിക്കുവാൻ എന്നാൽ സാധ്യമാകുമോ എന്ന സംശയം മനസ്സിൽനിന്നു ഇനിയും തീരെ വിട്ടൊഴിഞ്ഞിരുന്നില്ല. അനാഥനായ ഒരു തീർത്ഥയാത്രക്കാരന്റെ മൃതശരീരം കാളീകംബ്ളീവാലാ സേവാസമിതിയിലെ ചില യുവാക്കന്മാർ സഹോദരബുദ്ധ്യാ സംസ്കരിക്കുവാൻ കൊണ്ടുപോകുന്നതു കണ്ടു. എന്റെ കാൎയ്യപരിപാടി ഇനിയും തീരെ വ്യക്തമായില്ല. ഓരോ വണ്ടി വരുന്നതും പോകുന്നതും ഇതികർത്തവ്യതാമൂഢനായി നോക്കിക്കൊണ്ടിരുന്നു. ഡോറാഡൂണിലേക്കു വണ്ടികേറണമോ, മസ്സൂറിഹിമാലയം കണ്ടാൽ മതിയോ, അതല്ല, സിംലയിലേക്കോ പോകേണ്ടതു്? അല്ല, വന്നവഴിക്കു നാട്ടിലേക്കു തിരിക്കതന്നെയോ? വരുന്നവണ്ടിയിൽനിന്നെല്ലാം തീർത്ഥയാത്രക്കാർ പിന്നെയും പിന്നെയും ഇവിടെ ഇറങ്ങുന്നു. 'ഹരിബോൽ, ബോലോഹരി, ശ്രീബദരീനാഥ് കീജെ' എന്നെല്ലാമേ കൂട്ടമിട്ടാർക്കുന്നു, മുന്നോട്ടു നടക്കുന്നു. ആരോഗ്യസ്ഥിതിയിലും മറ്റും എന്നോളവും ഒരുക്കമല്ലാത്ത പാവപ്പെട്ടവർ ഇവരുടെ ഇടയിലുണ്ടു്. സ്ത്രീകളും ഉണ്ടു്. അവരെല്ലാം ഹിമാല

യാടനത്തിനു സമൎത്ഥനാണെങ്കിൽ ഞാൻ എന്തുകൊണ്ടല്ല? യാത്രയിൽ അഥവാ അപായപ്പെട്ടാൽത്തന്നെ അനിവാൎയ്യമായ എന്തൊരു നഷ്ടമാണ് ലോകത്തിനുണ്ടാവാനിരിക്കുന്നത്? "ക്ലൈബ്യം മാസ്മഗമഃ!" ഞാനും തെയ്യാർ!

ഗംഗയിൽ സ്നാനവും ഒരു ഹോട്ടലിൽനിന്നു ഭക്ഷണവും കഴിച്ച വീണ്ടും ഹൃഷീകേശത്തിലേക്കു പുറപ്പെട്ടു. ആന്ധ്രദേശിയായ ഒരു ബ്രാഹ്മണയുവാവും ഞാനും വേറെ രണ്ടുമൂന്നുപേരുംകൂടി ഒരു കുതിരവണ്ടി—ടോംഗ—യിലാണ് ഹൃഷീകേശത്തേക്കു വന്നത്. ഈ ചെറുപ്പക്കാരനു ഹിന്ദിക്കുപുറമെ ഇംഗ്ലീഷും സംസ്കൃതവും പരിചയമുണ്ടായിരുന്നു. ആൾ എത്രയും സന്മാൎഗ്ഗികനും ദയാലുവും ഒരുവിധം പണക്കാരനും ആയിരുന്നു. ഹിന്ദുശാസ്ത്രങ്ങളുടെ ഓരോ ശകലങ്ങൾ അവിടവിടെ വിഴുങ്ങി ദഹിക്കാതെ കിടന്നിരുന്നതിനാൽ അല്പം അസ്വസ്ഥനായ നിലയിലാണെന്നാണ് അദ്ദേഹത്തെപ്പററി ഞാൻ മനസ്സിലാക്കിയത്. താൻ വിവാഹം കഴിഞ്ഞവനാണെങ്കിലും ബ്രഹ്മചൎയ്യാശ്രമത്തിൽ ചെന്നിരുന്നു കുറെ കാലം യോഗം ശീലിക്കേണമെന്നും പിന്നീടു, തന്റെ പക്ഷത്തിൽ ഹിമാലയത്തിന്റെ ഏറവും ഉയൎന്ന ശിഖരമായ, കൈലാസത്തിലേക്കു പോകണമെന്നും ഇനി തിരിയെ ലോകവൃത്തിയിൽ ഏൎപ്പെടുവാൻ ഭാവമില്ലെന്നും പറയുകയുണ്ടായി. ജാതിവ്യത്യാസങ്ങളെ വകവെക്കേണ്ടതില്ലെന്നു പഠിപ്പുകൊണ്ടും യുക്തികൊണ്ടും തനിക്കു ബോദ്ധ്യമാണെങ്കിലും അനുഷ്ഠാനത്തിൽ അത്ര

തന്നെ മനോവികാസം വന്നതായി കണ്ടില്ല. പിന്നീടു ബദരീയാത്രയിൽ ഞങ്ങൾ തമ്മിൽ പലതവണ ഒത്തുചേരുവാനും പിരിയാനും ഇടയായിട്ടുണ്ടു്. അനുഭവപുരസ്സരം ഗണ്യമായ ചില സഹായവും അദ്ദേഹത്തിൽനിന്നെനിക്കു ലഭിച്ചിട്ടുണ്ടു്. എന്നാൽ ഞാൻ തൊട്ടുതായ എന്തെങ്കിലും ഭക്ഷണം അനുഭവിക്കത്തക്ക ജ്ഞാനം ആ ബ്രാഹ്മണനവിജ്ഞാനിക്കുണ്ടായിരുന്നില്ല. നായർ ശൂദ്രനല്ലേ? എന്നാൽ തന്റെ ഈ ദൌർബല്യത്തെപ്പററി താൻതന്നെ അനുശോചിക്കാറുണ്ടെന്നതാണ് അദ്ദേഹത്തിന്റെ ഒരു പ്രധാന ഗുണം. ഏതായാലും ആലോചിച്ചിരുന്നപ്രകാരം തപസ്സോ കൈലാസഗമനമോ കൂടാതെ അദ്ദേഹവും ബദരീനാഥത്തിൽനിന്നു മടങ്ങി ലോകത്തിൽ എത്തിച്ചേർന്നിട്ടുണ്ടു്.

ഞാനും ആ തെലുങ്കുയുവാവും അന്നു (ഏപ്രിൽ 21) കാളീകംബ്ളീവാലാ സത്രത്തിൽ താമസിച്ചു. മുൻപ്രസ്താവിക്കപ്പെട്ടിട്ടുള്ള സദാവ്രത്തിശ്ശീട്ടുകൾ ഈ ദിവസം മുതൽ കൊടുത്തു തുടങ്ങിയിരുന്നുവത്രെ. പിറേറന്നു രാവിലെ ഗംഗാസ്നാനവും ഹോട്ടലിൽ ഭക്ഷണവും കഴിച്ചു. ഉച്ചതിരിഞ്ഞശേഷം പ്രത്യേകം അതിനായി ഏർപ്പെടുത്തപ്പെട്ട ഒരു കെട്ടിടത്തിൽവെച്ചു അഞ്ഞൂറാളും പേർക്കു ശീട്ടുകൾ കൊടുക്കപ്പെട്ടിരുന്നു. മുൻവിവരമില്ലാത്ത യാത്രച്ചെലവുകൾക്കു എന്റെ പണസ്സഞ്ചി കേവലം മതിയാകുമോ എന്നു നല്ല തീർച്ചയില്ലാതിരുന്ന ഞാനും ശീട്ടുകൾ വാങ്ങാൻ മടിച്ചില്ല.

ആ കൊല്ലം മുൻകാലങ്ങളിലേക്കാൾ അധികം യാത്രക്കാർ ബദരീനാഥത്തിലേക്കുണ്ടായിരുന്നു. അതിനു മുമ്പു രണ്ടുകൊല്ലത്തോളം വഴിസ്ഥലങ്ങളിൽ ഭക്ഷണസാധനങ്ങൾക്കുണ്ടായിരുന്ന അസാധാരണ ക്ഷാമം നിമിത്തം തീർത്ഥയാത്രയെ ഗവർമ്മേണ്ടു കഴിയുന്നത്ര വിലക്കീട്ടുണ്ടായിരുന്നു. ആയതു, പ്രസ്തുതകൊല്ലത്തിൽ യാത്രക്കാരുടെ വർദ്ധനവിനു പ്രത്യേക ഹേതുവായി. പർവ്വതങ്ങളിൽ ഹിമം അലിയുവാൻ തുടങ്ങിയാൽ പിന്നെ വൈശാഖമാസത്തിൽ (ഏകദേശം മെയി മദ്ധ്യത്തിൽ) ബദരീനാഥക്ഷേത്രം തുറക്കുന്നു. പുതിയ ഹിമം വല്ലാതെ നിറയുവാൻ തുടങ്ങുമ്പോൾ, കാർത്തികമാസത്തിൽ (ഏകദേശം നവമ്പർ മദ്ധ്യത്തിൽ) അതു പൂട്ടുകയും ചെയ്യുന്നു. ആറുമാസം മനുഷ്യരുടേയും ആറുമാസം ദേവകളുടേയും പൂജയാണു് അവിടെയെന്നാണു് പഴയ വിശ്വാസികൾ പറഞ്ഞുവരുന്നതു്. മലകളിൽ, ജൂൻമാസത്തിനുശേഷം, മഴ പിടിക്കുമ്പോൾ വഴിയാത്ര വല്ലാത്ത ദുർഘടമായിരിക്കുന്നതുകൊണ്ടും, വർഷം കഴിയുന്നതോടുകൂടി തണുപ്പു പിന്നെയും കൂടിക്കൊണ്ടു വരുന്നതാകകൊണ്ടും, ഭൂരിപക്ഷവും യാത്രക്കാർ ജൂൻമാസം അവസാനത്തോടുകൂടി ദർശനം കഴിച്ചു മടങ്ങിയിരിക്കും. പിന്നെ അങ്ങോട്ടുപോകുന്നവർക്കു വഴിയിൽ കൂട്ടുകിട്ടുവാൻ പ്രയാസമായി വന്നേക്കും. എന്നാലും, വർഷം കഴിഞ്ഞു ശൈത്യം വർദ്ധിക്കുന്ന ശരൽക്കാലം (Autumn) ഹിമാലയങ്ങളിൽ വിശേഷിച്ചും മനോഹരമായിരിക്കുമത്രെ. വേണ്ടുന്ന സർവ്വ ഒരുക്കങ്ങളോടുകൂടിയ ചില

യാത്രക്കാർ ക്ഷേത്രം അടക്കുന്നതുവരെ അവിടെ താമസിക്കാറുമുണ്ട്. ആരംഭത്തിൽ ഒന്നരണ്ടുമാസത്തോളം ഉണ്ടാവുന്ന ബഹളശല്യങ്ങൾ കൂടാതെ ഇരിക്കുവാൻ അവക്കു സാധിക്കുമെന്നു പറയേണ്ടതില്ലല്ലൊ. ഹരിദ്വാരത്തിൽനിന്നാണ് സാധാരണ ആളുകൾ പുറപ്പെടുന്നതെങ്കിലും വേറെ രാമനഗർ, മേൽച്ചെവരി എന്നിങ്ങിനെയുള്ള സ്ഥലങ്ങളിൽക്കൂടെയും ബദരിയിലേക്കു യാത്ര തുടങ്ങുന്നവർ ഇല്ലെന്നില്ല. ഹരിദ്വാരത്തിൽ നിന്നു പുറപ്പെട്ടുന്നവക്കു ഒരു വലിയ ആശ്വാസസങ്കേതമാണ് ഹൃഷീകേശത്തിലെ കാളീകംബ്ളീവാലാ ധർമ്മശാലയെന്നു ഇതിനുമുമ്പിൽ. ഇതിനെപ്പറ്റി പറഞ്ഞിട്ടുള്ളതിൽ നിന്നു ഗ്രഹിച്ചിരിക്കുമെല്ലൊ. ഭൂരിപക്ഷവും യാത്രക്കാർ വർഷം തുടങ്ങുന്നതിനുമുമ്പായി ബദരിയാത്ര അവസാനിപ്പിക്കണമെന്നു മോഹക്കാരാകയാൽ ഈ സത്രത്തിലും ആരംഭത്തിൽ ആൾത്തിരക്കു ജാസ്തിയാണ്. അതിന്നുശേഷം ഹൃഷീകേശവാസത്തിനും സ്വൈരം കൂടിയിരിക്കും.

# വഴിവിവരം.

സദാവ്രതശ്ശീട്ടുകളെപ്പറ്റി പറഞ്ഞുവല്ലൊ. അവ ഹിന്തിയിൽ അച്ചടിച്ചിരിക്കും. കം. കം. വാലാ ധർമ്മവിഷയത്തിലേക്കു ധനസഹായം ചെയ്ത ചിലർ യാത്രാമാർഗ്ഗത്തിൽ ഇന്നയിന്ന സ്ഥലത്തു തങ്ങളുടെ സ്വന്തം ചെലവിൽ സദാവ്രതം നടത്തിക്കൊള്ളണമെന്ന നിർദ്ദേശത്തിന്മേൽ അതിനു മതിയാകുംവണ്ണം ഓരോ സംഖ്യയായിരിക്കും സംഭാവന ചെയ്തിട്ടുള്ളതു്, അല്ലെങ്കിൽ, ചെയ്തുവരുന്നതു്. അങ്ങിനെയുള്ളവരുടെ പേർ അപ്രകാരം ചില സ്ഥലങ്ങളിലേക്കുള്ള ശീട്ടുകളിൽ പ്രത്യേകം ഉണ്ടായിരിക്കും. ബദരീനാഥത്തിലേക്കു യാത്രക്കാർ അധികവും കേദാരത്തിൽ പോയിട്ടാണ് പോക പതിവു്. ഹൃഷീകേശത്തിൽനിന്നു 26 സദാവ്രതശ്ശീട്ടുകളാണ് അവർക്കു കൊടുക്കുന്നതു്. ഗംഗോത്രി-ജംനോത്രി മാർഗ്ഗമായി കേദാരത്തിൽ വന്നു ബദരിയിലേക്കു പോകുന്നവർക്കു ജാസ്തി വഴിയിലേക്കു പത്തോ പന്ത്രണ്ടോ ശീട്ടുകൾ കൂടുതൽ കിട്ടുന്നതാണ്. ഇരുപത്താറു ശീട്ടുകൾ ക്രമത്തിൽ താഴെ പറയുന്ന സ്ഥലങ്ങളിലേക്കായിരുന്നു.—1. ലക്ഷ്മണജ്ജൂല, 2. വ്യാസഘട്ടം, 3. ദേവപ്രയാഗ, 4. ശ്രീനഗർ (ഗാർവ്വാൾ), 5. ഭട്ടിസേര, 6. രുദ്രപ്രയാഗ, 7. അഗസ്ത്യമുനി, 8. ഗുപ്തകാശി, 9. ത്രിയുഗീനാരായണം, 10. ഗൌരീകുണ്ഡം,

11. ഝമബാഡ, 12. ശ്രീകേദാരനാഥജി, 13. രാമബാഡ, 14. രാമപൂർ, 15. തുംഗനാഥമന്ദിരം, 16. ചമോലിലാല്സാംഗ, 17. ഗരുഡഗംഗ, 18. ജോഷിമഠം, 19. പാണ്ഡുകേസരം, 20. ഹനുമാൻ ചട്ടി, 21. ബദരിനാഥ്, 22. ലാമബഗാഡ്, 23. ബാലഡൌഢ, 24. ധൂമാർചട്ടി, 25. ചമോലിലാംഗ്സാംഗ, 26. കർണ്ണപ്രയാഗ.

മേൽപറഞ്ഞവയെല്ലാം വഴിയിൽ വിശ്രമസ്ഥലങ്ങളാകുന്നു. ആ മലപ്രദേശങ്ങളിൽ 'ചട്ടി' എന്നാൽ മിക്കതും 'ഊര്', വിശ്രമസ്ഥാനം, എന്നോ മറ്റൊ പറയുന്നതിനു സമമാകുന്നു. മേൽപറഞ്ഞവയെ കൂടാതെ വേറെയും ചട്ടികൾ വഴിക്കുണ്ടു. സദാവൃത്തിശ്ശീട്ടുള്ള ചട്ടിയിൽ എത്തിയാൽ അവിടെ ഏല്പ്പാടുചെയ്തിട്ടുണ്ടാവുന്ന കം. കം. വാലാ സ്ഥലം ഏതെന്നു മനസ്സിലാക്കി ശീട്ടു അവിടത്തെ ഏജണ്ടിന്റെ കൈയിൽ കൊടുക്കണം. ആ ശീട്ടിൽ പറഞ്ഞേടത്തോളം സാധനങ്ങൾ ആയാൾ തരുന്നതാണ്. കോതമ്പമാവിന്റെ തുക മിക്ക ശീട്ടിലും അരസേർ (ഒരു റാത്തൽ) ആയിരിക്കും. അതിനുപുറമെ ഉപ്പും ഏകദേശം എല്ലാശീട്ടിലും പറഞ്ഞിരിക്കും. പരിപ്പും മുളകുംകൂടി ചില ശീട്ടുപ്രകാരം കിട്ടുന്നു. ദുർല്ലഭമായി നൈ, വിറകു ഇവയും ഇല്ലെന്നില്ല. റൊട്ടി, അല്ലെങ്കിൽ ചപ്പാത്തി ഉണ്ടാക്കുവാൻ മാത്രം യാത്രക്കാർ കരുതീട്ടുണ്ടായിരിക്കണം. ചില ചട്ടികളിൽ അരസേർ ആട്ട (കോതമ്പമാവ്)ക്കു പകരം അരസേറ് അരിവേണമെന്നു ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്.

കാളികംബ്ളിവാലാ ശീട്ടുകൾപ്രകാരമല്ലാതെ സദാവൃത്തിയും, വേറെ ചില സ്ഥാപനങ്ങൾ വകയായി, ചുരുക്കം ചില സ്ഥലങ്ങളിൽ കിട്ടാറുണ്ടു. യാത്രക്കാരുടെ ഇടയിൽനിന്നു ചില മാർവ്വാറി പ്രഭുക്കന്മാരും മററും ചില ഘട്ടങ്ങളിൽ തങ്ങളുടെ വകയായി, തൽക്കാലം കൂടിച്ചേരുന്ന തീർത്ഥയാത്രക്കാൎക്കെല്ലാം സദാവൃത്തി നൽകി തങ്ങളുടെ ധനപ്രൌഢിമയേയും ദാനശീലത്തെയും ഒന്നിച്ചു പ്രകാശിപ്പിക്കാറുണ്ട്.

ആട്ട, പരിപ്പ് മുതലായ ആവശ്യസാധനങ്ങൾ ചട്ടികളിൽ വിലക്കു കിട്ടും. യാത്രാകാലങ്ങളിൽ കച്ചവടത്തിന്നായി വഴിയിൽ ചട്ടികളിൽ പലരും പ്രത്യേകം പീടികകൾ വെച്ചുകെട്ടിയിരിക്കും. ആടുകൾ, കഴുതകൾ മുതലായവയുടെ പുറത്തു ഇരുഭാഗവും തൂങ്ങുന്ന ഭാണ്ഡങ്ങളായിട്ടാണ് മൈതാന പ്രദേശങ്ങളിൽനിന്നുള്ള സാമാനങ്ങൾ ഈ ചട്ടികളിലെത്തിക്കുന്നത്. അങ്ങോട്ടും ഇങ്ങോട്ടും യാത്രചെയ്യുന്നതായ ആട്ടിൻകൂട്ടങ്ങളേയും കഴുതക്കൂട്ടങ്ങളേയും മററും വഴിക്കു ധാരാളം കാണാം. സാമാനങ്ങൾ എത്തിക്കുന്നതിലുള്ള ബുദ്ധിമുട്ടും മററു സ്ഥിതികളും ആലോചിച്ചാൽ, നാം മേലോട്ടു പോകുന്തോറും അവയുടെ വിലയും മേലോട്ടായിരിക്കുന്നതിൽ ആശ്ചൎയ്യപ്പെടേണ്ടതില്ല. ഹരിദ്വാരത്തിലേതിനേക്കാൾ അഞ്ചിരട്ടി വില ചില സാധനത്തിനു കേദാരത്തിൽ കൊടുക്കേണ്ടിവരുന്നതു അപൂൎവ്വമല്ല. നാം ഭക്ഷണത്തിനുള്ള ആട്ടയും മററും പീടികക്കാരിൽനിന്നു വാങ്ങുന്നതായാൽ നമുക്കു വെക്കുവാനുള്ള പാത്രങ്ങളും

വിശ്രമിക്കുവാൻ സ്ഥലവും അവർ അനുവദിക്കും. പാകംചെയ്ത ഭക്ഷണ ദ്രവ്യങ്ങൾ (പൂരിമുതലായവ) മാത്രം വിൽക്കുന്ന ചില പീടികകളും ചില ചട്ടികളിൽ ഉണ്ടു.

ഹരിദ്വാരത്തിൽനിന്നു, വഴിയിൽ കേദാരത്തിലേക്കു പോകാതെ, യാത്രചെയ്യുന്നതായാൽ ബദരീനാഥത്തിലേക്കു 183 നാഴികയാണ് ദൂരം. വണ്ടികൾക്കുപയോഗിക്കത്തക്ക റോഡില്ലെങ്കിലും വഴി പ്രത്യേകം വെട്ടി ഏപ്പാടു ചെയ്യപ്പെട്ടതും നാഴികക്കല്ലുകൾ ശരിക്കു നാട്ടപ്പെട്ടതുമാകുന്നു. ഹരിദ്വാരത്തിൽനിന്നു അമ്പത്തെട്ടോ അറുപതോ നാഴിക ദൂരത്തുള്ള ദേവപ്രയാഗ എന്ന സ്ഥലത്തുവെച്ചാണ് ഗംഗോത്രി, ജംബുത്രി ഇവകളിലേക്കു വഴിതിരിയുന്നതു. അങ്ങോട്ടു തിരിയാതെ ബദരീനാഥവഴിക്കു തുടന്നാൽ രുദ്രപ്രയാഗ് എന്ന ഒരു സ്ഥലമുള്ളതു ഹരിദ്വാരത്തിൽനിന്നു 95 നാഴിക ദൂരത്താണ്. രുദ്രപ്രയാഗയിൽവെച്ചാണ കേദാരനാഥത്തിലേക്കു വഴി തിരിയുന്നതു. എന്നാൽ കേദാരനാഥത്തിലേക്കും തിരിയാതെ ബദരനാഥത്തിലേക്കു തുടന്നാൽ രുദ്രപ്രയാഗയിൽനിന്നു അങ്ങോട്ടു 88 നാഴികകൂടി നടക്കേണ്ടതേ ഉള്ളു. ഇപ്രകാരം ഹരിദ്വാരത്തിൽനിന്നു ബദരീനാഥത്തിലേക്കുതന്നെ പോകുന്ന വഴിയാണ് 183 നാഴിക ദൂരമുള്ള മേൽപറഞ്ഞ വെട്ടുവഴി. രുദ്രപ്രയാഗയിൽനിന്നു കേദാരനാഥം വഴിക്കു തിരിഞ്ഞാൽ പിന്നീടു, ചമോലിലാല്സാംഗ എന്ന സ്ഥലത്തു വീണ്ടും ആ ഹരിദ്വാർ-ബദരീവഴിയിലെത്തിച്ചേരും. രുദ്രപ്രയാഗയിൽനിന്നു കേദാരത്തിലേക്കു 48 നാഴികയും

കേദാരത്തിൽനിന്നു ചമോലിയിലേക്ക് 58 നാഴികയും നടക്കണം. അതായതു, രുദ്രപ്രയാഗയിൽനിന്നു ചമോലിയിലേക്കു കേദാരം മാർഗ്ഗമായി 106 നാഴിക ദൂരമുണ്ടു. എന്നാൽ രുദ്രപ്രയാഗയിൽനിന്നു ചമോലിയിലേക്കു നേരെ (ഹരിദ്വാർ–ബദരി) വഴിക്കു പോകുമ്പോൾ 41 നാഴികയേ ഉള്ളൂ. അതുകൊണ്ടു കേദാരത്തിൽക്കൂടി നാം പോകുന്നപക്ഷം 65 നാഴിക വഴി കൂടുതൽ നടക്കേണ്ടിവരുന്നു. എന്നുതന്നെയല്ല, വഴിയുടെ വൈഷമ്യം ആലോചിക്കുമ്പോൾ ഈ കൂടുതൽ അറുപത്തഞ്ചു അതിലും എത്രയോ അധികം ദൂരത്തിനു തുല്യവുമാണ്. ഏതായാലും കേദാരം വഴിക്കു ബദരിയിലേക്കു പോകുന്നതായാൽ ഹരിദ്വാരത്തിൽനിന്ന് 183 നാഴികയല്ല, 248 നാഴിക നടക്കേണ്ടതുണ്ടെന്നു കണ്ടുവല്ലോ. ഗംഗോത്രി, ജംനോത്രി ഇവയേയും സന്ദർശിച്ച ശേഷമാണ് കേദാരത്തിൽ തിരിഞ്ഞെത്തുന്നതെങ്കിൽ ഈ 248 നാഴിക ഒരു നൂറു നാഴിക ഇനിയും കൂട്ടേണ്ടിവരും. എന്നാൽ ഈ നൂറിലേക്കു ഞാൻ പ്രവേശിക്കയുണ്ടായില്ല. കാലു നീരുവന്ന് ബാക്കി നൂറുകൾതന്നെ മതിയാവാതായില്ല.

ബദരീനാഥത്തിൽനിന്നുള്ള മടക്കയാത്രയിൽ ഹരിദ്വാർ– ബദരീവഴിയിലുള്ള കർണ്ണപ്രയാഗവരെ വന്നു അവിടെനിന്നു പിന്നെ മറ്റൊരു വഴിക്കാണ് യാത്രക്കാർ സാധാരണയായി നാട്ടിലെത്തുന്നത്. കർണ്ണപ്രയാഗയിൽനിന്നു ഈ വേറെ വഴിക്കു അവർ മേൽച്ചൌറി എന്ന ഒരു സ്ഥലത്തുകൂടിവന്നു രാമനഗർ എന്ന പട്ടണത്തിൽ എത്തിച്ചേരുന്നു. രാമനഗർറോഹില്ഖണ്ഡ്–

കമയൂൺ റെയിൽവേലൈനുള്ള ഒരു നഗരമാണ്. ബദരിയിൽനിന്നു ഏകദേശം 68 നാഴിക ദൂരത്താണ് കർണ്ണപ്രയാഗ. കർണ്ണപ്രയാഗയിൽനിന്നു മേൽച്ചൌരിയിലേക്കു 29 നാഴികയും മേൽച്ചൌരിയിൽനിന്നു രാമനഗരിലേക്കു 78 നാഴികയും ദൂരമുണ്ട്. ഇങ്ങിനെ ബദരിയിൽനിന്നു രാമനഗരിലേക്കു ആകെ 175 നാഴികയാണ് ഉള്ളത്. എന്റെയും മടക്കയാത്ര ബദരിയിൽനിന്നു രാമനഗരിലേക്കാണുണ്ടായത്.

രാമനഗരിൽനിന്നു ബദരീനാഥത്തിലേക്കു ഹരിദ്വാരത്തിൽനിന്നുള്ളതിനേക്കാൾ വഴി അല്പം കുറവാണെങ്കിൽ അധികജനങ്ങളും പിന്നെ എന്തുകൊണ്ടാണു ഹരിദ്വാരത്തിൽ ചെന്നു യാത്രയാരംഭിക്കുന്നതു? ഹരിദ്വാരം, ഹൃഷീകേശം, ദേവപ്രയാഗ, രുദ്രപ്രയാഗ, കേദാരനാഥം, തുംഗനാഥം മുതലായ നാനാവിശേഷസ്ഥലങ്ങളെ സന്ദർശിക്കുവാൻ സാധിക്കുന്നതുളുപ്പമായ ഈ വഴിച്ചുരുക്കത്തേക്കാൾ എത്രയും വലിയ കാര്യമാണെന്നതു തന്നെയാണ് മുഖ്യകാരണം.

മേൽപ്രകാരം ഹരിദ്വാരത്തിൽനിന്നു (കേദാരം വഴിക്കു) ബദരീനാഥത്തിലേക്കു 248 നാഴികയും ബദരീനാഥത്തിൽനിന്നു രാമനഗരിലേക്കു 175 നാഴികയും കൂടി ഏകദേശം 420 നാഴിക വഴി കാൽനടയായി പല ദുർഗ്ഗങ്ങളിൽക്കൂടി നടക്കുവാൻ സാധാരണ ബദരീനാഥയാത്രക്കാർ ഒരുങ്ങിയിരിക്കണം. ഇതിൽ ആരംഭത്തിൽ ഹരിദ്വാരത്തിൽനിന്നു ഹൃഷീകേശത്തിലേക്കു 14 നാഴികക്കു വേണമെങ്കിൽ കുതിരവണ്ടിയോ മറ്റോ

കിട്ടും. മടക്കവഴിക്കു രാമനഗറിലേക്കെത്തുമ്പോൾ കട്ടവിൽ ഒരു 86 നാഴികയോ അതിലല്പം അധികമോ ദൂരം കാൽനടയേക്കാൾ ക്ലേശതരമായ കാളവണ്ടിയിലും, പക്ഷേ, പ്രയാസപ്പെട്ടും വലിയ കൂലികൊടുത്തും, സഞ്ചരിക്കാം. എന്നാൽ അതും കാൽനടയായി പോകുന്നതുതന്നെയാണ് അധികവും പതിവും ഒരു വിധം സുഖവും.

വണ്ടിപോകാത്ത വഴികളേയും ഇടക്കിടെ കടക്കേണ്ടുന്ന പാലങ്ങളേയും ചില യാത്രക്കാർ ഖൺഡിയിലോ കഴുതപ്പുറത്തോ മററൊ സഞ്ചരിക്കുന്നതിനേയും പററി ലക്ഷ്മണജൂലയിലെ പാലത്തെ വിവരിച്ച ഘട്ടത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. പൎവ്വതസഞ്ചാരികളുടെ കൈയിൽ ഉറപ്പും നീളവുമുള്ള വടികൾ ഉണ്ടായിരിക്കുന്നതു ഒരുവിധം ആവശ്യം തന്നേയാണ്. കേദാരം ബദരി മുതലായ സ്ഥലങ്ങളിലേക്കടുക്കുമ്പോൾ ഹിമക്കട്ടിയിൽകൂടെ നടക്കേണ്ടതിനു തോലടിയായ പാദരക്ഷകളെക്കാൾ അധികം നല്ലതു ഒരുതരം കയറുകൊണ്ടടിയായ കാൻവാസ് പാദരക്ഷകളാണ്. ഈ വക ഉപകരണങ്ങളെല്ലാം ഹരിദ്വാരത്തിൽ ധാരാളം വാങ്ങുവാൻ കിട്ടും. പിന്നീട് മാൎഗ്ഗമദ്ധ്യേ വേറെ ചില സ്ഥലങ്ങളിലും ഇവ കിട്ടുമെങ്കിലും അധികം പേരും ഹരിദ്വാരത്തിൽനിന്നേ ഇതെല്ലാം മേടിച്ചിരിക്കും.

വഴിയിൽ ചില മലഞ്ചരുവുകളിൽ ദുർല്ലഭം ചെറുഗ്രാമങ്ങളും നല്ല വിളവുള്ള വയലുകളും കാണാം. ജനങ്ങൾ പുല്ലുകൊണ്ടും മററും കുടിലുകൾ വെച്ചു കെട്ടിയി

രിക്കും. കുറച്ചുകൂടി നല്ല സ്ഥിതിയിലുള്ളവർ സ്ലേററ് പോലെയുള്ള കല്പലകകൾകൊണ്ടു മേഞ്ഞവീടുകളിലായിരിക്കും താമസിക്കുന്നതു. ദേവപ്രയാഗ, ശ്രീനഗരം എന്നിങ്ങിനെയുള്ള ചില സ്ഥലങ്ങൾ പട്ടണങ്ങൾ തന്നെയാണ്. എന്നാൽ ആ പട്ടണവാസികളിലും അധികംപേർ തങ്ങളുടെ ജീവദശയിൽ ഒരു തവണയെങ്കിലും 'ദേശം'—അതായതു, മലപ്രദേശങ്ങൾ കടന്നു വെളിക്കു കിടക്കുന്ന നാടും നഗരങ്ങളും—കാണാത്തവരാണ്. വഴിയിൽ അനേകം സ്ഥലങ്ങളിൽ പാൽ മേടിക്കുവാൻ കിട്ടുമെന്നുള്ളതു ഒരു നല്ല കാര്യമാണ്. വെള്ളം ആറുകളായും ഉറവുകളായും സ്നാനപാനാദികൾക്കു നാനാപ്രകാരത്തിൽ വഴിക്കുണ്ട്. എന്നാലും ചില കേററങ്ങൾ തുടങ്ങുമ്പോൾ വേറൊരു സ്ഥാനത്തെത്തുന്നതിനിടയിൽ കുടിക്കുവാൻ വെള്ളം കൈയിൽ കരുതുന്നതു ചിലേടത്ത് ഉപകാരമായിരിക്കും. ബദരിനാഥ യാത്രക്കാർ സാധാരണയായി പുലരുമ്പോൾ നടക്കാൻ തുടങ്ങും. വെയിൽ മൂക്കുന്നതിന്നു മുമ്പായി നടക്കുന്നതാണ് പ്രായേണ മുഖ്യമായ നടത്തം. മദ്ധ്യാഹ്നം സമീപിക്കുമ്പോൾ സൌകര്യംപോലെ ഒരേടത്തു സ്നാനഭക്ഷണാദികൾ കഴിക്കുവാൻ താമസിക്കും. പിന്നെ അന്നു ചിലർ നടത്തം തുടരുകയേ ഇല്ല. എന്നാൽ വളരെപേർ ഒട്ടു വിശ്രമിച്ചശേഷം വൈകുന്നേരം പിന്നെയും കുറച്ചു നടന്നു തരംപോലെ രാത്രി വേറൊരു താവളത്തിൽ താമസിക്കും. രാത്രികാലങ്ങളിൽ നടക്കാറില്ല. ഇതാണ് പതിവ്. നടത്തത്തിൽ ഇട

ക്കിടെ ഇരുന്നു ആശ്വാസം കൊള്ളേണ്ടിവരുമെന്നു പറയേണ്ടതില്ലല്ലൊ. കൂടെ നടന്നുകൊണ്ടിരിക്കുന്ന മററു ചിലയാത്രികൾ നിൽക്കാതെ കുറച്ചുകൂടി മുന്നോട്ടു നടന്നേക്കാം. എന്നാൽ പിന്നീട്ടു വരുന്നവർ നമ്മുടെ കൂടെ എത്തിച്ചേർന്നേക്കാം. നാമും മററുള്ളവരെ കടന്നു മുമ്പിൽ പോയേക്കാം. ചിലർ ബദരീനാഥയാത്ര ഒരു അഞ്ചാഴ്ചകൊണ്ടു മുഴുമിപ്പിച്ചേക്കാം; ചിലർ അതിന്നു രണ്ടു മൂന്നുമാസം എടുത്തെന്നും വരാം.

മേലോട്ടു കേറിയും കീഴോട്ടിറങ്ങിക്കൊണ്ടുമാണ് ഹിമാലയയാത്രയിൽ അധികവും വഴി എന്നു പറയേണ്ടതില്ലല്ലൊ. ചില സ്ഥലങ്ങളിൽ ഒരുനാഴിക നടക്കുവാൻ അരമണിക്കൂർതന്നെ പിടിക്കുന്നില്ലെങ്കിൽ വേറെ ചില സ്ഥലങ്ങളിൽ ഒരു നാഴിക നടക്കുവാൻ ഒരു മണിക്കൂറും വേണ്ടിവരും. കേററംകൊണ്ടും മററു സംഗതികൾകൊണ്ടും എല്ലാനാഴികകളും ഒരുതോതിൽ കണക്കുകൂട്ടിയാൽ പോരാ എന്നിതിൽ നിന്നറിയാമെല്ലൊ. ഒരു മലയുടെ വാരിയിൽ (പാർശ്വത്തിൽ) കൂടി വളഞ്ഞുപിരിഞ്ഞുകൊണ്ടുള്ള വഴിക്ക് കേറി ചുരത്തിന്റെമുകളിൽ എത്തിയാൽ പിന്നെ മറെറാരു ഭാഗത്തേക്കു അതേപ്രകാരം വളഞ്ഞുംതിരിഞ്ഞുമുള്ള വഴിക്ക് ഒരു താഴ്‌വാരത്തേക്കിറങ്ങുക; പിന്നെയും വേറെ ഒരു മലയിലേക്കു കേറുക, പിന്നെയുംഇറങ്ങുക; പുനരപി കേററം, പുനരപി ഇറക്കം ഇങ്ങിനെ അനേക പർവ്വതനിരകളെ അതിക്രമിച്ചു കൊണ്ടാണ് വഴി കിടക്കുന്നത്. വളരെ പണിപെട്ടു ഒരു ശിഖരത്തിന്മേലെത്തിയാൽ പിന്നെ മിക്കതും കേറിയേട

ത്തോളം ദൂരം ഇറങ്ങുകയും വേണമെന്നു കാണുമ്പോൾ നമ്മുടെ തീവ്ര യത്നങ്ങളെല്ലാം ഒരു വമ്പിച്ച വൃഥാശ്രമമായി തീൎന്നുവെല്ലോ എന്ന സങ്കടം ഒരു നിമിഷത്തിൽ പക്ഷെ തോന്നിയേക്കാം. എന്നാൽ നമ്മുടെ ഉദ്ദേശസ്ഥലത്തേക്കു നാം ക്രമേണ അടുത്തടുത്തു് ചെന്നെത്തുകയാണെന്നതിൽ നിന്നു, നമ്മുടെ ശ്രമം നിഷ്ഫലമല്ല കേവലം' എന്നു ഗ്രഹിക്കാമെല്ലോ. വളവുകളുടെയും തിരിവുകളുടെയും ആകപ്പാടെയുള്ള ഗതി മുന്നോട്ടാണെന്നും കേറ്റങ്ങളുടെയും ഇറക്കങ്ങളുടെയും കൂട്ടാകെയുള്ള ഫലം ഉയൎച്ചയാണെന്നും നാം മനസ്സിലാക്കിയാൽ നമ്മുടെ വഴിയിൽ താൽക്കാലികങ്ങളും ഒഴിച്ചുകൂടാത്തതുമായ ചില താഴ്ചവീഴ്ചകളും വ്യതിചലനങ്ങളും നമ്മെ വളരെ വിഷാദിപ്പിക്കയില്ല. നമ്മുടെ ലക്ഷ്യം ഇന്നതാണെന്ന ദൃഢമായ ഉറപ്പ് ഉള്ളിലുണ്ടായിരിക്കയേ വേണ്ടു. അത്രയേ നമ്മാൽ കഴികയുള്ളു. നമ്മുടെ മാൎഗ്ഗം ഒന്നുംതന്നെ ഒരു നേർവരയല്ല. തിരിഞ്ഞും വളഞ്ഞും താണും പൊങ്ങിയും കൊണ്ടുതന്നെയാണ് നമ്മുടെ അനിവാൎയ്യമായ പ്രവൃത്തിപഥം, അതിലൂടെ തന്നെ നമ്മുടെ പുരോഗമനം, അതിലൂടെ തന്നെ ഉൽകർഷം.

൧

൯.

## ലക്ഷ്മണജ്ഝൂലക്കപ്പുറം ചില ആദ്യഘട്ടങ്ങൾ

ഏപ്രിൽ 22-ാംനു വൈകുന്നേരം ഹൃഷീകേശത്തിൽനിന്നു പുറപ്പെട്ടു ലക്ഷ്മണജ്ഝൂലയിൽവന്നു താമസിച്ചു. ചുററും കുന്നുകളും വനങ്ങളുമായ ആ സ്ഥലത്തു, ഗംഗാതീരത്തു്, രാത്രി ഒരു പുറന്തളത്തിൽ കംബളം വിരിച്ചു കിടന്നു. വേറെയും അനേകം യാത്രക്കാർ—സ്ത്രീകളും പുരുഷന്മാരും—ഉണ്ടായിരുന്നു. എങ്കിലും 'ഒററപ്പെട്ടിരിക്കുക' എന്ന അവസ്ഥയാണു് മനസ്സിനുണ്ടായതു്. പഴയ ചങ്ങാതികളിൽ ഒരാളെങ്കിലും കൂടെ ഉണ്ടെങ്കിൽ പക്ഷെ ഒരുവന്നു ആ മനസ്ഥിതി വരില്ലായിരിക്കാം. 'ദേശ'ത്തിൽ നിന്നു ഒരു പുതിയ പതനത്തിലേക്കുള്ള വേർപ്പാടിന്റെ ആരംഭഘട്ടത്തിൽ ഇത്തരം ചാപല്യം മനസ്സിനുണ്ടായിരിക്കുന്നതു കരുത്തന്മാർക്കും സാധാരണയാണെന്നുറച്ചു ഞാൻതന്നെ എനിക്കു മാപ്പുനൽകി. രാമലക്ഷ്മണന്മാർ വനവാസത്തിന്നായി അയോദ്ധ്യയിൽനിന്നു പുറപ്പെട്ടുപോയ ദിവസം രാത്രി സരയൂതീരത്തിൽ ശയിച്ചുകൊണ്ടിരുന്നപ്പോഴും അവരുടെ ഉള്ളിൽ ഗൃഹമിത്രാദിപരമായ വികാരങ്ങൾ ഒട്ടും ഉണ്ടായിരുന്നില്ലെന്നോ?

'പിറേറന്നു (ഏപ്രിൽ 28-ാംനു-) പ്രഭാതത്തിൽ മുൻ പ്രസ്താവിക്കപ്പെട്ടിട്ടുള്ള ലക്ഷ്മണജ്ഝൂലാപാലം കടന്നു ഗംഗയെ ഇടത്താക്കിക്കൊണ്ടു അതിൻെറ തീരം വഴിക്കു മേലോട്ടു യാത്രയാരംഭിച്ചു. ഉച്ചക്കു മുമ്പായിതന്നെ ഒരു സ്ഥലത്തിറങ്ങി സ്നാനഭക്ഷണാദികൾ കഴിച്ചു. എൻെറ കൈയിൽ വെപ്പുപാത്രം പ്രത്യേകം ഉണ്ടായിരുന്നില്ല. ഒരു സഹയാത്രി, ഒരു ഉറിയ ബ്രാഹ്മണൻ, പചിച്ചുതന്നു. അഞ്ചുനാഴിക ദൂരം ചെന്നാൽ ഗംഗ നമ്മിൽനിന്നു വിട്ടുപോകുന്നു. വേറൊരു നദിമേൽ പിന്നേയും ഒരു പാലം കടന്നു. ആകെ അന്നു എട്ടുനാഴികയോളം സഞ്ചരിച്ചശേഷം അന്നത്തെ നടത്തം നിൎത്തി. ബദരീനാഥത്തിൽ നിന്നു (ഹരിദ്വാരാഭിമുഖം) 158 എണ്ണൂറ്റാം നാഴികക്കല്ലിൻെറ അടുത്തു ഒരു വഴിയമ്പലവും ഒരു നദിയും ഉണ്ടു്. വേറെ ചില യാത്രക്കാരുടെ സഹായത്താൽ റൊട്ടി പാകംചെയ്തു ഭക്ഷിച്ചു. അവിടെ ഉറങ്ങി. കാലുകളിന്മേൽ ഉയൎത്തി പലകകൾവെച്ചു കെട്ടിയിരിക്കുന്നതായ ഒരു തട്ടിന്മേൽ കേറിക്കിടന്നു. എത്രയുംവന്ദ്യവയോവൃദ്ധനുംശാന്തമാനസനും കുട്ടികളെപ്പോലെ ആനന്ദശീലനും ആയ ഒരു ബങ്കാളിയുമായി സംഭാഷിച്ചുകൊണ്ടു, സുഖമായി രാത്രിശയിച്ചു.

പ്രദേശം 'ദേശ'മല്ല, കാടുതന്നെ. രാത്രികാലങ്ങളിൽ, പ്രത്യേകിച്ചും മദ്ധ്യരാത്രി കഴിഞ്ഞാൽ, നല്ല തണുപ്പുണ്ടു്. പകൽ വെയിൽ മൂത്താൽ വഴിക്കു വൃക്ഷങ്ങളില്ലെങ്കിൽ, ഈ അദ്ധ്യഘട്ടങ്ങളിലെല്ലാം നല്ല ചൂടും അനുഭവമാണു്.

പിറേറന്നു (ഏപ്രിൽ 24-ാംനു-) അരുണോദയത്തോടുകൂടി നടക്കാൻതുടങ്ങി. ഗംഗ വീണ്ടും കണ്ടുകിട്ടി. ബദരിയിൽനിന്നു ഹരിദ്വാരത്തേക്കുള്ള 148-ാംകല്ലിന്നടുക്കെ ഉച്ചക്കു ഭക്ഷണംകഴിച്ചു പിന്നെയും നടന്നു. ദേവപ്രയാഗക്കാരനായ ഒരു പണ്ഡ തന്നെയും മററുള്ളവരെയും ഇംഗ്ലീഷ പഠിപ്പിച്ചുകൊണ്ടു ഒരു ചുരുങ്ങിയ ശമ്പളത്തിന്മേൽ ദേവപ്രയാഗയിൽ സ്ഥിരമായിരിക്കുവാൻ എനിക്കിഷ്ടമുണ്ടോ എന്നു ചോദിക്കയുണ്ടായി. തൽക്കാലം ഏതുപ്രകാരത്തിലും ഞാൻ അതിന്നൊരുങ്ങിയവനല്ലായിരുന്നുവല്ലോ. മല കേറിയും ഇറങ്ങിയും വളഞ്ഞും പിരിഞ്ഞുംകൊണ്ടുള്ള വഴിതന്നെ വഴി. അനേകം മലകളും താഴ്വാരങ്ങളും, അവകളുടെ ഇടുക്കുകളിൽകൂടെ ഇഴഞ്ഞുഴയുന്ന നദിയും ശ്യാമായമാനമായ സസ്യരാശിയും എത്രയും കൌതുകകരമായ ഒരു കാഴ്ചയാണു. ഇങ്ങിനെയുള്ള പ്രകൃതിരംഗത്തിൽ പ്രത്യേകിച്ചും പ്രഭാതവേളയിൽ നടക്കുന്നതു നമ്മുടെ ദേഹത്തിന്നും മനസ്സിന്നും ഒരുപോലെ ഹൃദ്യമായ കുളുർമയെ ചെയ്യുന്നു. ഉച്ചക്കുശേഷം വഴിയിൽ മഹാദേവചട്ടി എന്ന ഒരു സ്ഥലത്തു ദ്വിജകുലബ്രഹ്മചര്യാശ്രമം എന്ന പേരിൽ ഒരു ചെറിയ സ്കൂൾ കണ്ടു. കാഴ്ചയിൽ സദുദ്ദേശത്തോടുകൂടിയവരാണെന്നു തോന്നുന്ന ഒന്നുരണ്ടു ഉപാദ്ധ്യായന്മാരും ചില പ്രസന്നമുഖന്മാരായ ബാലന്മാരും അവിടെ ഉണ്ടായിരുന്നു. ഈ കുന്നുകൾക്കിടയിൽ ഇങ്ങിനെ ഒരു സ്ഥലം കണ്ടതിൽ എനിക്കുണ്ടായ സന്തോഷത്തെ അവരുടെ സന്ദർശകപുസ്തകത്തിൽ രേ

ഖപ്പെടുത്തി. ആകെ അന്നു 17 നാഴികയോളം നടന്നശേഷം ബദരിയിൽനിന്നു ഹരിദ്വാരത്തേക്കുള്ള 141-ാംകല്ലിന്നടുക്കെ ഒരു ചട്ടിയിൽ സങ്കേതമുറപ്പിച്ചു.

പിറേറന്നു പിന്നെയും നടക്കാതെ നിവ്വാഹമില്ലല്ലോ. വ്യാസഗംഗ എന്നോ മറേറാ പറയുന്ന ഒരു നദിമേൽ പാലം കടന്നു് ഗംഗാതീരത്തുള്ള വ്യാസഘട്ടം എന്ന സ്ഥലത്തെത്തുന്നു. വ്യാസഘട്ടം ഗാർവ്വാൽ എന്ന മലജില്ലയിലെ ചില ചെറിയ സ്ഥിരസങ്കേതങ്ങളിലൊന്നാകയാൽ അവിടെ ചെറിയ ഒരു പോസ്റ്റാഫീസും ഉണ്ടു്. അവിടെനിന്നു് അല്പം പോന്നു 130-ാംകല്ലിന്നടുക്കെ സ്നാനാശനങ്ങൾ കഴിച്ചു വിശ്രമിച്ചു. വീണ്ടും നടന്നു. 125-ാംനാഴികയിൽ സ്ഥിതിചെയ്യുന്ന ദേവപ്രയാഗയിൽ അസ്തമിക്കുന്നതിന്നു അല്പം മുമ്പ എത്തിച്ചേർന്നു.

ദേവപ്രയാഗയിലാണു് ഗംഗോത്രിയിൽനിന്നു വരുന്ന ഭാഗീരഥീഗംഗയും ബദര്യാശ്രമത്തിൽനിന്നൊഴുകുന്ന അളകനന്ദയും കൂടിച്ചേരുന്നതു്. രണ്ടു പുണ്യനദികൾ കൂടുന്ന ഇങ്ങിനെയുള്ള വേറെയും സ്ഥലങ്ങളെ ഓരോ പ്രയാഗകളായി പറഞ്ഞുവരുന്നുണ്ടു്. ആ ഓരോ സ്ഥലത്തും അന്തർവ്വാഹിനിയായി ഒരു സരസ്വതിനദിയും കൂടിച്ചേരുന്നുണ്ടെന്നു പഴയ വിശ്വാസികളുടെ ഇടയിൽ ഒരു ഇതിവൃത്തമുണ്ടു്. പാലക്കാട്ടുനിന്നും മംഗലാപുരത്തുനിന്നും മദിരാശിക്കു പോകുന്നതായ രണ്ടു റെയിൽവഴികൾ ഒന്നിച്ചുചേരുന്ന ഒലവക്കോട്ട ജങ്ക്ഷനിൽനിന്നു നോക്കിയാൽ മദിരാശി, മംഗലാപു

രം, പാലക്കാട് എന്നി മൂന്നു ദിക്കുകളിലേക്കു റെയിൽ വഴി കാണാകുന്നപോലെ രണ്ടു നദികളുടെ സംഗമസ്ഥാനത്തുനിന്നും മൂന്നു വശങ്ങളിലേക്കു നദിവഴി കാണാമെല്ലോ. ഇങ്ങിനെയുള്ള 'ത്രി'ത്വത്തെ പുരസ്കരിച്ചാകുമോ പ്രയാഗക്കു പണ്ടു ത്രിവേണി എന്ന പേർ വന്നതു്? പിന്നീടു, ത്രിവേണിയെന്നാൽ മൂന്നു നദികൾ ചേരുന്നതാണെന്നു അത്ഥം ധരിച്ചുവന്നിരിക്കാം. ആ മൂന്നാംനദിയെ പ്രത്യക്ഷത്തിൽ കാണാഞ്ഞപ്പോൾ അതിനെ അന്തർവ്വാഹിനിയാക്കിക്കല്പിച്ചുവോ? ഏതായാലും എല്ലാം പ്രയാഗകളിലും അന്തർവ്വാഹിനിയായ ഒരു സരസ്വതിയുടെ കഥയുണ്ടു്.

ഗംഗയെ ഇടത്താക്കിക്കൊണ്ടാണു് നാം ദേവപ്രയാഗയിൽ എത്തുന്നതും. അളകനന്ദയെ ഇടത്താക്കിക്കൊണ്ടാണു് ഇനി ബദരീനാഥത്തിലേക്കു ഇവിടെനിന്നു പുറപ്പെടേണ്ടതും. എന്നാൽ ഇവിടെ അളകനന്ദമേലുള്ള പാലം കടന്നു അക്കരെ ചെന്നാൽ മാത്രമേ നദീസംഗമസ്ഥാനത്തു പ്രവേശിക്കുവാനും ദേവപ്രയാഗയെപ്പററി ഒരു ഏകദേശവിവരം ഉണ്ടാകുവാനും കഴികയുള്ളു. അക്കര തേഹ്‌രി എന്ന ഒരു നാട്ടുരാജ്യത്തിൽ പെട്ടതാണു്. ആ നാട്ടുരാജ്യം ഗാർവ്വാൽ ജില്ലപോലെ ഒരു കാട്ടുരാജ്യം തന്നെയാണു്. തേഹ്‌രിരാജ്യത്തിന്റെ തലസ്ഥാനമായ തേഹ്‌രിയിലേക്കും ഗംഗോത്രി, ജംനോത്രി എന്നീ സ്ഥലങ്ങളിലേക്കും വഴി അക്കരെ ദേവപ്രയാഗയിൽനിന്നു തിരിയുന്നു. ഇക്കരെ ബ്രിട്ടീഷ ഗാർവ്വാൽജില്ലയാണു്. കമ്പി കൂടിച്ചേർന്നു

ഒരു പോസ്റ്റാഫീസ് ഇക്കരെയുണ്ടു്. കൊല്ലത്തിൽ ആറുമാസംമാത്രം പ്രവൎത്തിയുള്ള ഒരു കമ്പിയാപ്പീസ് ഇപ്പോൾ ബദര്യാശ്രമത്തിൽകൂടിയുണ്ടു്. ഈയിടെ തിബെത്തിലേക്കുപോലും ഡാർജീലിംഗ് വഴിക്കു കമ്പിയേൎപ്പെടുത്തിയിരിക്കുന്നുവെന്നോൎക്കുമ്പോൾ ഈ മലപ്രദേശങ്ങളിലെ ചില സങ്കേതങ്ങളിൽ ഒരു കമ്പിയാഫീസ് കാണുന്നതിൽ ആശ്ചൎയ്യപ്പെടേണ്ടതില്ല. ദേവപ്രയാഗ ഏകദേശം അഞ്ഞൂറോളം ജനസംഖ്യയുള്ള ഒരു ചെറുപട്ടണമാണ്. എന്നാൽ ഈ തീൎത്ഥയാത്രാകാലങ്ങളിൽ അതിലും എത്രയോ അധികം ജനങ്ങളെ ഇവിടെ കാണാകുന്നതാണ്.

ദേവപ്രയാഗയിൽ (തെഹ്രിഭാഗത്തു) ഒരു രഘുനാഥമന്ദിരം ഉണ്ടു്. വീടുകളുടെയും അങ്ങാടികളുടെയും അണികൾ അവിടവിടെ കുന്നിൻപടവുകളിൽ മേല്ക്കുമേലായി സ്ഥിതിചെയ്യുന്നു. ഗാന്ധി എന്ന ഒരാളെ പററി ഇവിടങ്ങളിലും, കുട്ടികൾകൂടി, കേട്ടിട്ടുണ്ടു്. എന്നാൽ നിസ്സഹകരണത്തെയോ ചൎക്കയെയോ കുറിച്ചുള്ള ഭയം ഇവിടങ്ങളിൽ അശേഷം വേണ്ട. ഇവിടുത്തെ ഒരു സംസ്കൃതസ്കൂൾ പണ്ഡിതൻ ഗാന്ധിജിയുടെ തത്വങ്ങളെ നിറവേററുവാൻ ഇവിടെ തീരെ അസാദ്ധ്യമായിരിക്കുന്നതിനേപ്പററി വളരെ നിസ്സഹായതയിൽ സംസാരിക്കുകയുണ്ടായി. എന്നാൽ അവൎക്കു വേണ്ടുന്ന രോമവസ്ത്രങ്ങളിൽ ഒരു വലിയ ഭാഗം അവിടങ്ങളിൽതന്നെ ഉണ്ടാകുന്നതാണത്രെ. 'എന്നെ തൊടൊല്ല' എന്ന മുദ്രാവാക്യത്തോടുകൂടിയ വൎണ്ണാശ്രമധ

മ്മത്തിന്റെ രസകരങ്ങളായ ഗോഷ്ഠികൾ സാധാരണ വടക്കെ ഇന്ത്യയിൽ, തെക്കെ ഇന്ത്യയിലെന്നപോലെ, ധാരാളമാണ്. എന്നാൽ ഗായത്രിമന്ത്രത്തെ കേട്ടിട്ട പോലുമില്ലാത്ത ചില ബ്രാഹ്മണർ 'പടിലേംഗി'ലും, ഉത്തരേന്ത്യയിലെ നാട്ടുനഗരങ്ങളിൽക്കൂടിയും, ഉണ്ട്. എങ്കിലും ദേവപ്രയാഗയിലും അതുപോലെയുള്ള പ്രദേശങ്ങളിലും വേദശാസ്ത്രാദികൾ അഭ്യസിച്ച പഴയ രീതിയിൽ ശാസ്ത്രിത്വവും പണ്ഡിതത്വവും നേടുന്ന ആളുകളും ഉണ്ട്. ചെറുകുട്ടികളെ സംഹിതകളും മററും സ്വരങ്ങളോടുകൂടി ഉരുവിടീക്കുന്നതു കുറെ അധികം കണ്ടുവരുമ്പോൾ ചെറുപ്പത്തിൽതന്നെ ശരിയായ വേദസ്വരങ്ങളെ ഉച്ചാരണംകൊണ്ടുറപ്പിക്കുന്നതു ഒരു ആശാസ്യമായ അഭ്യാസക്രമമാണെന്നും, പിന്നീട്ട വേദസാരങ്ങൾ വേണ്ടതുപോലെ അറിയുവാൻ അതു ഉപകാരമായിതീരുമെന്നും ഒരാൾ ആദ്യം പറഞ്ഞിട്ടുണ്ടായിരുന്നതിനെ ഞാൻ അനുസ്മരിക്കുന്നു. എന്നാൽ ഈ കണ്ടുതായ സംസ്കൃതവിദ്യാഭ്യാസം മിക്കതും യഥാൎത്ഥകലാപരമായിട്ടുള്ളതല്ലെന്നും ആധുനികസംസ്കാരത്തിന്നും യുക്തിക്കും വളരെയോജിക്കാത്ത പഴയ ശാസ്ത്രിരീതിയിലുള്ള ചൎവ്വിതചൎവ്വണങ്ങളാണെന്നും കാണുന്നത ഒരു ന്യൂനതതന്നെയാണ്.

രവിവൎമ്മാചിത്രങ്ങളുടെ പ്രചാരം വിചാരിക്കുമ്പോൾ എത്ര വിചിത്രമായിരിക്കുന്നു! ഡോക്ടർ കസിൻസൊ മററു കലാവിമൎശകന്മാരൊ അവയെ വളരെ ബഹുമാനിക്കുന്നില്ലെങ്കിൽതന്നെ അവസ്ഥുണ്ടോ, അതു

കൊണ്ടൊരു തോൽമപാറുന്നു? ഈ ഹിമാലയ മുക്കുകളിൽക്കൂടി 'യഥാർത്ഥകലാ' ഗന്ധം തെല്ലുമില്ലാത്ത ചില കാശിവിശ്വനാഥന്മാരുടേയും ഗണപതിമാരുടേയും മറ്റു ദേവീദേവന്മാരുടേയും പടങ്ങൾ അലങ്കാരത്തിനായും ക്ഷേത്രങ്ങളിൽ പൂജക്കായിതന്നെയും വെച്ചിരിക്കുന്നതു ഞാൻ കണ്ടെത്തുകയുണ്ടായി. ദേവപ്രയാഗയിലും ഷാപ്പുകളുണ്ട്. വിദേശിവസ്ത്രം, 'പണ്ടം'പ്രഭവം, പണത്തിന്റെ ചെത്തം, ഇവയുണ്ട്; അങ്ങാടിയും ചെറുപ്പക്കാരും കഴിയുന്നതും പരിഷ്കാരം അണിഞ്ഞിട്ടുണ്ട്. ഇവയെല്ലാം ഈ സ്ഥലപ്രകൃതിയുടെ ശാന്തിക്കും ശുദ്ധിക്കും കുറെ ഹാനികരങ്ങളാണെന്നു പറയേണമോ? പ്രകൃതിപരമമായ നിഷ്കാപട്യത്തിൽ ജീവിതം പരിലസിക്കേണ്ടിയ ഈ പവിത്രരംഗം ഇന്നു മൈതാനപ്രദേശങ്ങളിലെ ഏതോ നഗരത്തിന്റെ ഒരു ഖണ്ഡം ഇങ്ങു മുറിച്ചെടുത്തുവെച്ചപോലെ തോന്നിപ്പോകുന്നു. എന്നാലും ചില കുട്ടികൾ 'ദേശം' അതായതു, പുറമെയുള്ള ലോകം, എന്താണെന്നു തങ്ങൾ കണ്ടിട്ടേ ഇല്ലെന്നുപറയുന്ന സ്വരത്തിലും അവരുടെ ഭാവത്തിലും തെളിഞ്ഞു കാണുന്ന നിഷ്കാപട്യവും പ്രസന്നതയും നമ്മുടെ ഹൃദയത്തെ സ്പർശിക്കാതിരിക്കുന്നില്ല. മനുഷ്യൻ എത്രതന്നെ പ്രവർത്തിച്ചാലും ദേവപ്രയാഗ ഇന്നും എത്രയും മനോഹരമായ ഒന്നുതന്നെ.

അളകനന്ദ ഇതാ ഭാഗീരഥിയിൽ ലയിക്കുന്നു. അതു കിഴക്കുനിന്നു ഇന്നു അല്പം കലങ്ങിക്കൊണ്ടാണ് വരുന്നത്. എന്നാൽ വടക്കുനിന്നു ആക്രന്ദിച്ചടുക്കുന്ന

ഭാഗീരഥിയാകട്ടെ എത്രയും സ്വച്ഛമായിരിക്കുന്നു. ഇവയുടെ സംഗമസന്നിധിയിൽ സൂൎയ്യാസ്തമനത്തിനുശേഷം കുറച്ചുനേരം സ്വസ്ഥനായിരിക്കുക. നിരഭ്രമായ ആകാശത്തിൽ അൽചന്ദ്രനും കുളിൎത്ത കുറെ നക്ഷത്രങ്ങളും വിളങ്ങുന്നു. ഗംഗയുടെ ഊക്കും ഒച്ചയും ഇപ്പോൾതന്നെ ഇത്രയായിരിക്കെ അതിന്റെ വൎഷവിപ്ലവം എന്തായിരിക്കണം? വൎഷപ്രവാഹം പൂപ്പോലെ കൊണ്ടുവന്നു വിതറിയ കരിങ്കല്ലുകൾ പൎവ്വതക്കുട്ടികളെപ്പോലെ ഈ നദിയിൽ കാണുന്നുണ്ടു്. അവകളിന്മേൽ ഘോരമായി അലച്ചുകൊണ്ടു, ആൎത്തുകൊണ്ടു്, മുന്നോട്ടു മിന്നൽവേഗം ഒഴുകുന്ന ഭാഗീരഥിക്കു അളകനന്ദ ഇതാ സംഭ്രമരഹിതം തന്നെത്താൻ അൎപ്പിക്കുന്നു. അളകനന്ദാജലം ഗംഗയിൽ ചേരുന്നനിമിഷത്തിൽ വിദൂരം വഹിക്കപ്പെട്ടുപോകുന്നു. എന്നും ഏതും എതിരില്ലാത്ത ഈ ഭാഗീരഥിയുടെ ഹുങ്കാരവും അഹങ്കാരവും സഹിക്കുവാനും നിയന്ത്രിക്കുവാനും സാക്ഷാൽ ശങ്കരനായ മഹാമഹിമവാനല്ലാതെ മറ്റാൎക്കു കഴിയും? ഭാഗീരഥിയുടെ അനവരതമായ ആരവം പ്രകൃതിദേവതകളുടെ ഒരു ദിവ്യസദിരിനു ശ്രുതിയായിരിക്കുമോ? നിലാവിൽ ഒരു നേരിയ മഞ്ഞിൻമൂടുപടത്തോടുകൂടിയ മലനിരകൾ നാനാഭാഗങ്ങളിലും വ്യാപിച്ചുകിടക്കുന്നതു നാം കാണുന്നു. പ്രിയപുരാതനകാലങ്ങളിൽ തങ്ങളുടെ ഏകാന്തചിന്താസമാധികളാൽ ഈ സ്ഥലത്തെ പവിത്രമാക്കിത്തീൎത്തിരിക്കാനിടയുള്ള ഋഷികളെയും യോഗികളെയും പററി ഒരോരോ സ്മരണകൾ നമ്മിൽ സ്ഫുരിക്കുന്നു. ഇ

ങ്ങിനെ ഇവിടെ ശാന്തമായി ശിവമായി ചിന്തയിൽ അമൎന്നുകൊണ്ടു കഴിയുന്ന നമ്മുടെ ഈ നിമേഷങ്ങൾ നമ്മുടെ ഒട്ടാകെയുള്ള ആനന്ദബോധത്തിന്റെ ഊടിലും പാവിലും ചേൎന്നു അവിനാശമായ ഒരു അമൂല്യസ്വത്തായിതീരുന്നു.

൨൦.

## ദേവപ്രയാഗയിൽനിന്നു രുദ്രപ്രയാഗയിലേക്ക്.

ഭാഗീരഥിയുടെയും അളകനന്ദയുടെയും സമ്മേളനസ്ഥലത്ത് കുറേനേരം അങ്ങിനെ സ്വസ്ഥനായി ഇരുന്നശേഷം രാത്രി പാലം തിരികെ കടന്നു ഒരു ധൎമ്മശാലയിൽ ശയിച്ചു. പിറേറന്നു ഭാഗീരഥിയിൽപോയി സ്നാനംകഴിച്ചും പിന്നെയും ബദരീനാഥ വഴിയിലേക്കു കടന്നു. മുമ്പൊരിക്കൽ കൂടെ കണ്ടിരുന്ന ഉറിയക്കാരന്റെകൂടെ ഭക്ഷണംകഴിച്ചു. അന്നു അരികൊണ്ടുള്ള അന്നമായിരുന്നു ഭക്ഷണം. ഉറിയക്കാരന്റെ 'മഹോദാരത്വം' കണ്ടു ഞാൻ വിസ്മയിച്ചു. അന്നു (ഏപ്രിൽ 26) ദേവപ്രയാഗയിൽനിന്നു പുറപ്പെട്ടപ്പോൾ പകൽ 2½ മണിയായിരിക്കണം.

വഴിയിൽ ഒരു ഭാഗത്തു നല്ല ഒരു തോട്ടവും മഠവും കണ്ടപ്പോൾ എന്തെന്നറിവാൻ പ്രവേശിച്ചു. ഒറീസ്സയിൽനിന്നും വന്നു കുറേക്കാലമായി 'തപസ്സ്'ചെയ്തുകൊണ്ടിരിക്കുന്ന ഒരു 'മഹാത്മാ'വാണത്രെ അവിടെ ഇരിക്കുന്നതും. എന്റെ കാലിൽ ഇട്ടിരുന്ന തോലുകൊണ്ടുള്ള ചെരിപ്പോടുകൂടിഅതിലെ അറിയാതെനടന്നുപോയ അപരാധത്തിനു ആ 'തപസ്വി' പെട്ടെന്നു കുപിതനായി എണീററു ഓടിവന്നു അപ്രതീക്ഷിതമായി ഒരു തള്ളു സമ്മാനിച്ചു. ആ 'ശൂരനോടേററാൽ നി

ല്പാന്റ് തീരെ ശക്തിപോരാത്ത എനിക്കും തൽക്കാലം കോപം ജ്വലിച്ചു. എന്നാൽ സഹയാത്രികൾ ഞങ്ങളെ തൽക്ഷണം അകലെ പിരിച്ചുവിട്ടു. അന്നത്തെ ആ സംഭവത്തെപ്പററി ഒന്നിലധികം കാരണങ്ങളാൽ ഞാൻ പലപ്പോഴും വിഷാദിച്ചിട്ടുണ്ടെങ്കിലും അകപ്പാടെ ജീവിതാനുഭവങ്ങളിൽ അതും അവശ്യം ഒരു ആവശ്യമായിരുന്നുവെന്നു വിചാരിക്കാൻ ന്യായമുണ്ട്.

ഗംഗാനദി നമ്മെ ദേവപ്രയാഗയിൽനിന്നും പിരിഞ്ഞിരിക്കുന്നു. ഇപ്പോൾ നമ്മുടെവഴി അളകനന്ദയുടെ ഗതിക്കഭിമുഖമാണ. കുറച്ചുനേരം വഴിയിൽ ഞാൻ ഒററയായിപ്പോയി. മേൽഭാഗത്തുനിന്നു ഒരു കിലുകിലു ശബ്ദംകേട്ടു നോക്കിയപ്പോൾകണ്ടതു് കറുത്തുള്ള ഒരുതരം വാനരവൃന്ദത്തെയാണ്. ഉള്ളിൽ ഭയം തൽക്കാലം തോന്നിയെങ്കിലും ജേററിൽ മുന്നോട്ടു നടന്നു. എന്നാൽ അവ ഒട്ടും ഉപദ്രവികളല്ലെന്നും, അവയെ ശങ്കിച്ചതു പാപമാണെന്നും, ഭയപ്പെട്ടതു എൻെറ പൌരുഷത്തിന്നു പോരായ്മയായി എന്നും എനിക്കു ബോദ്ധ്യമായി. നമ്മുടെ വഴിയിൽ ഇടക്കിടക്ക് കുന്നിൻവശങ്ങളിൽ കുഴൽവെള്ളംപോലെ ഒഴുകിവീഴുന്ന മുത്തുമറിക്കൊത്ത തണുത്ത വെള്ളം യാത്രാശ്രമത്തിൽ വലിയ ആശ്വാസത്തെ നൽകുന്നുണ്ട്. ദേവപ്രയാഗയിൽനിന്നു ഏകദേശം പത്തുനാഴിക നടന്നശേഷം രാമപുർ എന്ന ഒരു സ്ഥലത്തു രാത്രി സങ്കേതമാപ്പിച്ചു. (രാമപുർ എന്നു പേരുള്ള വേറെയും ഒരു ചട്ടി ഇനി വഴിയിൽ വരുവാനുണ്ട്).

നാനാഭാഗങ്ങളിലും മലകൾ നിറഞ്ഞിരിക്കുന്നതിന്മദ്ധ്യേ ഒരു തുറന്ന സ്ഥലത്ത്, കുറെ താഴെ നിന്നുള്ള അളക്നന്ദാഝർഝരം ശ്രവിച്ചുകൊണ്ട്, നിത്യഭാസ്സുങ്ങളായ നക്ഷത്രങ്ങളെ നോക്കിക്കൊണ്ട്, മണ്ണിൽ കംബളം വിരിച്ചു കിടന്നിരുന്ന ആ രാത്രി എത്ര മൃദുകമനീയമായിരുന്നു! എന്നാൽ 'സർ ചിന്നോദചാപല്യം' അത്രമാത്രംകൊണ്ടു തൃപ്തിപ്പെട്ടില്ല. മലകൾ, നദികൾ, വിപുലമായ സ്ഥലാന്തരം ഇവയെ എല്ലാം ഉല്ലംഘിച്ചു സ്വദേശം പ്രാപിച്ച് സുഹൃന്മിത്രാദിസാന്നിദ്ധ്യം ആ ചഞ്ചലാത്മാവ് ആസ്വദിച്ചു. പെട്ടെന്നു ഞെട്ടിയുണർന്നപ്പോൾ, ഒരു യുദ്ധരംഗത്തിലേക്കുള്ള ദൂരയാത്രയിൽ ഒരു വൻപട രാത്രിയിലൊരേടത്ത് സമൂഹം ചേർന്നു (bivouac) ശയിക്കുന്നതുപോലെ, നക്ഷത്രപ്രകാശത്തോടുകൂടിയ ആ നിശ്ശബ്ദരാത്രിയിൽ നിരവധി തീർത്ഥയാത്രികൾ എന്റെ ചുറ്റും അവിടവിടെ കിടന്നുറങ്ങുന്നു! ചാപല്യപ്രണീതമായ ആ സ്വപ്നവും നിർഭേദമായ ഈ യാഥാർത്ഥ്യവും തമ്മിലുള്ള അന്തരം എന്തുമാത്രം!

കാലത്തു നാലുമണിക്കു (ഏപ്രിൽ 27-ാംനു-) എഴുന്നേറ്റു നടക്കുവാൻ തുടങ്ങി. ഇടക്കു ജനവാസവും കോതമ്പുവിളയും മാറു കൃഷിയും ആട്ടുമാട്ടുകളും ഉള്ള താഴ്വാരമാർഗ്ഗം, പ്രത്യേകിച്ചും രാവിലെ, നല്ല ഉന്മേഷപ്രദമായി തോന്നി. അർജ്ജുനപദം എന്ന ഒരു സ്ഥലത്തു ഒരമ്പലം വഴിക്കുണ്ട്. 'കിരാത'ത്തെയും അർജ്ജുനനേയും ചേർത്തുകൊണ്ടു എന്തോ ചില കഥയും ആ സ്ഥലത്തെ

സംബന്ധിച്ചു കേൾക്കയുണ്ടായി. ഒരു ഒമ്പതു നാഴികയോളം നടന്നശേഷം രാവിലെ എട്ടുമണിക്കു ശ്രീനഗരത്തിൽ എത്തി.

കാഷ്മീറിന്റെ തലസ്ഥാനമായ ശ്രീനഗരമല്ല ഇത്. എന്നാൽ ഇതു ഗാഢ്വാൽ എന്ന മലഡിസ്ട്രിക്ടിലെ വളരെ പ്രധാനമായ ഒരു നഗരമാണു. ബദരി-ഹരിദ്വാർ വഴിയിൽ മേൽഭാഗത്തുനിന്നു താഴോട്ടെണ്ണിയാൽ 106-ാംകല്ലിങ്ങലാണ് ഈ പട്ടണം സ്ഥിതി ചെയ്യുന്നതു. ചക്രത്തിന്മേലുരുളുന്ന വാഹനം വല്ലതും ഒരു വിധം പോകത്തക്ക റോഡിലേക്കെത്തുവാൻ എത്തു പ്രകാരത്തിലും ഇവിടേനിന്നു അമ്പതിലധികം നാഴിക ദൂരം ഉണ്ട്. എന്നാൽ ഇവിടെ തപാലും കമ്പിയും ആഫീസുണ്ട്. രൂർക്കി എന്ന സ്ഥലത്തോടാണത്രെ കമ്പിബന്ധം. ഇവിടെ ഒരു ചെറിയ നല്ല ആസ്പത്രിയുണ്ട്. അതിലെ ഒരു ഡോക്ടരുമായി കുറച്ചുനേരം സംഭാഷിച്ചുകൊണ്ടിരുന്നു. ഇവിടത്തെ ജനസംഖ്യ ഏകദേശം രണ്ടായിരമാണത്രെ. തീൎത്ഥയാത്രിബാഹുല്യം ഈ കണക്കിൽ പെട്ടിട്ടില്ലെന്നുതന്നെ വെക്കണം. തിബത്തും ഇന്ത്യയും തമ്മിൽ ഹിമാലയച്ചുരങ്ങൾ വഴിക്കു സാംസ്കാരികബന്ധം പുലൎത്തപ്പെട്ടുപോന്നിരുന്ന പഴയ കാലങ്ങളിൽ ബദരീനാഥമാൎഗ്ഗത്തിലുള്ള പല സ്ഥലങ്ങളിലും ബുദ്ധമതം പ്രചാരത്തിലിരുന്നുവത്രെ. ഇപ്പോൾ ഇവിടങ്ങളിൽ കാണുന്ന ചില വിഗ്രഹങ്ങളും മററും അതിന്നു സാക്ഷ്യം വഹിക്കുന്നുണ്ടെന്നും ഒരു പക്ഷമുണ്ട്. എന്നാൽ ബുദ്ധമതക്കാർ ഇപ്പോൾ ഇവിടെ

ഇല്ലെന്നുതന്നെയാണ് കാണുന്നത്. ഒരു ഹൈസ്കൂളും ക്രിസ്ത്യൻ മിഷ്യനറിമാരും ഇവിടെയുണ്ട്. ഈ മലപ്രദേശങ്ങളിൽ ജനപദങ്ങളെല്ലാം ഏതു വിധത്തിലും ഹിന്ദുജനപദങ്ങളായിട്ടാണ് ഇന്നും കാണുന്നത്. വിശാലസ്ഥലങ്ങളും വലിയ കെട്ടിടങ്ങളും അങ്ങാടിയും ഷാപ്പുകളും ഹോട്ടലുകളും ഇവിടെ ഉണ്ട്. അമ്പലവും നല്ല ധർമ്മശാലയും നദീതീരവും തീർത്ഥയാത്രക്കാർക്ക് ഉപകാരമായിത്തീരുന്നുണ്ടെന്നു പറയേണ്ടതില്ലല്ലോ.

അളകനന്ദയിൽ കുളിച്ചു, ചില ഹിന്ദുസ്ഥാനി 'സാധു'ക്കൾ പാകം ചെയ്തുതന്ന 'ധാൾറൊട്ടി'യും (പരിപ്പും റൊട്ടിയും) കഴിച്ച് പട്ടണം വിട്ടു ഒരു മാവിൻ ചുവട്ടിൽ കുറെനേരം വിശ്രമിച്ചു. ചില സഹയാത്രികൾക്ക തപ്പാലിൽ ഇടുവാനുള്ള കത്തുകളുടെ മേൽവിലാസം ഇംഗ്ലീഷിലെഴുതിക്കൊടുത്തു. പിന്നീടു യാത്ര തുടന്നു. നടക്കുന്നതെല്ലാം ഒരേ വീർപ്പിലല്ലെന്നും ഇടക്കിടെ തണുത്ത പച്ചവെള്ളം അമൃതോപമം കുടിച്ചു ഇരുന്നു ആശ്വാസം കൊള്ളുന്നതു പതിവാണെന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ. വൈകുന്നേരത്തോടുകൂടി ആകെ ആ ദിവസം ഒരു പതിനേഴു നാഴിക നടന്നാറെ ബദരിയിൽനിന്നു 98-ാംകല്ലുള്ള ഭട്ടിസേര എന്ന ചട്ടിയിലെത്തി. ഹിന്ദുസ്ഥാനത്തിലെ ഉൾഗ്രാമങ്ങളിൽനിന്നു ശുദ്ധഹൃദയരായ ഓരോ പഴയ സമ്പ്രദായക്കാർ യാത്രയിൽ ധാരാളമുണ്ടു. ഒരു കാരണവര് എനിക്കു രാത്രി കുറെ 'സാത്തു' സൽക്കരിക്കുകയുണ്ടായി. നല്ല വെള്ളക്കോതമ്പുമാവു നൈ പുരട്ടി വറുത്തു പഞ്ച

സാരീയും ററവും ചെത്തു മൃദുവാക്കിയ ഒരു പൊടിയാണ്
സാത്തു. ഇതു ചിലർ വഴിയാത്രയിൽ കരുതാറുണ്ട്.
ഇതു കഴിച്ചു വെള്ളവും കുടിച്ചു കിടക്കുകയാണു ചിലർ
രാത്രി ചെയ്യുന്നത്.

പിറേറന്നു രാവിലെ (ഏപ്രിൽ 28) യാത്ര തുടൎന്നു.
ഈ താഴ്വാരങ്ങളിൽ കന്നുപൂട്ടുന്ന കരി (കലപ്പ) കളും
മലയാളത്തിലെ കരികളും തമ്മിൽ നല്ല സാദൃശ്യം ക
ണ്ടു. കുറെ കേറിറക്കമായി ഒരു പത്തുനാഴിക നടന്ന
ശേഷം ബദരിയിൽനിന്നു 88-ാം കല്ലിങ്കൽ സ്ഥിതി
ചെയ്യുന്ന രുദ്രപ്രയാഗയിൽ എത്തി. ഇപ്പോൾ ഹരി
ദ്വാരത്തിൽനിന്നു ആകെ 95 നാഴിക ദൂരം നടന്നുക
ഴിഞ്ഞു.

കേദാരനാഥപാദങ്ങളിൽ നിന്നു വരുന്ന മന്ദാകി
നി എന്ന ചെറുനദി ബദരീനാഥപാദങ്ങളിൽനിന്നൊ
ഴുകുന്ന അളകനന്ദയിൽ ചേരുന്ന സ്ഥലമാണ് രുദ്രപ്ര
യാഗ. ബദരീനാഥവഴിയിൽനിന്നു അളകനന്ദയ്ക്കുമേലു
ള്ള ഒരു പാലം കടന്നു നാം ഇവയുടെ സംഗമസ്ഥല
ത്തേക്കു വരുന്നു. ഇവിടെ ഒരു വലിയ ധൎമ്മശാലയുണ്ടു.
കേദാരനാഥത്തിലേക്കു പോകുവാൻ ഭാവമില്ലെങ്കിൽ ഇ
പ്പറഞ്ഞ പാലം കടക്കാതെ നേരിട്ടു, അളകനന്ദയെ ഇ
ടത്താക്കിക്കൊണ്ടു തന്നെ, യാത്ര തുടൎന്നാൽ മതി. അ
പ്പോൾ കൎണ്ണപ്രയാഗ, നന്ദപ്രയാഗ മുതലായ ചില
സ്ഥലങ്ങളിൽക്കൂടെ ചാമോലീലാൽസാംഗയിലെത്തും.
ഭൂരിപക്ഷം യാത്രക്കാർ അങ്ങിനെ നേരിട്ടു പോകാത്തവ
രാകയാൽ അവർ ഈ പാലം കടന്നു വന്നു കേദാര

ന്നിലേക്ക പോയി പിന്നീട്ട ഇതിലെ വരാതെ ചമോലിലാല് സാംഗായിലെത്തിച്ചേരുന്നു. കേദാരവഴിക്കാരനായ ഞാനും പാലംകടന്നു ധർമ്മശാലയിൽ വന്നു.

ഈ പ്രദേശങ്ങളിൽ രുദ്രപ്രയാഗയെയും, പക്ഷേ ദേവപ്രയാഗയിലുംചെറുതായ ഒരു പട്ടണമായി കണക്കാക്കാം. തപാലാപ്പീസ്, അങ്ങാടി, ഒരു രുദ്രക്ഷേത്രം, ധർമ്മശാല എന്നിവയെല്ലാം ഇവിടെ ഉണ്ടു. മന്ദാകിനി അളകനന്ദയിൽ ചേരുന്ന സ്ഥലത്തേക്കുള്ള കരിങ്കല്പടവുകളിൽക്കൂടെ കുറെ ഇറങ്ങിയാൽ ജനങ്ങളാൽ ആരാധിക്കപ്പെടുന്ന ഒരു ശില പ്രത്യേകം കാണാം. അതിനെ നാരദശില എന്നു വിളിച്ചുവരുന്നു. അതു നാരദൻതന്നെ അവിടെ വെച്ചിട്ടുള്ളതാണെന്നും, ദീർഘ സംവത്സരങ്ങൾ (പതിനായിരമായിരിക്കാം) അദ്ദേഹം ധാരമുറിയാതെ ധ്യാനത്തിലിരുന്ന ഒരു ഇരിപ്പിടമാണ് അതെന്നും പറഞ്ഞുകേൾക്കുന്നു. പ്രകൃത്യനുഗ്രഹീതമായ ആ സ്ഥലത്തു പണ്ടു ഋഷികൾ ദീർഘ സമാധിസ്ഥരായി ഇരുന്നിട്ടില്ലെന്നു വിചാരിക്കുവാൻ യാതൊരു ന്യായവും ഇല്ല.

ഒരാളോട്ട ചെമ്പുപാത്രം കടംവാങ്ങി ഞാൻ തന്നെ ഭക്ഷണം പചിക്കുവാൻ ഭാവിച്ചു. ആരും സഹായമില്ലാതെ, ആ പണിയിൽ പരിചയവും പോരാതെ ഞാൻ കഴങ്ങുന്നതു കണ്ടുകൊണ്ടിരുന്ന ഒരു ഹിന്ദുസ്ഥാനി വിധവ മാതൃനിർവ്വിശേഷമായ ആലിയോടും ശാസനയോടുംകൂടെ എന്റെ കൈയിൽനിന്നു ആ പ്രവൃത്തി ഏറെടുത്തു ക്ഷണനേരംകൊണ്ടു ഭക്ഷണം തെയ്യാറാ

ക്കിതന്നു. കാണികളിൽ പലരും എനിക്കു പാചകവൈദഗ്ദ്ധ്യമില്ലാത്തതിനെപ്പററി പരിഹസിക്ക മാത്രമായിരുന്നു ചെയ്തതു്.

സിസ്ഡ്- കാത്ത്യാവർ അതൃത്തികളിൽ സ്വദേശമായ ഒരു തടിച്ചു കറുത്ത മനുഷ്യൻ യാത്രീലോകത്തിലുണ്ടായിരുന്നു. അദ്ദേഹം വളരെ കാലമായി മൌറിഷ്യസ് ദ്വീപിൽ ഒരു സ്ഥിരവാസിയാണത്രേ. അതുകൊണ്ടു ഫ്രഞ്ച് ഭാഷയും കുറച്ചറിയാം. വേദാന്തവിഷയത്തിൽ വലിയ തല്പരനാണ്. എന്നോടു ഒരു സ്വന്തം കുട്ടിയോടെന്നപോലെ പെരുമാറി, പല തത്വജ്ഞാനങ്ങളും പറകയുണ്ടായി. അദ്ദേഹത്തിന്നു നടക്കാൻ നല്ല ശേഷിയുണ്ടായിരുന്നില്ലാഞ്ഞതുകൊണ്ടു ഒരു 'ഖൺഡി'യിലാണ് സഞ്ചരിച്ചിരുന്നതു. പാശ്ചാത്യവിദ്യാഭ്യാസം നേടിയ വേറെ രണ്ടുമൂന്നാളുകളേയും ആ രുദ്രപ്രയാഗയിലെ ധർമ്മശാലയിൽ കണ്ടു. ശ്രീനഗര (ഗ്രാവ്വാൽ) ക്കാരനായ ഒരു ക്രിസ്ത്യൻ പാതിരിയേയും (Methodist Church) രുദ്രപ്രയാഗയിൽ കാണുകയുണ്ടായി. ഞാൻ ഏതുതരം വിശ്വാസങ്ങളോടും ആദർശങ്ങളോടും കൂടിയാണ് ബദരീനാഥയാത്ര പുറപ്പെട്ടതെന്നറിവാൻ അദ്ദേഹത്തിന്നു കൌതുകമുള്ളതായിതോന്നി. മതപ്രചാരവേലയിൽ ഏർപ്പെട്ടിരുന്ന അദ്ദേഹം തന്റെ കൈയിലുണ്ടായിരുന്ന കുറെ ഹിന്ദി ലഘുപത്രങ്ങൾ വായിക്കാനറിയുന്ന യാത്രികൾക്കെല്ലാം സൌജന്യം കൊടുത്തിരുന്നു. എനിക്കും മററു ചിലക്കും ചില ഇംഗ്ലീഷ് കോപ്പികൾ തന്നു. സാധാരണ പാതിരികളുടെ പ്ര

ചാരക പ്രവർത്തിയിൽ അനാശാസ്യങ്ങളെന്നു ഞങ്ങൾക്കു തോന്നിയ ചില സംഗതികളെ ഞങ്ങളിൽ ചിലർ ചൂണ്ടിക്കാണിച്ചു. ആ പാതിരിയും ഞങ്ങളും തമ്മിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ അഭിപ്രായഭേദങ്ങളുണ്ടായിപ്പോയെന്നു ഒട്ടും ഭയപ്പെടേണ്ടതില്ല. എന്നാൽ സംഭാഷണം ഒടുവുവരെയും അന്യോന്യം വളരെ തൃപ്തിയോടും സന്തോഷത്തോടും കൂടിയാണ് ഉണ്ടായതു.

ധർമ്മശാലയുടെ മുകളിൽ വൈകുന്നേരം യാത്രക്കാരുടെ ഇടയിൽ നല്ല സംസ്കൃതവിദ്വാനായിരുന്ന ഒരു ബ്രഹ്മചാരി ഹിന്ദിയിൽ പ്രസിദ്ധമായ തുളസീദാസരാമായണം വായിച്ചു വ്യാഖ്യാനിച്ചുകൊണ്ടിരിക്കുന്നതിനു ചുററും സന്ന്യാസിമാരും മററുള്ളവരും സദസ്സ് കൂടിയിരുന്നു. കൂട്ടത്തിൽ അനേകം സ്ത്രീകളും ഉണ്ടായിരുന്നു. ഇവരുടെ മുഖത്തു സ്ഫുരിച്ചുകൊണ്ടിരുന്ന ഭക്തിയും വിശ്വാസവും ശ്രദ്ധയും ഏതൊരു യുക്തിശാലിയുടെയും മനസ്സിനെ ഇളക്കത്തക്കതായിരുന്നു. കാലശക്തിയാൽ കേടും വരുത്താൻ കഴിഞ്ഞിട്ടില്ലാത്ത നിത്യ നിർമ്മല്യപുസ്തകങ്ങളിൽ ഒന്നല്ലേ രാമായണം?

"നിർമ്മലം രാമചന്ദ്രചരിതം രസായനം
ത്വന്മുഖോൽഗളിതമാവോളം പാനംചെയ്താലും
എന്നുള്ളിൽ തൃപ്തിവരികെന്നുള്ളതില്ലയെല്ലോ".

വായനയുടെ ഒടുവിൽ ആ സദസ്സിലെ ചിലരുടെ വകയായി അവിടെ കൂടിയിരുന്നവർക്കെല്ലാം ഒരു വിശേഷ പാനീയ സൽക്കാരം ഉണ്ടായി. പിന്നീടു മാത്രമാ

ണ് അതെന്തായിരുന്നുവെന്നു ഞാൻമനസ്സിലാക്കിയതു്. എൻെറ ആകെ ആശ്ചര്യത്തെയും കട്ടവിലത്തെയും 'ഭാങ്ങ്' പാനം അതായിരുന്നു. ഈ സാധനം വേറെ ചില വിശേഷ വസ്തുക്കളോടുകൂടി അരച്ചു പാലിൽ കലക്കി ഒരു പാനീയമാക്കിയാണ് കഴിക്കുന്നതു. ഉത്തരേന്ത്യയിൽ, പ്രത്യേകിച്ചും 'സാധു' ലോകത്തിൽ, സർവ്വസാധാരണമായ ഹുക്കാവലിക്കുപുറമെ ഈ നടവടിയും ധാരാളം കണ്ടുവരുന്നു. ഗഞ്ചാ അവീനും യന്ത്രശാലകളിലെ പ്രവൃത്തിക്കാരുടേയും മററു ജനങ്ങളുടേയും ഇടയിൽ പ്രചരിക്കുന്നതിനു പുറമെ മതത്തിൻെറയും യോഗത്തിൻെറയും സന്ന്യാസത്തിൻെറയും പേരിലും അവ ഭാരതഭൂമിയിൽ വിളയാടുന്നു!

രാത്രിയിൽ തീർത്ഥയാത്രക്കാരായ ചില ഹിന്ദുസ്ഥാനിസ്ത്രീകളുടെ ഭക്തിവിഷയകങ്ങളായ പാട്ടുകളും ശ്രദ്ധേയമാണ്. രാമചന്ദ്രനും സീതാദേവിയും ഹനുമാൻജിയും ചേരാത്ത കീർത്തനങ്ങൾ ചുരുങ്ങും. മിക്ക പാട്ടുകളുടേയും രീതിയും ഒന്നുതന്നെ. ഈ രീതിയും സിക്കുകാരുടെ ചില സങ്കീർത്തനങ്ങളുടെ മട്ടും, നമ്മുടെ തച്ചോളിപാട്ടുകളുടെ മാതിരിയും, എല്ലാം ഒരേ മാമൂൽ രാഗമായിട്ടാണ് ചെവിയിൽ പതിയുന്നതു. നമ്മുടെ എല്ലാദേശക്കാർക്കും ഒരുപോലെ ബാധകമായ ചില എണ്ണങ്ങളുണ്ടെന്നു മുമ്പു ഒരു കരി (കലപ്പ) സാദൃശ്യത്തെപ്പററി പറഞ്ഞതിൽനിന്നു വെളിവാണല്ലോ. ഇപ്രകാരം അഹമദാബാദിലെ ചില സാധുമുസൽമാൻ സ്ത്രീകളും ജാംഷെഡ്പൂരിൽ പ്രവർത്തിക്കാരായ ചില സംഗ

ഢിയാ സ്ത്രീകളും ഒരുവിധം മാന്മാർക്കൈകൊട്ടിക്കളിയിൽ പാടുന്ന പാട്ടുകൾക്കു മലയാളത്തിലെ ചെറുമികളുടെ നടീൽപാട്ടുകളോടു നല്ല സാസാദൃശ്യമുണ്ടെന്നാണ് എനിക്കു തോന്നീട്ടുള്ളതു്. ആദികാലങ്ങളിൽ എല്ലാമനുഷ്യരുടേയും വികാരങ്ങൾക്കും ആ വികാരങ്ങളെ പ്രദശിപ്പിക്കുന്ന സമ്പ്രദായങ്ങൾക്കും ഒരു ഐകരൂപ്യമുണ്ടായിരുന്നിരിക്കാൻ ന്യായമുണ്ടല്ലോ?

൧൧

## വിമൎശനബുദ്ധിയെക്കുറിച്ച് ഒരു പ്രസംഗം.

പിറേറന്നു (ഏപ്രിൽ 29-ാംനു-) കാലത്തു രുദ്രപ്രയാഗയിൽനിന്നു കേദാരത്തിലേക്കുള്ള വഴിയൂടെ പുറപ്പെട്ടു. രുദ്രപ്രയാഗയിൽവെച്ചു നാം അളകനന്ദയെ വെടിയുന്നു. ഇനി വണ്ടും അതിനെ കാണുന്നതു ചമോലീച്ചാല് സംഗയിൽ വെച്ചായിരിക്കും. മന്ദാകിനീ നദി തൽക്കാലം നമ്മുടെ ഇടഭാഗത്തുണ്ടു. മന്ദാകിനീ തടത്തിൽക്കൂടി നാം ആറുനാഴിക മേലോട്ടു ചെന്നാൽ ഭീല് എന്നു പറയുന്ന ഒരു ചെറിയ അരുവി മറുകരയിൽ ഈ നദിയോടു ചേരുന്നു. ആ സ്ഥലവും, അത്ര മുഖ്യമായതല്ലെങ്കിലും, ഒരു പ്രയാഗ—സൂൎയ്യപ്രയാഗ—യാണത്രെ. ശ്രീനഗരക്കാരനും (Garwal) അല്ലഹബാദ് സൎവ്വകലാശാലയിലെ ഒരു വൈദ്യവിദ്യാൎത്ഥിയുമായ ഒരു യുവാവിനെ വഴിയിൽ കാണാനിടവന്നു. അദ്ദേഹം തന്റെ ഒരു പ്രൊഫസറുടെ തീൎത്ഥയാത്രയിൽ തന്നാൽ കഴിയുന്ന ഒത്താശ ചെയ്യുവാനായി കേദാരനാഥത്തിലേക്കു പോകയായിരുന്നു. മന്ദാകിനീതടത്തിൽ ഒരു ആൽച്ചുവട്ടിൽ ഇരുന്നു കുറേനേരം ആ യുവാവുമായി സല്ലാപിച്ചു. അന്നു പിന്നെയും കുറെ സമയം ഞങ്ങൾ ഒന്നായിച്ചേൎന്നിരുന്നു. അദ്ദേഹത്തിന്റെ ആ പ്രൊഫസർ ഒരു സയൻസ് വിദഗ്ദ്ധനാണെന്നും എന്നാൽ

മതകാൎയ്യങ്ങളിൽ കേവലം പൂൎവ്വാചാരതല്പരനാണെന്നും ഈ തീൎത്ഥയാത്രയെ മോക്ഷഹേതുകമെന്നു ആന്തരമായി വിശ്വസിക്കുന്ന ഒരാളാണെന്നും ആ യുവാവു പറകയുണ്ടായി. കുറെക്കൂടി നടന്നശേഷം, ഹിമക്കട്ടിയാൽ മൂടപ്പെട്ട ചില പൎവ്വതപാൎശ്വങ്ങൾ ആദ്യമായി അന്നാണ് ദൂരത്തിൽ കാണാറായത്. വെയിലിൽ അവ വെള്ളിപോലെ ശോഭിച്ചിരുന്നു. ചിലപ്പോൾ, വെള്ളമണൽ നിറഞ്ഞിരിക്കുന്ന കുന്നിൻഭാഗങ്ങളാണെന്നും തോന്നിയേക്കാം. ഹേമന്തകാലത്തു് ഹിമക്കട്ടിമൂടിയ പൎവ്വതങ്ങൾ കാണാൻ അത്ര ദൂരമൊന്നും പോകേണ്ടതില്ല. ഞങ്ങളുടെ വഴിയിൽ ചിലേടങ്ങളിൽ ശൈത്യാധിക്യത്താൽ ഇലകളെല്ലാം കൊഴിഞ്ഞിരുന്ന വൃക്ഷങ്ങൾ ഇപ്പോഴും വീണ്ടും തളിൎത്തു തുടങ്ങുന്നേയുള്ളു. ഫലപുഷ്പാദികളുടെ സമൃദ്ധി ഇനിയും ആസ്സൂഴിത്തിട്ടില്ല. രുദ്രപ്രയാഗയിൽനിന്നു ഒമ്പതോ പത്തോ നാഴിക നടന്നശേഷം അഗസ്ത്യമുനിയെന്ന ഒരു ചട്ടിയിൽ ഒരു ഒമ്പതുമണിയോടുകൂടി എത്തി. അന്നുമുഴുവനും അവിടെ താമസിക്കുകയാണുണ്ടായതു്. കേദാരനാഥത്തിലെ ക്ഷേത്രകവാടം തുറക്കുന്നതിനുമുമ്പായി അതിതീക്ഷ്ണശീതളമായ ആ ഉന്നതസ്ഥാനത്തെ വളരെ സമീപിക്കേണ്ടതില്ലെന്നാണ് അധികം യാത്രക്കാരും നിശ്ചയിച്ചിരുന്നതു്. അഗസ്ത്യമുനിയിൽ ഒരു അഗസ്ത്യക്ഷേത്രവും ധൎമ്മശാലയും മററും ഉണ്ടു്.

ഉയൎന്ന ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ച രണ്ടു ബങ്കാളികളെ അഗസ്ത്യമുനിയിൽവെച്ചു കാണുകയുണ്ടാ

യി. അതിലൊരാൾ രാമകൃഷ്ണമിഷ്യനിൽചേൎന്ന ഒരു സന്ന്യാസിയായിരുന്നു. പല വിഷയങ്ങളുടെ കൂട്ടത്തിൽ 'സഹകരണത്യാഗ' ത്തെപ്പററിയും, അപ്പോൾ സ്വാഭാവികമായി, ഗാന്ധിജിയെപ്പററിയും സംസാരിപ്പാനിടവന്നു. ഷ്ലത്ര്യയും വിനയത്തോടും ഭക്തിയോടും കൂടിയാണ് ഞാൻ ആ മഹാത്മാവിനെ എന്റെ ഹൃദയത്തിൽ കുടിവച്ചിട്ടുള്ളത്. എന്നാൽ വേറെയുള്ള ആദൎശങ്ങളെ ഞാൻ നിരസിക്കേണമെന്നുണ്ടോ? എന്നുതന്നെയല്ല, ഗാന്ധി ചെയ്യുന്നതും ഗാന്ധി പറയുന്നതുമായ സമസ്തങ്ങളെയും നിത്യസത്യങ്ങളായ വേദമായി കരുതേണമെന്നുണ്ടോ? ഗാന്ധിജിയോടുള്ള എന്റെ അകൈതവമായ ബഹുമാനത്തെ എല്ലാ ബഹളങ്ങളിലും 'ഗാന്ധികിജേ' മുഴക്കിയും ഗാന്ധിയുടെ കാലിൽ വീണു ചുംബിച്ചുംതന്നെ പ്രദൎശിപ്പിക്കേണമെന്നുണ്ടോ? ഈ സ്വാതന്ത്ര്യ മനോഭാവം ആ രാമകൃഷ്ണസേവകനു തീരെ രസിച്ചില്ല. നമ്മുടെ വലിയ നേതാക്കന്മാരെ 'ചുമ്മാ' അനുകരിക്ക മാത്രമാണ് നാം ചെയ്യേണ്ടതെന്നും, മഹാന്മാരുടെ ആദൎശങ്ങളെയും പ്രവൃത്തികളേയും നിരൂപണം ചെയ്യുവാൻ നമ്മെ പ്രേരിപ്പിക്കുന്നതു വെറും ചൈതന്യമാണെന്നും, നമ്മിലേക്കാൾ തുലോം ഉപരിയായി അന്യരിൽ കാണുന്ന വാസനാഗുണങ്ങളെയും യോഗ്യതകളെയും മഹത്വത്തെയും സമ്മതിക്കുവാനുള്ള വൈമനസ്യത്തിൽനിന്നും ഗൎവ്വിൽനിന്നുമാണ് വിമൎശനബുദ്ധി പുറപ്പെടുന്നതെന്നും, മററും, കുറെ ചുകന്നും ചൊടിയോടുകൂടെയും ആ ബംഗാളിമാന്യൻ എന്നോടു പ്രസംഗിക്ക

യുണ്ടായി. ഗാന്ധിജിയുടെ മഹത്വത്തെ സമ്മതിക്കുവാൻ ഒരുക്കമില്ലാത്ത ഒരു അസൂയാലു, വണക്കവും വന്ദനവും ഇല്ലാത്ത ഒരു കപടഹൃദയൻ, എന്ന നിലയിൽ അന്യരുടെ ദൃഷ്ടിയിൽ പെടുവാനിടയാകുന്നതു എന്റെ എന്തൊരു യോഗമാണ്! ഏതുകാലത്തും ഏതുദേശത്തും ഉണ്ടായ യഥാർത്ഥ വിശിഷ്ടാത്മാക്കളിൽ ഒരു പ്രധാനനാണ് ഗാന്ധിജിയെന്നു ഞാൻ ഹൃദയപൂർവ്വം വിശ്വസിക്കുന്നുവെന്നും ഇന്നു ലോകത്തിൽ മറ്റാരെക്കാളിലും ആളുകൾക്കെന്നപോലെ ആ മഹാമനുഷ്യൻ എനിക്കും ഒരു ആദർശദീപമാണെന്നും പക്ഷേ ഞാൻ മാത്രമല്ല അറിയേണ്ടതുള്ളൂ? ഈ വാചകം ആ ബംഗാളി എന്നെപ്പോലെയുള്ള ചെറുപ്പക്കാരുടെ അന്തസ്സാരവിഹീനതയെക്കുറിച്ചു 'രോഷം' കൊള്ളുകയും അനുശോചിക്കയും ചെയ്തു.

വിമർശിക്കുവാനുള്ള ആവശ്യം പ്രേമത്തിനു ഒരിക്കലും നേരിടില്ലെന്നോ? ഗാന്ധിജിതന്നെ പണ്ഡിതമാളവ്യയെയും ആര്യസമാജത്തെയും രവീന്ദ്രനാഥടാഗോറിനെയും, എന്തിനേറെ, നമ്മുടെ 'പൈശാചിക' ഗവർമ്മെന്റിനെത്തന്നെയും വിമർശിക്കുമ്പോൾ പ്രേമമല്ലാതെ മറ്റെന്താണ് അദ്ദേഹത്തെ പ്രേരിപ്പിക്കുന്നതു? ഗാന്ധിജിയുടെ തത്വം ശരിയായി സ്പർശിച്ചിട്ടുള്ളവരിൽ അഗ്രഗണ്യനായ സി. എഫ്. ആൻഡ്രൂസും ഗാന്ധിജിയെത്തന്നെ വിമർശിക്കാറില്ലേ?

മഹാന്മാരെ 'ചുമ്മാ' അനുകരിക്കുന്നതു എല്ലാ സംഗതികളിലും സാദ്ധ്യമാണോ? എല്ലാ മഹാന്മാരും എല്ലാ സംഗതികളിലും യോജിക്കുന്നവരാണോ?

പരസ്പരവിപരീതങ്ങളല്ലെങ്കിൽത്തന്നെയും എല്ലാം മഹാത്മാക്കളുടെയും ആദർശങ്ങളും ജീവിതോദ്ദേശങ്ങളും സന്ദേശങ്ങളും ഒന്നായിരിക്കുമോ? അന്യോന്യവിരുദ്ധങ്ങളല്ലാതെതന്നെ വിഭിന്നങ്ങളായ നാനാ നല്ലാശയങ്ങൾക്കും കർമ്മവ്യവസ്ഥകൾക്കും ഈ വിശാലവിശ്വത്തിൽ സ്ഥലമില്ലേ?

ജഗദീശ് ചന്ദ്രബോസിന്റെ പ്രകൃതിതത്വാന്വേഷണ ലോകത്തിലോ, രവീന്ദ്രനാഥന്റെ കാവ്യലോകത്തിലും, ലിയൊണാർഡോ ഡാവിൻശിയുടെ ചിത്രാലങ്കാരലോകത്തിലോ, അവനവന്റെ വാസനപോലെയും പരിതാവസ്ഥകൾക്കനുസരിച്ചും ജീവിച്ചു വന്നിച്ചു വരുന്ന ഒരുവനുതന്നെ ബുദ്ധദേവൻ അവരിലും ഉപരി മനുഷ്യസൃഷ്ടിയുടെ മകുടമണിയാണെന്നു ഭക്തിപൂർവ്വം ബോദ്ധ്യപ്പെട്ടിരിക്കുക എന്നതു് അസംഭവ്യമാണോ?

എത്ര എളിയവനായാലും താനും ഒരു മനുഷ്യനാണെന്നും, ജീവിക്കുവാനവകാശവും ചിന്താസ്വാതന്ത്ര്യവും തനിക്കും ഉണ്ടെന്നും, വിശ്വവ്യവസ്ഥയിൽ തനിക്കും ഒരു സ്ഥാനം, എത്രതന്നെ രമണീയമല്ല, ഉണ്ടെന്നും ഒരുവൻ അറിയുന്നുണ്ടെങ്കിൽ അതു് ആ കാരണം കൊണ്ടുധിക്കാരമാകുമോ, കളിത്തമാകുമോ, ഭക്തിശൂന്യതയോ അസൂയാബുദ്ധിയോ ആകുമോ?

ആ ബങ്കാളിമാന്യനമായി അപ്പോൾ വാദപ്രതിവാദം ചെയ്യുന്നതു നിഷ്പ്രയോജനമായിരുന്നു. ഞങ്ങൾ വേറെ കാര്യങ്ങളെക്കുറിച്ചു സംഭാഷിച്ചു. പ്രകൃതിയിലെ കാഴ്ച കണ്ടാനന്ദിക്കുവാനും; ദേഹസുഖത്തിനായും; വി

ക്ഷിച്ച്, ഈ വഴികളിൽ ചട്ടകൾ, സദാവൃത്തി, യാത്രക്കാരെ സംബന്ധിക്കുന്ന മറ്റു കാര്യങ്ങൾ ഇവയെ നേരിട്ടു പരിശോധിച്ച് രാമകൃഷ്ണമിഷ്യൻവകയായി ഈ യാത്രാകാലങ്ങളിൽ ഒരു പ്രത്യേക സേവാസമിതി ഏർപ്പെടുത്തേണ്ടുന്ന ആവശ്യകതയുണ്ടോ എന്നു കണ്ടറിയുവാനും ആയിരുന്നു അദ്ദേഹം സഞ്ചരിച്ചിരുന്നതെന്നു പറഞ്ഞു.

അന്നു മന്ദാകിനീതടത്തിൽ ഉയർന്ന ഒരു മൈതാനത്തിൽ പുല്ലിൽ കംബളം വിരിച്ചു നിലാവെളിച്ചത്തു കിടന്നുറങ്ങി.

പുച്ഛവും അസ്പൃശ്യം തന്നെയോ? ഏതുതരം വിമർശനത്തിന്റെയും ഉറവ്? ആ ബംഗാളിയുടെ വാക്കുകളുടെ സാരാംശത്തെപ്പറ്റി ആത്മപരിശോധനാപരനായി പിന്നെയും പിന്നെയും മനസ്സിൽ ചിന്തയുണ്ടായി. എന്തായാലും അകമാന മനുഷ്യമനഃപ്രകൃതിക്കു വിരുദ്ധമായ ഈ അപഗ്രഥനം ശരിയെന്നു സമ്മതിച്ചുകൊള്ളുവാൻ എനിക്കു കഴിയുന്നില്ല.

## ൧൨

## ചില 'ചട്ടി'കളും, പുരാണസ്മരണകളും

രാവിലെ (ഏപ്രിൽ 80) അഗസ്ത്യമുനിയിൽനിന്നു നാലുനാഴിക നടന്നു ചന്ദ്രപുരി എന്ന ഒരു ചട്ടിയിൽ വന്നു. ഹിമമയങ്ങളായ ശിഖരങ്ങൾ ദൂരെ കണ്ടുകൊണ്ടിരിക്കുന്നു. വളരെകാലം കൊതിച്ചതായ ഹിമാലയത്തിന്റെ യഥാർത്ഥ ഹിമാലയത്വം ആദ്യമായി പ്രത്യക്ഷപ്പെടുമ്പോൾ ചിലർക്കുണ്ടാകുന്ന ആഹ്ലാദവികാരങ്ങൾപോലെയായിരുന്നിരിക്കുമോ പക്ഷെ ശ്രീരാമസങ്കേതമായ ചിത്രകൂടം ദൂരെ ദൃഷ്ടിഗോചരമായിത്തുടങ്ങിയപ്പോൾ ഭരതനുണ്ടായ ഉൾത്തുടിപ്പുകൾ?

ചട്ടികളിൽ സാധാരണയായിരിക്കുന്ന അഴുക്കും വൃത്തികേടും എത്രയും ശോചനീയമാകുന്നു. ഈ വൃത്തികേടും മനുഷ്യനെ എത്രത്തോളം ശല്യതരങ്ങളായിത്തീർക്കുമോ അത്രയും ശല്യങ്ങളായി തീർന്നിരിക്കുന്നു. പീടികക്കാരോ ധർമ്മശാലാ ഭാരവാഹികളോ ആരോഗ്യസംബന്ധമായ യാതൊരു തത്വങ്ങളേയും വകവെക്കാത്തതായി കാണപ്പെട്ടു. 'ചട്ടി'കൾ വൃത്തിയാക്കിവെക്കേണ്ടതിനായി ഗവർമ്മെണ്ടിൽനിന്നും കൊല്ലംതോറും ഒരു നല്ലതുക ചെലവു ചെയ്യുന്നുണ്ടെന്നാണ് കേട്ടതു്. എന്നിട്ടും അതു വേണ്ടപോലെ ഫലപ്പെടാത്തതു് അതിൽ ബാദ്ധ്യതയുള്ള ഉദ്യോഗസ്ഥന്മാരുടെ നോട്ടക്കുറവുകൊണ്ടായിരിക്കാം. സാധാരണ യാത്രക്കാരുടെ ആക്ഷേപാർഹങ്ങളായ ചില

ആചാരസമ്പ്രദായങ്ങളെത്തന്നെയാണ് മുഖ്യമായി കുറ്റപ്പെടുത്തേണ്ടത്. ജനങ്ങൾക്കു വസിക്കാനും വിശ്രമിക്കാനും മറ്റുമുള്ള സ്ഥലങ്ങളെ മലമൂത്രവിസർജ്ജനംകൊണ്ടും തുപ്പൽകൊണ്ടും മറ്റു നാനാവിധങ്ങൾകൊണ്ടും അശുചിയാക്കുവാൻ പാടില്ലെന്നു ഇവിടെ മാത്രമല്ല, ആകെ ഇന്ത്യക്കാരുടെ ഇടയിൽ ഏതൊരു കാലത്തായിരിക്കാം ഉത്തരവാദിത്വബോധം ജനിക്കുന്നതു്? ഉത്തരേന്ത്യയിലെ സാധാരണന്മാർ മലിനകരങ്ങളായ സമ്പ്രദായങ്ങളിൽ സാധാരണ മലയാളികളെ നിസ്സംശയം അതിശയിക്കുന്നുണ്ടു്. നിലത്തും ചുവരിന്മേലും (ഭവനങ്ങളിന്മാത്രമാണെങ്കിൽ വണ്ടിമുറികളിലും) തുപ്പിടുവാൻ അവർക്കു യാതൊരു മടിയും ഇല്ല. അതു ശീലിക്കാത്തവരായ ചില അന്യദേശക്കാർ അവരുടെ ഇടയിൽ വരുമ്പോൾ തങ്ങളുടെ ശുചിത്വത്തെ അവർക്കു പാഠമാക്കുന്നതിന്നുപകരം അവരുടെ മലിനനടപടികളെ തങ്ങൾ പകർത്തുകയാണു ചെയ്യുന്നതു. ഏതായാലും ശുചിപരവും ആരോഗ്യപ്രദവുമായ നടപടികളെ സാധാരണങ്ങളാക്കിത്തീർക്കുന്ന വിഷയത്തിൽ ഇവിടെ രാമകൃഷ്ണമിഷ്യൻകാർക്കു് എന്നല്ല, ഏതു മിഷ്യൻകാർക്കും സേവനമിതിക്കു വകയുണ്ടു്.

വൈകുന്നേരം മൂന്നു നാഴികകൂടി നടന്നു സങ്കേതത്തിന് ഭീരിചട്ടി എന്ന സ്ഥലത്തെത്തി. ഇവിടെ ഭീമന്റെ ഒരു അമ്പലമുണ്ട്. ധർമ്മപുത്രരും അനുജന്മാരും ദ്രൗപദിയും അവസാനം ഹിമാലയത്തേക്കു പോയപ്പോൾ ഭീമസേനൻ മരിച്ചുവീണ സ്ഥലമാണത്രെ ഇതു്. ഒ

പുരുഷകേസരികളുടെ ആയുഷ്കാലചരിത്രത്തിനൊത്ത ചരമമോ അവൎക്ക വിധിക്കപ്പെട്ടിട്ടുള്ളത്? തങ്ങളുടെ ഉററ സഖിയും ഗുരുവും ദേവനുമായ ശ്രീകൃഷ്ണൻ ഭൂരംഗത്തിൽ നിന്നുമറഞ്ഞിരിക്കുന്നുവെന്ന ദുഃഖകരമായ വൎത്തമാനം പാണ്ഡവന്മാൎക്ക അവസാനവൈരാഗ്യം ജനിപ്പിക്കുകയും, ധൎമ്മപുത്രർ മുമ്പിലും അനുജന്മാരും പാഞ്ചാലിയും യഥാക്രമം പിന്നിലുമായി അവർ നേരെ വടക്കോട്ടു ഹിമാലയത്തിലേക്കു നടക്കയും, പാഞ്ചാലിയും അനുജന്മാരും ഓരോരുത്തരായി എല്ലാവരും വഴിയിൽ വീഴുകയും, എന്നാൽ ഇതുകൊണ്ടൊന്നും പുറകെ നോക്കാതെ, മനസ്സു ചഞ്ചലപ്പെടാതെ, യുധിഷ്ഠിരൻമാത്രം മേല്പോട്ടുപോകയും, ചെയ്തുവെന്ന ആ മഹാഭാരതത്തിലെ അന്ത്യഭാഗങ്ങൾ എത്രപേരുടെ ഹൃദയത്തെ ഇളക്കി ദ്രവിച്ചെയ്യുന്നില്ല?

ഇരുട്ടുന്നതിനുമുമ്പ നദീവക്കത്തു ഉരുളൻകല്ലുകളുന്മേലിരുന്നുകൊണ്ടു ചില സന്യാസികളും ആ മൊറിഷ്യസിൽനിന്നു വന്ന ഇന്ത്യക്കാരനുംകൂടി ഭഗവൽഗീത വായിച്ചു വ്യാഖ്യാനിക്കുന്നതു കുറെനേരം കേട്ടു. പിന്നെ രാത്രിയും കുറെനേരം വെളുത്ത വാവിൻനിലാവിൽ ഞങ്ങൾ ആ തീരത്തിൽ സംസാരിച്ചുകൊണ്ടിരുന്നു. അതിനുശേഷം ഞാൻ അമ്പലത്തിൽ, ഭീമസേനന്റെ മുമ്പിൽതന്നെ പോയി കിടന്നു. ശിലകൊണ്ടുള്ള ഭീമവിഗ്രഹത്തിന്റെ മുഖത്തു ഒരു ക്ഷീണഭാവം കാണുന്നെന്നു, മുൻപറഞ്ഞ പാണ്ഡവകഥയെ അനുസ്മരിച്ചുകൊണ്ടിരുന്ന എനിക്കു, തോന്നി.

പിറെറദിവസം (മെയി 1-൦-നു-) കാലത്തു മന്ദാകിനിമേൽ ഒരു പാലംകടന്നു, പിന്നേയും നടക്കാൻ തുടങ്ങി. കുറെകഴിഞ്ഞപ്പോൾ കേററം സാമാന്യത്തിലധികം പ്രയാസമായി. കൃഷിതോട്ടങ്ങളാക്കപ്പെട്ട ചില കുന്നിൻചരിവുകൾ എത്രയും ഭംഗിയായ ഒരു കാഴ്ചയാണ്. കുറെ വിട്ടുനോക്കുമ്പോൾ കാണുന്ന ഹിമമയങ്ങളായ ഗിരിശിഖരങ്ങളാകട്ടെ ഇളവെയിലിൽ അവർണ്ണ്യമാംവർണ്ണം വിളങ്ങിക്കൊണ്ടിരിക്കുന്നു. മന്ദാകിനിനദി ഒരു ഉന്നതപർവ്വതാവലിയുടെ ഇടകളിൽക്കൂടി നരച്ച വെള്ളനിറത്തിലുള്ള ഒരു നൂൽപോലെ വളഞ്ഞു ചുററിപ്പോകുന്നു. കാഴ്ചയും അതിമനോഹരംതന്നെ. പർവ്വതപാർശ്വത്തിൽക്കൂടെ കിടക്കുന്ന നമ്മുടെ വഴിയുടെവക്കിൽനിന്നു് അനേകശതംഅടി താഴെ കിടക്കുന്ന നദിയെ അധികനേരം എത്തിനോക്കുന്നതായാൽ ചിലപ്പോൾ ചിലക്കു തലചുററിയേക്കാം. അപായത്തെ ഭയപ്പെടാവുന്ന ചിലസ്ഥലങ്ങളിൽ വഴിവക്കു് ഉയർത്തികെട്ടപ്പെട്ടിരിക്കുന്നതു യാത്രക്കാരുടെ ഭാഗ്യമാണ്.

ആറുനാഴിക ദൂരം നടന്നശേഷം ഗുപ്തകാശി എന്ന സ്ഥലത്തെത്തി. ഇതിനെ വളരെ സമീപിക്കുന്തോറും വർദ്ധിച്ചുവന്നിരുന്ന കേററം ഏററവും കഠോരമായിരുന്നു. ഗുപ്തകാശിയിലെത്തി, ആശ്വാസത്തോടെ ഒരു നെടുവീർപ്പിട്ടു. ഇവിടെ കുറെ പ്രധാനപ്പെട്ട ഒരു വിശാലമന്ദിരം (അമ്പലം) ഉണ്ടു്. നമ്മുടെ ഗവർണ്ണരും മററു പ്രഭുക്കന്മാരും ഉഷ്ണകാലത്തു സമഭൂമികളെ വിട്ടു നീലഗിരിയിലും മററും പോയി കൂടുന്നതുപോലെ കാശി

വിശ്രാന്തിസ്ഥാനം സുഖവാസത്തിനായി കല്പിച്ച ഒരു ഗിരിമന്ദിരമായിരിക്കുമെ. ഗുപ്തകാശി ക്ഷേത്രത്തിന്റെ മുറ്റത്തു ചത്വരത്തിൽ ഒരു കുളമുണ്ട്. ഇതിലേക്കു രണ്ടു ദ്വാരങ്ങളിൽക്കൂടെ ഉറവുവെള്ളം വീണുകൊണ്ടിരിക്കുന്നു. പിച്ചളകൊണ്ടു ഒരു ആനയുടേയും ഒരു കാളയുടേയും മുഖങ്ങൾ ഉണ്ടാക്കിവെച്ചിട്ടുണ്ട്. അവയുടെ വായിൽകൂടിയാണു് വെള്ളം വീഴുന്നത്. ഒന്നിൽക്കൂടെ യമുനാജലവും ഒന്നിൽക്കൂടെ ഗംഗാജലവുമാണ വരുന്നതെന്നു ഒരു വിശ്വാസം ഉണ്ട്. ശ്രീരാമനും സീതാദേവിയും ഒരിക്കൽ ഇവിടെ സഞ്ചരിച്ചിരുന്നപ്പോൾ ദേവിക്കു ദാഹം ഉണ്ടായിരുന്നു എന്നും ദാഹശാന്തിക്കായി രാമചന്ദ്രൻ കാശിയിൽനിന്നു ശുദ്ധമാർഗ്ഗേണ ഗംഗയെ ഇവിടെ വരുത്തിയതാണ് ഈ വീഴുന്ന വെള്ളമെന്നും ഒരു വിശ്വാസം ഉണ്ട്. ക്ഷേത്രത്തിൽ ദേവനിരിക്കുന്ന കോവിൽമുറിയിൽ കടക്കണമെങ്കിൽ 'സാധുക്കൾ' എന്നറിയപ്പെടുന്നവരൊഴികെയുള്ള സാധാരണ യാത്രക്കാരെല്ലാം പൈസ കൊടുക്കണമെന്നു നിർബ്ബന്ധിക്കുന്ന 'പൂശാരി'കൾ ഇവിടെയും ഉണ്ട്. കാലിക്കംബ്ലിവാലയുടേതു കൂടാതെ വേറെയും ചില സദാവൃത്തി ഇവിടെ കണ്ടു. ഇവിടെ സ്നാനത്തിനു നദി അടുത്തില്ല, മേല്പറഞ്ഞ കുളത്തിലോ വേറെയും കുന്നിൻമുകളിൽ വീണുകൊണ്ടിരിക്കുന്ന വെള്ളത്തിലോ ആണു് കുളി.

വളരെക്കാലമായി ഒരു 'സാധുനി'യായി സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഒരു തമിഴ്‌സ്ത്രീയാണ് അന്നു എന്റെ ഭക്ഷണം പാകംചെയ്തുതന്നതു്. സ്വഭാവക്ക

പുറമെ ഹിന്തുസ്ഥാനിയും തെലുങ്കും ആ സ്ത്രീക്കു വെള്ളം പോലെ സംസാരിക്കും. ഭക്ഷണാനന്തരം ഒരു തോട്ടത്തിൽ അല്പം വിശ്രമിച്ചശേഷം വൈകുന്നേരം പിടന്നായും അല്പം നടന്നു. ഭംഗിയുള്ള പുഷ്പങ്ങൾ ഇടക്കു കണ്ടു. ഫലങ്ങൾ അധികം കാണാനുള്ള കാലം ഇനിയും ആയിട്ടില്ല.

ഗുപ്തകാശിവിട്ടു ഏകദേശം ഒന്നരനാഴിക നടന്നാൽ നാലാചട്ടി എന്ന ഒരു ചെറിയസ്ഥലമുണ്ട്. ഇതു രുദ്രപ്രയാഗയിൽനിന്നു ഏകദേശം 24 നാഴിക ദൂരത്താണ്. അത്രതന്നെ ദൂരം ഈ ചട്ടിയിൽനിന്നു ഇനി കേദാരനാഥത്തിലേക്കും ഉണ്ട്. ബദരീനാഥത്തിലേക്കു പോകുന്ന ഒരു വഴി തിരിയുന്നതും ഈ ചട്ടിയിൽ അടുത്തുവെച്ചാണ്. കേദാരനാഥത്തിലേക്കു നാം പോയാൽ കേദാരത്തിൽനിന്നു ഈ നാലാചട്ടിവരെ വീണ്ടും മടങ്ങിവരുന്നു. അതിൽപിന്നെ ഗുപ്തകാശിക്കും രുദ്രപ്രയാഗയിലേക്കും പോകാതെതന്നെ ഇവിടെനിന്നു ബദരീനാഥത്തിലേക്കു യാത്ര തിരിക്കുന്നു. കേദാരത്തിലെ ഉത്തുംഗ ശിഖരങ്ങളെ ഉല്ലംഘിച്ച് ഉച്ച ഹിമമാർഗ്ഗങ്ങളിൽക്കൂടെ സഞ്ചരിക്കാൻ കഴിഞ്ഞെങ്കിൽ ബദര്യാശ്രമത്തിലേക്കു അവിടെനിന്നു പിന്നെ ഈ വളഞ്ഞ വഴിആയി വരേണ്ടതില്ലായിരുന്നു. എന്നാൽ അതു മനുഷ്യസാദ്ധ്യമല്ലാത്തതുകൊണ്ടു ഇപ്പോഴത്തെ ഈ വളഞ്ഞ വഴിയേ പോകുവാനേ നമുക്കു നിർവ്വാഹമുള്ളൂ.

ഗുപ്തകാശിയിൽനിന്നു പുറപ്പെട്ടശേഷം ഈ നാലാചട്ടിയിൽ താമസിക്കാതെ പിന്നെയും കേദാരനാഥ

പ്രതി മുഴുനാട്ടുപോയി. ആ കൊല്ലം ആ പ്രദേശത്തെല്ലാം കോതമ്പും ധാരാളം വിളഞ്ഞിട്ടുണ്ടെന്നതു പ്രത്യക്ഷമായിരുന്നു. എന്നാൽ അരിക്കു കോതമ്പത്തേക്കാൾ ജാസ്തി വില ചില ചട്ടികളിൽ കെട്ടിക്കണ്ടിയിരിക്കുന്നു. നമ്മുടെ വഴിയിൽ ഈ പ്രദേശങ്ങളിലെ ആൺകുട്ടികളും പെൺകുട്ടികളും ചില മുതിർന്നവരും യാത്രക്കാരോടു പൈസ സൂചി മുതലായ സാധനങ്ങളെ യാചിക്കുന്നതു് ചിലപ്പോൾ വലിയ ശല്യമായിത്തീരാറുണ്ടു്. അവർ ചില മാമൂൽപ്പാട്ടോടുകൂടിയാണു് നമ്മുടെ കൂടെ കൂടുന്നതു. ആ രസകരമായ പാട്ടിൽ അഭ്യർത്ഥനയും അനുഗ്രഹവും യാചനയും രാമനാമവും പാണ്ഡവന്മാരും കേദാരനാഥഭക്തിയും എല്ലാം കലർന്നിരിക്കും. ചില തീർത്ഥയാത്രക്കാർ ഇവർക്കായി സൂചികൾ, ചില്ലറയായി മാറിയ പണം ഇവയൊക്കെ മുൻകൂട്ടി കൊണ്ടുവരാറുണ്ടു്.

അസ്തമിക്കുന്നതിനു മുമ്പു് തന്നെ അന്നു ഭദ്രശാരം എന്ന ഒരു സ്ഥലത്തെത്തി. ഇതിനെ ഭേദ്ദച്ചട്ടി എന്നും ഭോതാച്ചട്ടി എന്നോ വേറെ വിധത്തിലും പറഞ്ഞുവരുന്നുണ്ടെന്നു തോന്നുന്നു. ഇതു ഗുപ്തകാശിയിൽനിന്നു ഏകദേശം 2 നാഴിക, അല്ലെങ്കിൽ രുദ്രപ്രയാഗയിൽനിന്നു മൊത്തത്തിൽ 25 നാഴിക ദൂരത്താണു്. ഭദ്രശാരം ചുറ്റി മനോഹരമായ ഒരു സ്ഥലത്താണു് സ്ഥിതിചെയ്യുന്നതു്. ഒരു നാടകശാലയിലെ ഗാലറിപോലെ അതിനുചുറ്റും പതനംപതനമായ കുന്നിൻചരിവുകളിൽ കോതമ്പുവിള കൊയ്ത്തിനെ കാത്തു

നിന്നിരുന്നു. ഹിമവത്തായ പൎവ്വതപ്രഭവം തെളിഞ്ഞ ദൃഷ്ടിയിൽ പതിഞ്ഞിരുന്നത് ഹൃദയത്തെ ഉൽകൃഷ്ടമാക്കുന്ന ഒരു കാഴ്ചയായിരുന്നു. ഭദ്രേശ്വരമഹാദേവന്റെയും ലക്ഷ്മീനാരായണന്റെയുമാണ് ഇവിടെ കാണുന്ന രണ്ടമ്പലങ്ങൾ. ഭദ്രേശ്വരകോവിലിന്നു പുറത്ത് തറമേൽ രാത്രി വിരിച്ചു് കിടന്നു. ആ തുറന്ന ഭൂതുരങ്കത്തിൽത്തന്നെ ഒരു ഭാഗത്ത് കോടീശ്വരന്മാരായ ചില സേട്ടുമാരും വേറൊരു ഭാഗത്ത് കാശിന്നു ഗതിയില്ലാത്ത ചില പാവങ്ങളും ഈ യാത്രായോഗത്തിൽ സഹോദൎയ്യത്തോടെ ശയിച്ചിരുന്നു. എന്നാൽ അടുപ്പമെങ്കിലും. ആ സംഘോദൎയ്യം അവർ തങ്ങളുടെ ഹൃദയങ്ങൾകൊണ്ടു അറിഞ്ഞിരുന്നുവോ?

## ൧൩

## ഒരു മോഷണം.

ശൈത്യം പാതിരാ ആയപ്പോഴക്കും തീവ്രമായിരുന്നു. കംബളങ്ങളും മററു ചൂടുവസ്ത്രങ്ങളും വേണ്ടതുപോലെ ഇല്ലാതിരുന്ന അനേകർ രാത്രി തീകാഞ്ഞുകിടന്നിരുന്നു. പുലർച്ചക്കു തീകായുന്നതു് ഇവിടങ്ങളിൽ ഏതു കംബളവാനും ഇഷ്ടമായിരിക്കും. വിണ്ടുകീറുന്ന കാലടികളിൽ രാത്രി കിടക്കുമ്പോൾ വാസലിൻ പുരട്ടിയിട്ടുള്ളതു ഇതുവരെയും ഈ യാത്രയിൽ ഒരു പതിവായി ഞാൻ ആചരിച്ചിരുന്നു.

ഏതായാലും ബദ്രേശപുരത്തുനിന്നു അരുണോദയത്തോടുകൂടെ മെയ് 2-ാം നു- പുറപ്പെട്ടു. രാവിലെ കട്ടുശുഷ്കാന്തിയോടുകൂടെ, പ്രത്യേകിച്ചും കേററങ്ങളായ സ്ഥലങ്ങളിൽ, നടക്കുന്നതു ഒരുവിധം തണുപ്പിനെല്ലാം പരിഹാരമായിരിക്കും. ഒരു ഒമ്പതുനാഴിക നടന്നു ബദൽപുർ എന്ന ഒരു ചട്ടിയിലെത്തി.

ഞാൻ ധരിച്ചിരുന്ന ഷട്ട് അഴിച്ചു എന്റെ ഏതാനും ചില സാധനങ്ങൾ അതിൽ പൊതിഞ്ഞു വഴിവശത്തു് ഒരു കോലായിൽ ഒരു ധോത്തികൊണ്ടു മൂടിവെച്ചു. ഇതിന്റെ സ്ഥാനത്തുനിന്നു് ഏകദേശം നാലുവാര അകലെ ഉറവുള്ള വെള്ളം വീണുകൊണ്ടിരുന്നേടത്തു് ഞാൻ കുളിക്കയായിരുന്നു. അനേകംപേർ കോലായിലും അനേകംപേർ കുളിക്കുന്നേടത്തും ഉണ്ടായിരുന്നുവെങ്കിലും എന്റെ ദൃഷ്ടി ആ ഷട്ടിലക്കുതന്നെ ഉണ്ടായിരു

ന്നു. തലയിൽ വെള്ളമൊഴിച്ചിരുന്ന നൊടിനേരം കണ്ണടച്ചില്ലെന്നു വരുന്നതല്ലല്ലൊ. ഉടൻതന്നെ ദൃഷ്ടി ധോത്തിമേലേക്കു തിരിച്ചപ്പോൾ അതു ആദ്യത്തേക്കാൾ അല്പംകൂടി നിചത്തോട്ട അവൃദ്ധിയായിരിക്കുന്നുവോ എന്നു സംശയിച്ചു. ചെന്നു ധോത്തി നീക്കിയപ്പോൾ അടിയിൽ ഷട്ടില്ല. ഷട്ടിലുണ്ടായിരുന്ന യാതൊരു സാധനങ്ങളും ഇല്ല. പലരും പോയ കൂട്ടത്തിൽ എൻ്റെ ആകെ പണക്കിഴിയും നടന്നു കഴിഞ്ഞു. കുറേനേരം ഞാൻ മനസ്സിൽ അനുഭവിച്ച സങ്കടം തീവ്രമായിരുന്നു. ആ ചട്ടിയിലെല്ലാം അന്വേഷണം നടത്തി. വളരെപേർ എന്നോടു അനുകമ്പകാണിച്ചു. പോയ സാധനങ്ങൾ 'ഇനി വരാത്തവണ്ണം' തന്നെ പോയിരുന്നു. ചിരകാലമായി ഞാൻ പ്രത്യേകം കെട്ടിച്ചു പ്രത്യേകം കാമനയായി സൂക്ഷിച്ചുകൊണ്ടിരുന്ന ഒരു കൊച്ചു കൈയെഴുത്ത് ഗീതാപുസ്തകവും ഷർട്ടുപോക്കറ്റിലായിരുന്നതിനാൽ എന്നെ കൈവെടിഞ്ഞു. ഒരു ഭംഗിയുള്ള മാലയും ഫൌണ്ടൻപേനയും പേനക്കത്തിയും ചങ്ങലയും വേറെയും സാധനങ്ങളും—കുളി കഴിഞ്ഞ ഉടൻ കഴിക്കുവാൻ കരുതിയിരുന്ന ചില ഭക്ഷണദ്രവ്യങ്ങളും, മേലിൽ സഹായമാകുമായിരുന്ന കം. കം. വാ. ശീട്ടുകളുംകൂടി—ആ ഒരു നിമിഷംകൊണ്ട് എനിക്കു നഷ്ടമായി. അതിനെക്കുറിച്ചുണ്ടായ അന്വേഷണവും അനുകമ്പയുമെല്ലാം നിഷ്ഫലമായി കലാശിച്ചു. എന്നാൽ

"അതീതകാൎയ്യാനുശയേന കിം സ്യാത്
അശേഷവിദ്വജ്ജനഗൎഹിതേന?"

എന്റെ തൽക്കാലമുണ്ടായ മനശ്ചാപല്യത്തെക്കുറിച്ചു ഞാൻ ലജ്ജിക്കയും അന്നത്തെ ആ സംഭവത്തെ ജീവദശയിലെ അപൂർവ്വ അവസരങ്ങളിലൊന്നായി അഭിവാദ്യംചെയ്കയുംചെയ്തു. ആശാസ്യങ്ങളെന്നാലും അത്തരം അവസരങ്ങളിലേക്ക് സ്വമേധയാ ചെന്നുചേരുവാൻ നാം ധൈര്യപ്പെടുന്നില്ല. എന്നാൽ അവതന്നെ സ്വമേധയാ നമ്മോടു വന്നു ചേരുമ്പോഴെങ്കിലും നാം അവയെ സംഭ്രമിക്കാതെ സ്വാഗതം ചെയ്യേണ്ടതല്ലയോ?

നമ്മുടെ കൂടെ യാത്രയിൽ കാണുന്ന സമസ്തമനുഷ്യരും പുണ്യസമ്പാദനത്തിനായി സഞ്ചരിക്കുന്നവരാണെന്നു ധരിക്കേണ്ട. തീവണ്ടികളിലും വണ്ടിയാപ്പീസ്സുകളിലും ചന്തയിലും ഉത്സവങ്ങളിലും എന്നപോലെ ബദരീനാഥയാത്രയിലും മോഷണം ഇപ്പോൾ സാധാരണമാണ്. വേറെ ചില സഹയാത്രികൾക്കു ചില ഘട്ടങ്ങളിൽ ഉണ്ടായ അനുഭവങ്ങൾ വിചാരിക്കുമ്പോൾ എന്റെ അനുഭവം കുറെ ഭേദമായിരുന്നു. എന്റെ കമ്പിളങ്ങളും വേറെ ഉടുപ്പുകളും പുസ്തകങ്ങളും ഭാഗ്യവശാൽ വേറൊരു സഹയാത്രിയെ ഭരമേല്പിച്ചു വെച്ചിരുന്നത് ബാക്കിയുണ്ടായിരുന്നു. ചില ചട്ടികളിൽ ദേഹത്തു ധരിച്ചവസ്ത്രങ്ങൾ മാത്രമായി ശേഷിച്ചിരുന്ന ചിലയാത്രക്കാരുടെ കഥയോ? വലിയ ആത്മീയസിദ്ധികൾ ഇല്ലാത്ത ഏതൊരുവനും ഈ യാത്രയിൽ ഒന്നോ രണ്ടോ ആളുകൾ പഴയ ഉറ്റ ചങ്ങാതിമാരായി കൂടെ ഉണ്ടായിരിക്കുന്നതു് ഒന്നിലധികം പ്രകാരത്തിൽ ആശ്വാസത്തിനും ഉന്മേഷത്തിനും സംഗതിയാണെന്നു ഞാൻ തീവ്രമായ വിപരീതാനുഭവംകൊണ്ടറിഞ്ഞിട്ടുണ്ട്.

ആ മോഷണത്തിന്നുശേഷം അനേകംപേർ എന്നോടു പൂൎവ്വാധികം അനുഭാവമുള്ളവരായിത്തീൎന്നതുപോലെതന്നെ, അതുവരെ എന്നെ ബാബുവായും 'അങ്കിറെസിവാലി'യായും സ്തുതിച്ചു സഹകരിച്ചുകൊണ്ടിരുന്ന വേറെ ചിലർ അന്ന് എന്നെ തങ്ങളുടെ ബഹുമാനകോടിയിൽനിന്നു തള്ളിക്കളഞ്ഞു. ഇതും എനിക്കു പഠിക്കേണ്ടതായ പാഠംതന്നെയായിരുന്നു. എന്നാൽ ചില 'മാന്യന്മാ'രുടെ 'ദയ'യായിരുന്നു എനിക്കു ഈ അവഗണനത്തേക്കാൾ ദുസ്സഹമായിത്തീൎന്നതു്. ഈ മഹാനുഭാവന്മാരുടെ മഹാനുഭാവം മിക്കതും നാമമാത്രമായിരുന്നുവെന്നതാണ് പിന്നെ അല്പം പെറുതി. ഈ പ്രതാപവാന്മാരുടെ പൌരുഷത്തെ വിധിക്കുവാൻ ഞാൻ വിചാരിച്ചില്ല. എന്നാൽ ഈ സംഭവത്തിന്നുശേഷം പല ഘട്ടങ്ങളിലായി എനിക്കു ചില പാവപ്പെട്ട ഇടത്തരക്കാരുടെ സഹജമായ സമസൃഷ്ടിസ്നേഹത്തെയും ത്യാഗശീലത്തെയും പൂൎവ്വാധികം വിലമതിക്കുവാൻ സാധിച്ചിട്ടുണ്ടു്. പ്രത്യേകിച്ചും ഒരു വൈഷ്ണവചെട്ടിയുടേയും ഒരു സാധു ബംഗാളി 'സ്വൎണ്ണബണിക്കി'ന്റേയും സൌഭ്രാത്രം എന്റെ മനസ്സിനെ ഒട്ടധികം ഇളക്കീട്ടുണ്ടു്. ഇത്തരം ആന്തരമായ അനുഭാവത്തിനും പ്രേമത്തിന്നും നാം ചിലപ്പോഴെങ്കിലും ലക്ഷീഭവിക്കുമ്പോൾ അതു് നമ്മെ സൎവ്വദാ സംഭവിക്കിലും എതിരിടുന്ന ക്രൌൎയ്യങ്ങളെക്കാളും കൃതഘ്നതകളെക്കാളും അധികം വിഷാദിപ്പിക്കുന്നില്ലയോ? ആത്മസംശോധനാശീലം അല്പമെങ്കിലും ഉള്ള യാതൊരുവനും തന്റെ ഈ സ്നേഹകാരുണ്യങ്ങളെല്ലാം

കേവലം അൎഹിക്കുന്നുവെന്നു പറയുവാൻ ധൈൎയ്യപ്പെടുന്നതല്ല. ഏതായാലും ആ യാത്ര, സഹയാത്രികളുടെ ഔദാൎയ്യംകൊണ്ടും മുൻപറയപ്പെട്ട ആസ്ത്ര്യവാവു് ഒരു ഘട്ടത്തിൽ നൽകിയ അവസരോചിതമായ ഒരു ധനസഹായംകൊണ്ടും ഞാൻ ഒടുവുവരേയും ഒരുവിധം നിവൃത്തിച്ചുവെന്നു് അതിനെപ്പററി ആകെ ഇവിടംകൊണ്ടു തന്നെ ചുരുക്കിപ്പറഞ്ഞിരിക്കുന്നു.

വൈകുന്നേരം അല്പം നടന്നു രാമപൂർ എന്ന ഒരു ചട്ടിയിൽ അന്നു രാത്രി താമസിച്ചു. ഇതു രുദ്രപ്രയാഗയിൽനിന്നു 36 നാഴിക ദൂരത്താണു്. കേദാരനാഥത്തിലേക്കുപോകുന്ന തീൎത്ഥയാത്രക്കാരിൽ ആവശ്യമുള്ള ആൾക്കു ഒരു കംബളം ഈ രാമപൂരിൽ ഒരു ധൎമ്മശാലയിൽനിന്നു കടംകിട്ടും. അതും കാ. കം. വാ. സ്ഥാപനത്തിന്റെ ഒരു ശാഖയാണു്. കംബളങ്ങളിൽ മിക്കതും പഴക്കദോഷംകൊണ്ടല്ല കണ്ടതു്. വേണം മേൽവിലാസവും കൊടുത്തു സത്യം പ്രമാണത്തിന്മേൽ കംബളം വാങ്ങാം. കേദാരത്തിൽനിന്നുള്ള മടക്കയാത്രയിൽ അതു് ഇവിടെ തിരികെ ഏല്പിച്ചുകൊടുക്കയും വേണം. ഏററവും ഉപകാരകരമായ ഈ ഏൎപ്പാടിനെ ദുരുപയോഗിക്കുന്ന നീചന്മാരും ഉണ്ടായിരിക്കുമെന്നുവരാം. എന്നാൽ അതുകൊണ്ടൊന്നും പിൻമാറാത്ത ഈ സ്ഥാപനം നിലനിൎത്തിവരുന്ന ഉദാരാശയന്മാരോടു ഒരു വലിയപക്ഷം യാത്രക്കാർ കൃതജ്ഞന്മാരാകുന്നു.

൫൪

# തപ്തകുണ്ഡം.

രാമപുരിയിൽനിന്നു പിറ്റേന്നു (മെയി 3-ാംനു-) പുലൎന്നപ്പോൾ പുറപ്പെട്ടു. കേദാരത്തിലേക്കുള്ള വഴിയിൽ ഇനി ഗൌരീകുണ്ഡം എന്ന ഒരു സ്ഥലം വരാനിരിക്കുന്നു. ഗൌരീകുണ്ഡത്തിലേക്കു ഈ രാമപുരിയിൽനിന്നു സാധാരണ വഴിക്കുള്ള ദൂരത്തെക്കാൾ അഞ്ചാറുനാഴിക വളഞ്ഞു വേറെ വഴിക്കു പോയാൽ ആ വഴിക്കു ത്രിയുഗീനാരായണം എന്നു ഒരു വിശേഷസ്ഥലമുണ്ടു. ഈ വളവു വഴിക്കാണു് അധികംപേർ പോകുന്നതു്. ഞാനും അപ്രകാരം പുറപ്പെട്ടു. അത്യധികം അദ്ധ്വാനിച്ചു ഒരു വലിയ കയറ്റം കേറി കടുവിൽ ഒരു മലയുടെ മുകളിൽ എത്തി. ഇവിടെ എത്താൻ രാമപുരിയിൽനിന്നു ഏകദേശം നാലുനാഴിക നടന്നിട്ടുണ്ടായിരിക്കണം. ഇതാണു് ത്രിയുഗീനാരായണം.

ഇവിടെനിന്നു ചുറ്റും നോക്കിയാൽ കാണുന്ന കാഴ്ച അതിവിശേഷമാണു്. ഹിമക്കട്ടികൾ മൂടിയ മലകൾ കാണുന്നതു വളരെ അകലെയല്ല. ഇവിടെ കുളിക്കുന്നതിനും മറ്റും നല്ല ഉറവുവെള്ളമുണ്ടു്. ത്രിമൂൎത്തികൾക്കു മുഖ്യമായ സ്ഥലമത്രെ ഇതു്. ലക്ഷ്മീനാരായണക്ഷേത്രം ചെറിയതാണെങ്കിലും പ്രധാനപ്പെട്ടതാണു്. അടുത്തു തൊട്ടുകൊണ്ടു ചെറിയ മൂന്നു കുളങ്ങൾ ഉള്ളവ വിഷ്ണുകുണ്ഡവും ബ്രഹ്മകുണ്ഡവും രുദ്രകുണ്ഡവു

മാണത്രെ. വിഷ്ണുവിൻെറ ശ്രീകോവിലിൻെറ മുൻവശത്തു ഒരു വലിയ അഗ്നികുണ്ഡത്തിൽ വലിയ വലിയ വിറകിൻമുട്ടികൾ സദാ എരിഞ്ഞുകൊണ്ടിരിക്കുന്നു. ക്ഷേത്രാധികാരികളുടെ ഏർപ്പാടിന്മേലോ വല്ലവരുടേയും വഴിപാടായിട്ടോ എന്തോ വിറകു ധാരാളം അവിടെ എത്തുന്നുണ്ട്. കത്തിത്തണിഞ്ഞ വെണ്ണീർ ഓരോ ഭാഗത്തുനിന്നു ഒരു പ്രസാദമായി എടുക്കുന്നു. ഇതു തീർത്ഥയാത്രക്കാർ വാങ്ങി സൂക്ഷിക്ക പതിവാണ്. ഈ അഗ്നികുണ്ഡം മൂന്നു യുഗങ്ങളായിട്ടുപോൽ ഇങ്ങിനെ അനവരതം എരിഞ്ഞുകൊണ്ടേ ഇരിക്കുന്നു! ത്രിയുഗീനാരായണത്തുവെച്ചു ഓരോരോ സേട്ടുമാരും മററും യഥാശക്തി സമാവൃത്തികൾ കൊടുക്കാറുണ്ട്. അന്നു യാത്രക്കാരിയായ ഒരു മാർവ്വാഡിയുവതി 'സാധു'ക്കൾക്കു പുറമെ പാവപ്പെട്ടവർക്കു പ്രത്യേകിച്ചും ധർമ്മം നൽകിയിരുന്നു. മുൻപറയപ്പെട്ട ആന്ധ്രയുവാവും താൻെറവകയായി ഒരു പതിനഞ്ചുപേർക്കു മിഷ്ടാന്നസൽക്കാരം ചെയ്യുകയുണ്ടായി.

ഉച്ചക്കുശേഷം ത്രിയുഗീനാരായണത്തിൽനിന്നു പോന്നു. കുറെ ഇറങ്ങിയാറെ കേദാരത്തിലേക്കുള്ള സാധാരണവഴിയിൽ പ്രവേശിച്ചു മന്ദാകിനീതടത്തിലെത്തി ഒരു പാലം കടന്നു. ആ പാലത്തിൻെറ അടുത്തു വേറെ ഒരു ചെറിയ അരുവിയും വന്നുകൂടുന്ന സ്ഥലത്തിന്നു സൂനപ്രയാഗ എന്നാണുപോൽ പേര്. വലിയ പ്രാധാന്യമൊന്നും ആ സ്ഥലത്തിന്നുള്ളതായി ആരും ഭാവിച്ചുകണ്ടില്ല. ഈ അരുവിക്കു കേദാരനദി എന്നും ആണുപോൽ പേര്. കേദാരത്തിൽ മഞ്ഞുപിരിഞ്ഞു ഉരുവി

ഭിക്കാനായി നാം അവിടെ ചെല്ലുമ്പോൾ കാണു
ന്നതു് ഇതാണു്. മന്ദാകിനി പക്ഷെ ഇതായിരിക്കുമോ?
എന്നാൽ ഇവിടെ ഈ പാലം കടന്നശേഷം നമ്മുടെ
ഇടഭാഗത്തു നമ്മിൽനിന്നു വിട്ടുപോകുന്ന മറെറ നദി
യും കേദാരനാഥത്തിൽനിന്നു ഒരു മലയുടെ മറുഭാഗ
ത്തു നിന്നായിരിക്കാം പുറപ്പെട്ടുപോരുന്നതു്. അതുകൊ
ണ്ടു മന്ദാകിനി എന്ന നദി അതായിരിക്കുവാനും ഇട
യുണ്ടു്. പാലം കടന്നശേഷം കേദാരനദി എന്നു നാം
പറഞ്ഞ അരുവി നമ്മുടെ വലത്താണു്. പാലം കട
ന്ന ഉടനെ കേററം ഇനിയും ആരംഭിക്കുന്നു. കേദാര
നാഥത്തിലെത്തുന്നതുവരെ ഒരു ഒമ്പതുനാഴിക നല്ല ക
യററംതന്നെയാണു്. അന്നുരാത്രി ഗൌരീകണ്ഡത്തിൽ
എത്തി താമസിച്ചു.

ഗൌരീകണ്ഡം രുദ്രപ്രയാഗയിൽനിന്നു് 41 നാ
ഴിക ദൂരത്താണു്. ഇനി ഇവിടെനിന്നു കേദാരത്തിലേക്കു്
ഏഴു നാഴികയുണ്ടു്. ഗൌരീകണ്ഡത്തിൽ ഗൌരിക്കു ഒരു
അമ്പലമുണ്ടു്. കേദാരനദി മഞ്ഞലിഞ്ഞു വെള്ളമായി
മേല്പുകീഴു് ഒരു ചോലത്തോടായി, കോച്ചുന്ന കല്ലുകളോ
ടെ ഒരു ഭാഗത്തൊഴുകുന്നു. എന്നാൽ അതിനു സമീ
പംതന്നെ ഇവിടെ സദാ ചുട്ടുചുട്ടുകൊണ്ടുള്ള വെള്ളം
ഒരു ഉറവിൽനിന്നും ധാരധാരയായി വീണുകൊണ്ടിരി
ക്കുന്നു. അതു വീഴുന്ന സ്ഥലത്തു് ഒരു ചെറുകുളം ഉണ്ടാ
ക്കപ്പെട്ടിരിക്കുന്നു. ഈ കുളത്തിൽ ഇറങ്ങി മുങ്ങുന്നതു
എല്ലാവർക്കും എളുപ്പമായ കാര്യമല്ല. വെള്ളം അത്ര ചൂടു
ള്ളതാണു്. എന്നാൽ ആ തപ്തജലത്തിന്റെ പതന

ത്തിൽതന്നെ ദേഹം കാണിക്കുന്നതു് അതിലധികം അസാദ്ധ്യമായിരിക്കുമെല്ലോ. കുളത്തിൽ, ഏതായാലും, പുണ്യകാംക്ഷികളായി, ബദ്ധപ്പെട്ടു ക്ഷണത്തിൽ മുങ്ങിക്കേറുന്നവർ അധികമുണ്ടു്. തങ്ങളുടെ കരുത്തു് എത്രയുണ്ടെന്നു പരീക്ഷിക്കാനായിരിക്കാം മറ്റുചിലർ ഇതിൽ മുങ്ങുന്നതു്. വളരെപേർ ജലപാത്രംകൊണ്ടു വെള്ളമെടുത്തൊഴിച്ചാണു് കുളിക്കുന്നതു് പ്രകൃതിയുടെ വൈചിത്ര്യങ്ങളിലൊന്നായ ഈ 'തപ്തകുണ്ഡം' ഹിമക്കട്ടികൾക്കിടയിൽ യാത്രികൾക്കു വലിയ ഒരു അനുഗ്രഹംതന്നെ. ഇപ്രകാരമുള്ള തപ്തകുണ്ഡങ്ങൾ ഹിമാലയങ്ങളിൽ വേറേയും ഉണ്ടു. ജംബൂത്രിയിൽ ഒരു തപ്തകുണ്ഡത്തിൽ ഇവിടെ കണ്ടതിനേക്കാൾ പതച്ചുകൊണ്ടിരിക്കുന്ന ജലമാണത്രെ ഉള്ളതു്. അരി നനച്ചു് മുണ്ടിൽ കിഴികെട്ടി ആ തപ്തകുണ്ഡജലത്തിൽ മുക്കിയിരുന്നാൽ അല്പനേരംകൊണ്ടു അതു വെന്തു ചോറായിത്തീരുമത്രെ. ഇനി ബദരിനാഥത്തിൽ ചെല്ലുമ്പോൾ അവിടെ ഒരു തപ്തകുണ്ഡം കാണാം. അതിന്റെ ചൂടു് ഇവിടെ കണ്ടതിനേക്കാൾ അല്പം ഡിഗ്രി പക്ഷെ കുറവാണു്. ശൈത്യമേഖലകളിൽ സമുദ്രത്തിലും ചില പ്രത്യേക സ്ഥലങ്ങളിൽക്കൂടെ തപ്തജലത്തിന്റെ ഒഴുക്കുകളുണ്ടത്രെ. ഇത്തരം വൈചിത്ര്യങ്ങൾക്കുള്ള കാരണങ്ങൾ ഭൂപ്രകൃതിശാസ്ത്രത്തിൽ നിന്നു ഗ്രഹിക്കുന്നതു രസാവഹമായിരിക്കും.

ഗൌരീകുണ്ഡത്തിൽ നിന്നു ഇനി ഏഴു നാഴിക കേദാരനാഥത്തിലേക്കുണ്ടെന്നു പറഞ്ഞുവല്ലോ. അതു് എത്രയും ബുദ്ധിമുട്ടിച്ച കേററം തന്നെയാണു്. ഹേമ

ന്തകാലത്തു് ഗൌരീകണ്ഡത്തിന്റെ മേല്പോട്ടു് ജനങ്ങൾ പോകയില്ല. ഗൌരീകണ്ഡത്തിൽതന്നെ ഒന്നു സ്ഥിരവാസികൾ ഇങ്ങിനെ ഉണ്ടായിരിക്കുമോ എന്നു സംശയമുണ്ടു്. ഉണ്ടെങ്കിൽ അവിടെ അക്കാലത്തെ സ്ഥിതി മേല്പോട്ടും കീഴ്പോട്ടും പോവാൻ നിവൃത്തിയില്ലാതെ ഹിമഭിത്തികളാൽ ചുററപ്പെട്ട ഒരു കോട്ടയിലെ ഏകാന്തവാസമായിരിക്കും. ആറുമാസത്തേക്കെങ്കിലും ഭക്ഷണസാമഗ്രികളും മററും ശൈത്യാധിക്യത്തിന്റെ മുമ്പായിതന്നെ ശേഖരിച്ചിട്ടുണ്ടാവണം. ശൈത്യകാലങ്ങളിൽ ഇങ്ങിനെ ഹിമക്കോട്ടകളായി ചുററും അടയപ്പെട്ടുപോകുന്നതായ വളരെ ഹിമാലയ സ്ഥലങ്ങളിൽ ജനങ്ങൾ തങ്ങൾക്കു വേണ്ടുന്ന ആവശ്യസാധനങ്ങളെ കാലേ സംഭരിച്ചു് വസിച്ചുവരാറുണ്ടത്രെ. എന്നാൽ കാലന്തോറും അഞ്ചാറു അതിശൈത്യ മാസങ്ങളിൽ മനുഷ്യപെരുമാററം ഇല്ലാത്തതായ കേദാരനാഥം ബദരീനാഥം മുതലായ സ്ഥലങ്ങളും യാതൊരുകാലത്തും യാതൊരാളും അടുക്കാത്തതായ മററു ഹിമശിഖരങ്ങളും ആണു് ഹിമാലയങ്ങൾക്കു യഥാർത്ഥ ഹിമാലയത്വം നൽകുന്നതെന്നോർക്കണം. മനുഷ്യരല്ലാതെ മററുതരത്തിലും ജീവികൾ അവിടെ ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. അപ്രകാരമുള്ള സ്ഥലങ്ങളിൽ പ്രായേണ വൃക്ഷങ്ങളും ഇല്ല.

## കേദാരകേററം

ഗൌരീകണ്ഡത്തിൽ അന്നു ദുസ്സഹമായ തണുപ്പും സഹിച്ചുകൊണ്ടു ഭൂമെത്തമേൽതന്നെ കംബളം വിരിച്ചുകിടന്നു. പുരയിടങ്ങൾ ഉള്ളവയെല്ലാം ജനങ്ങളാൽ അത്യന്തമേ നിറയപ്പെട്ടിരുന്നു. പിറേറന്നു പുലരുമ്പോൾ തപ്തകണ്ഡത്തിൽ (മുങ്ങാതെതന്നെ!) കുളിച്ചുശേഷം (മെയ് 4-ാംനു-) കേദാരത്തിലേക്കു പുറപ്പെട്ടു.

പുറപ്പെട്ട് അമ്പതുവാര നടന്നില്ല, അപ്പോഴേക്കും ഞങ്ങളുടെ വഴിയിലെ ആദ്യത്തെ ഐസ്ഫീൽഡ് അതായതു, ഹിമരംഗം, ഞങ്ങളെ അഭിവാദ്യംചെയ്തു. അതിനെ അത്ര പ്രയാസപ്പെടാതെതന്നെ കടന്നുകൂടി. ഇനിയുള്ള ഫീൽഡുകൾ ഇതിലധികം വൈഷമ്യങ്ങളാണ്. ഒരേടത്തും ഒരു പഴുതില്ലാതെ സർവ്വത്ര ഒന്നായി മൂടീട്ടുണ്ടായിരുന്ന ഹിമക്കട്ടി ഹേമന്താനന്തരം അവിടവിടെ അലിഞ്ഞു വെള്ളമായി പോയിരിക്കയാലും, ചിലപ്പോൾ അവിടവിടെ കുറെ ഒന്നായി ഇടിഞ്ഞു (Avalanches) അവലാഞ്ച് രൂപത്തിൽ പർവ്വതച്ചരിവുകളിൽക്കൂടെ താഴോട്ടു കിഴിഞ്ഞിരിക്കയാലും, വഴിയിൽ വളരെ സ്ഥലങ്ങൾ ഇക്കാലത്തു സാധാരണ കല്ലും പാറയുമായ ഭൂമിയായി പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. മലകളിൽ മഞ്ഞ് അലിഞ്ഞു വെള്ളമാകുന്ന കാഴ്ച നാം ഇപ്പോൾ കണ്ണുകൊണ്ടു കാണുന്നു. ഇന്നു നടന്ന വഴിയെ നാലെല്ല

ക്കു മേൽശിഖരങ്ങളിൽ നിന്നിടിഞ്ഞു താഴുന്ന ഒരു ഐസ്ഫീൽഡ് മൂടിയിരിക്കുന്നതും ഇന്നു നമ്മുടെ വഴിയിലുള്ള ഹിമക്കട്ടി നാളെ ആ സ്ഥാനത്തു ഇല്ലാതിരിക്കുന്നതും ഇക്കാലങ്ങളിൽ ഈ സ്ഥലങ്ങളിൽ പലപ്പോഴും അനുഭവങ്ങളാണ്. കുറെ ദൂരനീളം വഴി ഐസ് ഒന്നായി തുടർന്നുമൂടാതെ ഇരിക്കുന്നത് എന്തൊരു പൊറുതിയാണ്. കഴിഞ്ഞാൽ ഒരു മൂന്നാൽ ഫർല്ലോങ്ങ് ദൂരവും മററും ഇപ്പോഴും ഒരേവിപ്പിന്നു ചിലേടങ്ങളിൽ മഞ്ഞിൻകട്ടമേൽക്കൂടെതന്നെ നടക്കേണ്ടിവരും. എന്നാൽ ചില ദിവസങ്ങളിൽ തുഹിനവൃഷ്ടി (Snow fall) വീഴുവാൻതുടങ്ങിയാൽ ഒന്നിലധികം നാഴികകൾതന്നെ ഒരേനിലയിൽ ഐസിലും (കല്ലുപോലെ കട്ടിയായ മഞ്ഞ്) സ്നോവിലും (പതമുള്ള മഞ്ഞ്) നാം നടക്കേണ്ടിവരാം. ഇതെല്ലാം നടക്കുന്നവഴിയെ സംബന്ധിച്ചാണ്. വഴിവിട്ട അങ്ങോട്ടുമിങ്ങോട്ടും തെററിയാൽ ഇനിമേൽ എല്ലാം ഒരുപോലെ അനന്തമായ ഉറച്ച ഹിമമയംതന്നെ.

ഗൌരീകുണ്ഡത്തിൽനിന്നു നാലുനാഴിക ദൂരമുള്ള രാമബാഡ എന്ന് ഒരു ചട്ടിയിലെത്തി. ഈ യാത്രകാലങ്ങളിലല്ലാതെ ഈ ചട്ടിക്ക് ഇവിടെ സ്ഥിരതയില്ലെന്നു പറയേണ്ടതില്ലല്ലോ. ഇവിടെവെച്ചും ചില ധർമ്മിഷ്ഠന്മാർ യാത്രക്കാർക്ക് അന്നസൽക്കാരങ്ങളും മററും ചെയ്തുവരുന്നു. ചുററും കിടക്കുന്ന ഹിമക്കട്ടി മൂടിയ ശൃംഗങ്ങൾക്കു യാതൊരു സീമയും ഇല്ലതന്നെ. മദ്ധ്യാഹ്നവെയിലിൽ നടക്കുന്നതാണ് ഈ തീക്ഷ്ണമായ ശൈ

ത്യന്തിൽ കുറെ ഉത്തമം. രാമബാഡയിൽനിന്നു മൂന്നു നാഴികയാണു് ഇനി കേദാരത്തിലേക്കുള്ളതു്. ഉച്ചക്കു തന്നെ ഞങ്ങൾ പുറപ്പെട്ടു. ഈ മൂന്നു ഒരു മുപ്പതിനോടു തുല്യമാണെന്നു പറയാം. ദുർഗ്ഗമമായ കേറ്റത്തെ എതിരിടുന്ന ദേഹശ്രമം കുടുശൈത്യത്തെ പക്ഷെ അല്പം കുറച്ചുതോന്നിക്കുന്നു.

സമുദ്രവിതാനത്തിൽനിന്നു 25000 അടിയിലധികം ഉയരമുള്ള സ്ഥലങ്ങളിൽ വായു അത്യന്തം നേർമ്മയായിരിക്കുന്നതിനാൽ നമുക്കു നിഷ്പ്രയാസം ശ്വാസിക്കുവാൻ കഴികയില്ല. അതുകൊണ്ടാണു് ഹിമാലയത്തിന്റെ എവറസ്റ്റ് ശിഖരം പ്രാപിക്കാൻ പോയിരുന്ന വെള്ളക്കാരായ പ്രകൃതിശാസ്ത്രജ്ഞന്മാർ കുഴലുകളിൽ അമർത്തിനിറച്ചിരുന്ന ജീവവായുവും കൂടെ കൊണ്ടുപോയിരുന്നതു്. അങ്ങിനെയുള്ള ആവശ്യങ്ങൾ നമ്മെ ഈ യാത്രകളിലൊന്നും നേരിടുന്നില്ലെന്ന സംഗതികൊണ്ടുതന്നെ നാം എത്തുന്ന സ്ഥലമൊന്നും അത്രത്തോളം ഉയർന്നവയല്ലാ എന്നറിയാമല്ലോ. എവറസ്റ്റ്, കഞ്ചിഞ്ചിംഗം മുതലായ ശിഖരങ്ങളുടെ ഉത്തുംഗത്വം ആലോചിച്ചാൽ നാം എത്തുന്നവ കേവലം നിസ്സാരങ്ങളെന്നു പറയാം. എന്നാൽ നാം എത്തുന്ന കേദാരനാഥക്ഷേത്രത്തിന്റെ വടക്കു മുറ്റത്തുതന്നെ ആകാശം ഭേദിച്ചുകൊണ്ടു സ്ഥിതിചെയ്യുന്ന 'കേദാരനാഥകൊടുമുടി' മിക്കതും അത്യന്തം ഉത്തുംഗശിഖരവംശത്തിൽ പെട്ടതുതന്നെയാണു്. ബദര്യാശ്രമസന്നിധിയിൽ നിൽക്കുന്ന ഗിരിശിഖരവും അപ്രകാരമൊന്നാണു്.

കേദാരനാഥക്ഷേത്രം നില്ക്കുന്ന സ്ഥലത്തിന്റെ ഉയരവും സാമാന്യത്തിലധികം ഉണ്ടെന്നു അതും ഒരു സനാതന ഹിമഭവനമാണെന്നതിൽനിന്നുതന്നെ ഊഹിക്കാം. അങ്ങോട്ടുള്ള യാത്രയിലെ കേററത്തിന്റെ വൈഷമ്യം അനുഭവംകൊണ്ടറിഞ്ഞവക്കു ഇതു ഒരു വെറും ഊഹമല്ലതാനും. കേദാരനാഥവും ബദര്യാശ്രമവും ഏകദേശം ഒരേ ഉയരത്തിലാണിരിക്കുന്നതു. കേററങ്ങളിൽ അല്പം മുന്നോട്ടു നടക്കുമ്പോഴേക്കും ഒരുവൻ കിതക്കുന്നു, അല്ലെങ്കിൽ കുഴങ്ങുന്നു. സമുദ്രവിതാനത്തിൽനിന്നു അധികമധികം മേലോട്ടുയരുംതോറും, ഒരേ ഡിഗ്രിയിൽ ഒരേ ദൂരം മേല്പോട്ടു നടക്കുവാനുള്ള ദേഹശ്രമം അധികമധികമായി തീരുന്നുവെന്നും, അതിനും ഒരു കാരണം വായു നേൎത്തു നേൎത്തു വരുന്നതാണെന്നും പറഞ്ഞാൽ വല്ല തെററുണ്ടെന്നു തോന്നുന്നില്ല. വലിയ കേററങ്ങൾ കേറുന്നപോലെയുള്ള ദേഹായാസത്തിൽ ശ്വാസകോശങ്ങൾ സാധാരണ ശ്രമഹീനാവസരങ്ങളിലേക്കാൾ അധികം വലുതായി വികസിക്കുന്നതിനാൽ, അവയിൽ സാധാരണയിലധികം വായു നിറയേണ്ടുന്ന ആവശ്യം നേരിടുന്നു. എന്നുമാത്രമല്ല, ദേഹായാസവേളയിൽ പതിവിലധികം പ്രസരിച്ചുകൊണ്ടിരിക്കുന്ന രക്തത്തെ ശുദ്ധിചെയ്യുന്നേരം പതിവിലധികം ആവശ്യമായിവരുന്ന വായു പതിവിലധികം വേഗത്തിൽ ശ്വസിക്കപ്പെടേണ്ടിവരുന്നു. സാധാരണയായ ശ്വാസാവശ്യങ്ങൾക്കു മതിയായ കട്ടിത്തം ഒരുവിധം ഉന്നതങ്ങളിലെല്ലാം വായുവിനുണ്ടെങ്കിലും ചില

പ്പോൾ ഈ വൎദ്ധിച്ച അഗാധശ്വാസങ്ങൾക്കു തക്കതാ
യ കട്ടിത്തം പോരാതെ വരുന്നതുകൊണ്ടു, ഈ വൎദ്ധിച്ച
ആവശ്യത്തുകയെ നാം തികക്കുന്നതു് ഈ കട്ടി കുറഞ്ഞ
വായുവെത്തന്നെ പതിവിലധികം പ്രാവശ്യം ശ്വസി
ച്ചിട്ടാകുന്നു; അതായത്, കിതച്ചുകൊണ്ടാകുന്നു. വായു
എത്രത്തോളം കട്ടികുറഞ്ഞതോ (നേരിയതോ) അത്ര
ത്തോളം അധികം നാം കിതക്കേണ്ടിവരുന്നു. വായു
കട്ടികൂടിയ സമുദ്രവിതാനത്തിൽ ഏതാൻ ഒരു ചരി
വിൽ ഒരു ദൂരം കേറുമ്പോൾ നാം എത്ര കിതക്കുന്നുവോ
അതിലധികം കിതപ്പു ചില സ്ഥലങ്ങളിൽ അതേ ച
രിഞ്ഞ ഡിഗ്രിയിലുള്ള കേറത്തിൽ അതേ ദൂരം നട
ക്കുമ്പോൾ ഉണ്ടായിരിക്കാൻ സംഗതി, വായുവിന്റെ
അതിനനുയുക്തമായ കട്ടിക്കുറവാണെന്നും, ഈ കട്ടിക്കു
റവിന്റെ തോതിനനുസരിച്ചു ആ വക സ്ഥലങ്ങൾ ഉ
യൎന്നവയായിരിക്കുമെന്നും ഇപ്പോൾ വ്യക്തമാണെ
ല്ലോ. എന്നാൽ ഇതെല്ലാം ശരിയായി അളന്നു കണ
ക്കാക്കേണമെങ്കിൽ ശാസ്ത്രീയമായ (Scientific) ഉപക
രണങ്ങൾതന്നെ വേണമെന്നും പറയേണ്ടതില്ലല്ലോ.

നാം കേദാരത്തിലേക്കു കേറുക. മിക്കതും കുത്തനെ
യുള്ള മലകളുടെ നടുവാരിമേൽക്കൂടെയാണ് നമ്മുടെ ഇ
ടുങ്ങിയ വഴി വെട്ടിക്കിടക്കുന്നതു്. ചില സ്ഥലങ്ങളിൽ
പൎവ്വതപാൎശ്വങ്ങളിൽ ആ വഴിയടക്കം ഐസ് മൂടിക്കി
ടന്നാലുണ്ടാകുന്ന ബുദ്ധിമുട്ടു ചില്ലറയല്ല. കാലിന്നു ന
ല്ല പാദരക്ഷയും കൈയിൽ വടിയും ഇല്ലാതെ അധിക
മാരും ഇതിലെ നടക്കാൻ തുനിയേണ്ടതില്ല. എങ്കിലും

ചില പടീദലംഗ് (മലപ്രദേശികൾ) നഗ്നപാദങ്ങളോടും ഭാരിച്ച ചുമടുകളോടുംകൂടെ ഇതിലെ, ഹിമരംഗങ്ങളിൽ, നടക്കുന്നതു നാം കാണാതെയിരിക്കുന്നില്ല. യോഗാഭ്യാസംകൊണ്ടായിരിക്കും ചിലൎക്കു ചില സിദ്ധികൾ ഉണ്ടാകുന്നതു. നിത്യപരിചയം, നിത്യാഭ്യാസം, ഇതാണ് ഈ പടീവൎഗ്ഗക്കാൎക്കു ഈ കാണുന്നതരം സിദ്ധികൾ കൊടുക്കുന്നതു. എന്നാൽ സാധാരണക്കാരായ നാം, യാത്രികൾ, അതെല്ലാം കണ്ടു വിസ്മയിക്കയല്ലാതെ അനുകരിക്കുവാൻ വൃഥാ ആശിക്കേണ്ടതില്ല. സ്വന്തം ദേഹത്തെ ചുമക്കുന്നതുതന്നെ ഏറ്റവും വിഷമമായിത്തീരുന്ന ഈ ഘട്ടങ്ങളിൽ നമ്മുടെ ഭാണ്ഡങ്ങളേയും നാം തന്നെ ചുമക്കേണ്ടിവരുന്നതു എത്ര കഷ്ടമാകുന്നു. നമ്മുടെ സൎവ്വകരുത്തും സഹനശീലവും ഇവിടെ നാം വിനിയോഗിക്കേണ്ടിവരുന്നു. ഭാണ്ഡങ്ങൾ കഴുത്തിൽകൂടെ തൂക്കി ആടാതെ ദേഹത്തോടു ബന്ധിച്ചു, കയ്യിൽ ഒരു വടി സ്വാതന്ത്ര്യത്തോടെ ഉപയോഗിക്കത്തക്ക നിലയിൽ, നടക്കുന്നതുകൊള്ളാം. ചിലരുടെ ഇരുകൈകളിലും വടികൾ ഉള്ളതായി കണ്ടു. കീഴ്ഭാഗം കൂൎത്തിരിക്കുന്ന വടികളാണ് നല്ലത്. വടി മുൻവശത്തു ഹിമത്തിൽ കുത്തിയൂന്നിയശേഷമേ കാൽ ഇളക്കേണ്ടതുള്ളൂ. പിന്നെ കാൽ മുന്നോട്ടു നല്ലവണ്ണം ഊന്നിയശേഷം വടി വീണ്ടും മുന്നിലേക്കെടുത്തു ഊന്നണം. എല്ലാവരും ഇത്ര നേരമ്പോക്കോടെയാണ് ഇവിടെ നടക്കുന്നതെന്നു വിചാരിക്കേണ്ട. എന്നാൽ ആരും നല്ലവണ്ണം കരുതിയുറച്ചു നടക്കാഞ്ഞാൽ ചരിവുസ്ഥലങ്ങളിൽ വഴുതിവീഴുവാനും,

വഴുതിവീണാൽ അനേകം അടി താഴോട്ടുരുണ്ടു മഞ്ഞിൻ ചോലയിലും മററും ചെന്നു 'സിദ്ധി' കൂട്ടുവാനും ഇടയായേക്കാം. ഹിമങ്ങളിൽ നടക്കുമ്പോൾ കട്ടുതണുപ്പു കാലിന്മടിയിൽക്കൂടെ മേലോട്ടു കത്തികേറുന്നുണ്ടായിരിക്കാം; കാൽ മരവിക്കുന്നുണ്ടായിരിക്കാം; എന്നാലും ഉറപ്പും ക്ഷമയും കൂടാതെ തിരക്കിയോടിയാൽ ഗതി ഇതിലും കഷ്ടതരമായിത്തീരാനിടയുണ്ടു. ഈ വഴികളുടേയും സ്ഥലങ്ങളുടേയും സ്ഥിതികൾ നല്ലവണ്ണം ഗ്രഹിക്കാതെയും ആലോചിക്കാതെയും മുൻകരുതലുകൾ കൂടാതെ ഇവിടങ്ങളിൽ എത്തിച്ചേരുന്നവരുടെ സങ്കടം പലപ്പോഴും എന്റെ ഹൃദയത്തെ സ്പർശിച്ചിട്ടുണ്ടു. ബങ്കാളത്തിൽനിന്നും ഹിന്തുസ്ഥാനത്തിൽനിന്നും വരുന്ന അനാഥരായ ചില വിധവകളും ചില വൃദ്ധന്മാരും ഇവിടങ്ങളിൽ മരിച്ചാലും സൽഗതിയാണെന്നുറച്ചിട്ടാണു പുറപ്പെട്ടിരിക്കുക. അവരിൽ അനേകംപേർ ഈ ദുസ്സമാസ്ഥങ്ങളെ കൂസൽകൂടാതെ എതിരിട്ടു ജയിക്കുന്നുമുണ്ടു. എന്നാൽ ചിലർ അതിന്നു എളുപ്പത്തിൽ സമർത്ഥരാകുന്നില്ല. അവർ ചിലപ്പോൾ വിറച്ചും മരവിച്ചും വഴുതിവീണു കേഴുമ്പോൾ, നാം തന്നെ കീഴ്പതിക്കാൻ പോകുന്ന ഘട്ടത്തിൽപോലും ഒരു സഹായമെങ്കിലും അവർക്കു നീട്ടിക്കൊടുക്കുവാൻ നാം പ്രേരിതരാകുന്നു.

ഹിമകട്ടികളിൽക്കൂടിയുള്ള യാത്ര മേൽവിവരിച്ച പ്രകാരം ബുദ്ധിമുട്ടുകളോടുകൂടിയതാണെന്നു കണ്ടു ആരും അധൈര്യപ്പെടേണ്ടതില്ല. അധികദൂരം തുടർന്നു കാണായികിടക്കുന്ന ഹിമരാശികൾ നമ്മുടെ വഴിനടയിൽ യാ

ത്രകാലങ്ങളിൽ ഇല്ലെന്നു പറഞ്ഞിട്ടുണ്ടല്ലോ. ആദ്യമായി ഇത്തരം ഹിമശൃംഗങ്ങളെ എതിരിടുന്ന സാധാരണ ജനങ്ങളാണ് അവയെ മേൽപ്രകാരം ദുസ്തരങ്ങളായി കാണുന്നതെന്നും നാം ഓർക്കണം. ആദ്യയാത്രക്കാരിലും ചില കരുത്തന്മാർ അവയെ അശേഷം കൂസാത്തവരുണ്ട്. എന്തുകൊണ്ടും ആ യാത്ര ലണ്ടൻ, ന്യൂയോർക്ക് മുതലായ വൻനഗരങ്ങളിലെ തെരുവുകളിൽക്കൂടിയുള്ള സഞ്ചാരത്തേക്കാൾ അധികം അപായകരമാകുന്നില്ല. ദിവസംതോറും ഓരോ നഗരങ്ങളിൽ മോട്ടോർകാറും, ട്രാംവണ്ടിയും, മററുവാഹനങ്ങളും മേൽകേറി മരണപ്പെടുന്നവരുടേയും മുറിപ്പെടുന്നവരുടേയും സംഖ്യ എത്ര ഭയാനകമായതാണ്! എന്നിട്ടും, പരിഷ്കൃതപട്ടണങ്ങൾ സ്വതവെ തങ്ങളുടെ സ്വന്തലോകമായതുകൊണ്ട്, നിത്യപരിചയമായിരിക്കുന്നതുകൊണ്ടു, ആ തെരുവീഥികളിൽ വീണ്ടും വീണ്ടും നടക്കുവാൻ നാഗരികന്മാർ ഭയപ്പെടാറില്ലല്ലോ. കടലിൽ കുളിക്കുന്നതിലും ആദ്യത്തിൽ ഒരുവനു ഭയവും ശങ്കയും ഉണ്ടായിരിക്കും. എന്നാൽ അതിൽ 'കട്ടനാളിറങ്ങിയും മുങ്ങിയും' പരിചയംവന്നാൽ അതിന്റെ അപകടഭാഗങ്ങളെ അത്ര ഗൌരവമായി ആരും ചിന്തിക്കാറില്ല. ;ഹിമാലയാടനം യഥാർത്ഥത്തിൽ കാററുകൊള്ളാൻ വൈകുന്നേരം കടപ്പുറത്തു ഉലാത്തുമ്പോലെ സുകരമല്ല; മൈതാനഭൂമിയിലെ സുഖനിലയിൽനിന്നു നോക്കുമ്പോൾ നമ്മുടെ ദൃഷ്ടിയിൽ പെടാത്ത ഏറിയ വിഷമങ്ങൾ അതിൽ അന്തർഭവിച്ചിട്ടുണ്ട്. എന്നാൽ കരുത്തും ധൈര്യവും

ഒരുക്കവുമുള്ള ഒരു മനുഷ്യന്ന് അതിനെപററി അതിഭീതിപരങ്ങളായ അന്ധവിശ്വാസങ്ങളും ആവശ്യമില്ലാത്തതാണ്.

അന്നു വൈകുന്നേരം ഏകദേശം നാലുമണിക്കു ശ്രീകേദാരനാഥത്തിലും വന്നുചേൎന്നു.

൧൬

# കേദാരനാഥം.

മാമലകളുടെ മുകളിൽ മാമലകളാൽ ചുററപ്പെട്ട ഒരു തുറന്നുപരന്ന സ്ഥലമാണ് കേദാരനാഥം. ഒന്നോ രണ്ടോ ചതുരശ്രനാഴിക വിസ്താരമുള്ള ഈ സ്ഥലം തെക്കുവടക്കു അല്പം ജാസ്തിനീണ്ടു്, തെക്കോട്ടു് മെല്ലെ ഒന്നു ചരിഞ്ഞതാണ് കിടക്കുന്നതു്. ഇതിന്റെ നാലുഭാഗത്തും സനാതനഹിമസംവേഷ്ടിതങ്ങളായ വന്മലകൾ തന്നെ. കിഴക്കും പടിഞ്ഞാറും വെളുത്ത മലനിരകൾ ഇതിന്റെ അതിരായി നെടുനീളം കിടക്കുന്നു. അവയുടെ തെക്കു ഇരുഭാഗങ്ങളിലും വേറെ ശിഖരങ്ങൾ ഇങ്ങോട്ടുള്ള ഗോപുരപ്രാസാദങ്ങളെന്ന നിലയിൽ ഉയൎന്നു നില്ക്കുന്നു; കേദാരമാകുന്ന കോട്ടയെ ഇവയെക്കാളെല്ലാം മേന്മയിൽ സൌഭദ്രമാക്കിത്തീൎത്ത നിത്യവെൺഭിത്തിയാണ് വടക്കു ആകാശംമുട്ടിക്കൊണ്ടു നില്ക്കുന്ന സാക്ഷാൽ കേദാരപൎവ്വതം. കേദാരത്തിന്റെ മറുപുറത്തേക്കു ഈ ഉത്തുംഗഹിമദുൎഗ്ഗങ്ങളെ അതിക്രമിച്ചു പോകുന്നതു ആൎക്കും അസാദ്ധ്യമാകുന്നു. പാണ്ഡവന്മാരുടെ അന്ത്യകാലകഥയിൽ യുധിഷ്ഠിരൻ ഹിമാലയത്തിൽവെച്ചു സ്വൎഗ്ഗാരോഹണം ചെയ്തതായി പറയുന്ന സ്ഥലമാണത്രെ ഇതു്. ആ ധീരധൎമ്മാത്മാവിന്റെ വൈരാഗ്യസിദ്ധികൾക്കു സാക്ഷ്യംവഹിക്കുന്ന ഈ പുരാണകേദാരം, അഹോ, മധുരപാവനമായ ഏതൊരു സ്മൃതിലോക

ത്തേക്കു നമ്മെ നയിക്കുന്നു! ആചാൎയ്യശംകരൻ ചരമസമാധിയടഞ്ഞ സ്ഥലവും കേദാരനാഥമാണെന്നു് ഐതിഹ്യമുണ്ടു്.

ഇവിടെ ഒരു ക്ഷേത്രമുള്ളതു് ചെറിയതാണെങ്കിലും വളരെ കൌതുകമുള്ളതാണു്. ഈ ദുൎഗ്ഗമസ്ഥലത്തും ഇത്ര വിസ്തരിച്ച ക്ഷേത്രങ്ങളും മററു കെട്ടിടങ്ങളും, സംവത്സരംതോറും ആറുമാസത്തെ ഉപയോഗാൎത്ഥം, കെട്ടിയുണ്ടാക്കുവാൻ ശ്രദ്ധിച്ച കൎത്താക്കന്മാരുടെ മനോധൈൎയ്യത്തെ സ്വാഭിനയം അഭിനന്ദിക്കതന്നെ വേണം. ക്ഷേത്രം കുറെ പുരാതനമായതാണു്. പാണ്ഡവന്മാരാണുപോൽ അതു നിൎമ്മിച്ചതു്. യുധിഷ്ഠിരന്റെ സ്വൎഗ്ഗാരോഹണത്തിനു മുമ്പു് അവർ ഇവിടെ ക്ഷേത്രം പണിയിച്ചിരുന്നുവോ എന്നും, അഥവാ ഇതു പണിയിച്ചിരുന്ന പാണ്ഡവന്മാർ വീരപഞ്ചപാണ്ഡവന്മാരുടെ സന്താനങ്ങളായിരിക്കുമോ എന്നും മററും നാം അന്വേഷിക്കുന്നതുകൊണ്ടു് വിശേഷിച്ച കാൎയ്യമെന്തു്? ഞാൻ ഇവിടെ എത്തിയതിന്റെ തലേദിവസം (മേയി 8-ാംനു- വ്യാഴാഴ്ച) ക്ഷേത്രകവാടം തുറന്നുകഴിഞ്ഞിരുന്നു. വൈശാഖമാസത്തിലെ കറുത്ത തൃതീയയെ കണക്കാക്കീട്ടാണത്രെ കാലന്തോറും ആദ്യമായി ഈ ക്ഷേത്രം തുറക്കുന്നതു്. പിന്നെ ആറുമാസത്തേക്കു ക്ഷേത്രത്തിൽ എല്ലാദിവസവും പൂജയുണ്ടു്. ഇവിടെ ശാന്തിക്കാരൻ ഒരു മഹാരാഷ്ട്രബ്രാഹ്മണനാണെന്നാണു് ഞാൻ മനസ്സിലാക്കിയതു്. ദക്ഷിണഇന്ത്യക്കാർ ശാന്തിചെയ്യുന്ന വേറെയും ചില ക്ഷേത്രങ്ങൾ ഹിമാലയങ്ങളിൽ ഉണ്ടു്. ശംകരാചാൎയ്യ

രുടെ കാലം മുതൽക്കാണുപോൽ ഈ ഏർപ്പാടുകൾ ഉണ്ടായത്. യാത്രയിൽ ശരിയായ വഴികളും പാലങ്ങളും 'ചട്ടി'കളും ഒന്നും ഇല്ലാതിരുന്ന ആ കാലങ്ങളിൽ ഏകാകികളായി കേദാരം ബദരീനാരായണം മുതലായ ഹിമാലയധാമങ്ങളെ സന്ദർശിക്കുകയുണ്ടായി എന്നുമാത്രമുമല്ല, അവിടങ്ങളിൽ പുതിയ ഓരോ ഏർപ്പാടുകൾ കല്പിക്കുവാനും ശ്രമിച്ചിരുന്ന ശങ്കരാചാര്യരെപ്പോലെയുള്ള സിംഹഹൃദയന്മാരോടൊത്തുനോക്കുമ്പോൾ, ഇന്നു അവരുടെ സന്താനപരമ്പരയാണെന്നഭിമാനിക്കുന്ന നമ്മുടെ അവസ്ഥ വാസ്തവത്തിൽ എത്ര തുച്ഛമാകുന്നു!

കേദാരനാഥക്ഷേത്രത്തിന്റെ ശ്രീകോവിൽ പൂജക്കും ദർശനത്തിനുംവേണ്ടി രാവിലെ എട്ടുമണിക്കു തുറന്നു വൈകുന്നേരം നാലുമണിക്കു പൂട്ടുകയാണത്രെ പതിവ്. ഞാൻ എത്തിയസമയം ശ്രീകോവിൽ പൂട്ടിയിരുന്നു. വടക്കു ഉത്തുംഗശൃംഗത്തിനടുത്ത് തെക്കോട്ടഭിമുഖമായിട്ടാണ് അമ്പലം നിൽക്കുന്നത്. നമുക്കു ചുററും നാനാഭാഗങ്ങളിലും മഞ്ഞലിഞ്ഞ് വെള്ളം ഒഴുകുന്നു. കുറെയിട്ട ചോലകളായി കേദാരനദി ആവിർഭവിച്ച് ഝംകാരംപാടിക്കൊണ്ട് തെക്കോട്ടു കുതിക്കുന്നു. ധവളമായ ഹിമമുഖങ്ങളെ തട്ടുന്ന ദിവാകരരശ്മികൾ ആക ആ രംഗത്തിൽ ഒരു നിസ്തുല്യകാന്തിയേയും ശാന്തിയേയും തൂകുന്നു. അനേകസംവത്സരങ്ങൾ ഒന്നായി ഹേമന്തവും രാത്രിയും കൂടാതെ മദ്ധ്യാഹ്നസൂര്യൻ തീക്ഷ്ണരശ്മി പ്രക്ഷേപിച്ചാലും മുഴുവൻ അലിഞ്ഞു വെള്ളമാകാതെ പിന്നെയും ശേഷിക്കുന്ന അനന്ത ഹിമരാശിയെ

നോക്കി നോക്കി നാം സ്തംഭിക്കുന്നു. ഹേമന്തത്തിൽ കേദാരനാഥത്തിൽ അമ്പലവും മററു കെട്ടിടങ്ങളും എല്ലാം തീരെ ഐസുകൊണ്ടു മൂടപ്പെട്ടിരിക്കും. ഈ കാലത്തും വേണ്ടത്ര മഞ്ഞ് അലിഞ്ഞുപോയിട്ടില്ലാത്തതിനാൽ ക്ഷേത്രകവാടം തുറക്കുന്നതിനു അല്പദിവസം മുമ്പ് അതിലേക്കു വേണ്ടപ്പെട്ടവർ ചെന്ന് കൈക്കോട്ടും കട്ടപ്പാരയും കാച്ചവെള്ളവും ഉപയോഗിച്ച് കെട്ടിടങ്ങളേയും വഴികളേയും ഇവിടെ വീണ്ടെടുക്കുകയാണ് ചെയ്യുന്നത്. ഇങ്ങിനെ നീക്കംചെയ്ത ഹിമക്കട്ടികൾ വലിയ വെൺപാറക്കഷണങ്ങളെപോലെ ഇപ്പോഴും അവിടവിടെ നാം കാണുന്നു. ബദരികാശ്രമത്തിന്റെയും സ്ഥിതി ഇതുതന്നെ. ഈ ശ്രമസാദ്ധ്യമായ വീണ്ടെടുക്കൽ കാലന്തോറും അവിടേയും ആവശ്യമാണ്.

ചുററുംകിടക്കുന്ന അനന്തഹിമതരംഗങ്ങളും, അവയിൽ നിന്നൊലിയുന്ന വെള്ളങ്ങൾചേർന്ന് ചോലകളായി ഝംകാരം മുഴക്കിക്കൊണ്ടൊഴുകുന്നതും, ഉത്തുംഗപർവ്വതഭിത്തികൾ നമ്മെ പരിഷ്കൃതലോകത്തിൽനിന്നു തീരെ അകററിയിരിക്കുന്നുവെന്നതും, ഹിമാലയങ്ങളെക്കുറിച്ച് ചരിത്രപരവും ചരിത്രാതീതവുമായ കാര്യം പല പുനഃസ്മരണകൾ നമ്മിൽ സ്ഫുരിക്കുന്നതും, എല്ലാം നമ്മുടെ മനസ്സിൽ ഒരേസമയത്ത് ഭയത്തെയും വിസ്മയത്തേയും, ഭക്തിയേയും ഉല്ലാസത്തേയും, വളർത്തുന്നു.

കേദാരനാഥത്തിൽ ധർമ്മശാലകളും പീടികകളും ഭക്ഷണശാലകളും ഉണ്ട്. സ്ഥിരമായി കെട്ടപ്പെട്ടവ കൂടാതെ കാലന്തോറും താൽക്കാലഉപയോഗത്തിലേക്കാ

യി വെച്ചുകെട്ടപ്പെട്ട പുരകളും ഉണ്ടു്. ക്ഷേത്രം തുറക്കുന്ന ആദ്യകാലങ്ങളിൽ ജനങ്ങളുടെ ബഹുളംകൊണ്ടു് കേദാരം ഒരു നല്ല മേളസ്ഥലമായിരിക്കും. സൌന്ദര്യമായി യാത്രക്കാൎക്കു സ്ഥലമനുവദിക്കുന്ന കെട്ടിടങ്ങൾ കൂടാതെ വലിയ വാടകക്കു ഇടം വേറെ കിട്ടുന്നതാണു്. ഇതെല്ലാം അഞ്ചിൽ പകുതികാലവും ഹിമത്തിൽ ആണ്ടല്ലയോ കിടക്കുന്നതു്? ഇന്നിപ്പോൾ ആ ഹിമക്കോട്ടയിൽ ഇതാ മനുഷ്യജീവിതം നിറഞ്ഞിരിക്കുന്നു. മരങ്ങളില്ലാത്ത ഈ സ്ഥലത്തേക്കാവശ്യമായ വിറകുകൂടി കീഴ്പ്രദേശങ്ങളിൽ നിന്നാണു് ഇവിടെ എത്തുന്നതു്. ഒരു ചെറുകെട്ടിന്നു ഒരുറുപ്പികയും അതിലധികവും വിലയും വരുന്നു. ഇത്രയും പ്രകൃത്യാ ഭൌതികാവശ്യപദാൎത്ഥങ്ങൾ ശൂന്യമായ ഇവിടെ ഇന്നു ഭാരിച്ച വിലകൊടുത്താൽ നമുക്കു് ആട്ടയും റൊട്ടിയും നെയ്യും മാത്രമല്ല, കഞ്ചാവും ബീഡിയും സിഗാററുകളുംകൂടി കിട്ടുന്നുവെന്നോൎക്കണം. എന്നാൽ വൈദ്യുതകമ്പിയും മററു പരിഷ്കാരങ്ങളും ഇതേവരെ എത്തീട്ടില്ല. ജനങ്ങളുടെ സൌകൎയ്യാൎത്ഥം അല്ലഹബാദിലെ പ്രയാഗസേവാസമിതി എന്ന ഒരു സ്ഥാപനത്തിന്റെ ശാഖകൾ കേദാരനാഥം ബദരീനാഥം മുതലായ ചില സ്ഥലങ്ങളിൽ ഇന്നേക്കു അല്പം മാസം മുമ്പായിമാത്രം ഏൎപ്പെടുത്തപ്പെട്ടിരിക്കുന്നുവെന്നതു് ഇവിടെ പ്രസ്താവയോഗ്യമാണ്. യാത്രക്കാരിൽ വളരെപ്പേർ വലിയ അഗ്നിജ്വലിപ്പിച്ചു് രാത്രിമുഴുവനും പാടിയും സന്തോഷിച്ചും കേദാരനാഥത്തിലെ അമ്പലത്തിന്റെ ബഹിൎഭാഗത്തു് തീക്കാഞ്ഞു

കൊണ്ടു് ക്ഷേത്രോപവാസം ചെയ്യാറുണ്ടു്. സാധുക്കൾക്കു തീക്കായുവാൻ വിറകോ വിറകിന്റെ പണമോ സൌജന്യം നൽകുന്ന പുണ്യകാംക്ഷികളും തീൎത്ഥയാത്രക്കാരുടെ ഇടയിലുണ്ടു്. ക്ഷേത്രസന്നിധിയിൽ 'ധൎമ്മം' വാങ്ങുവാൻ മാത്രമായി ഇരിക്കുന്നവരും ഇല്ലെന്നില്ല. ജടയും ഭസ്മവും വല്ക്കലവും ധരിച്ചു് അഗ്നിയും ജ്വലിപ്പിച്ചു് യോഗാസനസ്ഥരായി, മിക്കവാറും മൌനികളായി, സ്ഥിതിചെയ്യുന്ന ചില 'മഹാത്മാ'ക്കളുടെ മുന്നിലും കാശും പണവും 'ധൎമ്മം' സ്വീകരിക്കുവാൻ ഓരോ വസ്ത്രം വിരിച്ചിട്ടിരിക്കുന്നതു കാണാം. ഒരുവിധം ആവശ്യത്തിന്നു മതിയായ ഒരു തുക കിട്ടിയാൽ അവർ യോഗത്തിൽനിന്നു വിരമിച്ചു റൊട്ടി വാങ്ങി ഭക്ഷിക്കുകയോ ബീഡി വലിക്കുകയോ ഹുക്കാ കുടിക്കുകയോ ചെയ്യുന്നതും അപൂൎവ്വമല്ല. എന്നാൽ അവരുടെ ഇടയിലെല്ലാം സാധാരണ നോട്ടത്തിന്നു തിരിച്ചറിയുവാൻ കഴിയാത്ത ചില യഥാൎത്ഥ ആത്മജ്ഞാനികളും ഉണ്ടായിരിക്കാനിടയുണ്ടു്.

എനിക്കും വേറെ രണ്ടു യാത്രികന്മാൎക്കുംകൂടി ഒരു ധൎമ്മശാലയിലെ ഒരു മുറി ഒഴിവായികിട്ടി. കുറച്ചു വിറകു് കൊണ്ടുവന്നു് മുറിയിൽ തന്നെ തീയിട്ടു. കൈവശം ഉണ്ടായിരുന്ന കമ്പിളികളും വസ്ത്രങ്ങളും ഉടുപ്പുകളുമെല്ലാം ഉപയോഗിച്ചു് ആ രാത്രിയിലെ തണുപ്പിനോടു പോരാടിക്കൊണ്ടുറങ്ങി. ഹിമാലയധാമങ്ങൾ സന്ദൎശിക്കുവാനിച്ഛിക്കുന്ന തെക്കെ ഇന്ത്യക്കാർ അതിന്നു യാത്രപുറപ്പെടുന്നതിന്നു മുമ്പു വടക്കെ ഇന്ത്യയിലെ ശൈത്യകാലവുമായി കുറെ പരിചയപ്പെട്ടിരിക്കുന്നതു് പക്ഷെ നല്ലതാണു്. ലക്

നേവിൽനിന്നു് ഞാൻ ഒരു ജോടു സ്റ്റോക്കിങ്ങ്സ വാങ്ങിയതു് ധരിച്ചപ്പോൾ നല്ല ചൂടുള്ള ജാതിയായിരുന്നു; എന്നാൽ ഇപ്പോൾ അതിനുള്ളിൽക്കൂടിയും ശൈത്യം തെരുതെരെ കേറുന്നു. തീ അധികനേരത്തേക്കുണ്ടായില്ലയെങ്കിലും ഒരു വിധം രാത്രി കഴിച്ചുകൂട്ടി. മൂത്രവിസർജ്ജനത്തിനെഴുന്നേറ്റപ്പോൾ ആ ഏറ്റവും ദുസ്സഹമായ ശൈത്യത്തിലും അർദ്ധരാത്രിയിൽ കേദാരനാഥത്തിലെ ബാഹ്യപ്രകൃതി ഒന്നു കാണേണമെന്നുള്ള മോഹം എന്നെ കുറച്ചുനേരം പുറമെ നിർത്തി. എന്തൊരു ഗൌരവമായ വിശ്രാന്തി കേദാരത്തെ ആകമാനം വ്യാപിച്ചിരിക്കുന്നു! ചന്ദ്രൻ പ്രകാശിച്ചിരുന്നുവെങ്കിലും നക്ഷത്രവിലാസം എത്രയും നിസ്തുല്യമായിരുന്നു. മൂഢമായ മനസ്സേ! ആത്മാവിന്റെ കാഴ്ചയെ മറയ്ക്കുന്ന 'പരിഷ്കാര'പ്രമത്തത നിന്നിലുണ്ടെങ്കിൽ അതിനെ തൽക്കാലം അകറ്റു്. എന്തെങ്കിലും സ്വകാര്യവ്യഥയോ, ആധിയോ, ഹാ, അവാച്യമായി നിന്റെ അടിത്തട്ടിലുണ്ടെങ്കിൽ, അവയെയും, ഹൃദയമേ! ഇപ്പോൾ വിസ്മരിക്കു്. ഈ അനാദിമ അമൃതഹിമാലയങ്ങളുടെ ഗംഭീര ഹിമശിഖരികൾക്കിടയിൽ, കുളിർകാന്തങ്ങളായ അനന്തതാരകങ്ങൾക്കടിയിൽ, ഈ രാത്രിയുടെ കോമളിമയും പ്രൌഢിയും പരിശുദ്ധശാന്തിയും, വാക്കുകൊണ്ടൊട്ടും വെളിപ്പെടാതെ, നമ്മുടെ ഹൃദയനാളങ്ങളിൽ ചേന്നു്, ജീവിതത്തെ നിത്യാനുഗ്രഹീതമാക്കുന്നു!

രാവിലെ (മെയി 5-ാംനു-) എഴുന്നേറ്റു്, തണുപ്പിനെ ഒരു വിധം അടക്കുവാൻ കുറെ വ്യായാമം ചെയ്ത ശേഷം, ചെറുക്കനോടെ നടന്നു്, ക്ഷേത്രസന്നിധിയിൽ

ചില വൈരാഗിവൃന്ദം തിക്കാഞ്ഞു കൊണ്ടിരിക്കുന്നേട
ത്തെത്തി. പ്രഭാതസൂര്യൻ പർവ്വതാഗ്രങ്ങളിൽ പുളത
കം പൂശുമ്പോൾ ആ 'സവിതാ'വിൻെറ 'വരേണ്യ'മാ
യ 'ഭർഗ്ഗസ്സ്'കളെ ഉൽക്കണ്ഠയോടെ കാത്തു 'ധ്യാനിച്ചു'
കൊണ്ടിരുന്ന നമ്മുടെ 'ധീ'കളെയും ആ 'ദേവൻ'
'പ്രചോദിത'ങ്ങളാക്കുന്നു. കായികജീവിതത്തിൻെറ
നിലയിൽനിന്നു നോക്കുമ്പോൾ സൂര്യസാന്നിദ്ധ്യം ഇവ
ഹിമാലയങ്ങളിൽ സർവ്വ ജീവജാലങ്ങൾക്കും മററു സാ
ധാരണ സ്ഥലങ്ങളിലേക്കാൾ തുലോം അത്യാവശ്യമാ
കുന്നു. ആന്തര്യമായി ആലോചിച്ചാൽ, ഋഷീശ്വരാന്ത
രംഗങ്ങളിൽ പരമാത്മജ്ഞാനസൂര്യൻെറ നിസ്തുല്യതേ
ജോവിലാസാനുഭൂതിയിലുള്ള ആകാംക്ഷയും ഹിമവാ
ൻെറ പ്രശാന്താംഗങ്ങളിൽവെച്ചു് പ്രബലപ്പെട്ടിരിക്ക
ണം. ഏതുവിധത്തിലും ജീവാത്മാവിൻെറ ഒരു പരമ
പൈദാഹം പാടുന്നതായ ഗായത്രിയുടെ ഉൽപത്തി
പക്ഷെ ഹിമാലയങ്ങളിൽത്തന്നെ ആയിരിക്കുമൊ?

ക്ഷേത്രം തുറന്നപ്പോൾ ഏട്ടോ ഒമ്പതോ മണി
യായി. ആ ചെറു സ്ഥലത്തുണ്ടായിരുന്ന ബഹളം
അസാമാന്യമായിരുന്നു. അമ്പലത്തിനുള്ളിൽ കർപ്പൂരാ
വും കാലൊറയും എല്ലാം ധരിക്കാമെങ്കിലും പാദരക്ഷ
യാതൊന്നും പാടില്ലെന്നാണ് നിശ്ചയം. ഇതു് ഒരു
വിധം എല്ലാം അമ്പലങ്ങളേയും ബാധിക്കുന്ന ഒരു നി
ബന്ധനയാണ്. പൂജാരികളും മററുജനങ്ങളും പൊതു
സൌകര്യം വകവെക്കാതെ നിലത്തൊഴിക്കുന്ന ജല
ത്തിൽ ചവുട്ടി സ്വതവെ അതിശീതമായ ആ സ്ഥലത്തു്

നാം പാദരക്ഷ കൂടാതെ അധികം കഴിച്ചുകൂട്ടുന്നത് സങ്കടം തന്നെ. തിക്കും തിരക്കും ആലോചിച്ചാൽ, അതിന് ഇന്ത്യൻജനതക്ക് ഒരു പ്രത്യേക മൂഢവാസന ഉണ്ടെന്നു തോന്നുന്നു.

ശ്രീകോവിലിന്നുപുറമെയുള്ള മുറികളിൽ പാണ്ഡവന്മാരുടേയും മറ്റും ശിലാവിഗ്രഹങ്ങൾ ചുവരിന്മേൽ ചുറ്റും കാണുന്നുണ്ട്. അന്നപൂർണ്ണക്കും ഒരു പ്രത്യേക സ്ഥാനമുണ്ട്. ശ്രീകോവിലിന്നകത്തു കടന്നാൽ അവിടെ ഈ ആരാധനാബഹളത്തിനെല്ലാം ലക്ഷീഭവിക്കുന്നത് എന്താണ്? ശരിയായ ആകൃതിയെന്നും ഇല്ലാതെ നിലത്തു പൊങ്ങിക്കിടക്കുന്ന ഒരു വലിയ പാറക്കഷണമാണ് അവിടെ മഹാദേവത്വേന ആരാധിക്കപ്പെടുന്നത്. ഹിന്ദുലോകം സ്ത്രീപുരുഷഭേദം ഇല്ലാതെ, ജാതിവംശാദിവ്യത്യാസം കൂടാതെ, ആ ആനക്കുട്ടിയെപ്പോലെ നിശ്ചലമായിക്കിടക്കുന്ന ശിലമേൽ വന്നടിഞ്ഞും, അതിനെ പണിഞ്ഞു കുമ്പിട്ടും, അതിനെ പ്രദക്ഷിണം ചുറ്റിയും, അതിനെ ആലിംഗനംചെയ്തും കൂട്ടുന്ന കോലാഹലത്തിനു യാതൊരതിർത്തിയും ഇല്ല. ത്രിമൂർത്തികളിൽ വ്യക്തിഭേദംപൂണ്ട മഹാദേവനല്ല, ഏകം പരബ്രഹ്മം തന്നെയാണ് അവിടെ സങ്കല്പിക്കപ്പെട്ടിരിക്കുന്നതെന്ന് ഒരു വലിയ പക്ഷമുണ്ട്. ഏതായാലും ഒരു അനന്തശക്തി ഒരു പ്രത്യേകാകാരത്തിൽ അറിയപ്പെടാതെയും ഒരു പ്രത്യേകരൂപം കൂടാതെയും പ്രകൃതിയിൽ സാക്ഷാത്തായിരിക്കുന്ന ഈ സ്ഥലവും സാധാരണ വിഗ്രഹാരാധനാമന്ദിരങ്ങളും തമ്മിൽ തുലോം അന്തരമുണ്ടെന്നല്ലേ തോന്നുന്നത്?

൨൭

# കേദാരത്തിൽനിന്നു മടക്കവും, വഴിതിരിവും.

സൂൎയ്യപ്രകാശം രാവിലെ അല്പനിമിഷങ്ങളോളമേ ഉണ്ടായുള്ളു. അതിനുശേഷം പൎവ്വതപാൎശ്വങ്ങളും ആകാശവും 'മേഘമേദുര'മായി ചമഞ്ഞു. മഴ കഠിനമായി പെയ്തില്ലെങ്കിലും യാത്രിലോഗിന്റെ സ്ഥിതി വിഷമമാക്കിത്തീൎക്കാൻ അപ്പോഴത്തെ ചെറുചാറൽതന്നെ മതിയായിരുന്നു. ചെറുമഴത്തുള്ളികൾ മിക്കതും തുമ്പപോലെ ധവളമൃദുവായ മഞ്ഞായിട്ടാണ് വീണിരുന്നത്. പകൽ ഒരു പതിനൊന്നുമണിക്കു ഞാൻ കേദാരനാഥത്തോടു യാത്രപറഞ്ഞു. മഞ്ഞുമഴ വീണിരുന്നതിനാൽ മടക്കത്തിൽ ഹിമരംഗങ്ങൾ ദുൎഘടതരമായിരുന്നു. എങ്ങിനെയെങ്കിലും ഐസ്ഫീൽഡ്കൾ കടന്നുകഴിഞ്ഞു് ഗൌരികുണ്ഡത്തിലെത്തിയാൽ ആശ്വാസമായിരുന്നു. കേറ്റങ്ങളോളംതന്നെ ബുദ്ധിമുട്ടുകളുള്ളവയാണ് ഈ പ്രദേശങ്ങളിലെ ഇറക്കങ്ങളും. ഒരുവിധം പണിപ്പെട്ടു് ആ വിഷമമാൎഗ്ഗങ്ങളിൽക്കൂടി താഴോട്ടു ഇടക്കു രാമബാഡയിൽ വിശ്രമിക്കാതെ, വൈകുന്നേരം ഗൌരികുണ്ഡത്തിൽ വന്നുചേൎന്നു.

പിറേറന്നുരാവിലെ (6th May) ഗൌരികുണ്ഡത്തിൽനിന്നു നേരെ രാമപുരിയിൽ വന്നു. ഇവിടെനിന്നു വാങ്ങിയിരുന്ന ഒരു കംബളം തിരികെ ഏല്പിച്ചു

കൊടുത്തു. വൈകുന്നേരം പിന്നേയും നടന്നു. കേദാരത്തിൽനിന്നു ഏകദേശം പതിനെഴു നാഴിക അകലത്തെത്തിയപ്പോൾ, നാലുദിവസംമുമ്പു ഇവിടെ ഒരു മലയുടെ വാരിമേൽക്കൂടെ ഉണ്ടായിരുന്ന ശരിയായ വഴി, ആ മലഭാഗം കുറെ ഇടിഞ്ഞുവീണുപോയിരുന്നതിനാൽ ഇപ്പോൾ ഇല്ലാതായികണ്ടു. ഈ ഇടിവിൽ ചില യാത്രക്കാരും പെട്ടുപോയി എന്നാണ് കേട്ടത്. എതായാലും കുറെക്കൂടി കുന്നിന്റെ മുകളിലേക്ക് വളഞ്ഞു കേറിക്കൊണ്ടുള്ള വേറെ ഒരു താൽക്കാലികവഴിയിൽക്കൂടെ ഇപ്പോൾ നടക്കേണ്ടിവന്നു. കല്ലും ചരലും ഇപ്പോഴും ആ ചരിവിൽക്കൂടെ ഇടക്ക താഴോട്ടുരുണ്ടുകൊണ്ടിരുന്നു. ഇങ്ങിനെ ഒരു ഇളക്കംപിടിച്ച വഴിയിൽക്കൂടെയാണ് തൽക്കാലം നടക്കേണ്ടിവന്നത്. അധികാരസ്ഥന്മാർ ഭദ്രമായ ഒരു സ്ഥിരവഴി നിർമ്മിക്കുവാൻ ശ്രമിക്കാതിരുന്നില്ലായിരുന്നു. അന്നു ഇരുട്ടായതിന്റെ ശേഷമാണ് ആ വിഷമവഴി ഒടുവിൽ ഞങ്ങൾ ഭീമ്ചട്ടി എന്ന ഒരു സ്ഥലത്തെത്തിയത്. (മുൻപ്രസ്താവിക്കപ്പെട്ട ഭീമന്റെ ഭീരിചട്ടിയല്ല ഇത്) ഈ ഭീമ്ചട്ടി കേദാരത്തിൽനിന്നു ഏകദേശം ഇരുപത്തുനാഴിക അകലെയാകുന്നു.

പിറ്റേന്നു (7th May) രാവിലെ ഭീമ്ചട്ടിയിൽനിന്നു പുറപ്പെട്ടു ഭദ്രപരവും (ഭേള്ള or ഭമാതാചട്ടി) കടന്നു നാലാംചട്ടിയിൽവന്നു. കേദാരത്തിൽനിന്നു 24 നാഴിക ദൂരമുള്ള ഈ നാലാംചട്ടിയിൽനിന്നാണ് ഇനി ബദരീനാരായണത്തിലേക്ക ഒരു പ്രത്യേകവഴി തിരിയുന്നതെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇനി ചമോലിയിൽ എ

ത്തുവാളുവരെ വഴിയിൽ നാഴികക്കല്ലുകളില്ല. കേദാരത്തിൽനിന്നുവരുന്ന വരവിൽനിന്നു ഇടത്തോട്ടു് ഈ ബദരീനാഥമാൎഗ്ഗത്തിലേക്കു യാത്രതിരിച്ചു. പിന്നെ ഒരു വലിയ കുന്നിൻചരിവിൽക്കൂടിയുള്ള വഴിക്കു ഇറങ്ങിയിറങ്ങിവന്നു് മന്ദാകിനിമേൽ ഒരു പാലം കടന്നു. പിന്നേയും വഴി കേററമായി. കേറിക്കേറി ഉച്ചക്കു ഊഖീമഠം എന്നുപറയുന്ന ഒരു സ്ഥലത്തെത്തി. ഇതു നമ്മുടെ യാത്രയിൽ ഈ പൎവ്വതപ്രദേശങ്ങളിലെ പ്രധാന ജനപദങ്ങളിൽ ഒന്നാണു്. മുൻപറയപ്പെട്ട ശ്രീനഗരത്തോളംതന്നെ പ്രാധാന്യത ഈ ഒരു കുന്നിൻപുറത്തുള്ള ചെറുപട്ടണത്തിനില്ലെങ്കിലും ആസ്പത്രിയും തപ്പാലാപ്പീസും കുറെ മുഖ്യമായി പണിയപ്പെട്ടിരിക്കുന്ന ഒരു ക്ഷേത്രവും മഹന്തിന്റെ മഠവും അങ്ങാടിയും ബിഡിയും എല്ലാം ഇവിടെ ഉണ്ടു്. ഇവിടെ ഉറവുവെള്ളം ധാരാളം കിട്ടുന്നു.

ഉച്ചതിരിഞ്ഞശേഷം ഊഖീമഠത്തിൽനിന്നു യാത്ര തുടൎന്നു. അടുത്തു് ഒരു പോലീസ് സ്റ്റേഷൻ (ഈ ദിക്കുകളിലും!) കണ്ടു. ഒരു മൎയ്യാദക്കാരനായ പോലീസുകാരനേയും അവിടെ കണ്ടു. അവിടെ അല്പം വിശ്രമിച്ചശേഷം പിന്നേയും നടന്നു. ബദരീനാരായണത്തിലെത്തിയാൽ പിന്നെ അവിടെനിന്നു കൈലാസം മാനസസരസ്സ് എന്നീ സ്ഥലങ്ങളിലേക്കും യാത്രചെയ്യാനുദ്ദേശിച്ചിരുന്ന ഒരു ബങ്കാളിസാധുവുമായി മാൎഗ്ഗമദ്ധ്യേ സംഭാഷിക്കയുണ്ടായി. അദ്ദേഹം ബി. എ. പാസ്സായശേഷം ബങ്കാളം പോലീസ്സിൽ ഒരു ഉദ്യോഗസ്ഥനായി

രുന്നുവെന്നും, ഉദ്യോഗസംബന്ധമായി ഒരു നഗരിയിലിരുന്നിരുന്ന ഒരുകാലത്ത് നാട്ടുപുറത്തുണ്ടായിരുന്ന തന്റെ വീടും കുടുംബങ്ങളും നിശ്ശേഷം ഒരു രാത്രികൊണ്ട് ഭയങ്കരവെള്ളപ്പൊക്കത്തിൽ അപായം പ്രാപിച്ചതായ വർത്തമാനം കമ്പിവഴിയായി അറിഞ്ഞുവെന്നും, അച്ഛനും, അമ്മയും, ഭാര്യയും കുട്ടികളും കൂടാതെ ഏകനായി ശേഷിച്ച തനിക്ക് വൈരാഗ്യംവന്ന് ഉദ്യോഗവും ലൌകികബന്ധങ്ങളും അവസാനിപ്പിച്ച് താൻ സന്ന്യാസവൃത്തി സ്വീകരിച്ചുവെന്നും, ഇന്നേക്ക് ഒരു വ്യാഴവട്ടത്തിലധികമായി ഈ സ്ഥിതിയിലിരിക്കുന്നുവെന്നും, മററും വിവരങ്ങൾ അദ്ദേഹത്തെപ്പററി അറിയാറായി. ഒരു ചെറിയ അരുവിയുടെ കരയിലേക്കു വഴി കുറെ ഇറങ്ങി, അരുവി കടന്നശേഷം പിന്നെയും കേററമായി. ഇപ്പോൾ കേറുവാൻതുടങ്ങിയിരിക്കുന്നത് അത്യുന്നതമായ (തുംഗനാഥം എന്ന) ഒരു പർവ്വതമാണ്. വഴി മുറക്കണ്ടെങ്കിലും അത്ര വളഞ്ഞുംപിരിഞ്ഞുംകൊണ്ടു പെരുങ്കാട്ടിൽക്കൂടെയാണ് കിടക്കുന്നത്. സന്ധ്യയോടുകൂടി അല്പംമുമ്പേ ഒരു 'ചട്ടി'യിലെത്തി. ഇപ്പോഴേക്കു കേദാരത്തിൽനിന്നു ഏകദേശം മുപ്പത്തിരണ്ടു നാഴിക പോന്നു കഴിഞ്ഞു.

പിറേറന്നു (8th May) പുലരുമ്പോൾ നടത്തം തുടർന്നു. അന്നു മുഴുവനും പിന്നെ കേററം, കഠിനമായ കേററം, വങ്കാട്ടിൽക്കൂടെയുള്ള കേററം, തന്നെ. ഇത്ര വലിയ പെരുങ്കാട് ഞാൻ പണ്ട് കണ്ടിട്ടുണ്ടായിരുന്നില്ല. എന്നാൽ പുലിയും കരടിയും കടുവായും മററും യാത്ര

ക്കാർ പതിവായിപോകുന്ന വഴിയിൽനിന്നു വിട്ടുമാറിയിരിക്കുന്നത് സാധാരണയാണെല്ലോ. ഏകാകികളായി ആ വഴിയിൽകൂടി നടക്കുന്നതായാൽ ഉള്ളിൽ ഭയം ജനിക്കും. കാട്ടുജന്തുക്കൾ ധാരാളമുള്ള ആ കാട്ടിൽ യാതൊരു ക്രൂരജന്തുവിനേയും കാണ്മാനുള്ള ഭാഗ്യവും നിർഭാഗ്യവും എനിക്കുണ്ടായില്ല. ഇടക്കിടെ ഓരോ ചെറു ചട്ടികളും പീടികകളും ചോലവെള്ളവും ഈ വന്മലക്കേറ്റത്തിൽ ഉണ്ട്. അവയിൽ ഒന്നിൽ ഉച്ചക്ക് അല്പം വിശ്രമിച്ചു. എന്നാൽ വഴി തിങ്ങിവിങ്ങിക്കൊണ്ടിരുന്ന വന്മരക്കാട്ടിൽകൂടെ ആയിരുന്നതിനാൽ വെയിലിൻെറ ശല്യം ഉണ്ടായില്ല; അതുകൊണ്ടു അധികനേരം വിശ്രമിക്കാതെ പിന്നെയും കേറുവാൻ തുടങ്ങി. വഴിയിൽ കുന്നൻചട്ടി എന്ന ഒരുസ്ഥലം അല്പംതുറന്ന ഒരു ചെറുനിരപ്പാണ്. അവിടെനിന്നു ഒരുവശം നോക്കുമ്പോൾ വെള്ളിമഞ്ഞുകൊണ്ട് മേഞ്ഞ മലനിരകളും മറ്റൊരുവശം മററു മലകളും വനങ്ങളും കണ്ണിനു കുളിർമ നൽകുന്നു. പിന്നെയുംകേറി. ഈ വന്മലയുടെ അറ്റവും സായാഹ്നവും സമീപിക്കുന്തോറും കുളിര് ക്രമത്തിൽ വർദ്ധിച്ചുകൊണ്ടിരുന്നതു് സ്പഷ്ടമായ ഒരു അനുഭവമായിരുന്നു. വൈകുന്നേരം ഒരു മൂന്നുമണിയോടുകൂടി അന്നത്തെ നടത്തം നിറുത്തി സങ്കേതമുറപ്പിച്ചതു് ചുപ്പചട്ടി എന്ന ഒരു സ്ഥലത്തായിരുന്നു.

ഇനി മൂന്നുനാഴിക വഴികൂടി മേലോട്ടു കേറേണ്ടതുണ്ട്; എന്നാൽ മാത്രമെ ഈ വന്മലയുടെ, അതായത് തുംഗനാഥപർവ്വതത്തിൻെറ, അറ്റഉയരത്ത് സ്ഥിതിചെ

യ്യുന്ന തുംഗനാഥമന്ദിരം എന്ന ക്ഷേത്രത്തിൽ എത്തുകയുള്ളു. ശൈവകന്മാരത്തോടുകൂടി ഒന്നു ഏകദേശം എട്ടുനാഴികയേ ആകെ നടന്നിരിക്കു എന്നു പറഞ്ഞാൽ ആ കേററത്തിന്റെ കാഠിന്യം ഊഹിക്കാമല്ലോ. കേദാരത്തിൽനിന്നിപ്പോൾ നാല്പതുനാഴിക നടന്നുകഴിഞ്ഞു. ചപ്പചട്ടിയിൽനിന്നു ചുററുംനോക്കുമ്പോൾ കാണുന്ന വൻമലകൾക്കു് ഒരവസാനമില്ല. എന്തൊരു അനന്തശക്തി തന്റെ ലീലാമേളയിൽ യാതൊരു ലബ്ധ്യംകൂടാതെ വാരിവിതറിട്ടുള്ള അതിഭീമങ്ങളായ അമ്മാനപ്പന്തുകളോ ഇവയെല്ലാം?

ചപ്പചട്ടിമുതൽ മേല്പട്ടു് വലിയ വൃക്ഷങ്ങളും കാടകളും ഇല്ല. തുംഗനാഥമന്ദിരം നിൽക്കുന്ന സ്ഥലവും അതിന്നു ചുററുംപ്രദേശവും ഹേമന്തത്തിൽ ഹിമകട്ടികൊണ്ടു് നിറഞ്ഞിരിക്കും. എന്നാൽ ഈ ചപ്പചട്ടിയിൽ ചുരുങ്ങിയ ജനവാസം അന്നും ഉണ്ടായിരിക്കുമെന്നു തോന്നുന്നു. ഇവിടെയാണു് തുംഗനാഥത്തിലെ ദേവൻ തണുപ്പുകാലത്തു വസിക്കുക. തുംഗനാഥന്നു് ഒരു പ്രത്യേകമന്ദിരവും അതിൽ പൂജയും എല്ലാം ഇവിടേയും കണ്ടു. ഞാൻ ഈ ചട്ടിയിലെത്തിയദിവസം ദേവൻ അവിടെത്തന്നെ ഉണ്ടായിരുന്നു. അതിന്റെ പിറേറന്നുമാത്രമാണു് ആ കൊല്ലത്തിൽ ആദ്യമായി തുംഗനാഥമന്ദിരം തുറന്നതു്. തുറക്കുന്നദിവസം രാവിലെ ഇവിടെനിന്നു അങ്ങോട്ടു ദേവനെ അതിന്റെ അധികാരികൾ കൊണ്ടുപോകയത്രെ ചെയ്യുന്നതു്. ഈ ചട്ടിയിൽ ഒന്നിലധികം ധർമ്മശാലകൾ സ്ഥിരംകെട്ടി

ടങ്ങളുമായിട്ടുണ്ട്. ഒന്നു സൎക്കാർധൎമ്മശാലയാണു്. അതിലൊരുമുറിയിൽ ഞാനും വേറൊരു യാത്രിയും ഒന്നിച്ചുകൂടി. രാത്രിമുഴുവനും മുറിയിൽ തീയിട്ടിരുന്നു. വിറകിന്നു ഇവിടെ വലിയ പഞ്ഞമുണ്ടായിരുന്നില്ല. വിറ വിറച്ചുകൊണ്ടുള്ള ആ തണുപ്പിൽ ചുട്ട തീകായുന്നതു തന്നെ ശരണം.

പിറേറന്നുരാവിലെ (9th May) ചുപ്തചട്ടിയിൽ നിന്നു മൂന്നുനാഴികകൂടി അത്യന്തം വിഷമിച്ചു് കേറി, ആ തുംഗനാഥപൎവ്വതത്തിന്റെ അററത്തു് എത്തി. ഇവിടെയാണു് തുംഗനാഥമന്ദിരം. മുഴുവൻ അലിഞ്ഞുതീൎന്നിട്ടില്ലാത്ത ഹേമന്തഹിമാവശേഷങ്ങൾ അപ്പോഴും ഒരേടത്തുണ്ടായിരുന്നു. അതിൽനിന്നലിഞ്ഞു വീണുകൊണ്ടിരുന്ന ഒരു ജലധാരയിൽ അന്നു പച്ചക്കുളിരോടെ കുളിച്ചതായ അനുഭവം ഞാൻ എളുപ്പത്തിൽ മറക്കുന്നതല്ല. തുംഗനാഥക്ഷേത്രം തുറന്നതു് അന്നാണു്. വൈശാഖത്തിലെ കറുത്ത നവമിയായിരിക്കുമോ പക്ഷേ ഇതിന്റെ കണക്കെന്നു ഞാൻ അന്വേഷിക്കുകയുണ്ടായില്ല. വളരെ ആളുകൾ ചുപ്തചട്ടിയിൽനിന്നു ഇങ്ങോട്ടുകേറാതെതന്നെ അവരുടെ യാത്രതുടൎന്നവരാകയാൽ ഇവിടെ വലിയ ബഹളമൊന്നും കണ്ടില്ല. ഹിമാലയത്തിന്റെ ഒരു ഉത്തുംഗശിഖരമായ തുംഗനാഥത്തിൽ എത്തിയ അന്നു് എന്റെ ജന്മനക്ഷത്രമായിരുന്നു.

വളരെ താമസിക്കാതെ തുംഗനാഥത്തിൽനിന്നു പുറപ്പെട്ടു. കിഴുക്കാന്തൂക്കമായ വേറൊരുവശത്തുകൂടെ മൂന്നുനാഴിക ഇറങ്ങി ഒരു ചട്ടിയിലെത്തി ഭക്ഷണംകഴി

ച്ച് യാത്രതുടൎന്നു. പിന്നെ ആറുനാഴികയോളം കൊടുങ്കാട്ടിൽക്കൂടെ ഇറക്കമായിരുന്നു. തലേദിവസം മറുപുറത്തുകണ്ടതിലും ഗഹനമായ ഇപ്പുറത്തെകാട് മദ്ധ്യാഹ്നത്തിലും ഇരുട്ടടഞ്ഞിരുന്നു. വ്യാഘ്രാദി ജീവികളുടെ സ്വൈരവാസങ്ങളായ ആ ഘോരകാന്താരത്തിൽക്കൂടെ കുറച്ചുനേരം കൂട്ടുവിട്ട് ഏകനായി നടക്കാനിടവന്നപ്പോഴും, ചില അസാധാരണശബ്ദങ്ങൾ ആ ആരണ്യഗൎഭത്തിൽനിന്നു കേട്ടുവെന്നു തോന്നിയപ്പോഴും, എന്തൊരുഗതിക്കും വിധിക്കും തെയ്യാറെന്നഭിമാനിച്ചിരുന്ന എനിക്കും ഉള്ളിൽ ഒരു കിടുകിടുപ്പ് ഉണ്ടായില്ലെന്നില്ല.

ഒടുവിൽ തുംഗനാഥപൎവ്വതം ഇറങ്ങിത്തീൎന്ന്, അതിന്റെ പരിസരവനങ്ങളും കടന്നുകഴിഞ്ഞ്, ഒരു പുഴയുടെ തീരത്തുള്ള മണ്ഡല് ചട്ടി എന്ന ഒരു സ്ഥലത്തു വന്നു. ഇവിടെ പുഴക്കു ചുരുങ്ങിയമട്ടിൽ ഒരു പാലം ഉണ്ട്. പിന്നേയും മൂന്നോ നാലോ നാഴിക നടന്ന് ഒരു ചട്ടിയിലെത്തി. രാത്രി നക്ഷത്രഖചിതമായ നഭസ്സിൻകീഴിൽ ശയിച്ചു. അന്നു പതിനഞ്ചോ പതിനാറോ നാഴിക നടന്നിരിക്കണം. ആകെ ഏകദേശം അമ്പത്തിഅഞ്ചുനാഴിക കേദാരത്തിൽനിന്നു പോന്നുകഴിഞ്ഞു. ഇനി ഹരിദ്വാർ_ബദരീവഴിയിലുള്ള ചമോലി ലാല്സാംഗയിലേക്കു ഇവിടെനിന്നു ഏകദേശം മൂന്നു നാഴിക ദൂരമുണ്ട്.

## ൨൦൩

## വീണ്ടും ഹരിദ്വാർ-ബദരീവഴിയിൽ.

പുലർകാലെ മെയി 10-ാംനു- നടക്കാൻ തുടങ്ങി. വഴിയിൽ നല്ല കൃഷിസ്ഥലങ്ങളും പലേടങ്ങളിലും ഗ്രാമജീവിതവും കണ്ടു. ഗോപേശ്വർ എന്ന സാമാന്യം വിശേഷപ്പെട്ട ഒരു ക്ഷേത്രം വഴിക്കുണ്ടു്. ചില കുഴിഞ്ഞ പറമ്പുകളിൽക്കൂടെ കുറെനടന്നു, കടവിൽ ചമോലിലാല്സാംഗ എന്ന സ്ഥലത്തെത്തി. ചമോലി കേദാരത്തിൽനിന്നു ഏകദേശം അമ്പത്തെട്ടുനാഴിക ദൂരത്തിരിക്കുന്നു. ഇവിടെ അളകനന്ദയിൽ ഒരു പാലം ഉണ്ടു്. രുദ്രപ്രയാഗയിൽനിന്നു നേരെ (കേദാരത്തിലേക്കു പോകാതെ) ഇവിടെ വരുന്നവർ ഈ പാലം കടന്നു, കേദാരത്തിൽനിന്നു വരുന്ന യാത്രികരോടു ചേരുന്നു. കേദാരത്തിൽനിന്നു വരുന്നവർക്കു ബദരീനാഥത്തിലേക്കു വഴി ഈ പാലം കടക്കാതെ കിടക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ ചമോലിലാല്സാംഗ എന്ന ചെറുപട്ടണവും ചട്ടിയും ധർമ്മശാലയുമെല്ലാം മറുകരെ ആയതുകൊണ്ടു നാം മിക്കവരും പാലംകടന്നു് അവിടെ ചെന്നു് ആവശ്യങ്ങൾ നിവർത്തിച്ചശേഷം വീണ്ടും ഇപ്പുറത്തേക്കുതന്നെ വരികയാണു് ചെയ്യുന്നതു്. ചമോലിയിൽ ആസ്പത്രി, കമ്പി, തപാൽ മുതലായ എണ്ണങ്ങളൊക്കെയുണ്ടു്. ഇവിടെനിന്നു ബദരീനാഥത്തിലേക്കു മിക്കതും അളകനന്ദാകരയിൽക്കൂടെയാണു് കമ്പി പോകുന്ന

ത്തു്. നമ്മുടെ വഴിയും ഇനി മിക്കതും അളകനന്ദയെ ആസ്പദിച്ചിരിക്കും. ഇവിടെനിന്നു നാല്പത്തേഴുനാഴികയാണു് ഇനി ബദരീനാരായണത്തിലേക്കു നടക്കാനുള്ളതു്. അതു നാഴികക്കല്ലുകൾ നാട്ടീട്ടുള്ള മുറക്കുള്ള ഹരിദ്വാർ-ബദരിവഴി തന്നെയാണു്.

ചമോലിയിൽ അധികം താമസിക്കാതെ യാത്ര തുടൎന്നു. ഇപ്പോൾ അളകനന്ദ വലത്തുഭാഗത്തായിരുന്നു. ഇനിയും പലപാലങ്ങളും കടക്കേണ്ടതുള്ളവയിൽ ചിലതു് അളകനന്ദയിന്മേലും ചിലതു് അതിലേക്കുചേരുന്ന വേറെ ഓരോ ആറുകളിന്മേലും ആയിരിക്കും. വഴിയിൽ എപ്പോഴെങ്കിലും ഒരുനദി കണ്ടാൽ അതു് ഇന്നതെന്നു തിരിച്ചറിയുവാൻ പ്രയാസം. ചമോലിയിൽനിന്നു കുറെ നടന്നശേഷം ഒരു പാലം കടന്നു. വഴി പിന്നെ കേററമായിത്തുടങ്ങി. ഉച്ചക്കു ഒരു ചട്ടിയിൽ ഉറവുവെള്ളത്തിൽ സ്നാനവും സ്വയംപാകംചെയ്തു ഭക്ഷണവും കഴിച്ചു് അല്പം വിശ്രമിച്ചു. വീണ്ടും നടന്നു. ഒന്നുരണ്ടു ചെറുപാലങ്ങൾ കടന്നു. പിപ്പൽകോടി എന്ന ഒരുസ്ഥലം വഴിയിൽകണ്ടു. ഇതു് ബദരീനാഥത്തിൽനിന്നു 38 നാഴിക ദൂരത്താണു് ഇരിക്കുന്നതു്. ഇവിടേയും കുറെ ജനവാസവും അങ്ങാടിയും മററും ഉണ്ടു്. പിപ്പൽകോടിയിൽ വളരെ താമസിക്കാതെ, ബദരിയിൽനിന്നു 34 നാഴിക ഇപ്പുറത്തിരിക്കുന്ന ഗരുഡഗംഗ എന്ന സ്ഥലത്തെത്തി. ഇവിടെ ഒരു നല്ല ധൎമ്മശാലയുണ്ടു്. രാത്രിയിൽ അതിൽ താമസിച്ചു. ധൎമ്മശാലകൾ നല്ലതാണെന്നു് പറയുന്നതു് അവയുടെ സ്ഥിതി

യെയൊ ഉപ്പിനെയൊ മറെറാ സംബന്ധിച്ചായിരിക്കാമെന്നല്ലാതെ മിക്കപ്പോഴും അവയുടെ ശുചിയെപ്പററിയായിരിക്കയില്ല. അശുചിയുടെ കേന്ദ്രങ്ങളാണ് ഒരുവിധം എല്ലാം ധമ്മശാലകളും. അന്ന് ആകെ പതിനാലോ പതിനേഴോ നാഴിക വഴിനടന്നിരുന്നു.

പിറെറന്നു (മെയി 11-ാംനു-) രാവിലെ ഗരുഡഗംഗയിൽനിന്നു ഒരുപാലംകടന്നു നടത്തംതുടങ്ങി. ബദരിയിൽനിന്നു 30 നാഴിക ഇപ്പുറത്തുള്ള വേറൊരു അരുവിമേലും പാലംകടന്നു. പിന്നെ മുറക്കു കേറിക്കൊണ്ടുള്ള വഴിയിൽക്കൂടെ യാത്രതുടൎന്നു. ഇരുന്നും ആശ്വസിച്ചും നടന്നും വെള്ളംകുടിച്ചും അന്നു പകൽമുഴുവൻ യാനമായിരുന്നു. ബദരീനാഥത്തിൽനിന്നു 19 നാഴിക അകലത്തുള്ള ജോഷിമഠംവരെ വഴി കേറിക്കൊണ്ടുപോയി. ജോഷിമഠത്തിനും ഇവിടങ്ങളിലെ ഒരു പട്ടണത്തിന്റെ ഛായയുണ്ട്. അങ്ങാടി, ധമ്മശാല, ആട്, അമ്പലം, പോലീസ്സ്റ്റേഷൻ, ബീഡി, ആസ്പത്രി, സോപ്പ്, കാപ്പി, തപ്പാൽ, ചീപ്പ്, കണ്ണാടി, ചോലവെള്ളം മുതലായവയെല്ലാം ഈ ചുരുങ്ങിയ അതിത്തികളിൽ ഉണ്ട്. നരസിംഹമൂത്തിയും കൃഷ്ണനും അടുത്തടുത്ത് അമ്പലങ്ങളുണ്ട്. അവ ഒരുവിധം വിശേഷരീതിയിലിരിക്കുന്നവയുമാണ്. ഇവിടെ അന്ന് പൂജാരി കുംഭകോണക്കാരനായ ഒരു ബ്രാഹ്മണനാണ്. ബദരീനാരായണത്തിൽ അതിശൈത്യമാസങ്ങളിൽ പൂജയില്ലാതിരിക്കുന്നകാലത്ത് അവിടത്തെ ശാന്തിക്കാരനും മററും ദേശത്തേക്കൊ മറെറാ സഞ്ചരിച്ചുപോകുന്നില്ലെങ്കിൽ ഇ

പയോഗിക്കുന്നതായ സ്ഥിരവാസസ്ഥലങ്ങളും, ബദരീനാരായണക്ഷേത്രം സംബന്ധിച്ച് പ്രത്യേകം ഖജാനയും ഈ ജോഷീമഠത്തിൽ ഉണ്ടു്.

കാലിന്റെ അടിയിൽ പുരട്ടുവാൻ ആസ്പത്രിയിൽ നിന്നു ഒരു മരുന്നുവാങ്ങിയശേഷം ജോഷീമഠത്തിൽ അപ്പോൾ താമസിക്കാതെ പിന്നെയും നടന്നു. അവിടെനിന്നു ഒരുരണ്ടുനാഴികയോളം, അതായത്, വിഷ്ണുപ്രയാഗ എന്ന ഒരു സ്ഥലംവരെ, മിക്കതും കുന്നിനെ സ്പർശിച്ചിറങ്ങേണ്ടുന്ന വഴിയാണ്. അങ്ങിനെ ഇറങ്ങി ഒരു പാലം കടന്നു, വിഷ്ണുപ്രയാഗയിലെത്തി. അളകനന്ദക്ക് അതിന്റെ ഉപരിപ്രദേശങ്ങളിൽ വിഷ്ണുഗംഗ എന്നും ഒരു പേരുണ്ടത്രെ. അതിൽ ചേരുന്നതും വിഷ്ണുപ്രയാഗയിലെ പാലം നിൽക്കുന്നതുമായ ചെറിയ ആറിന് ധൌളി എന്നൊരു പേര്. വിഷ്ണുപ്രയാഗയിൽ ഒരു ചെറിയ വിഷ്ണുക്ഷേത്രം ഉണ്ടു്. ഇവിടെനിന്നു ഇനി ബദരീനാഥത്തിൽ എത്തുന്നതുവരെ വഴി മുറക്കേറ്റംതന്നെയാണ്. വിഷ്ണുപ്രയാഗയിൽനിന്നും ഒരുനാഴികയോളം അപ്പോൾതന്നെ മുമ്പോട്ടുചെന്നു. വഴിവക്കത്ത് ഒറ്റയായി സ്ഥിതിചെയ്തിരുന്ന ഒരു ധർമ്മശാലയിൽ അന്നു രാത്രി താമസിച്ചു. ചുരുക്കം വേറെയുംചിലർ അന്നു ധർമ്മശാലയിൽ ഉണ്ടായിരുന്നു. അന്നു ആകെ പതിനെട്ടുനാഴിക നടന്നിരുന്നു. ഇനി പതിനാറുനാഴികയാണ് ബദരികാശ്രമത്തിലേക്കുള്ളത്.

൧൯

# ബദരിയിലേക്ക്.

തണുത്ത രാത്രി കഴിഞ്ഞശേഷം തണുത്ത പ്രഭാതത്തിൽ (മെയി 12-ാംനു-) പിന്നെയും നടക്കുവാൻതുടങ്ങി. ഒരു പാലം കടന്നു. കേററം തുടന്നുകൊണ്ടേ ഇരുന്നു. വർഷപ്രവാഹങ്ങളിൽ ചലിക്കുന്ന ഉരുളൻപാറകൾ നിറഞ്ഞുള്ള ഒരു വഴിയിൽക്കൂടെ താഴോട്ടുപോകുന്ന വെള്ളത്തിന്റെ കുത്തൊഴുക്കുകളാണ് ഇവിടെ നദി എന്നു പറയപ്പെടുന്നതെന്നു ഊഹിക്കാമല്ലോ. ആടുകളും കാളകളും മററും സാമാനങ്ങൾ ചുമന്നുകൊണ്ടോ അല്ലാതെയോ, ഓരോ യോഗത്തിൽ അമ്പതും നൂറും ഇരുനൂറുമായി, വീതികുറഞ്ഞ നമ്മുടെ വഴിയിൽക്കൂടെ പോകുമ്പോൾ ഇടക്കിടെ കുറെ ശല്യം സഹിക്കേണ്ടിവരും. എന്നാൽ അവയെല്ലാം എത്രയും ഇണക്കമുള്ള ജന്തുക്കളാണെന്നത് ആശ്വാസമാണ്.

കുറെ നടന്നശേഷം ബദര്യാശ്രമത്തിൽനിന്നു പതിനൊന്നുനാഴികക്കിപ്പുറം സ്ഥിതിചെയ്യുന്ന പാണ്ഡുകേസരം എന്ന സ്ഥലത്തെത്തി. ജനവാസവും ഒരുവിധം വിശേഷമായ ഒരു ക്ഷേത്രവും ഇവിടെ ഉണ്ട്. ആദിബദരീനാഥൻ എന്ന ദേവനും കൃഷ്ണനുമാണ് അമ്പലത്തിൽ കുടികൊള്ളുന്നത്. എന്തോ ചില എഴുത്തുകളുള്ള നാലഞ്ചു ചെമ്പിൻതകിടുകൾ ഇവിടെ ഉണ്ടു. ഇവ പാണ്ഡവന്മാരാൽ എഴുതപ്പെട്ടവയാണു പോൽ.

ഇവിടെ അന്നു ശാന്തിക്കാരൻ പാലക്കാട്ടുനെമ്മാറക്കാരനായ ഒരു പട്ടരാണ്. ഈ പാണ്ഡുഃകേസരത്തും ഹേമന്തകാലങ്ങളിൽ, ചുററും ഹിമങ്ങൾകൊണ്ടു വളയപ്പെട്ടാലും, ചുരുക്കം ആളുകൾ നിവസിച്ചുവരാറുണ്ടെന്നു കേട്ടു. പാണ്ഡുഃകേസരത്തിന്നടുത്ത് രാമാനുജകുട് എന്ന ഒരു മഠമുണ്ട്. തമിൾവൈഷ്ണവാചാര്യനായ രാമാനുജന്റെ പേരിലാണത്രെ ഈ സ്ഥാപനം. ഇവിടെ മഠംവകയായി ചുരുക്കത്തിൽ സദാവൃത്തിയും ഉണ്ട്. ഇവിടേനിന്നു പിന്നേയും നടന്നു. ഇടക്കു അല്പം ചോലവെള്ളം മുറിച്ചുകടക്കേണ്ടതായുണ്ട്. വഴിയിൽ ഒരു മരച്ചുവട്ടിൽ വെച്ചു വേറൊരു യാത്രിയുടെകൂടെ ഭക്ഷണം പാകംചെയ്തു കഴിച്ചു. ഒരു ചെറുപാലം ഇപ്പോഴും കടന്നു. ഹിമരംശങ്ങൾ ഇനി അധികം ദൂരത്തല്ല. പാലത്തിൻചുവട്ടിൽ പുഴയിൽ കുറെ നീളമുള്ള ഒരു വെള്ളാരപ്പാറപോലെ ഹിമക്കട്ടി കിടക്കുന്നുണ്ടായിരുന്നു. അതിന്റെ അടിയിൽക്കൂടെ ഹിമം അലിഞ്ഞു വെള്ളം ഒഴുകുന്നതും കണ്ടു.

ഹിമക്കട്ടി വെള്ളത്തെക്കാൾ അല്പം ഘനംകുറഞ്ഞതാകയാൽ, മുഴുവൻ വെള്ളത്തിൽതാഴാതെ, പൊന്തിനിൽക്കും. അതിന്റെ അധികഭാഗവും വെള്ളത്തിന്നടിയിലായിരിക്കും, എന്നാലും അതു തീരെ മുങ്ങുകയില്ല. ശൈത്യമേഖലകളിലെ ചില മലകളിൽനിന്ന് മലയൊത്ത ആകൃതിയോടുകൂടിയ ഉറച്ച ഹിമവിഭാഗങ്ങൾ ഇടിഞ്ഞ് ഒന്നായി പതുക്കെ ഒഴുകി സമുദ്രത്തിൽ പ്രവേശിക്കയും, വളരെനാളോളം അലിയാതെ, ഭൂരിഭാഗം വെള്ളത്തിലാണ്ടുകൊണ്ട് നിൽക്കയും, ആ നിലയിൽ

അവ (ഐസ്ബെർഗ്ഗ്) കപ്പലുകൾക്ക് ആപത്തായിത്തീരുകയും ചെയ്യാറുണ്ട്. പ്രസിദ്ധമായ ടൈററാനിക് വിനാശം ഇങ്ങിനെയുള്ള ഒരു ഹിമപ്പാറകൊണ്ടല്ലൊ സംഭവിച്ചത്. പർവ്വതങ്ങളിൽ വഴിക്കു ചിലപ്പോൾ കിഴിഞ്ഞുകൊണ്ടിരിക്കുന്ന ഉറച്ച ഹിമത്തിന്റെ (ഗ്ലേസിയർ) മീതെ, അതിന്റെ ചലനം സംശയിക്കാതെ, നടക്കുമ്പോൾ അതോടുകൂടി താഴോട്ടു വഴുതി ചിലർ വിനാശം പ്രാപിക്കുന്നതുമുണ്ട്. എവറസ്റ്റിലേക്കു കേറാൻ ശ്രമിച്ചവരിൽ ചിലർ കുറച്ചുകൊല്ലംമുമ്പ് അങ്ങിനെയാണ് മരിച്ചതെന്നു പത്രവായനക്കാർ പലരും കേട്ടിരിക്കുമല്ലൊ. ചിലപ്പോൾ ആളുകൾ നടക്കുന്ന ഹിമക്കട്ടിയുടെ അടിയിൽക്കൂടെ അതുതന്നെ അലിഞ്ഞ് വെള്ളമായി ഒഴുകുന്നുണ്ടായിരിക്കും. അങ്ങിനെ നേരിയ ഉപരിഭാഗത്ത് ചവിട്ടുമ്പോൾ അതു പിളർന്നു താഴെത്തെ വെള്ളത്തിൽ യാത്രക്കാർ വീണുപോകുന്നും ചില ഹിമാലയാടനങ്ങളിൽ ഇടയുണ്ട്. ഒരു കുത്തനീണ്ട ലാത്തി (വടി) കൈയിലുണ്ടായിരിക്കുന്നത്, നമ്മുടെ കാൽവെക്കുന്ന ഹിമപ്പാറ വേണ്ടത്ര കട്ടിയുള്ളതോ, അല്ലെങ്കിൽ അതിന്റെ അടിയിൽ വെള്ളം അധികമുണ്ടോ, എന്നെല്ലാം നടന്നുകൊണ്ടിരിക്കെ നിരായാസം മുറക്ക് മുൻകൂർ പരിശോധിക്കുവാൻ കൊള്ളാം. ഗ്ലേസിയർകൊണ്ടും മറ്റുമുള്ള ആപകടങ്ങൾ മേല്പറഞ്ഞപ്രകാരം ബദരീനാഥയാത്രയിൽ സാധാരണ സംഭവിക്കാറില്ലെന്ന് ആശ്വസിക്കാം.

കുറെ നടന്നശേഷം, ഇക്കാലത്ത് ഒരു ചട്ടിയായി സ്ഥിതിചെയ്യുന്ന വേറെ ഒരുസ്ഥലം കണ്ടു. പിന്നെയും

ഒരു പാലം കടന്നു. മഴക്കാറും അല്പം മഴപാറലും ഉണ്ടായിരുന്ന സമയത്ത്, കുമ്മായക്കുന്നുകൾപോലെ ഭൂമിയും ആകാശവും മുട്ടിനിന്നിരുന്ന ഓരോ ഹിമശിഖരങ്ങൾ അതിമോഹനങ്ങളായി തോന്നി. കേറ്റം, കേറ്റം തുടർന്നു. പാലം ഇനിയും വേറൊന്നു കടന്നു, ബദരികാശ്രമത്തിൽനിന്നു അഞ്ചുനാഴിക ഇപ്പുറം സ്ഥിതിചെയ്യുന്ന ഹനുമാൻചട്ടി എന്ന സ്ഥലത്തെത്തി. പാലത്തിന്റെ അടുത്തു നില്ക്കുന്ന ഈ സ്ഥലത്ത് സ്ഥിരകെട്ടിടമായ ഒരു വലിയ ധർമ്മശാലയും പീടികകളും മറ്റും ഉണ്ട്; എന്നാൽ ഈ യാത്രാകാലത്ത് മാത്രമേ ഇവിടെ ഇങ്ങിനെ ആളുകളുണ്ടായിരിക്കൂ. ആരോഗ്യതത്വങ്ങളെ ധ്വംസിച്ചിരിക്കുന്ന യാത്രിലോകത്തിന്റെ ബഹളംകൊണ്ട് ഇക്കാലത്ത് ഈ ചട്ടിയത്രയും അശുചിയുടെ ഒരു ആരാമമായിച്ചമഞ്ഞിട്ടുണ്ട്. ധർമ്മശാലയിൽ എവിടെയും തുപ്പുവാനും ഭക്ഷണാവശിഷ്ടങ്ങൾ വിതറുവാനും നിലത്തു കൈകഴുകുവാനും മറ്റ് എല്ലാ വൃത്തികേടുകൾ വരുത്തുവാനും ആൎക്കും ഉണ്ടെന്നുകണ്ട നിർബാധമായ ഒരു സ്വാതന്ത്ര്യത്തിനെ തീർത്ഥയാത്രക്കാർ 'അഹമഹമികയാ' ഉപയോഗിച്ചിരുന്നു. ധർമ്മശാലാധികാരികൾക്കും ആരോഗ്യതത്വങ്ങളെപ്പറ്റി കൂടതൽപരിജ്ഞാനമോ ഉൽക്കണ്ഠയോ ഉണ്ടെന്നു തോന്നുന്നില്ല. ഏതായാലും ആ ശീതരാത്രി ആ അശുചിദേവതാമന്ദിരത്തിൽ കഴിച്ചുകൂട്ടി.

പുലർന്നപ്പോൾ (മെയി 18-ാംനു-) ഹനുമാൻചട്ടിയിൽനിന്നു നടന്നു. സർവ്വമാർഗ്ഗവും തണുത്തു കോച്ചുന്നു

ണ്ടായിരുന്നു. എന്നാലും നടക്കതന്നെ. ഒരു ചെറു പാലം. പിന്നെ കാവൃത്താം കുത്തനെ നിൽക്കുന്ന ഒരു കുന്നിൻവാരിടമൽക്കൂടെ വീതി കുറഞ്ഞ ഒരു വഴി. പിന്നെയും പാലം. പിന്നെയും മേല്പോട്ടു ഇടുങ്ങിയ വഴി. വഴിയിൽ ഇടക്ക് ഉറച്ച ഹിമഭാഗങ്ങളുടെ ആവിർഭാവം. മുറുകെ മേല്പോട്ടു കേററം. എങ്കിൽകൂടി, ഒരു ഉത്സാഹവും ഉന്മേഷവും ആ ഘട്ടത്തിലും ആന്തൎയ്യമായി വളൎന്നുകൊണ്ടിരുന്നു. മേല്പോട്ടു ഇനി വൃക്ഷങ്ങൾ കാണുന്നില്ല. ഇടുങ്ങിയ വഴി പിന്നെ കുറെ കഴിഞ്ഞു വിശാലമായ പർവ്വതപ്പുറത്തേക്കു തുറന്നു. നടക്കുന്ന വഴിയുടെ അധികഭാഗവും ഈ കാലങ്ങളിൽ ഹിമം അലിഞ്ഞുപോയി ഭൂമി കണ്ട സ്ഥലങ്ങളാണ്. ആകപ്പാടെ ചിന്തിച്ചതിൽ, കേദാരനാഥത്തിലേക്കുള്ള കേററംപോലെതന്നെ, അത്ര വിഷമിച്ചതല്ല പക്ഷെ ഈ കേററമെന്നാണ് തോന്നിയത്. എന്നാൽ കുറെ അധികനേരം ഉറച്ച മഴപെയ്യുന്നതായാൽ മാർഗ്ഗക്ലേശം ഏററവും ദുസ്സഹമായിരിക്കുമെന്ന്, ഇതേവഴിക്കു പിന്നീടുണ്ടായ മടക്കയാത്രയിലാണ് എനിക്കനുഭവപ്പെട്ടത്. ബദരീനാഥത്തിലേക്ക് അങ്ങോട്ടു കേറിയപ്പോഴുള്ള ഇടക്കെല്ലാമല്പം മാത്രം പാററിയിരുന്നതല്ലാതെ, മഴ വല്ലാതെ ഉണ്ടായിരുന്നില്ല. കുറെ കഴിഞ്ഞപ്പോൾ സൂൎയ്യപ്രകാശവും ഞങ്ങൾക്ക് ഒരു ദിവ്യാമൃതംപോലെ കിട്ടി. അനേകം സ്ഥലങ്ങളിൽ ഉറച്ച ഹിമക്കട്ടികളിന്മീതെതന്നെ നടക്കേണ്ടിവന്നു. സർവ്വത്ര നമ്മെ വളഞ്ഞിരുന്ന അനന്ത ഹിമവെൺമ പ്രകൃതിയുടെ പ്രശാന്തമായ ഗൌരവലാ

വൎണ്ണ്യം, അഥവാ ലാവണ്യഗൌരവം, എത്രത്തോളം മേന്മയിൽ വരാമെന്നതിന്നു ഒരു ദൃഢീഭൂതദൃഷ്ടാന്തമായിരുന്നു. വീതി ഇപ്പോൾ വളരെ കുറഞ്ഞിരിക്കുന്ന ഇവിടുത്തെ അളകനന്ദ ഇപ്പോൾ നമ്മുടെ ഇടഭാഗത്തു പൎവ്വതച്ചരിവുകളിൽകൂടെ മഞ്ഞലിഞ്ഞ വെള്ളമായി ധളധളനാദത്തിൽ ചൊരിഞ്ഞുകൊണ്ടിരിക്കുന്നു. ചിലേടങ്ങളിൽ ആറിന്റെ ഉപരിഭാഗം ഉറച്ച ഹിമഭാഗങ്ങൾകൊണ്ടു മൂടിക്കിടന്നിരുന്നതിനാൽ അടിയിൽകൂടെ അവിടെയും ഉള്ളതായ നീരൊഴുക്കം കാണ്മാൻ കഴിഞ്ഞിരുന്നില്ല. അളകനന്ദ ഇവിടെ മിക്കതും മഞ്ഞലിഞ്ഞ വെള്ളത്തിന്റെ, ഒരു ചോലക്കുത്താണെന്നും കുറതാണ പ്രദേശങ്ങളിൽ കാണുമ്പോലെയുള്ള നദീച്ഛായ ധരിച്ചുകഴിഞ്ഞിട്ടില്ലെന്നും പറയേണ്ടതില്ലല്ലൊ. അവസാനം ഇതിന്മേൽ ഒരു പാലം കടന്നിട്ടുവേണം ബദരിനാഥക്ഷേത്രത്തിലെത്തുവാൻ. ക്ഷേത്രക്കരയിൽനിന്നു അളകനന്ദയുടെ വരവിന്നു അഭിമുഖമായി നോക്കിയാൽ നമ്മുടെ വലഭാഗമായിരിക്കും നദി. പാലത്തിന്റെ ഇപ്പുറത്തു് ഒരു ധൎമ്മശാലയുണ്ടു്. എന്നാൽ മററു ധൎമ്മശാലകളും കെട്ടിടങ്ങളും ക്ഷേത്രവും നാനാഎണ്ണങ്ങളും മറുകരയിൽതന്നെയാണ്. ഒടുവിൽ, ആ പാലംകടന്നു, രാവിലെ ഒട്ടു ഒമ്പതുമണിക്കുമുമ്പായി, ശ്രീബദരീനാഥത്തിൽ പ്രവേശിച്ചു.

൨൦.

## ബദൎയ്യാശ്രമം:

ബദരീനാഥം, ബദരീനാരായണം, ബദൎയ്യാശ്രമം, ബദരികം, ചിലപ്പോൾ ചുരുക്കിപ്പറയുന്നതായാൽ വെറും ബദരി—ഇതെല്ലാം ഒരേ ധാമത്തിന്റെ അഭിധാനങ്ങളാണെന്ന് വായനക്കാർ ഇതിനുമുമ്പിലേ മനസ്സിലാക്കിയിരിക്കുമല്ലോ. ഈ സ്ഥലം സ്ഥിതിചെയ്യുന്നത് സമുദ്രനിരപ്പിൽനിന്ന് എത്രയും ഉയൎന്ന നിരപ്പിലാണെന്നതിനു് ഇവിടുത്തേക്കുള്ള മാൎഗ്ഗശ്രമത്തിനു പുറമെ ഇവിടെ കാലകാലാന്തരം വിട്ടൊഴിയാതെ ഉറച്ചുകിടക്കുന്ന അനന്തഹിമരാശിതന്നെ വളരെ സ്പഷ്ടമായ സാക്ഷ്യമാണ്. ഒട്ടു വിശാലമായ നിരന്ന പൎവ്വതപ്പുറത്താണ് ബദരീനാഥം. നാനാഭാഗങ്ങളിലും സനാതനഹിമംകൊണ്ടു മൂടിയ ഉഗ്രപൎവ്വതങ്ങൾ ഇതിന്റെ ഉന്നത വെൺഭിത്തികളായി, ഇടയിൽ ചില തുറവുവഴികളോടുകൂടി, സ്ഥിതിചെയ്യുന്നുമുണ്ട്. ബദരീനാഥത്തിൽനിന്നു ഇനിയും വടക്കോട്ട് ഹിമപ്പുരങ്ങൾ കടന്ന് കൈലാസം മാനസസരസ്സ് മുതലായ സ്ഥലങ്ങളിലേക്കു പോകുന്ന ഒരു ദീൎഘ ദുൎഗ്ഗമാൎഗ്ഗം ഉണ്ട്. എന്നാൽ അങ്ങോട്ടുപോകുന്ന യാത്രക്കാർ ഇവിടെ ആയിരത്തിലൊന്നെങ്കിലും ഉണ്ടോ എന്നു സംശയമാണ്. ഹരിദ്വാരത്തിൽനിന്ന് ഇവിടംവരെ വഴിക്കുള്ളവിധം സൌകൎയ്യങ്ങളൊന്നും ആ ദീൎഘമാൎഗ്ഗത്തിൽ ഇല്ലാത്തതുത

ന്നെയാണ് ഇതിനു പ്രധാനകാരണം. ബദരിനാഥത്തിലും കൊല്ലത്തിൽ അതിശീതമായ അഞ്ചാറുമാസം ജനവാസം ഇല്ലെന്നും, അന്ന് ഇവിടെ സർവ്വവും ഒന്നായി ഉറച്ച ഹിമത്തിൽ ആണ്ടുകിടക്കുന്നുവെന്നും, പിന്നീട്ട മഞ്ഞുരുകുന്ന കാലം തുടങ്ങിയാൽ ഈ സ്ഥലത്തെ സംബന്ധിച്ച ഭാരവാഹികൾ കേദാരനാഥത്തിലെന്നപോലെ ഇവിടെയും ഒരു 'വീണ്ടെടുക്കൽ' ചെയ്തിട്ടാണ് ക്ഷേത്രം തുറക്കുമ്പോഴേക്കുള്ള ഏർപ്പാടുകൾ സാദ്ധ്യമാകുന്നതെന്നും മുമ്പു കേദാരത്തെപ്പററി പ്രസ്താവിച്ച ഖണ്ഡത്തിൽനിന്നു ഗ്രഹിച്ചിരിക്കുമെല്ലോ.

ഈ യാത്രകാലത്താകട്ടെ ബദരീനാഥം ഹിമാലയഗർഭത്തിൽ ഒരു പട്ടണമായി പ്രശോഭിക്കുന്നു. ജനങ്ങളുടെ ബഹളം ഇന്ന് ഈ ഹിമങ്ങളിന്മേലും ധാരാളം. അങ്ങാടിയും, അതിൽ നമുക്കാവശ്യവും അനാവശ്യവുമായ പല സാധനങ്ങളും ഇവിടെ ഇപ്പോൾ ഉണ്ട്; നെയ്യോ തൈരോ, ആട്ടയോ അരിയോ, പരിപ്പോ വസ്ത്രമോ, കഞ്ചാവോ ബീഡിയോ, സിഗരററോ വെററിലപ്പാക്കോ—എന്തുവേണം? വിറകോ വെപ്പുപാത്രങ്ങളോ താമസിപ്പാൻ സ്ഥലമോ—എന്തുവേണം? ക്ഷേത്രങ്ങളുടേയും വിഗ്രഹങ്ങളുടേയും ചിത്രങ്ങളോ, അവയുടെ പുരാണമാഹാത്മ്യങ്ങൾ വർണ്ണിക്കുന്ന പുസ്തകങ്ങളോ, ഇവിടങ്ങളിൽ വന്നതിന്റെ അടയാളമായി ചിലയാത്രികർ വാങ്ങിക്കൊണ്ടുപോകാറുള്ള ചെമ്പുവളയങ്ങളോ രൂപങ്ങളോ—എന്തുവേണം? ക്രമത്തിൽ കവിഞ്ഞു പണം ചെലവുചെയ്യുന്നതായാൽ ഇവയെല്ലാം ഇവിടെ

ഇന്നു് കിട്ടുന്നതാണു്. ക്ഷേത്രം തുറന്നു പൂജയുള്ള ആറു മാസം മാത്രം കാലത്തോറും പ്രവൃത്തിചെയ്യുന്ന ഒരു തപ്പാൽ-കമ്പിയാപ്പീസും, ഇക്കാലത്തേക്കു പ്രത്യേകഡ്യൂട്ടിയിൽ നിശ്ചയിക്കപ്പെട്ട പോലീസും, സ്വയം വന്നുകൂടുന്ന 'പണ്ടു'മാരും, ഇവിടെ ഉള്ളതായി കണ്ടു. യാത്രികന്മാൎക്കു സൌജന്യമായി അനുവദിക്കപ്പെടുന്ന ധൎമ്മശാലകളും സദാവ്രത്തിയും ഇവിടെ ഉണ്ടു്.

അനസൂയപ്രസാദ് ബഹുഗുണ എന്ന ഒരു ഗാർവ്വാളി മാന്യൻെറ നേതൃത്വത്തിൽ ഒരു നല്ല സേവാസമിതി തീൎത്ഥയാത്രികന്മാൎക്കു് സഹായമായി ബദരീനാഥത്തിൽ അക്ഷീണം പ്രവൎത്തിച്ചിരുന്നു. അവരുടെ ആപ്പീസ് ഒരു വിശാലമായ മുറിയായിരുന്നു. ചെറുപ്പക്കാരനായ ശ്രീയുത് ബഹുഗുണ അല്ലഹാബാദ് സൎവ്വകലാശാലയിലെ ഒരു ബിരുദധാരിയും ഒരു വക്കീലുമാണു്. യാത്രക്കാൎക്കു തന്നാൽ കഴിയുന്ന ഉപകാരംചെയ്യാൻ സന്നദ്ധനായ അദ്ദേഹം ആ കടുത്ത ശൈത്യത്തിലും ഹിമത്തിലുംനിന്നു് സ്വന്തം സുഖസൌകൎയ്യങ്ങളെ വകവെക്കാതെ ദൃഢമായി പ്രവൃത്തിചെയ്തുകൊണ്ടിരുന്നു. വളരെ സത്സ്വഭാവിയായിരുന്നതിനാൽ അദ്ദേഹവുമായി ഇടപെടുന്നതു് ആൎക്കും ആഹ്ലാദകരമായിരുന്നു. കൽക്കത്തയിലെ സെർവൻറ് എന്ന പത്രത്തിൽ ബദരീയാത്രക്കൊരുക്കമുള്ളവരുടെ മുന്നറിവിനായി ഇദ്ദേഹം ഒരു ലേഖനം പ്രസിദ്ധപ്പെടുത്തിയിരുന്നതു് ഞാൻ ഈ യാത്ര പുറപ്പെടുന്നതിൻെറ കുറെ ആഴ്ചകൾക്കു മുമ്പു വായിച്ചിരുന്നു. ഇദ്ദേഹത്തിൻെറ സേവാസമിതി ബ

ദരീനാഥക്ഷേത്രത്തിന്റെ കവാടം തുറക്കുന്ന അവസരത്തിലും മററും ജനബഹുളത്തെ നിയന്ത്രിക്കുവാനും ജനങ്ങൾക്കു കഴിയുന്നത്ര സൌകര്യം ഉണ്ടാക്കിക്കൊടുക്കുവാനുംവേണ്ടി അസാമാന്യമായി ബുദ്ധിമുട്ടുന്നുണ്ടായിരുന്നു. ബദരിയിലെ ശൈത്യത്തിനുതക്കവണ്ണം ചൂടുള്ള വസ്ത്രങ്ങളോടും മറെറാരുക്കങ്ങളോടുംകൂടി വന്നിട്ടില്ലാത്ത ചില പാവങ്ങൾ അവിടെവെച്ച മരിച്ചുപോകുന്നുണ്ട്. ഞാൻ അവിടെച്ചെന്ന ഒരുദിവസത്തിൽതന്നെ ആറോ ഏഴോ അനാഥ മൃതശരീരങ്ങൾ ആ സേവാസമിതിക്കാർ സംസ്കരിക്കയുണ്ടായി എന്നു കേട്ടു. അവർ യാത്രക്കാരെ അവരുടെ പരിമിതമായ ആപ്പീസുമുറിയിൽ താമസിക്കുവാൻ അനുവദിക്കു പതിവില്ലെങ്കിലും ഞാനും അന്നുതന്നെ അവിടെ വന്നുചേന്ന ആ ആന്ധ്രയുവാവും, അവരോടുകൂടിയുണ്ടായ അല്പനേരത്തെ പരിചയത്തെയും വിശേഷിച്ച ഞങ്ങളുടെ ആവശ്യത്തെയും ആസ്പദമാക്കി, ഞങ്ങളുടെ ആതിഥ്യത്തെ അവരിൽ സ്വയം ആരോപിച്ചുവെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. സമിതിയിലെ പ്രവത്തകന്മാർ ശീലഗുണമുള്ള നല്ലച്ചെറുപ്പക്കാരായിരുന്നു. ശ്രീയുത് ബഹുഗുണ രാത്രി താമസിച്ചിരുന്നത് പ്രത്യേകം വേറൊരു സ്ഥലത്തായിരുന്നു, ബാക്കി അംഗങ്ങളോടുകൂടി ഞങ്ങളും ശൈത്യത്തെ ഒരു വിധം സഹിപ്പാൻ പയ്യാപ്തമായ ആ ആപ്പീസുമുറിയിലാണ് അന്നു താമസം ഉറപ്പിച്ചത്;

ബദരീനാഥത്തിൽ ക്ഷേത്രത്തിൽനിന്നും അല്പം വിട്ട് അളകനന്ദയുടെ തീരത്ത് ബ്രഹ്മകപാലം എന്ന

റിയപ്പെടുന്ന ഒരു പാറസ്ഥലം ഉണ്ട്. പുരാണകഥ പ്രകാരം പണ്ടു ബ്രഹ്മാവിൻെറ തലവെട്ടിയ സ്ഥലം ഇതാണത്രെ. ഇവിടെവെച്ച് ഗയയിലെന്നപോലെ പിതൃക്കൾക്കു പിണ്ഡംവെക്കുന്നത് തീൎത്ഥയാത്രക്കാൎക്കു വളരെ മുഖ്യമായ ഒരു കാൎയ്യമാണ്. ക്ഷേത്രത്തിൽനിന്നു വളരെ അകലാതെ, മഞ്ഞലിഞ്ഞു കുടുതണുപ്പോടെ ഒഴുകുന്ന അളകനന്ദയുടെ കരയിൽതന്നെ, ഉറച്ച ഹിമങ്ങൾ നിസ്സീമം വിലസിക്കുന്ന ആ ശൈത്യപ്രദേശത്തു തന്നെ, ചുടുചൂടോടെ വെള്ളം സദാ പതച്ചുവീണുകൊണ്ടിരിക്കുന്ന ഒരു ഉറവുണ്ട്. ഈ തപ്തകുണ്ഡം ഇവിടെ യാത്രികൾക്കു എത്രമാത്രം ആശ്വാസകരമായിരിക്കുമെന്നു വൎണ്ണിക്കേണ്ടതില്ലല്ലോ. ഇപ്രകാരമുള്ള ഒരു തപ്തകുണ്ഡം കേദാരനാഥത്തിൽ ഇല്ലാതിരിക്കുന്നതും ഇവിടെ ഉണ്ടായിട്ടുള്ളതും ആലോചിക്കുമ്പോൾ കേവലം മനുഷ്യരുടെ സുഖസൌകൎയ്യങ്ങളല്ല പ്രകൃതിയിൽ ഇവകൊണ്ടെല്ലാം നിൎദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നതിന് കൂടുതൽ തെളിവു കാണുന്നു. ഈ തപ്തജലം കുഴൽവെള്ളമെന്നപോലെ രണ്ടുമൂന്നു ദ്വാരങ്ങളിൽകൂടി വീഴുവാനുള്ള പണികൾ ഇവിടെ ചെയ്യപ്പെട്ടിരിക്കുന്നു. ഒരു സ്ഥലത്ത് ഇത്തു വീഴുന്നേടം ദേഹശാന്തിക്കു കുളിക്കാനും മററും ഉപയോഗിക്കേണ്ടതിലേക്ക് ഒന്നു പ്രത്യേകമറയാക്കപ്പെട്ടിരിക്കുന്നു. അടുത്തു മറെറാരുദ്വാരത്തിൽകൂടെ ചുട്ടുവെള്ളം ഒരു കുളത്തിലേക്കു വീണുകൊണ്ടിരിക്കുന്നു. ചൂടു ശൌരീകുണ്ഡത്തിലെ തപ്തജലത്തോളം ദുസ്സഹമല്ലാത്തതാകയാൽ സാധാരണയായി എല്ലായാത്രികളും ഈ കുള

ത്തിൽ മുങ്ങിക്കുളിക്കുന്നു. കുടിക്കുവാനും തപ്തജലം എ
ടുക്കത്തക്ക ഏർപ്പാടുണ്ട്. ഈ ചുടുവെള്ളത്തിന്റെ ഉറ
ക്കരുവിന്റെ മേലെ ഒരു കെട്ടിടമുണ്ട്. അതു് രേസ്സു
ന്തിയുടെ താമസസ്ഥലത്തോടു തൊട്ടതും അദ്ദേഹത്തി
ന്റെ അധീനത്തിലുമാണ്. അദ്ദേഹത്തിന്റെ അനു
ചരന്മാരും ക്ഷേത്രപരിചാരകന്മാരുമായ ചിലർ രാത്രി
ശയിക്കുന്നതു് ഈ കെട്ടിടത്തിലാകയാൽ അവക്ക് ബദ
രിയിൽ മററിടങ്ങളിൽ ഉള്ളത്ര തണുപ്പുകൂടാതെ ക
ഴിക്കാം.

ബദരിനാഥം ബ്രിട്ടീഷ്ഗാഢ്വാളിൽ പെട്ടതാണെന്നി
ങ്കിലും ക്ഷേത്രസംബന്ധമായ അധികാരങ്ങൾ എല്ലാം
തെഹ്‌രിയിലെ രാജാവാണ് നടത്തിവരുന്നതു്. ഇന്നും
ഈ അമ്പലത്തിൽ 'ശാന്തി'(പൂജ) ചെയ്തുവരുന്നതു് ഒരു
മലയാളനമ്പൂതിരിയാകുന്നു! ശങ്കരാചാര്യരുടെ കാലം
മുതൽക്കുള്ള ഒരു ചട്ടമാണത്രെ ഇതു്. അമ്പലത്തിൽ
ശാന്തിക്കു പുതുതായി ഒരു ഒഴിവു വരുമ്പോൾ തെഹ്‌രി
രാജാവു് ബ്രിട്ടീഷ്ഗവർമ്മെണ്ടുമുഖേന ഒരു മലയാള
ബ്രാഹ്മണനെ ആവശ്യപ്പെടുന്നു. എന്നാൽ ഒരു നമ്പൂതി
രിയെ അയച്ചുകൊടുക്കേണ്ടുന്ന ഭാരം തിരുവിതാംകൂർ
ദർബ്ബാറിന്റേതാണ്. തിരുവിതാംകൂർ ദർബ്ബാർ പ
ക്ഷെ ചില ആഢ്യബ്രാഹ്മണരോടൊ മററുചിലരോടോ
ആലോചിച്ചായിരിക്കാം ഒരാളെ തിരഞ്ഞെടുക്കുന്നതു്.
ശാന്തിക്കാരൻ ഒരു നിത്യബ്രഹ്മചാരിയായിരിക്കേണ
മെന്ന് ഒരു നിഷ്കർഷ പണ്ടുണ്ടായിരുന്നുവെന്നു കേട്ടു. എ
ന്നാൽ ഈ വ്യവസ്ഥ ഈ കാലത്തും അനുഷ്ഠിക്കപ്പെടേ

ങ്ങളോ എന്നറിഞ്ഞില്ല. ഇവിടത്തെ ശാന്തിക്കാരനെ റാവൾ എന്നാണ് വിളിച്ചുവരുന്നതു്. റാവളിന്റെ സ്ഥാനം എത്രയും വലിയതാണ്. അദ്ദേഹത്തിനു താമസിപ്പാനും മറ്റു സുഖവൃത്തികൾക്കും വേണ്ടുന്ന ഏൎപ്പാടുകൾ ഇവിടെ പ്രത്യേകം ഉണ്ടു്. ശിപായിമാരും മറ്റു അനുചരന്മാരും ഉണ്ടു്. ശാന്തിയില്ലാത്തകാലം താമസിപ്പാൻ ജോഷിമഠത്തിൽ ഭവനമുണ്ടെന്നു പറഞ്ഞിട്ടുണ്ടല്ലോ. അദ്ദേഹത്തെ കാണുന്നതും അദ്ദേഹത്തിനു വല്ലതും ദക്ഷിണ ചെയ്യുന്നതും അദ്ദേഹത്തോടനുഗ്രഹം വാങ്ങുന്നതും വലിയ കാൎയ്യമായി കരുതുന്ന തീൎത്ഥയാത്രക്കാരുണ്ടു്. എന്നാൽ ക്ഷേത്രത്തിൽ ഇതിനെല്ലാം വേണ്ടുംപോലെ സൌകൎയ്യമില്ലാത്തതിനാൽ പലരും അദ്ദേഹത്തെ താമസസ്ഥലത്തു് ചെന്നുകാണുന്നു. വളരെ പേർ അദ്ദേഹത്തോടു് സങ്കടംപറഞ്ഞു് വല്ല സഹായവും അഭ്യൎത്ഥിക്കാനായിരിക്കും അദ്ദേഹത്തെ കാണുന്നതു് ഞാൻ കണ്ട റാവൾ പട്ടാമ്പിക്കടുത്ത ഓങ്ങല്ലൂരിൽ ഒരില്ലത്തെ ഒരു നമ്പൂരിയായിരുന്നു. അദ്ദേഹം ബാല്യാശ്രമത്തിൽ 'ശാന്തി'യിലായിട്ടു അന്നു ഒരു രണ്ടുപന്തീരാണ്ടു കഴിഞ്ഞിരിക്കണം. ഇന്ത്യയിലെ അനേകം ഭാഷകൾ അദ്ദേഹത്തിനു വെള്ളംപോലെ സംസാരിക്കുവാനറിഞ്ഞിരുന്നു. ആൾ ശാന്തനും ധൎമ്മിഷ്ഠനുമായി കാണപ്പെട്ടു. അദ്ദേഹം ഈയ്യിടെ അന്തരിച്ചുപോയി. ഇപ്പോൾ റാവളായിരിക്കുന്നതു് തദനന്തരം അയക്കപ്പെട്ട വേറൊരു നമ്പൂതിരിയാണ്.

ബദരിയിലെ ക്ഷേത്രം വളരെ വലിയതല്ലെങ്കിലും ഭംഗിയുള്ള ഒന്നാണ്. ക്ഷേത്രമുഖം തെക്കോട്ടാണെന്നാണ് അവിടങ്ങളിൽ ദിങ്നിർണ്ണയം വളരെ ഇല്ലാതിരുന്ന എന്റെ ധാരണ. ഗോപുരത്തിന്റെ കരിങ്കൽപ്പടവുകൾ കേറി ഗോപുരം കടന്ന് ക്ഷേത്രമുററത്തേക്ക പ്രവേശിക്കാം. ഉറപ്പും ഭംഗിയുമുള്ള ഈ ക്ഷേത്രം ഇപ്പോഴത്തെ നിലയിൽ പണിചെയ്യപ്പെട്ടിട്ട് വളരെ നൂറാണ്ടുകൾ കഴിഞ്ഞിരിക്കാനിടയില്ല. ഗോപുരത്തിൽ ഗോസ്സായികളും മററു യാത്രികരും അന്നു തിങ്ങിക്കൂടിയിരുന്നു. ധർമ്മക്കൊട്ടകളും ധർമ്മശാലകളുമെല്ലാം ഇവിടെയും ഉണ്ട്. മഴ മൂടലായുറച്ച വെള്ളമായി (സ്നോ) വീണിട്ടുണ്ടായിരുന്നത് വഴികളിലും പടവുകളിലുമൊക്കെ ഒരു വെളുത്ത പതയായി തടിച്ചുകൂടിയിരുന്നതിൽ ചവിട്ടിക്കൊണ്ടാണ് ജനങ്ങൾ അവിടെ സമയം കഴിച്ചുകൂട്ടേണ്ടിവന്നത്. പാദരക്ഷയോടുകൂടി അമ്പലത്തിൽ കടക്കവാൻ പാടില്ലല്ലോ. വളരെപ്പേർ പലേടങ്ങളിലായി തീകാഞ്ഞുകൊണ്ടിരുന്നു.

ആ കൊല്ലം ആദ്യമായി ക്ഷേത്രം തുറക്കുന്ന ദിവസമാണ് (ഒരു ഞായറാഴ്ച) ഞാൻ അവിടെ എത്തിയത്. ഇതിന്റെ പ്രമാണം പക്ഷെ വൈശാഖകൃഷ്ണത്രയോദശിയോ മറേറാ ആയിരിക്കാം. അതിനുമുമ്പ് രണ്ടുകൊല്ലത്തോളം ജനങ്ങൾ ചെല്ലുന്നത് ഗവർമ്മെണ്ട് വിലക്കിയിരുന്നതിനാലും പ്രത്യേകിച്ച് ആദിവസം ക്ഷേത്രം തുറക്കുന്ന ആദ്യദിനമായിരുന്നതിനാലും അന്ന് അവിടെ അസാമാന്യമായ ജനബാഹുല്യ

മുണ്ടായിരുന്നു. വളരെ യാത്രികൾ കാഴ്ചദിവസം കാലേക്കൂട്ടി ഇവിടെ എത്തിയിരുന്നു. ജനങ്ങളിൽ അധികവും പഞ്ചാബ്, ഐക്യസംസ്ഥാനം, ബങ്കാൾ എന്നീപ്രദേശങ്ങളിൽനിന്നു വരുന്നവരാണ്. എന്നാൽ എല്ലാദേശികളും ഉണ്ട്. മദ്രാസ് സംസ്ഥാനക്കാർ വളരെ ചുരുക്കമാണ്. മലയാളികളായി ഒന്നോ രണ്ടോ തീർത്ഥയാത്രക്കാർ മാത്രമേ എന്റെ കണ്ണിൽ പെട്ടുള്ളു. അവരെപ്പററി വല്ല വിവരവും അറിയേണമെങ്കിൽ, അപ്പോൾ കണ്ടതല്ലാതെ പിന്നെ ഞാനവരെ കണ്ടതുമില്ല. തീർത്ഥയാത്രികളിൽ സ്ത്രീകൾ വളരെ ഉണ്ടായിരുന്നു. സ്ത്രീകളിൽ ഒരു ഗണ്യമായ അംശം വിധവകളായിരിക്കണം. കുട്ടികൾ യാത്രികളുടെ ഇടയിൽ ഇല്ലെന്നുതന്നെ പറയാം. വയസ്സരായിട്ടുള്ളവർ ഇല്ലെന്നില്ല. എന്നാൽ ചെറുപ്പക്കാരും ഇടപ്രായക്കാരും ആണ് വലിയപക്ഷം.

രാവിലെ ഏകദേശം പത്തുമണിയായിരിക്കണം, 'ഹവാൽ' കഴിച്ചു രോമവസ്ത്രംകൊണ്ടുള്ള കുപ്പായവും കാലുറയും തൊപ്പിയും ധരിച്ച് ക്ഷേത്രത്തിൽ പ്രവേശിച്ചു. അദ്ദേഹവും ഒരു സംഘം അനുചരന്മാരും മാത്രം ശ്രീകോവിലിന്റെ മുമ്പിലുള്ള ഒട്ടു വിശാലമായ പുറത്തളത്തിൽ കടന്നു. ഈ തളത്തിൽ നിന്നാണ് ശ്രീകോവിൽ തുറക്കേണ്ടതു്. ഈ തളത്തിലേക്കു പുറത്തുനിന്നുള്ള വാതിലുകൾ തീർത്ഥയാത്രക്കാർക്കു തുറന്നു കിട്ടുവാൻ ഇനിയും കുറെ താമസമുണ്ട്. അതുകൊണ്ടു വാതിലുകളുടെ അഴികളിൽകൂടി ജനങ്ങൾ തിക്കിത്തി

ങ്ങി ഉള്ളിലേക്കു പാൎത്തുനോക്കിക്കൊണ്ടിരുന്നു. രാജാക്കളു ടെയും മററു അധികാരസ്ഥന്മാരുടെയും ആനുകൂല്യം കൊണ്ടോ വേറെ അവകാശംകൊണ്ടോ ആദ്യമേ ആ ത്തളത്തിൽ പെടുവാൻ ഭാഗ്യമുണ്ടായിരുന്നവരുടെ തിര ക്കുകൊണ്ടു് പുറത്തുനിന്നിരുന്നവൎക്കാൎക്കും അകത്തുള്ള വ ൎത്തമാനം യഥാൎത്ഥത്തിൽ കണ്ടറിയുവാൻ സാധിച്ചിരു ന്നില്ല. എന്നാലും അവർ, ഇന്ത്യൻജനതതിക്കു് സ്വാ തന്ത്ര്യലബ്ധമായ മൂഢവൈഭവത്തോടെ, തമ്മിൽ തിരക്കി കൂട്ടമിട്ടിരുന്നു. ചിലർ ഗോപുരത്തിന്റെ ചുവരിന്മേലും മററും കേറി നോക്കിക്കൊണ്ടിരുന്നു. എന്താണു് ഇവ രെല്ലാം ഇത്ര താല്പൎയ്യത്തോടെ കാണ്മാനാഗ്രഹിച്ചിരു ന്നതു? ശ്രീകോവിലിന്നകത്തുണ്ടെന്നു വിശ്വസിക്ക പ്പെടുന്ന "അഖണ്ഡജ്യോതിസ്സി"നെ നട ആദ്യം തുറക്കു ന്ന നിമിഷത്തിൽ കണ്ണുനോക്കു് കാണ്മാനായിരുന്നു അവർ കൊതിച്ചിരുന്നതു്. പൎവ്വതങ്ങളിൽ ഐസിന്റെ അ ലിവുനിന്നു്, പുതിയ ഹിമരാശിശേഖരം തുടങ്ങുമ്പോൾ, ബദരീനാഥത്തിൽ പൂജ നിൎത്തി ആറുമാസകാലത്തേക്കു ജനങ്ങളെല്ലാം ആ സ്ഥാനത്തെ തീരെ ഹിമത്തിൽ വിട്ടു് ദൂരെ ഒഴിഞ്ഞുമാറി പോകുന്നുവെന്നു പറഞ്ഞി ട്ടുണ്ടല്ലോ. അങ്ങിനെ ദീൎഘകാലത്തേക്കു ക്ഷേത്രം പൂ ട്ടുന്ന ഒടുവിലത്തെ പൂജദിവസം ശ്രീകോവിലിൽ വെച്ചു പോന്നിരിക്കുന്ന വിളക്കു് ഈ കാലമത്രയും കെടാതെ, 'അഖണ്ഡജ്യോതി' സ്സായി ഇരിക്കുമെന്നും, വീണ്ടും ക്ഷേത്രം തുറക്കുന്ന സമയത്തു് ഈ കെടാവിളക്കു് അന്വ ൎത്ഥമായു് കാണാവുന്നതാണെന്നും, അതിനെ ക്ഷേത്രമ

തുറക്കുന്ന ആദ്യ അവസരത്തിൽ ദർശിക്കുന്നതു് വലിയ പുണ്യമാണെന്നും വിശ്വസിക്കുന്നവർ കുറച്ചല്ല. എന്നാൽ യഥാർത്ഥത്തിൽ അതു ദർശിച്ചവർ ആരെങ്കിലുമുണ്ടോ? റാവലും അദ്ദേഹത്തിന്റെ ആൾക്കാരും മാത്രം ഭദ്രമായി ആദ്യം അകത്തുകടന്നു് ശ്രീകോവിൽ തുറന്നു് വളരെനേരം കഴിഞ്ഞശേഷമേ മററാരേയും അതിനുള്ളിൽ കടക്കുവാൻ അനുവദിക്കുകയുള്ളു. പുറത്തു നില്ക്കുന്നവർ എത്രതന്നെ ഉൽക്കണ്ഠയോടെ തമ്മിൽ തിക്കി ഉള്ളിലോട്ടുനോക്കിയാലും റാവലും കൂട്ടരും വിളക്കു കത്തിക്കുന്നതോ മററു് പൂജക്കു് ഒരുക്കം കൂട്ടുന്നതോ ശരിയായി കാണ്മാൻ കഴികയില്ല. 'അഖണ്ഡജ്യോതിസ്സ്' പുറത്തെ അഴികളിൽകൂടെ കണ്ടുവെന്നു വിശ്വസിക്കുന്നവർ റാവൽ അപ്പോൾ കൊളുത്തിയ ദീപത്തെ കണ്ടിരിക്കാം. എന്തായാലും ചെങ്ങന്നൂർ ശിലാഭഗവതി ഇന്നും രജസ്വലയായിരിക്കാറുണ്ടെന്നു് ചിലർ വിശ്വസിക്കുന്നതുപോലെയും അവിടത്തെ ആർത്തവരക്തം കണ്ടിട്ടുണ്ടെന്നു് അഭിമാനിക്കുന്നതുപോലെയും സാഹസമോ അസംഭാവ്യമോ ആയ ഒരു സംഗതിയല്ലല്ലോ ഈ അഖണ്ഡജ്യോതിസ്സ്. നടതുറക്കുന്ന നിമിഷത്തിൽ അതു കാണത്തക്ക ഭാഗ്യം എന്റെ സ്വന്തംകണ്ണുകൾക്കുണ്ടായില്ലെന്നുമാത്രം ഞാൻ പറഞ്ഞുകൊള്ളട്ടെ. അഖണ്ഡജ്യോതിസ്സിന്റെ കഥ കേരളത്തിലുമുണ്ടു്.

റാവൽ ബദരീനാഥക്ഷേത്രത്തിന്റെ അകത്തു് ശ്രീകോവിൽ തുറന്നു് വേണ്ടുന്ന ഒരുക്കങ്ങളെല്ലാം ചെയ്തശേഷം തീർത്ഥയാത്രക്കാർക്കു് ഉള്ളിൽ പ്രവേശനമ

നിവടിക്കപ്പെട്ടു. അവരെ ഒരു വാതിലിൽകൂടെ തള്ള ത്തിലേക്കും മറെറാരു വാതിലിൽകൂടെ തള്ളത്തിൽനിന്നു പുറത്തേക്കും വിട്ടുകൊണ്ടിരുന്നു. പോലീസും സേവാ സമിതിയും ഈ ബഹളത്തിൽ പ്രശസ്തമാംവണ്ണം അവരുടെ ജോലി നിറവേററിയിരുന്നു. ആദ്യത്തെ അല്പദിവസങ്ങൾ കഴിഞ്ഞാൽപിന്നെ ഇത്ര ആൾക്കൂട്ടമുണ്ടാകയില്ല; ആദ്യദിവസത്തിൽ, ഈയിടെയായി, ഇതു് ഒഴിക്കാവുന്നതുമല്ല. അകത്തുകടന്നു ദൎശനംചെയ്തപ്പോൾ തീൎച്ചയായും വിളക്കുകൾ നല്ലവണ്ണം ജ്വലിക്കുന്നുണ്ടായിരുന്നു. പരിപ്പ്, ബദാം, കൊട്ടത്തേങ്ങാക്കഷണങ്ങൾ, മുന്തിരിങ്ങ മുതലായ വിവിധപദാൎത്ഥങ്ങൾ കൂട്ടിക്കലൎത്തിയ ഒരു പ്രസാദം ഒരു പരികൎമ്മി ദൎശനത്തിന് വന്നവൎക്കെല്ലാം വാരിക്കൊടുത്തിരുന്നതു് വളരെ ആസ്വാദ്യമായിരുന്നുവെന്നതിന് സംശയമില്ല. ഭണ്ഡാരത്തിൽ യഥാശക്തി കാണിക്കിടാത്തവർ ചുരുങ്ങും. ആദ്യം ബഹളത്തിലുണ്ടായ ദൎശനംകൊണ്ടു തൃപ്തിപ്പെടാതെ ഞാൻ രണ്ടുവൈകുന്നേരം ക്ഷേത്രത്തിൽ പോവുകയുണ്ടായി. അപ്പോൾ തിക്കുംതിരക്കും ആദ്യത്തെപോലെ ഉണ്ടായിരുന്നില്ല.

ഉച്ചക്ക് ഒരു വലിയ വെച്ചുനിവേദ്യമുണ്ട്. പായസം, ചോറ്, ഇതെല്ലാം വമ്പിച്ചതോതിൽ പാകംചെയ്തിട്ടാണ് നിവേദ്യം. നിത്യേന ദേവസ്വംവക നിവേദ്യത്തിനു പുറമെ ഓരോരോ യാത്രികളുടെവക, ഇന്നവഴിപാട് ഇത്ര എന്ന് ആദ്യമേ പണംവാങ്ങി രശീതുകൊടുത്തപ്രകാരം, വളരെ വേറെയും വെച്ചുണ്ടിവരുന്നു. നിവേദ്യാനന്തര

രം വഴിപാടുകാൎക്ക് അവരവരുടെ രീതിപ്രകാരം ചോറു്, പായസം മുതലായവ കൊടുക്കുന്നതിന്ന പ്രത്യേകം സ്ഥലമുണ്ടു്. വൈകുന്നേരം നിവേദ്യം അല്പം കുറഞ്ഞ നേരത്തിലാണു്, ദേവസ്വംവകതന്നെ ഒട്ടധികം വെച്ചതിനെ മിക്കതും രാവാളിന്റെ ആജ്ഞക്കനുസരിച്ച് തീൎത്ഥയാത്രികൾക്കു ധൎമ്മമായി കൊടുക്കുകയാണ് ചെയ്യുന്നതു്. ഇതുപോലെ അന്നദാനം പുരിജഗന്നാഥക്ഷേത്രത്തിലും കേരളത്തിൽതന്നെ കൊട്ടിയൂരും ഉണ്ടു്. എന്നാൽ ശരിയായ യാതൊരു വ്യവസ്ഥയേയും ഈ അന്നദാനത്തിൽ ആചരിച്ചുവരുന്നതായി തോന്നിയില്ല. വഴിപാട്കഴിച്ചവൎക്ക് കിട്ടുന്ന പ്രസാദങ്ങളെ അവർ സ്വഗൃഹങ്ങളിലേക്ക് ഒരു അമൃതമെന്നനിലയിൽ കൊണ്ടുപോകാറുണ്ടു്.

## ൨൧

## ബദരികാശ്രമമഹിമ:

ഋഷികളിൽ ചിലർ ഇന്നും ഉണ്ടെന്നും ബദരീനാരായണംപോലെയുള്ള പുണ്യസ്ഥലങ്ങളിൽ അവരെ കാണാമെന്നും ഞാൻ കേട്ടിട്ടുണ്ട്. ഇവർ ജനബാഹുളങ്ങളിലും ചിലപ്പോൾ ചേർന്നിരിക്കുമെന്നും, എന്നാൽ ജനങ്ങളുടെ തിരക്കു കുറെ ശമിച്ച കാലങ്ങളിൽ ഉണ്ടാവാനാണ് അധികം ഇടയുള്ളതെന്നും, പലതരത്തിൽ ആളുകൾ പറഞ്ഞുവരുന്നു. എന്നാൽ പരിശുദ്ധാത്മാക്കളായ അവരെ നമ്മുടെ വെറും കൌതുഹലദൃഷ്ടികൾകൊണ്ട് എങ്ങിനെ വേർതിരിച്ചറിയും? നമ്മുടെ ചുരുങ്ങിയ സമയത്തിന്നും സൌകര്യത്തിന്നും സാധാരണസമ്പ്രദായത്തിലുള്ള ബാഹ്യാന്വേഷണത്തിന്നും അനുയോജിച്ചു വെളിപ്പെടുന്നവരാണോ അവർ? നാം നിർദ്ദേശിക്കുമ്പോലെയുള്ള മഹാത്മാക്കൾ ഇന്നും ഉണ്ടെങ്കിലും, ആ മഹാത്മാക്കളെ ആന്തരമായി തേടിക്കൊണ്ടിരിക്കുന്നവർക്ക് അവരുമായുള്ള സംഗമത്തിന് അർഹതയുണ്ടെങ്കിലും, അവരെ "പാർത്താൽ ചിലർക്കു കാണാം ചിലപ്പോഴെ"ന്നുള്ള വസ്തുവുംതന്നെ. എന്നാൽ,

"പലസമയമഖിലദിശി നന്നായ്ത്തിരകിലും
ഭാഗ്യവതാമപി കണ്ടുകിട്ടാവരം"

എന്നും അവരെക്കുറിച്ചുതന്നെ പറയണം.

ബദരീനാഥത്തിൽ എന്നുതന്നെയല്ല, അതുപോലെ പല ദിക്കിലും ഈ കപടസന്യാസികൾ അനേകമുള്ള കൂട്ടത്തിൽ സ്ഥിതധീകളായ ചില യഥാർത്ഥമഹാത്മാക്കളും ഇല്ലെന്നു പറയുവാൻ ഞാൻ കേവലം ധൈര്യപ്പെടുന്നില്ല. ഉണ്ടെന്നുതന്നെ ഞാൻ വിചാരിക്കുന്നു. എന്നാൽ മഹർഷിമാരെയും മററു സിദ്ധന്മാരെയും തങ്ങൾ നേരിട്ടുകണ്ടുവെന്നു് പലപ്പോഴും പറയുന്നവരെയെല്ലാം അക്ഷരംപ്രതി വിശ്വസിക്കുന്നതു് പ്രയാസമായിരിക്കുന്നു. ഇങ്ങിനെ പറയുന്നതു് ചിലപ്പോൾ വ്യാജമായിരിക്കാം, അല്ലെങ്കിൽ അതിശയോക്തിയായിരിക്കാം; എന്നാൽ മിക്കപ്പോഴും ഇതു്, എന്തും ആദ്യമേയുള്ള അന്ധസുഗമമായ വിശ്വാസത്തോടുകൂടെ കണ്ടുവിസ്മയിക്കുന്നതിനു ചിലക്കുള്ള ഒരു പ്രത്യേകപാടവംകൊണ്ടുണ്ടാകുന്ന ചില പ്രസ്താവമാണു്. ദേഹത്തെ അത്ഭുതകരമാംവണ്ണം നിയന്ത്രിക്കുവാൻ കഴിയുന്ന അഭ്യാസികളെ ആക്കും ചിലപ്പോൾ കാണ്മാനിടയുണ്ടു്. അവർ നല്ല യോഗാഭ്യാസികളോ, കുഞ്ഞിക്കണ്ണൻകുരിക്കളുടെ സക്കസ്സുകളിക്കാരോ, പ്രൊഫസർ രാമമൂർത്തിയുടെ ശിഷ്യന്മാരോ, അല്ലെങ്കിൽ വേറെയും ചില പദ്ധതിക്കാരോ ആയിരിക്കാം. യോഗാഭ്യാസം ഇന്ദ്രിയജയം വഴിക്കു് ആത്മസാധനത്തിലേക്കു വേണ്ടുന്ന ഒരു പടിയായിരിക്കുമെന്ന വാസ്തവത്തെ കട്ടും അവഗണിക്കുവാൻ പാടില്ല. എന്നാൽ യോഗാഭ്യാസം എപ്പോഴും ഈ 'സാധന'മായി പര്യവസാനിക്കുന്നില്ലെന്നതും വാസ്തവമാകുന്നു. നേരെമറിച്ചു്, കാമവും ക്രോധവും ലോഭവും മോഹവും

മേന്ദ്രഭാവങ്ങളും സാധാരണന്മാരെപ്പോലെതന്നെ നിറഞ്ഞവരാണ്; ദേഹത്തെ അത്ഭുതകരമാംവണ്ണം നിയന്ത്രിക്കുവാൻ കഴിയുന്ന അനേകം യോഗാഭ്യാസികൾ. ഗീതയിൽ പറയുന്ന അർത്ഥത്തിൽ 'സ്ഥിതധീ'ത്വവും സമചിത്തതയും 'കർമ്മസുകൌശല'വുമായ യഥാർത്ഥയോഗം മൂർത്തിമത്തായവരെ ഇന്നു 'ആവശ്യമുണ്ട്' എന്ന പത്രപരസ്യത്തിൽ തേടിയാലുണ്ടോ കാണുന്നു!

ഹഠയോഗത്തെപ്പറ്റി പ്രസ്താവിക്കാനിടവന്ന ഒവസരത്തിൽ (Young India, 1925, No. 38) ഗാന്ധിജി പറഞ്ഞ വാക്കുകളും ഈ സന്ദർഭത്തിൽ ശ്രദ്ധേയമാണ്:—"ഈ അഭ്യാസങ്ങളെ ആചരിക്കുന്നവർ അതിനെ ചെയ്യുന്നത് ആരോഗ്യാവശ്യാർത്ഥം മാത്രമായിരിക്കണം. ആത്മീയവിഷയത്തിൽ ഒരു പരിമിതമായ നിലയിൽ അവ ഉപകാരമായിരിക്കുമെന്നതിനു സംശയമില്ല. എന്നാൽ നമ്മുടെ ചെറുപ്പക്കാർ ആത്മീയപുനരുദ്ധാരണത്തിന്നായി ഹഠയോഗാഭ്യാസങ്ങൾ ശീലിക്കുന്നതിനെ ഞാൻ ബലമായി പ്രതിക്ഷേപിക്കുന്നു. ഇന്നുള്ളകാലത്ത് ഇത്തരം പുനരുദ്ധാരണം കായികാഭ്യാസങ്ങളിൽ നിന്നുള്ളതിനേക്കാൾ അധികം ഹൃദയഭക്തിയിൽനിന്നാണ് ഉണ്ടാവുന്നത്. പിന്നെ, ഹഠയോഗംകൊണ്ട് ആത്മീയഗുണം സിദ്ധിക്കേണമെങ്കിൽ, ഈ അഭ്യാസങ്ങൾ വഴിക്ക് ആത്മീയവിഷയത്തിൽ തന്നെ അവൻ നിപുണനായിത്തീർന്നിരിക്കുന്ന ഒരു ആചാര്യൻ ആവശ്യമാണ്. അങ്ങിനെയുള്ള ഒരാളെ കിട്ടുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്; എന്റെ അന്വേഷണം പാഴാ-

യിരിക്കയാണു്. ഇന്ത്യയിൽ ശുദ്ധഹഠയോഗികളായവർ ഇല്ലെന്നു് ഇതുകൊണ്ടു് ഖണ്ഡിതമായ അർത്ഥം വരുന്നില്ല. എന്നാൽ നിരന്തരമായ പരതയോടുകൂടിയ എന്നെപ്പോലെയുള്ള ഒരുവൻെറ അന്വേഷണം വ്യർത്ഥമായിട്ടിരിക്കെ, ചെറുപ്പക്കാർ, നിപുണന്മാരെന്നു ഭാവിക്കുന്നവരെ കൂലങ്കഷമായ പരിശോധനചെയ്യാതെ സ്വീകരിക്കുന്നതു് കരുതിക്കൊള്ളട്ടെ”.

അന്യദേശമായ വൈശിഷ്ട്യത്തോടുകൂടിയ ഒരു സിദ്ധനികേതനം എന്ന പുരാതനമാഹാത്മ്യമാണു്, ഏതുവിധത്തിലും, നിരവധിയാത്രികളെ ബദരീനാഥത്തിലേക്കാകർഷിക്കുന്നതെന്നതിന്നു് സംശയമില്ല. അവിടത്തെ ക്ഷേത്രക്കെട്ടിടത്തെപ്പററി പറഞ്ഞുവെല്ലോ. എന്നാൽ ബാഹ്യദൃഷ്ടിക്കു് ഗോചരമായ ഒരു അമ്പലത്തിലല്ല ബദരികാശ്രമത്തിൻെറ ആകെ പ്രാധാന്യം സ്ഥിതിചെയ്യുന്നതു്. ഈ സ്ഥലം അനാദികാലങ്ങൾ മുതൽക്കേ പരിപാവനമായ ഒന്നാണു്. നരനാരായണന്മാർ എന്ന അവതാരപുരുഷന്മാർ തപസ്സുചെയ്തിരുന്ന സ്ഥലമത്രെ ബദരികാശ്രമം. അവശ്യം ലോകത്തിൽ ആവശ്യങ്ങളായ ചില വിശിഷ്ട ആദർശങ്ങളെ പ്രപഞ്ചമാലിന്യം സ്പർശിക്കാതെ ദൃഷ്ടാന്തരൂപേണ നിലനിർത്തുവാനുള്ള മാതൃകാമൂർത്തിമാന്മാർ എന്നാണു് ചില ആദിമ അവതാരങ്ങൾകൊണ്ടു നാം നിർദ്ദേശിക്കുന്നതു്. ബ്രഹ്മചര്യാദർശത്തെ ജീവിതത്തിൽ എത്രത്തോളം യാഥാർത്ഥ്യമാക്കാമെന്നും അതിൻെറ ശക്തിയും സിദ്ധികളും എത്രത്തോളം ഉച്ചത്തിൽ വരാമെന്നും മനുഷ്യർക്കു് എന്നേക്കും ദൃഷ്ടാന്തപ്പെടുത്തുന്ന നിത്യ

യൌവന്യാവതാരങ്ങളാണ് സനൽകുമാരന്മാർ. ഇപ്രകാരം; അദ്ധ്യാത്മജ്ഞാനാത്മമായുള്ള തപോനിഷ്ഠയുടെ യഥാർത്ഥ്യത്തിന്റെയും മാഹാത്മ്യത്തിന്റെയും നിത്യവിളംബരമൂർത്തികളാണ് സൃഷ്ടിയിലെ ആദിമാവതാരങ്ങളിൽപെട്ട നരനാരായണന്മാർ. സനൽകുമാരത്വത്തിന്റെ പ്രൌഢിയും നരനാരായണത്വത്തിന്റെ സത്തയും വേറെ പ്രകാരങ്ങളിലും ഓരോ കാലങ്ങളിൽ വിളംബരപ്പെട്ടിട്ടുണ്ട്. ആദിസനൽകുമാരന്മാർ ഋഷീശ്വരന്മാരാണെങ്കിൽ, സനൽബ്രഹ്മചര്യംതന്നെ വേറെപ്രകാരത്തിൽ മൂർത്തിമത്തായ ഭീഷ്മപിതാമഹൻ ധർമ്മാണ്ണശ്രുമനാകുന്നു. ആദി നരനാരായണന്മാർ ധ്യാനനിരതരായ തപസ്വികളാകുന്നുവെങ്കിൽ, നരനാരായണത്വംതന്നെ രൂപാന്തരംപ്രാപിച്ചതായ അർജ്ജുനകൃഷ്ണന്മാർ നിരന്തരകർമ്മവീരന്മാരാകുന്നു.

യഥാർത്ഥത്തിൽ നരനാരായണത്വം നമ്മിൽ ഓരോരുവനിലും അന്തർഭവിച്ചിരിപ്പുണ്ട്. സത്യധർമ്മങ്ങളിൽനിന്ന് ഒരണുപോലുംതെററാതെ മുന്നോട്ടു പോയ്ക്കൊണ്ടിരിക്കേണമെന്ന ഉത്തമനിഷ്ഠ ആർക്കുണ്ടോ അവരിലാണ് നരത്വം, യഥാർത്ഥമനുഷ്യത്വം, വളരെ വ്യക്തമായി പ്രകാശിക്കുന്നത്. എന്നാൽ ഏററവും ഉയർന്ന നിഷ്ഠയിൽ ജീവിക്കുന്നവർക്ക് ജീവിതപദ്ധതിയിൽ ഏററവും കഠിനങ്ങളായ ചില വിഷമങ്ങൾ നേരിടുന്ന അവസരങ്ങളുണ്ട്. നരത്വം മുഴുവൻ ഉണർന്നാലും, കേവലം നരത്വം (മാനുഷ്യം)കൊണ്ട് ഈ വിഷമഘട്ട

ത്തിൽ പ്രയോജനമില്ലെന്നു കാണുന്നതും, നരന്റെ ദർപ്പത്തിനു പൂർണ്ണശമനം വരുന്നതും അപ്പോഴാണ്. അപ്പോഴാണ് ദർപ്പരഹിതനായി, വിനീതനായി, നിസ്സഹായനായിരിക്കുന്ന നരൻ തന്റെ വിഷമാവസ്ഥയിൽ നാരായണന്റെ സഹായത്തെ ആത്മപൈദാഹത്തോടുകൂടി അഭ്യർത്ഥിക്കുന്നതു്. എന്നാൽ ഈ നാരായണനം അന്യനല്ല. നാരായണൻ, പരമനായ 'ഈശ്വരഃ സർവ്വഭൂതാനാം ഹൃദ്ദേശേ' ഇരിപ്പുണ്ടു്. എന്നാൽ 'ആത്മാ'ഭിമാനം നിശ്ശേഷം നശിക്കുമ്പോൾ മാത്രമാണ് മനുഷ്യന്റെ യഥാർത്ഥ 'പരമാത്മ'രൂപം വെളിപ്പെടുന്നതു്; അതായതു്: നിസ്സഹായതയിൽ, ദർപ്പരഹിതമായി, സ്വാർത്ഥവിഹീനമായി, വിനീതമായി, ആത്മാർത്ഥമായി ഹൃദയം തുഴയുമ്പോഴാണ് നരൻ തന്റെ നിരന്തരസഹവർത്തിയായ നാരായണനെ ആ ഹൃദയത്തിൽ ശരിക്കുതെളിഞ്ഞുകാണുന്നതു്. ഇതിനെ ഉണർവുള്ള നരനാണ് അർജ്ജുനൻ, ഇങ്ങിനെ തെളിഞ്ഞുകാണപ്പെട്ട നരസഖി നാരായണനാണ് കൃഷ്ണൻ.

ജീവിതത്തെ ആകെ കൃഷ്ണാർപ്പണമാക്കി ദൈവത്തിൽ ജീവിക്കുന്ന മനുഷ്യനാണ് നരൻ. മനുഷ്യനിൽ പരിപൂർണ്ണമായ് പ്രകാശപ്പെടുന്ന ദൈവചൈതന്യമാണ് നാരായണൻ. പുരാതന ഹിന്ദുചിന്തയുടെ സന്താനമായ ഈ നരനാരായണഭാവം എത്ര വിശിഷ്ടവും ഹൃദയംഗമവുമായ ഒരു ആദർശത്തെ കുറിക്കുന്നു!

അക്കഥ അങ്ങിനെ നില്ക്കട്ടെ. ബദരികാശ്രമം നരനാരായണാശ്രമമാണെന്നല്ലോ നാം കണ്ടതു്. വേറെയും

അനേകം യോഗവിചിന്തകന്മാരുടെ സാന്നിദ്ധ്യംകൊണ്ടു് ആ സ്ഥലപാവനതക്ക മാററു കൂടീട്ടുണ്ടു്. നാരദമഹർഷി അനേകകാലം നിശ്ശബ്ദആത്മസംഗീതപരായണനായി ഈ സ്ഥലത്തെ അലങ്കരിച്ചിരുന്നുവത്രെ. ശ്രീരാമചന്ദ്രൻ സ്വയംപ്രഭക്കു് ഉപദേശംനൽകി, ജീവിതശേഷം വസിക്കുവാൻ 'ഭദ്രേ നീ പോക ബദര്യാശ്രമസ്ഥലേ' എന്നു നിയോഗിക്കുന്നു. ശ്രീകൃഷ്ണൻ തന്റെ നിര്യാണം ആസന്നമായിരിക്കെ ഉദ്ധവക്കു് തത്വോപദേശം കൊടുത്തു് ഒടുവിൽ ആ ഭക്തനെ അയക്കുന്നതും ബദരികാശ്രമത്തിലേക്കാണു്:—

"ഗച്ഛോദ്ധവ മയാദിഷ്ടോ
ബദര്യാഖ്യം മമാശ്രമം
തത്രമൽപാദതീർത്ഥോദേ
സ്നാനോപസ്പർശനൈഃ ശുചിഃ
ഈക്ഷയാലകനന്ദായാ
വിധൂതാശേഷ കല്മഷഃ
വസാനോവല്ക്കലാന്യംഗ!
വന്യഭുൿസുഖനിസ്പൃഹഃ
........................................"

(ഭാ. ഏകാദശം)

ശ്രീകൃഷ്ണൻതന്നെ ഒരിക്കൽ കൈലാസത്തിലേക്ക പോകുമ്പോഴും അവിടെനിന്നു് മടങ്ങുമ്പോഴും ബദര്യാശ്രമത്തിൽ താമസിക്കയുണ്ടായി എന്നു് ഭാഗവതത്തിൽ കാണുന്നുണ്ടല്ലോ. അനേകം ഋഷികൾ ഉണ്ടു് ബദര്യാശ്രമത്തിൽ ഇരുന്നിരിക്കണം. ജീവിതസായാഹ്ന

ത്തെ ശാന്തിസുഖത്തിൽ നയിക്കുവാനുള്ള അനന്യഭൂവൈകുണ്ഠമായിട്ടാണ് വളരെവളരെ പേർ ഈ ഏകാന്തകാന്തമായ ഹിമാലയാന്തരംഗത്തെ കരുതിവന്നിരിക്കുന്നതു്.

ചരിത്രാതീതമായ ഋഷികാലങ്ങൾക്കുശേഷവും തത്വചിന്തകന്മാരായ ധീമാന്മാർ ബദര്യാശ്രമത്തെ തേടിവന്നിട്ടുണ്ട്. ഒരു ആയിരംകൊല്ലങ്ങൾക്കു മുമ്പാന്നി ശ്രീശങ്കരാചാര്യർ ഈ സ്ഥലം സന്ദർശിക്കുക ഉണ്ടായി. ബദര്യാശ്രമത്തിൽ വെച്ചത്രെ അദ്ദേഹം തന്റെ വിശ്വവിശ്രുതങ്ങളായിത്തീർന്നിട്ടുള്ള 'ഭാഷ്യ'ങ്ങൾ എഴുതിയതു്. അദ്ദേഹമാണ് അവിടെ ഇന്നുകാണുന്ന നിലയിൽ വിഗ്രഹാരാധന ഏർപ്പെടുത്തിയതെന്നു പറയപ്പെടുന്നു. അല്ലെങ്കിൽ, ഈ ഏർപ്പാട് അദ്ദേഹത്തിന്റെ ഏതെങ്കിലും അനുയായികൾ ആ സന്ദർശനത്തിന്റെ ഒരു സ്മാരകമായി ചെയ്തതായിരിക്കാം. ഏതായാലും ശങ്കരാചാര്യപ്രമുഖ്യമായ ഒരു സ്ഥലമാണ് ഇന്നു ബദര്യാശ്രമത്തിൽ കാണുന്ന അമ്പലം. ഇതിലെ ശ്രീകോവിലിൽ ബദരീനാഥാഭിധാനത്തിൽ ഒരു വിഗ്രഹവും അതിന്റെ ഇരുവശങ്ങളിലായി അതേ ശ്രീകോവിലിൽ നരനാരായണന്മാർ, ഉദ്ധവനാരദന്മാർ എന്നീ പുരാണപുരുഷന്മാരുടെ വിഗ്രഹങ്ങളും പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതു് ശങ്കരാചാര്യരാലാണെന്നു കേൾക്കുന്നു. നമ്പൂതിരിമാരെപോലെ ബ്രഹ്മനിവൃത്തി തികഞ്ഞവരെ പരദേശത്തു് അന്നു കാണായ്കയാലാണുപോൽ ശങ്കരൻ ഒരു മലയാളബ്രാഹ്മണനെ അവിടെ പൂജക്കു കല്പിച്ചതു്. മഠം

മനുഷ്യനായിരുന്ന ശങ്കരാചാര്യരുടേതാണെന്നു പറയപ്പെടുന്ന പ്രത്യേകം ഓരോ ഏർപ്പാടുകളുടേയും ഗുണദോഷങ്ങളോ ഇന്നു എന്തെങ്കിലുമാകട്ടെ- അദ്ദേഹത്തെപ്പോലെയുള്ള പുരുഷസിംഹന്മാരുടെ യാദൃച്ഛികമായ മലയാളിജന്മംകൊണ്ടു് കേരളത്തിനു പണ്ടു് ഒരു അനന്യമായ പ്രശസ്തി സിദ്ധിച്ചിരുന്നുവെന്നതിനു് സംശയമില്ല. എന്നാൽ ആ സൌവർണ്ണകാലത്തിന്റെ യഥാർത്ഥ്യലേശം ഇന്നു കൈരളി സ്വപ്നത്തിലെങ്കിലും അനുഭവിക്കുന്നുണ്ടോ?

ബദരീനാഥത്തിൽ ഞാൻ അന്നുരാത്രി കിടന്നതു് സേവാസമിതിയിലായിരുന്നതിനാൽ കേദാരനാഥത്തിലെപ്പോലെ കൊടുങ്കുളിര് സ്വയം അനുഭവിക്കേണ്ടിവന്നില്ല. സാധാരണയായി ഉത്തരഇന്ത്യയിൽ ശൈത്യകാലത്തു് കിടക്കുവാനും പുതയ്ക്കുവാനും ഉപയോഗിച്ചുവരുന്ന, ഉള്ളിൽ പഞ്ഞിനിറച്ചതായ ഒരു മാതിരി പുതപ്പ് ('രജായി') അന്നത്തെ ആവശ്യത്തിലേക്കു് ഔദാര്യമതികളായ ആ സമിതിയംഗങ്ങൾ തന്നു.

കാലത്തു് (മെയി 14-ാംനു) എഴുന്നേറ്റു പുറമെ വന്നു നോക്കിയപ്പോൾ കണ്ടതായ കാഴ്ച ഏറ്റവും കൌതുഹലകരമായിരുന്നു. മതിലുകളും വഴിയിലും എല്ലാം വെളുവെളുത്ത മൃദുഹിമപ്പുത (സ്നോ) മുട്ടോളം ആഴത്തിൽ നിറഞ്ഞു മൂടിയിരിക്കുന്നു. രാത്രി മുഴുവനും ഇതു വീണുകൊണ്ടിരുന്നു. ഇപ്പോഴും ഈ പാല്മഞ്ഞുവീഴ്ച നില്ലാതെ തുടർന്നുകൊണ്ടുമിരിക്കുന്നു. കെട്ടിടങ്ങളോ മല

കളോ മററു വല്ലവസ്തുക്കളോ നമുക്ക് ഈ കനത്ത മഞ്ഞിനുള്ളിൽക്കൂടെ കാണ്മാൻ കഴിയുന്നില്ല. ദിക്കും സമയവും അറിയുന്നില്ല ആകെ ലോകം ഒരു മൂടലോളമായ വെള്ളിക്കസവുഗോളമാണെന്നും അതിന്റെ മദ്ധ്യത്തിലാണ് നാം സ്ഥിതിചെയ്യുന്നതെന്നും തോന്നുന്നു. ഉദയം കഴിഞ്ഞിട്ടുണ്ടെങ്കിലും സൂര്യനെ ഇതിന്റെ ഉള്ളിൽ കാണുന്നില്ല; എന്നാൽ സൂര്യപ്രകാശം ഇതിൽ, കാവ്യത്തിൽ കവിഹൃദയം എന്നപോലെ, അലിഞ്ഞുചേൎന്ന് ഇതിന് ഒരു പ്രത്യേകധാവള്യം നല്കിവരിക്കുന്നു. ഏതോ ആകാശനന്ദനത്തിൽനിന്ന് പുഷ്പമലരുകളാണോ ഇങ്ങിനെ യാതൊരു സീമയും കൂടാതെ പൊഴിഞ്ഞുകൊണ്ടിരിക്കുന്നത്? അല്ലെങ്കിൽ, ഹിമാലയാദേവിയുടെ മോഹനമായ പുഞ്ചിരിയോ ഈ ഴുകുന്നത്? ഇന്ത്യയിൽ ഈയൊരു ചേതോഹരമായ കാഴ്ച ഹിമാലയങ്ങളിൽ മാത്രമത്രെ കാണുക.

## ൨൨

# ബദരിയിൽനിന്നു മടക്കം.

ഒരു പത്തുമണിയോടുകൂടി വെളിവും വെയിലും ഉണ്ടായി. അമ്പലത്തിൽ ഒരിക്കൽകൂടി പോയി കണ്ടു. കൈലാസത്തിലേക്കും മാനസസരസ്സിലേക്കും മറ്റും എന്റെ മനസ്സ് കൊതിച്ചു നീണ്ടുകൊണ്ടിരുന്നു. എന്നാൽ ആ വക ദുർഗ്ഗമധാമങ്ങളിലേക്കു ഇനിയും മുന്നോട്ടുപോകുന്നതിനു ശേഷിയും സഹായവും അപ്പോൾ എനിക്കു തീരെ ഉണ്ടായിരുന്നില്ലെന്നു വിഷാദപൂർവ്വം ബോദ്ധ്യപ്പെട്ടു. അതുകൊണ്ടു് 'കാലാവലോകനാം കാര്യസാദ്ധ്യം നൂനം' എന്നോർത്തു് അത്തരം സഞ്ചാരപരങ്ങളായ കൂടുതൽ മോഹങ്ങളെ ഞാൻ ഏതോ ഭാവിയിൽ നിറവേറുവാൻ നീട്ടിവെച്ചു്. അന്നു് ഉച്ചക്കു (മെയി 14-ാംനു-) ബദര്യാശ്രമത്തിൽനിന്നു തിരികെ യാത്രയായി. ഹിമവർഷം പിന്നെയും തുടങ്ങി. ബദരിയിൽനിന്നു ചുരങ്ങിയതു് രണ്ടു നാഴികല്ലോളം മടക്കവഴിയിൽ ഇപ്പോൾ ഹിമത്തിൽ ചവിട്ടിക്കൊണ്ടേ നടക്കേണ്ടിവന്നു. ഉടുപ്പും ഭാണ്ഡവും സർവ്വാംഗവും ഒരുപോലെ മൃദുതുഷാരത്താൽ പൊതിയപ്പെട്ടു. വലിയ പളുങ്കുകല്ലുകളെപ്പോലെ ഉറപ്പോടും ഘനത്തോടും ചിലപ്പോൾ ഉഷ്ണഭൂമികളിലും വീഴുന്ന മാതിരിയല്ല ഈ പ്രസ്താവിക്കപ്പെട്ട മഴയെന്നു് ഇപ്പോൾ വായനക്കാർക്കു മനസ്സിലായിരിക്കുമല്ലോ. ഇതു് മേൽവീഴുമ്പോൾ കല്ലേറുകൊള്ളുംപോലെയുള്ള അനുഭവമല്ല ഉണ്ടാകുന്നതു്. കുളിർത്ത തുമ്പവൃഷ്ടിയന്നു

ടെ മേൽ ചൊരിയുന്നതുപോലെ തോന്നുന്നു. എന്നാൽ ശൈത്യവും മററ് മാൎഗ്ഗശല്യവും കല്ല്യാദിനേക്കാൾ കഠോരതരമായിരിക്കുന്നു. തണുത്ത് വിറച്ചും അവയവങ്ങൾ മരവിച്ചും അഞ്ചുനാഴികവഴി കീഴോട്ടുവരാൻ അഞ്ചുമണിക്കൂർ വേണ്ടിവന്നുവെന്നു തോന്നുന്നു. ഒടുവിൽ ഹനുമാൻചട്ടിയിലെത്തി, ഒരുകൂട്ടം യാത്രികൾ തീക്കാഞ്ഞുകൊണ്ടിരുന്നേടത്ത് ആൎത്തിയോടെ അണഞ്ഞുചേൎന്നു. ഇഹലോകസ്വൎഗ്ഗം ആ അഗ്നികുണ്ഡത്തിന്നരികെതന്നെയായിരുന്നു!

പിറേറന്നു രാവിലെ (മെയി 15-ാംനു-) ഹനുമാൻചട്ടി വിട്ടു. പാണ്ഡുകേസരത്തുവന്ന് അസ്ഥലത്തിൽ ഭക്ഷണം കഴിച്ചു. പിന്നേയും നടന്ന്, അന്നുരാത്രി ജോഷീമഠത്തിൽ താമസിച്ചു. ഇവിടത്തെ കാരകോണക്കാരൻ പൂജാരി എന്നെ ആദ്യം ഒരു നമ്പൂതിരിയാണെന്നുകരുതി കുറെ കേമമായ വിധത്തിൽ സ്വാഗതം ചെയ്തു. എന്നാൽ ഞാൻ വാസ്തവം ധരിപ്പിച്ചപ്പോൾ അദ്ദേഹത്തിന്റെ 'മാം-മാ-സ്പൃശ' ബ്രാഹ്മണ്യം അല്പം ഉണൎന്നു എങ്കിലും ആ വൃദ്ധന്റെ ഔദാൎയ്യത്തിന് വലിയ കുറവുണ്ടായില്ലെന്നു സമ്മതിക്കണം. ഇവിടെ ബദരീനാഥദേവക ഖജാനക്കു കാവൽനില്ക്കുന്ന ഒരു ഗാൎവ്വാലിശിപായിയുമായും രസകരമായി ഇടപെടുകയുണ്ടായി. ഞാൻ ഏതോ ഒരു മദ്രാസി എന്നുമാത്രം ധരിച്ച് എന്നോടു ആദ്യം ആ ചെറുപ്പക്കാരൻ ചില ഭീഷണികൾ പുറപ്പെടുവിക്കയുണ്ടായി. എന്നാൽ ഒരു മലയാളിയാണെന്നറിഞ്ഞ ക്ഷണത്തിൽ എന്നോടു അപ്രതീക്ഷിത

മായ വിധം സൌഹാർദ്ദം പ്രദർശിപ്പിച്ചും തന്നാൽ കഴിയുന്ന എല്ലാ സൌകൎയ്യങ്ങളും ആ പാവം എനിക്കു ചെയ്തുതന്നു. ബദരീനാഥത്തിലെ 'ശാന്തി' നമ്പൂതിരിയുടെകൂടെ തിരുവിതാംകൂറിലും മററും പോയി പരിചയം സമ്പാദിച്ചവനായിരുന്നു ആ ശിപായി. തനിക്കു തിരുവിതാംകൂറിൽ ഉണ്ടായ അനുഭവങ്ങളേയും ഇടപെട്ട മലയാളിസ്നേഹിതന്മാരേയും മററും കുറിച്ചു ഏററവും നന്ദിപൂർവ്വം വാഴ്ത്തിക്കൊണ്ടു, വളരെ ഉത്സാഹത്തോടുകൂടെ, അർദ്ധരാത്രിവരെ സംസാരിച്ചിട്ടും ആ സാധുവിന്നു തൃപ്തിയായില്ല. ഒരു പ്രത്യേക ഉച്ചാരണത്തോടുകൂടെ ചില മുറിമലയാളവാക്കുകളും പൊട്ടിച്ചിരുന്നു. ഈ ശുദ്ധാത്മാവുമായി ഇടപെടുവാനിടവന്ന ഈ രാത്രി എനിക്കു എത്രയും ആശ്വാസത്തേയും ആനന്ദത്തേയും നല്കി.

കാലത്തു (മെയി 16-ാംനു-) ജോഷിമഠത്തിൽനിന്നു നടന്നു. ബദരിയിൽനിന്നുള്ള മുപ്പതാംകല്ലിനടുക്കെ ഒരു അരുവിവക്കിലുള്ള ചട്ടിയിൽ ഉച്ചക്കു അല്പനേരം വിശ്രമിച്ചു. ഒരു പഞ്ചാബിവൃദ്ധ ഭക്ഷണം പാകംചെയ്തുതന്നു. ആകെ അന്നു പത്തൊമ്പതു നാഴിക നടന്നാറെ വൈകുന്നേരം പിപ്പൽകോടിയിലെത്തി. എന്റെയും ഭക്ഷണം പാകംചെയ്തുതരുമോ എന്നു ഞാൻ ഒരാളോടു ചോദിച്ചപ്പോൾ, വെപ്പുപാത്രത്തിന്റെ ഭാരം കൂടാതെ നടക്കുന്നതു എന്റെ ദുസ്സാമൎത്ഥ്യം കൊണ്ടല്ലേ എന്നും മററും അധിക്ഷേപിച്ചു അദ്ദേഹം ആ അപേക്ഷയെ നിരസിക്കയാണുണ്ടായതു. അതുക

ണ്ടുകൊണ്ടിരുന്ന ഒരുബങ്കാളിസ്ത്രീ സാനുകമ്പം’ ‘കുട്ടി വിഷാദിക്കാതെ! ഞാൻ പചിച്ചുതരാമല്ലോ’ എന്നു് ഒരു മാതാവിന്റെ സ്വരത്തിൽ പറഞ്ഞു. ആ നിഷേധവും ഈ അനുകമ്പയും രണ്ടും അപ്രതീക്ഷിതങ്ങളായിരുന്നു. രണ്ടു ചിത്രങ്ങളുടെ അന്തരം! പിപ്പൽകോടിയിൽ വളരെ ശുചിയിൽ സൂക്ഷിക്കപ്പെടാത്ത ഒരു ചെറിയ സർക്കാർ ധർമ്മശാലയുടെ പുറംവ്രാന്തയിൽ രാത്രി കിടന്നു.

പുലരുമ്പോൾ (മെയി 17-ാംനു-) പുറപ്പെട്ടു. ഉച്ചക്കു അളകനന്ദാപാലം കടന്നു ചമോലിയിലെത്തി. ഇനി ഈ പാലം തിരികെ കടക്കാതെ അളകനന്ദയെ നമ്മുടെ വലത്തുഭാഗത്താണു് ഈ മടക്കവഴി കിടക്കുന്നതു്. നാം വളരെ ശ്രദ്ധിച്ചിട്ടില്ലാത്ത പല ചട്ടികൾ വഴിമദ്ധ്യത്തിൽ കഴിഞ്ഞിരിക്കണം. ചമോലിയിൽ അല്പം വിശ്രമിച്ചു, ആസ്പത്രിയിൽനിന്നു കാലിലേക്കു ഒരു മരുന്നു വാങ്ങി. പിന്നെയും നടന്നു. ചമോലിലാല്സാംഗയിൽനിന്നു് ഇനി നടക്കുന്ന വഴി, നമ്മുടെ യാത്രയിൽ രുദ്രപ്രയാഗയിൽനിന്നു കേദാരത്തിലേക്കു തിരിഞ്ഞിട്ടുണ്ടായിരുന്ന നാം, ആദ്യം നടക്കാത്തതാണു്. അന്നു ആകെ പതിനേഴുനാഴിക നടന്നു്, വൈകുന്നേരം നദീതീരത്തു് ബദരിയിൽനിന്നു് ഏകദേശം 55 നാഴികക്ലാത്തുള്ള നന്ദപ്രയാഗ എന്ന സ്ഥലത്തെത്തി. ഇതും ചമോലിയെപോലെ ഒരു ചെറിയ നഗരമാണു്. വക്കീലന്മാരും കൃഷ്ണക്ഷേത്രവും അങ്ങാടിയും സദാവൃത്തിയും

മററും ഇവിടെ ഉണ്ട്. കുന്നുകളുടെ ഒരു വശത്തുള്ള ഈ സ്ഥലത്തിൻെറ കിടപ്പ് ആകപ്പാടെ വളരെ മനോഹരമായിരിക്കുന്നു. നന്ദഗംഗ എന്നു വിളിക്കപ്പെടുന്ന ഒരു നദി ഇവിടെ അളകനന്ദയിൽ വന്നുചേരുന്നു. ഞാൻതന്നെ ഭക്ഷണം പാകംചെയ്തു് ഒരു ഇടംവിശാലമായ വഴിയമ്പലത്തിൽ രാത്രി കിടന്നു.

പിറേറന്നു (മെയി 18-ാംനു-) രാവിലെ നടന്നു. നന്ദഗംഗയിൽ ഒരു പാലം കടന്നാണ് നന്ദപ്രയാഗയെ വെടിഞ്ഞതെന്നു തോന്നുന്നു. വഴിയിൽ പ്രഭാതപ്രകൃതി യാത്രിഹൃദയങ്ങൾ കുളുപ്പിച്ചിരുന്നു. ഇടക്കിടെ പുറകോട്ടു നോക്കിയാൽ ദൂരെ കണ്ടുകൊണ്ടിരുന്ന ചില വെള്ളക്കൊടുമുടികൾ സൂര്യോദയത്തിൽ എത്രയും ആകർഷകങ്ങളായിരുന്നു. മുമ്പോട്ടു തന്നെ. ഉച്ചക്കു നദീതീരത്തിൽനിന്നു കുറെ വിട്ടതായി, പാറയുടെ ഉള്ളിൽ നിന്ന് ഉറവുവെള്ളം ഒഴുകി വീണുകൊണ്ടിരുന്ന, ഒരു ചട്ടിയിലെത്തി. വിശ്രമാനന്തരം പിന്നെയും നടന്നു. വൈകുന്നേരം ബദരിയിൽനിന്ന് ഏകദേശം 68 നാഴിക അകലത്തിരിക്കുന്ന കർണ്ണപ്രയാഗ എന്ന സ്ഥലത്തെത്തി. ഇവിടെ ഒരു ദേവീക്ഷേത്രവും ഒരു ശങ്കരക്ഷേത്രവുംഉണ്ട്. കർണ്ണഗംഗയാണത്രെ ഇവിടെ അളകനന്ദയിൽ ചേരുന്ന മറേറ നദി. നദീസംഗമത്തിനടുക്കെ ഇവിടെ ഒരു പാലം കടന്ന് കാം. കം. വാ. ധർമ്മസ്ഥാപനംവക സാമാന്യം വലിയ ഒരു നല്ല ധർമ്മശാലയിൽവന്നു. രാത്രി ഈ ധർമ്മശാലയുടെ മുകളിൽ വരാന്തയിൽ കിടന്നു.

സന്ധ്യക്കശേഷം കുറച്ചു മഴപെയ്തിരുന്നു. കർണ്ണപ്രയാ
ഗയും നഗരംതന്നെ. ഇവിടെനിന്നാണ് ഈ മടക്ക
യാത്രയിൽ നാം ബദരി-ഹരിദ്വാർവഴി വെടിയുന്ന
തു്. അളകനന്ദയോടു യാത്ര പറയാം. ഇനി മേല്
ച്ചൌറിക്ക പോകുന്ന വേറൊരു വഴിക്കാണ് വളരെ യാ
ത്രക്കാർ നാട്ടിലേക്ക മടങ്ങുന്നതു്.

## ൨൬.

## മേല്ച്ചൌരിവഴിക്കു് രാമനഗറിലേക്കു്.

പുലച്ചക്കു് (മെയി 19-ാംനു) ഈ മേൽച്ചൌരിയിലേക്കുള്ള വഴിയിൽക്കൂടെ നടക്കുവാൻ തുടങ്ങി. കർണ്ണപ്രയാഗമുതൽ ഇനി മേല്ച്ചൌരിയും കടന്നുപോയി രാമനഗരിലേക്കു ഒരു മുപ്പത്തിമൂന്നുനാഴിക അട്ടമത്തത്തുന്നതുവരെ വഴിയിൽ നാഴികക്കല്ലുകളില്ല. ഒരു ഒമ്പതുനാഴിക നടന്നശേഷം ഏററവും വിഷമമായ ഒരു കേററം ആരംഭിച്ചു. കർണ്ണപ്രയാഗയിൽനിന്നു 12 നാഴിക അകലെ ആദിബദ്രി എന്നുപറയുന്ന ഒരു ചെറിയ സ്ഥലത്തു് ഉച്ചക്കു് വിശ്രമിച്ചു. പിന്നെയും കേററം പ്രയാസപ്പെട്ടു് തുടൎന്നു ആകെ അന്നു് ഒരു പതിനേഴുനാഴിക നടന്നശേഷം രാത്രി കഝിൻവഴി ഒരു ചട്ടിയിൽ താമസിച്ചു.

കാലത്തു് (മെയി 20-ാംനു) കേററം പിന്നെയും തുടൎന്നു. ഇപ്പോൾ ഒരു വലിയ കൊടുങ്കാട്ടിൽക്കൂടെയായിരുന്നു വഴി. കർണ്ണപ്രയാഗയിൽനിന്നു ഏകദേശം പത്തൊമ്പതാംനാഴികയിൽ ഈ കേററത്തിന്റെ ഉച്ചം കണ്ടു, ആ ഉന്നതസ്ഥലത്തു് വൻകാടുകളുടെ മദ്ധ്യത്തിൽ അല്പം ഒഴിഞ്ഞ തുറവുണ്ടു്. അവിടെ കാച്ചിയന്നശേഷം പിന്നെയും നടക്കാൻതുടങ്ങി. ഇപ്പോൾ വഴി ഇറക്കമായി. കൊടുങ്കാടു് എന്ന നില വിട്ടു. ലോബ എന്ന ഒരു ഗ്രാമം വഴിക്കുകണ്ടു. ഈ ഗ്രാമം 1914-19ലെ

യൂറോപ്യൻയുദ്ധത്തിലേക്ക് പതിമൂന്നാളെ അയച്ചുവെന്നും അതിൽ ഒരാൾ മരിച്ചുവെന്നും കീർത്തിച്ചുകൊണ്ടുള്ള ഒരു സ്തംഭം വഴിവക്കത്തു് കണ്ടു. സാധാരണ നാട്ടുകളിലും നഗരങ്ങളിലും സാമാന്യദൃഷ്ടിയിലുംനിന്നു് വിട്ടു് ദൂരെ മലമുക്കുകളിൽ കിടക്കുന്ന ഈ ഗ്രാമങ്ങളിൽ പട്ടാളത്തിലേക്കു ആളുകളെ സമ്പാദിച്ചിരുന്നതിന്റെ രഹസ്യമായ ചരിത്രം എന്തായിരുന്നിരിക്കാം? കണ്ണുപ്രയാഗയിൽനിന്നു് ഏകദേശം 26 നാഴിക അകലെ എത്തിയപ്പോൾ ഒരു നല്ലതിരുത്തു് പരിഷ്കൃതരീതിയിൽ നടത്തപ്പെടുന്നതായ ഒരു ഭംഗിയുള്ള ചെറിയ ആയുർവ്വേദ വൈദ്യശാല കണ്ടു. അതിന്റെ ഉടമസ്ഥൻ ചൊറുക്കും ചൊടിയുമുള്ള ഒരു ആര്യസമാജിയുവാവായിരുന്നു. എന്നെയും എന്റെകൂടെ അന്നു വീണ്ടും ഉണ്ടായിരുന്ന ആന്ധ്രയുവാവിനെയും ഈ വൈദ്യൻ അന്നു് അവിടെ താമസിക്കുവാൻ ക്ഷണിച്ചു. മദ്രാസികളെ ദുർല്ലഭമായേ അദ്ദേഹം കാണാറുള്ളുവെന്നും, പ്രത്യേകിച്ചു്, ഇംഗ്ലീഷ്‌വിദ്യാഭ്യാസം സിദ്ധിച്ച സമവയസ്കന്മാരെ കാണുന്നതു് അദ്ദേഹത്തിന്നു വളരെ ഇഷ്ടമാണെന്നും മനസ്സിലായി. എന്തായാലും ഞങ്ങൾക്കും സുശീലനായ അദ്ദേഹവുമായുണ്ടായ ആ ദിവസത്തെ സമ്പർക്കം ആനന്ദഹേതുകമായിരുന്നു. എന്റെ തെലുങ്കർച്ചങ്ങാതി, മിക്കതും വയോളംതന്നെ കാന്യുചത്തുനാക്കിത്തന്ന, ഉപ്പുമാവു് ഭക്ഷിച്ചതു് മാത്രമായിരുന്നു എനിക്കു കുറെ അസുഖമായിതോന്നിയതു്. ഞങ്ങൾ രാവിലെ പതിനൊന്നുമണിക്കു് അവിടെ എത്തിയിരുന്നു. പല

സംഗതികളേയും പററി സംസാരിച്ചുകൊണ്ട് നേരം പോക്കി. രാത്രി വൈദ്യശാലയിൽതന്നെ കിടന്നു.

പിറേറദിവസം പുലൎന്നു (മെയി 21-ാംനു-) അവിടെ നിന്നു പോന്നു. കണ്ണൂപ്രയാഗയിൽനിന്നു ഏകദേശം ഇരുപത്തൊമ്പതാംനാഴികയിലാണ് മേൽച്ചൌരി. ഈ മലഡിസ്ത്രിക്ടുകളിൽ കച്ചവടത്തിന്റെയും യാത്രയുടെയും ഗതാഗതത്തിൽ ഒരു കേന്ദ്രം ഇതാണ്. മേൽച്ചൌരിയിൽ താമസിക്കാതെ പിന്നെയും നടന്നു. അന്നു നല്ല കേററിറക്കങ്ങൾ ഉണ്ടായി. വയററിൽ വളരെ സുഖമുണ്ടായിരുന്നില്ല. ഉച്ചക്ക് ചൈകട്ട്യ എന്നു കണ്ണൂപ്രയാഗയിൽനിന്ന് ഏകദേശം 38 നാഴിക ദൂരത്തുള്ള ഒരു സ്ഥലത്തെത്തി. ഇതു ഒരു ചെറുനഗരമാണ്. ആൾമോറയിൽനിന്നും മററും വഴികൾ ഇവിടെവന്നു ചേരുന്നുണ്ട്. മേൽച്ചൌരി വിട്ടശേഷം നടക്കുന്ന ഈ സ്ഥലങ്ങൾ ആൾമോറഡിസ്ത്രിക്കിലേക്ക് ചേൎന്നവയത്രെ. ചൈകട്ട്യയിൽ അല്പം വിശ്രമിച്ചു ഒരു പാലം കടന്നു. ആകെ അന്ന് ഒരു പതിനാറുനാഴിക നടന്നാറെ വൈകുന്നേരം വഴിയരികെ ശുചിയോടുകൂടിയ ഒരു പീടികയിൽ വന്നു. തലേദിവസത്തെ ആ കററന്പൃക്ഷണത്തിനുശേഷം എനിക്കു വയററിൽ സുഖമുണ്ടായിരുന്നില്ല. ഇപ്പോൾ സുഖക്കേടു വല്ലാതെ വൎദ്ധിച്ചിരുന്നു. ആ ഷാപ്പുടമസ്ഥൻ എനിക്കു കുറച്ചു കപ്പൂസത്തും വേറെ മരുന്നും സമയം തരികയുണ്ടായി. ജീരകവും മഞ്ഞളും പൊടിച്ചുകലൎത്തി ചേൎത്ത ഉറതൈര് മാത്രമേ ഭക്ഷിക്കാവൂ എന്നു പത്ഥ്യവും കല്പിച്ചു. അന്നു

പകലും രാത്രിയുംകൂടി അസംഖ്യംപ്രാവശ്യം വിസർജ്ജനം വേണ്ടിവന്നു.

പിറേറന്നു് രാവിലെ (മെയി 22-ാംനു-) പിന്നെയും നടക്കാതെ എന്തുചെയ്യും? എങ്കിലും അന്നു് മേൽപറഞ്ഞപ്രകാരം അല്പം തൈരു് മാത്രമാണു് ഭക്ഷണമുണ്ടായതു്. വൈകുന്നേരത്തോടുകൂടി പതുക്കെ പതുക്കെയായി അന്നു് അഞ്ചുനാഴികമാത്രം നടന്നു. വഴിവക്കത്തു് ജീർണ്ണമായിക്കിടക്കുന്ന ഒരു ചെറിയ ശിവക്ഷേത്രത്തിൽ വന്നു. താമസിക്കത്തക്ക താവളത്തിലേക്ക അല്പംകൂടി മുന്നോട്ടുപോയാൽ മതിയായിരുന്നുവെങ്കിലും അതിനു കഴിവില്ലാതെ ഞാൻ ഏകനായി അന്നു് രാത്രി ആ വിജനസ്ഥലത്തു് കിടന്നു. ജനങ്ങളിൽനിന്നു് സാധാരണ പൂജയോ സൽക്കാരങ്ങളോ ലഭിച്ചിരുന്നില്ലാത്ത ആ ജീർണ്ണമന്ദിരത്തിലെ സാധുശിവന് ആ കാളരാത്രിയിൽ എന്റെ അപ്രതീക്ഷിതമായ ആതിഥ്യം വളരെ അനിഷ്ടമായിരുന്നിരിപ്പാൻ തരമില്ല.

ആ രാത്രിയെ വിവരിക്കേണ്ടതില്ല. പുലർച്ചക്കു് അല്പംപൊറുതിയിൽ ഉറങ്ങി. കാലത്തെഴുന്നേറ്റപ്പോൾ (മെയി 23-ാംനു-) ശിവന്റെ ദേഹത്തിലുള്ള ധൈര്യശക്തിയെക്കുറിച്ചു് കേവലം വിസ്മയംതോന്നി.

അടുത്തു് ഒഴുകിയിരുന്ന നദിയിൽ ആപാദചൂഡം ഒന്നു തണുക്കെ മുങ്ങിക്കുളിച്ചശേഷം അല്പം ഉന്മേഷത്തോടെ നടക്കാറായി. മലരും തൈരും വഴിക്കു വാങ്ങുവാൻ കിട്ടിയിരുന്നു. അതുമാത്രമായിരുന്നു ഇപ്പോൾ ഭക്ഷണം. ദേഹത്തിനു് പെട്ടെന്നു തട്ടിയ ക്ഷീണം അല്പ

മായിരുന്നുവെങ്കിലും പതിനൊന്നു നാഴിക അന്നു നടന്നു. ഒരു നദീതീരത്ത് വേറൊരമ്പലത്തിൽ രാത്രി വന്നുകൂടി. ഇത് ജീൎണ്ണിച്ചതല്ല, വേറെ യാത്രികളും അന്നവിടെ ഉണ്ടായിരുന്നു. ചുററും ജനവാസവുമുണ്ട്.

പുലരുമ്പോൾ (മെയി 24-ാംനു) നടത്തം തുടങ്ങി. ക്ഷീണത്തിന്നു അല്പം സമാധാനം ഉണ്ടായിരുന്നു. കുറച്ചു നടന്നാറെ അരയിലധികം ആഴമില്ലാത്ത ഒരു പുഴ ഇറങ്ങിക്കടന്നു. പിന്നെ വഴി ഒരു കുന്നിൻമുകളിലേക്ക് കേററമായി. അന്ന് മുഴുവനും കേററത്തിൽതന്നെയായിരുന്നു നടത്തം. ഒരു പതിനൊന്നുമണിക്ക് ശ്രീകോട്ട് എന്ന സ്ഥലത്തെത്തി. കുന്നുകളിലുള്ള ഈ സ്ഥലത്ത് ഗ്രാമജീവിതം ഉണ്ട്. ഇനി മേലോട്ട് കേററം വളരെ കഠിനമല്ല. രാമനഗറിൽനിന്നുള്ള കാളവണ്ടികൾ അത്യധികം അദ്ധ്വാനിച്ച് ശ്രീകോട്ടവരെ കഷ്ടിച്ചു വരുന്നുണ്ട്. ശ്രീകോട്ടുമുതൽ രാമനഗറിലേക്ക് ചില യാത്രക്കാർ കാളവണ്ടിയിൽ അസാമാന്യമായ കൂലിയും കൊടുത്ത് സഞ്ചരിക്കാറുണ്ട്. എന്നാൽ അതിന്റെ മന്ദഗതിയും ക്ലേശവും ആലോചിച്ചാൽ, ഒരു വിധം നിവൃത്തിയുണ്ടെങ്കിൽ ആരും കാലാൽ നടക്കയേ ചെയ്കയുള്ളൂ. ശ്രീകോട്ടിൽ താമസിക്കാതെ പിന്നെയും നടന്നു. ഉച്ചക്ക് ഉറവുവെള്ളം ഉണ്ടായിരുന്ന ഒരു ചട്ടിയിൽ അല്പം വിശ്രമിച്ചു. ഈച്ചകൊണ്ടും മററു അശുചികൊണ്ടും ആ ചട്ടി ദുസ്സഹമായിരുന്നു. നടത്തം തുടൎന്നു. ശ്രീകോട്ടുകുന്ന് ഒരു കാട്ടുകുന്നല്ല. വഴിയിൽ ഭക്കിയാസെയ്ൻ എന്ന സാമാന്യം മുഖ്യമായ ഒരു

സ്ഥലത്തു് ഒരാസ്പത്രി കണ്ടു. പ്രവൃത്തിയുള്ള സമയമായിരുന്നില്ലെങ്കിലും ഡോക്ടർ ആസ്പത്രി തുറന്നു് എനിക്കു് ആവശ്യമായിരുന്ന ഔഷധം തന്നു. സസ്യങ്ങളോടുകൂടി അന്നത്തെ കോറത്തിന്റെ ഉച്ചസ്ഥാനത്തു് ഒരു ചട്ടിയിലെത്തി. ആകെ അന്നു് ഒരു പതിനാറുനാഴിക നടന്നിരിക്കണം. കമ്പിളികളെ കെട്ടുന്ന ആലയെക്കാളും മോശതരമായി വെച്ചുവരുന്ന ഒരു ധർമ്മശാലയിലാണു് രാത്രി കിടന്നതു്. വെള്ളം ഈ ചട്ടിയുടെ സമീപത്തില്ലാതിരുന്നതു് വലിയ അസൌകര്യമായിരുന്നു. കർണ്ണപ്രയാഗയിൽനിന്നു് ഇതുവരെ ഒരു 74 നാഴിക മിക്കതും നാഴികക്കല്ലുകളില്ലാത്ത വഴിക്കാണു് വന്നതു്. ഈ ചട്ടിമുതൽ രാമനഗറിലേക്കു് ഇനി ശരിക്കു നാഴികക്കല്ലുകൾ നാട്ടിയ റോഡുണ്ടു്. ഈ റോഡുവഴിയായി ഇനി മുപ്പത്തിമൂന്നു നാഴികയാണ രാമനഗറിലേക്കുള്ളതു്.

പുലരുമ്പോൾ (മെയി 25-ാംനു-) രാമനഗർറോഡിൽക്കൂടെ നടക്കുവാൻതുടങ്ങി. ഉന്മേഷജനകങ്ങളായ വനങ്ങളിൽക്കൂടെയായിരുന്നു റോഡു് കിടന്നിരുന്നതു്. ചില സ്ഥലങ്ങളിൽനിന്നു നോക്കുമ്പോൾ കാഴ്ചയുടെ അതിർത്തിയിൽ വെള്ളിത്തകിടുകളെന്നപോലെ അൽമോറാക്കോട്ടുമുടികളും ഇളവെയിലിൽ കണ്ടിരുന്നു. വഴിയിൽ ഇടക്കിടെ ജനവാസവും പീടികകളും ഉണ്ടായിരുന്നു. കർണ്ണപ്രയാഗയിൽനിന്നു് മേൽച്ചൗറിവരെയും കാല്ലിപ്പുറവും ഒരു 'മലേറിയാ'ജ്വരപ്രദേശംപോലെ തോന്നിയിരുന്നു. എന്നാൽ ശ്രീകോടിന്നിപ്പുറമുള്ള സ്ഥലങ്ങൾ അപ്രകാരമല്ലെന്നാണു് തോ

ന്നതു്. ഓമനഗരിയിലേക്കും ഓമനഗരിയിൽനിന്നും കാളവണ്ടികൾ പോകുന്നുണ്ടായിരുന്നു. കുറെ നടന്നശേഷം, റോഡിൽനിന്നു തെറ്റി കുറച്ചുദൂരം ഒരു കുറുക്കുവഴിക്കു നടന്നു. പിന്നെയും റോഡിൽ ചേർന്നു. ഈ ചേരുന്ന സ്ഥലത്തു് ഒരു ചട്ടിയിലാണു് ഉച്ചക്കു വിശ്രമിച്ചതു്. പിന്നീടു റോഡിൽക്കൂടെ യാത്ര തുടർന്നു. കുറെ കഴിഞ്ഞപ്പോൾ പിന്നെയും ഒരു കുറുക്കുവഴിക്കു് ഒരു കാട്ടിൽക്കൂടെ കുറെ നടന്നു. ഇടയ്ക്കു്, മണൽ പരന്നുകിടക്കുന്ന പുഴയും കടക്കേണ്ടതുണ്ടായിരുന്നു. ഒടുവിൽ, ഇരുട്ടിയതോടുകൂടി, വീണ്ടും റോഡിൽ വന്നുചേർന്നു. ഇവിടെ ഒരു പുഴ കടക്കേണ്ടതു് പിറ്റേദിവസം കടക്കാമെന്നുവെച്ചു് റോഡിൽക്കൂടെ അല്പം വഴി മേലോട്ടുപോയി, സാമാന്യം അധികം ജനവാസമുള്ള ഒരു ചട്ടിയിൽ രാത്രി താമസിച്ചു. തുറന്ന മൈതാനസ്ഥലത്തു് മരപ്പലകകൾ ഇട്ടു് അട്ടിയിട്ടിരുന്നതിന്റെ മേലെ കിടന്നു. വെള്ളം കിട്ടുവാൻ ഈ ചട്ടിയിൽനിന്നു് കഷ്ടിച്ചു് ഒരു നാഴികയോളം ദൂരം പോകേണ്ടിവരുന്നു. അന്നു് ആകെ, റോഡുവഴി ആണെങ്കിൽ, 20 നാഴിക പോന്നിരുന്നു. എന്നാൽ രണ്ടു കുറുക്കുവഴികൾ ഉള്ളതുകൊണ്ടു് ഇതിൽ ആറു നാഴികയോളം നടക്കാതെ ലാഭമുണ്ടായിട്ടുണ്ടു്. ഇനി ഓമനഗരിലേക്കു് പതിമ്മൂന്നു നാഴികയാണു് ദൂരം.

പിറ്റേന്നു പുലരുമ്പോൾ (മെയി 26-ാംനു-) ഈ ചട്ടിയിൽനിന്നു് ഏകദേശം ഒരു നാഴികവഴി തലേദിവസം ഒടുവിൽ നടന്നതുതന്നെ തിരികെ നടന്നു് പുഴകടന്നു. വെള്ളം മുട്ടിലധികം ഉണ്ടായിരുന്നില്ലാത്തതിനാൽ

വണ്ടികളും പുഴയിലിറങ്ങിക്കടക്കുന്നു. വെള്ളംതടുത്തുകൊണ്ടു് ഉപായത്തിൽ ഒരു ചെറിയ കെട്ടും പുഴയിൽ കണ്ടു. പിന്നീടു് അന്നുതന്നെ വേറെയും രണ്ടു സ്ഥലങ്ങളിൽ ചില പുഴ ഇറങ്ങിക്കടക്കേണ്ടിവന്നു. വണ്ടികളും അപ്രകാരം പോയിരുന്നു. രാമനഗറിന്റെ ഏഴെട്ടുനാഴിക ഇപ്പുറം മുതൽ നല്ല നാടായിക്കഴിഞ്ഞു. അന്നത്തെ പതിമ്മൂന്നുനാഴിക ദിക്കും ഉച്ചക്കുമുമ്പായി നടന്നവസാനിപ്പിച്ചു്, രാമനഗറിൽ, കട്ടയിൽ, എത്തി.

അയോദ്ധ്യാറോഹിൽഖണ്ഡ് റെയിലിന്മേലുള്ള ഹരിദ്വാരത്തിൽനിന്നു പുറപ്പെട്ടശേഷം നാനൂറ്റിരുപത്തു നാഴികയോളം കാൽനടയായ ഈ ഒരു ഹിമാലയയാത്ര റോഹിൽഖണ്ഡ് കമയൂൺ റെയിൽവെയുടെ ഒരറ്റമായ രാമനഗറിൽ പര്യവസാനിപ്പിക്കുവാൻ എനിക്കു മുപ്പത്തേഴു ദിവസമാണു് വേണ്ടിവന്നതു്. ഇതിൽക്കുറഞ്ഞ സമയത്തിനുള്ളിൽ അത്രയും സ്ഥലങ്ങളെല്ലാം തരംപോലെ സന്ദർശിച്ചു മടങ്ങിയവർ അധികമുണ്ടായിരിക്കാനിടയില്ല. എന്നാൽ ഇത്രയും നടക്കുവാൻ രണ്ടുമാസത്തോളം സമയമെടുക്കുന്നവർ ധാരാളമുണ്ടു്.

രാമനഗർ കുറെ വലിയ ഒരു നഗരമാണു്. ഇവിടെ ഒരു നദിമേൽ ഒരു നല്ല അണക്കെട്ടുണ്ടു്. നദിക്കടുത്തായി ഒരു ഭോലനാഥക്ഷേത്രമുണ്ടു്. വേറെയും അമ്പലങ്ങൾ ഇവിടെ കാണുന്നു. നദി കൂടാതെ പട്ടണമദ്ധ്യത്തിൽക്കൂടെ വെട്ടിയതായ ഒരു തോട്ടുവഴിയായും സ്വച്ഛജലം ഒഴുകുന്നുണ്ടു്. ഇവിടെ പല സ്ഥാപനങ്ങൾവകയായും ഓരോ കച്ചവടക്കാരുടെ വകയായും

തീൎത്ഥയാത്രികന്മാൎക്കുള്ള നാനാതരങ്ങളായ സദാവൃത്തികൾക്ക് അവസാനമില്ല. വലിയ ഒരു ധൎമ്മശാലക്കെട്ടിടത്തിൽ സദാ യാത്രികളുടെ സംഘം തന്നെ. അധികവും ബദരീയാത്രയിൽനിന്നു് നാട്ടിലേക്കു മടങ്ങുന്നവരാണ്. അന്നു രാത്രി ഭോലനാഥക്ഷേത്രത്തിൽ ഒരേടത്തു് കിടന്നു. മലപ്രദേശങ്ങൾ വിട്ടു് 'ദേശം' പ്രവേശിച്ച ആദ്യരാത്രിയായിരുന്നു അതു്.

# ൨൮

# സമാപനം.

പിറ്റേദിവസം (മെയി 27-ാംനു-) വൈകുന്നേരം ഞാൻ രാമനഗരിൽനിന്നു് തീവണ്ടിമൂലം മൊറാഡബാദിൽ വന്നു. പട്ടണത്തിൽ അവിടവിടെ കുറെ ചുറ്റിനടന്നശേഷം ഒരു ആൎയ്യസ്വജനസംഘത്തിന്റെ വാൎഷിക സമ്മേളനം കണ്ടു. ഒരു ആസ്പത്രിയിൽ ചെന്നപ്പോൾ അത്ര വൃത്തിയില്ലായിരുന്നുവെങ്കിലും ഉപകാരതൽപരനായ ഒരു ഡോക്ടർ പ്രത്യേകം മരുന്നുമുറി തുറന്നു് എനിക്കാവശ്യമായിരുന്ന മരുന്നുതന്നു. അന്നുരാത്രിതന്നെ മൊറാഡബാദിൽനിന്നു് പിന്നെ ദെൽഹിയിലേക്കാണു് വണ്ടി കേറുകയുണ്ടായതു്.

പ്രഭാതത്തിൽ (മെയി 28-ാംനു-) ദെൽഹിയിൽ ഇറങ്ങി. മൈതാനംപോലെ പരന്നൊഴുകിക്കൊണ്ടിരുന്ന യമുനായിലാണു് കുളിച്ചതു്. അന്നു് പകലെല്ലാം ഉദ്യാനങ്ങൾ, ജമ്മാമസ്ജിഡ്, കോട്ട മുതലായ നാനാസ്ഥലങ്ങൾ സന്ദൎശിച്ചു സമയം കഴിച്ചു. കോട്ടക്കകത്തുകടന്നു കാണുവാൻ രണ്ടണയുടെ ഒരു ടിക്കറ്റ് വാങ്ങേണ്ടതുണ്ടു്. സന്ദൎശകന്മാർ അസംഖ്യമാണു്. കഴിഞ്ഞ ഘോര യൂറോപ്യൻസമരത്തിന്റെ സ്മാരകങ്ങൾ വീരബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ വിജയപതാകയെ കാണിക്കുന്നതായാൽ രാജകീയദെൽഹിയിൽ ഒരു 'യുദ്ധകാഴ്ചബംഗ്ലാവു്' (വാർമ്യൂസിയം) സ്ഥാപിക്കപ്പെ

ട്ടിരിക്കുന്നതിന്റെ ഔചിത്യത്തെപ്പററി സംശയിക്കേണ്ടതില്ലല്ലോ. സാമ്രാജ്യഭക്തന്മാരും അല്ലാത്തവരും അവിടെവന്നു് ഭക്തിബഹുമാനപുരസ്സരം യുദ്ധദേവതയുടെ വൈഭവം കണ്ടു് സമ്പ്രീതിപൂണ്ടു് മടങ്ങുന്നു. വേറെയും വിശേഷകാഴ്ചകൾ കോട്ടയിലുണ്ടു്. ചരിത്രത്തിൽ മഹന്മൊഗളിന്റെ പ്രാഭവം വിളിച്ചുപറയുന്ന ഇവിടത്തെ രാജധാനികളും മററും കലാകൌശല്യത്തിന്റെ ഉച്ചമായി പരിലസിക്കുന്നു. ഒരു കാലത്തു് ഇവയെ അലങ്കരിച്ചിരുന്ന രത്നങ്ങളും സ്വർണ്ണങ്ങളും പക്ഷെ ഇപ്പോൾ കാണുകയില്ല. എന്നാലും ഈ എടുപ്പുകളുടെ അന്യാദൃശമായ കാന്തി കെട്ടുപോകുന്നില്ല. മഹന്മൊഗളിന്റെ രാജകീയ പ്രമത്തതയും കലാലോലുപത്വവും രണ്ടുംകൂടിച്ചേർന്നാണു് ഈ മനോഹര കലാസാക്ഷാൽക്കാരങ്ങൾ ഉണ്ടായിതീർന്നിരിക്കുന്നതു്. ഇവ പൊതുജനങ്ങൾക്കു് ആനന്ദിക്കുവാൻവേണ്ടിയല്ല നിർമ്മിക്കപ്പെട്ടിരുന്നതു്. അല്ലം ചില രാജ്ഞിമാർക്കും രാജാക്കന്മാർക്കും അവരുടെ ബന്ധുമിത്രങ്ങൾക്കും മാത്രം സ്വന്തമായി അനുഭവിപ്പാൻ വേണ്ടി രചിക്കപ്പെട്ടിരുന്ന ആനന്ദനിലയങ്ങളായിരുന്നു ഇവ. അവരുടെ ആഡംബര സുഖങ്ങൾക്കായി രാജ്യമാസകലം അനേകായിരം പാവങ്ങൾ അടിമകളെപ്പോലെ അനവരതം വിയർപ്പിൽ അദ്ധ്വാനിച്ചുകൊണ്ടിരിക്കെ ആ ന്യൂനപക്ഷമായ പ്രഭുജനങ്ങൾ ഉന്മത്തരായി സ്വൈരം വിലസിച്ചിരുന്ന കേളീരംഗങ്ങളായിരുന്നു ഇവ. ഇവയെ നിഷ്പ്രയാസം കല്പിച്ചുനിലവിൽവരുത്തിയ അവർ ഇന്നെവിടെ? ഹാ, എവിടെ? ഏതുകാല

ത്തും ഏതുരാജ്യത്തും നേച്ചൂറാപ്രഭുത്വം ചിലപ്പോൾ ശ്രേഷ്ഠമായ യഥാർത്ഥകലാത്രുചീകരണങ്ങൾക്കിടയായിട്ടുണ്ടെന്നുള്ളതു്, ഏതുവിധത്തിലും ഒരു അനുഗ്രഹംതന്നെ.

അന്നു രാത്രി ഒരു ധർമ്മശാലയുടെ മേന്മേടമേൽ കിടന്നു. ഉഷ്ണം കലശലായിരുന്നു. പിറേറന്നു (മെയി 29-ാംനു-) റെസിനാ എന്നു പറയുന്ന നവീനദെൽഹിയിൽ പോയി. സിററിയിൽ (നഗരത്തിൽ) നിന്നു അഞ്ചുനാഴികയിലധികം ദൂരത്താണ് ഇതു്. വമ്പിച്ചതോതിൽ ഇന്ത്യാസാമ്രാജ്യത്തിന്റെ തലസ്ഥാനം ഇവിടെയാണ് ഇന്നു് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. പഴയ നഗരത്തിലെ ഇടുക്കം കുടുക്കം കൂടാതെ കൂടുതൽ കാററും ആകാശവും കിട്ടുന്ന ഈ സ്ഥലം കാച്ചുകൂടി കഴിയുമ്പോൾ ഗംഭീരങ്ങളായ കെട്ടിടങ്ങൾ ഉദ്യാനങ്ങൾ നടക്കാവുവീഥികൾ മുതലായവയാൽ ഒരു പ്രത്യേകവൈശിഷ്ട്യം പ്രാപിക്കുമെന്നതിനു സംശയമില്ല. ഗവർമ്മെണ്ടുകെട്ടിടങ്ങളുടെ പണി അന്നു് പൂർത്തിയായിരുന്നില്ല. എന്നാൽ അവയുടെ ശില്പകലാസൌന്ദര്യത്തെപ്പററി അനുകൂലതരമല്ലാത്ത അഭിപ്രായം ചില കലാകുശലന്മാർ പുറപ്പെടുവിച്ചിട്ടുണ്ടു്. കൊല്ലത്തിൽ ഒരു ഗണ്യമായ കാലമത്രയും ചുട്ടുപഴുത്ത കാററും വെയിലുംകൊണ്ടു് ജനങ്ങൾ കഷ്ടപ്പെടുന്ന ഈ ഒരുസ്ഥലം മാത്രമാണോ പക്ഷേ സാമ്രാജ്യതലസ്ഥാനത്തിനു് ഏററവും പററിയ ഇടമായി ആകെ ഈ രാജ്യത്തു് കണ്ടതു്? എന്നൊരു പ്രശ്നം പലരുടെ മനസ്സിലും ഉൽഭൂതമായിട്ടുണ്ടെന്നുള്ളതും പ്രസ്താവയോഗ്യമാണ്.

റെനീനയിൽ ഉദ്യോഗസ്ഥനായിരുന്ന ഒരു മലയാളിമാന്യന്റെ വീട്ടിലാണ് താമസിച്ചതു്. ഉദാരനും ഉപകാരിയുമായിരുന്ന അദ്ദേഹം എനിക്ക് അവിടെ ആവശ്യമായിരുന്ന ചില കത്താശകൾ ചെയ്തുതന്നു. എന്നാൽ എന്റെ ദേഹസ്ഥിതി നിമിഷംപ്രതി വിഷമതരമായി വന്നതുകൊണ്ടും ദൽഹിയിലെ കാലാവസ്ഥ അസഹ്യമായിത്തീന്നതുകൊണ്ടും പിറേന്നു (മെയി 30-ാംനു-)രാത്രി ഞാൻ ദൽഹി വിടുകയാണുണ്ടായതു്.

കല്ക്കത്തക്കുപോകുന്ന പഞ്ചാബ്മെയിൽ രാത്രി 12മണിക്കാണ് ദൽഹി വിട്ടതു്. അന്നു രാത്രിയും പിറേദിവസം പകലും രാത്രിയും (മെയി 31-ാംനു-) വണ്ടിയിൽ കഴിച്ചുകൂട്ടി. ജൂൻ 1-ാംനു- രാവിലെ ഏഴുമണിക്കു ഹൌറാസ്റ്റേഷനിൽ വണ്ടിയിറങ്ങി. എന്റെ ഒരു സ്നേഹിതനെ കണ്ടു. അന്നുതന്നെ വൈകുന്നേരം ബോംബെമെയിലിൽ കയറി കല്ക്കത്തയിൽനിന്ന് ഏകദേശം നൂറ്റമ്പതുനാഴിക ദൂരത്തുള്ള ടാടാനഗറിൽ രാത്രി എട്ടുമണിക്കിറങ്ങി.

ജാംഷെഡ്പൂരിലുള്ള വാസസ്ഥലത്തേക്കു റെയിൽവെസ്റ്റേഷനിൽനിന്നു രാത്രി റോഡിൽക്കൂടെ ഏകാകിയായി പതുക്കെ നടന്നുകൊണ്ടിരുന്നപ്പോൾ, ചിരപരിചിതങ്ങളായിരുന്ന ആ സ്ഥലവും ആകാശവും കമ്പനിയുടെ നാനാമുഖമായ കാഴ്ചയും എല്ലാം ഒരു പുതിയ ഭാവത്തിലാണ് ഞാൻ കണ്ടതു്. ഇരിമ്പുരുക്കുന്ന ഭീമകടാഹങ്ങളിൽനിന്നുള്ള ഉരുകിയ മേല്ക്കീടൻ (Slag) രാപ്പകലൊരുപോലെ പണിയുള്ള ആ പ്രവൃ

ത്തിശാലയിലെ വിശാലവാപിയുടെ ഒരു കരയിൽ ഗംഭീരമാംവണ്ണം അപ്പോൾ ചരിച്ചൊഴുകിവീഴുന്നതു് ആറിത്തണുക്കാതെ, ഉരുകിപ്പതച്ച തങ്കംപോലെ കിടന്നു തിളങ്ങിയിരുന്നു. ഈ സ്ഥലത്തു് എന്നുവേണ്ട ആധുനിക പരിഷ്കൃതലോകത്തിൽ ആസകലം മേലാവായി വാഴുന്ന ഘോരയന്ത്രശാലാദേവതകൾക്കർപ്പിക്കപ്പെടുന്ന നരബലിസഹസ്രങ്ങളുടെ വിച്ഛിന്നകണ്ഠങ്ങളിൽനിന്നും അവയവങ്ങളിൽനിന്നും പ്രേതദിപ്തിയോടെ ഒലിക്കുന്ന സജീവരക്തംതന്നെയോ ഇതു്? മതത്തിന്റെ പേരിൽ നടക്കുന്ന മൃഗബലിസഹസ്രങ്ങൾകൊണ്ടും രുധിരദാഹം പോരാതെ ബീഭത്സമായ് നാവുനീട്ടുന്ന ബങ്കാളികാളിയും, പരിഷ്കൃതാവശ്യകതയുടെയും മുതലാളിത്വത്തിന്റെയും പരദേവതയായ ഈ കരാളയന്ത്രശാലാകാളിയും തമ്മിൽ ഭേദം എവിടെ?

ഒമ്പതുമണിക്കു മുമ്പായി ജാംഷെഡ്പൂരിൽ അമ്പതുദിവസംമുമ്പു് ഞാൻ ഈ 'ഒരു ഹിമാലയയാത്ര'ക്കായി പുറപ്പെട്ടിരുന്ന സ്ഥലത്തുതന്നെ, ചില സ്നേഹിതന്മാരുടെ ഇടയിൽ വീണ്ടും വന്നുചേർന്നു—എന്തായിരുന്നു ഇതിൽനിന്നു വിരാമം

മംഗളം

MUL
061881

21 NOV 1953